LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ഇപ്പോഴും അങ്ങ് ഇവരെ സംരക്ഷിക്കുന്ന രീതിയിലാണ്. ഇങ്ങനെയൊരു സംഭവമുണ്ടായിട്ട് ഈ സഭയിൽ ശ്രീ. വി. ഡി. സതീശൻ ഈ പ്രശ്നമുന്നയിച്ചിട്ട് ഇന്ന് ദിവസമെത്രയായി? അതുസംബന്ധിച്ച് ചിത്രങ്ങളടങ്ങുന്ന സി.ഡി. കിട്ടിയിട്ടുപോലും ഇപ്പോഴും എന്താ നടക്കുന്നത്. ഏതെങ്കിലും വിധത്തിൽ ചില കേസുകൾ എടുക്കാൻ പറ്റുമോയെന്ന് അങ്ങ് പരിശോധിക്കുമെന്നാണ് പറയുന്നത്. ഇതിന്റെ ഗൗരവം നിങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം : മനസ്സിലാക്കണം. വനം വകുപ്പിന്റെ റിപ്പോർട്ട് മിനിഞ്ഞാന്ന് വൈകുന്നേരം കിട്ടി. പോലീസ് റിപ്പോർട്ട് ഇന്നലെ ഉച്ചയ്ക്ക് കിട്ടി. ആ റിപ്പോർട്ട് പ്രകാരമുള്ള രേഖകൾ ഞാൻ ഇവിടെ പറഞ്ഞു. ഗവൺമെന്റിന് ഇതിനകത്ത് ഒരാളെയും രക്ഷിക്കാനുള്ള താല്പര്യമില്ല. രക്ഷിക്കാൻ പാടില്ല എന്നാണ് ഉറച്ച അഭിപ്രായം. അതിനകത്ത് ഉൾപ്പെട്ട സ്ത്രീകളെ കണ്ടെത്തിക്കഴിഞ്ഞാൽ... ....(ബഹളം)..... എടുത്തല്ലോ. .... പറയാൻ സമ്മതിക്കണം. ഈ മൂന്നുപേരെയും കേരള സർക്കാർ അറസ്റ്റു ചെയ്തു. അവർ റിമാന്റിലാണ്. ഇനി ഇതിനേക്കാളും ഗൗരവതരമായ വകുപ്പുകളുടെ പേരിൽ കേസെടുക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഇതിനപ്പുറം എന്താണ് വേണ്ടത്.

V ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അങ്ങേയ്ക്ക് വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടേയും കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകളുടെ നേരെ ഏഴാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2010-11

ധനാഭ്യർത്ഥനനമ്പർ	ധനാഭ്യർത്ഥനയുടെ പേര്	16-3-2010-ൽ സഭപാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെവോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	(രൂപ)
1	2	3	4	5	6	7
XXXVII	വ്യവസായങ്ങൾ	97,02,42,000	109,97,33,000	194,04,83,000	219,94,67,000	413,99,50,000

ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2010-2011

ധനാഭ്യർത്ഥനനമ്പർ	ധനാഭ്യർത്ഥനയുടെ പേര്	16-3-2010-ൽ സഭപാസ്സാക്കിയ വോട്ട്ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
XL	തുറമുഖങ്ങൾ	9,40,85,000	54,80,67,000	18,81,69,000	109,61,33,000	128,43,02000

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്ക് XXXVII, XL എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി ശുപാർശയിന്മേൽ ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. †

മി. സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഇനിപ്പറയുന്ന കട്ട്മോഷനുകൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVII —വ്യവസായങ്ങൾ

(സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 413,99,50,000 ക.)

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

1. ശ്രീ. കെ. സി. ജോസഫ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (കിനാലൂരിൽ വ്യവസായ പാർക്കിലേക്കുള്ള റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിൽ സർക്കാർ സ്വീകരിച്ചതായി പറയപ്പെടുന്ന ഏകപക്ഷീയവും വിവേചനപരവുമായ നടപടിമൂലം ജനങ്ങളുടെ പ്രതിഷേധ സമരം വ്യാപകമായ സംഭവം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. കെ. ശിവദാസൻ നായർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (കിനാലൂരിൽ വ്യവസായ പാർക്കിലേക്കുള്ള റോഡ് വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സർവ്വകക്ഷിയോഗ തീരുമാനമനുസരിച്ച് അടിയന്തരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. സി. പി. മുഹമ്മദ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കാനും ഖാദി ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കാനും ആവശ്യമായ നടപടികൾ കൂടുതൽ ത്വരിതപ്പെടുത്തണം എന്നാവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. (ഖാദി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രശസ്ത നടനെ ഗുഡ്വിൽ അംബാസിഡർ

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ആയി നിയമിക്കണമെന്ന തീരുമാനം അട്ടിമറിച്ചതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡ്നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. ജോർജ് മേഴ്സിയർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച മുന്നിൽ കണ്ട് സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കാനും മുൻഗണനാക്രമത്തിൽ വൻകിട വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും നയപരമായ തീരുമാനം കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. ജി. കാർത്തികേയൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ മേഖലകളിലെ സംരംഭകർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. വി. ഡി. സതീശൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തിന്റെ പൊതുവായ വ്യവസായ വികസനത്തിന് കേന്ദ്ര വ്യവസായ നിക്ഷേപം വൻതോതിൽ ലഭിച്ചിട്ടും സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കേന്ദ്രം തടസ്സം നിൽക്കുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. ബി. ബാബു പ്രസാദ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്ത് പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമായ ബഡ്ജറ്റ് വിഹിതം വകകൊള്ളിക്കാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. ശക്തൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക.ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (വിദേശമലയാളികളുടെ നിക്ഷേപം സംസ്ഥാനത്തെ വ്യവസായ മേഖലയിലേക്ക് ആകർഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. കെ. ബാബു : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അവയിലൂടെ പുതിയ ഇടത്തരം ചെറുകിട തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ നയം സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കാനായി നടത്തിയ നിക്ഷേപക സംഗമത്തിലൂടെ കാര്യമായ വ്യവസായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ക്ലോകിൻഫ്രായ്ക്കോ ധാരണാ പത്രങ്ങൾ ഒപ്പുവയ്ക്കാൻ കഴിയാതിരുന്നതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. സി. ടി. അഹമ്മദ് അലി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (വ്യാവസായികാവശ്യത്തിന് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസത്തിന് തക്കതായ പൊതു പാക്കേജ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (വ്യവസായങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് പ്രദേശവാസികളുടെ അഭിപ്രായം സ്വരൂപിച്ച് അവർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ വിലയിരുത്തി മുൻകൂറായി പരിഹാര നടപടികൾ സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

14. ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. ശ്രീ. കെ. പി. മോഹനൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. പി. സി. ജോർജ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

17. ശ്രീ. കെ. കെ. ഷാജു : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

18. ശ്രീ. സി. ടി. അഹമ്മദ് അലി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

19. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

20. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

21. ശ്രീ. എം. എ. വാഹീദ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

22. ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

23. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

24. ശ്രീ. വർക്കല കഹാർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 413,99,50,000 ക. യിൽ നിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 128,43,02,000 ക.

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (കേരളത്തെ ഒരു തുറമുഖ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി ഭാവനാപൂർണ്ണമായ ഒരു വികസന പരിപാടിക്ക് അടിത്തറ ഇടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. എം. എ. വാഹീദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള128,43,02,000 ക. ഒരു ഉറുപ്പികയായികുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തെ കപ്പൽ നിർമ്മാണശാലയുടെ രണ്ടാംഘട്ട വികസനത്തിന് വിഴിഞ്ഞം-പൂവാർ മേഖലകളെ പ്രയോജനപ്പെടുത്തുംവിധം പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെടുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളുടെ വികസനം സംബന്ധിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി വേണം എന്നാവശ്യപ്പെടുന്നതിന്,) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തെ മറൈൻ മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾക്കനുസൃതമായി സമയബന്ധിതമായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനും മാരിടൈം ഡെവലപ്പ്മെന്റ് ബോർഡ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിനും പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം നിരാകരിക്കുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. കെ. സി. ജോസഫ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്, (സംസ്ഥാനത്തെ മാരിടൈം വികസനത്തിന്റെ ഏകോപന പ്രവർത്തനങ്ങൾക്കായി മാരിടൈം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന നയം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്,) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടികുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

7. ശ്രീ. വി. ഡി. സതീശൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. എം. മുരളി : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. കെ. ശിവദാസൻ നായർ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. ജി. കാർത്തികേയൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. സി. പി. മുഹമ്മദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. ശ്രീ. കെ. ബാബു : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. എൻ. ശക്തൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. ശ്രീ. ബി. ബാബു പ്രസാദ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

16. ശ്രീ. വർക്കല കഹാർ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

17. ശ്രീ. തോമസ് ചാഴികാടൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

18. ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

19. ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

20. ശ്രീ. കെ. കെ. ഷാജു : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

21. ശ്രീ. പി. സി. ജോർജ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

22. ശ്രീ. കെ. പി. മോഹനൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

23. ശ്രീ. സി. ടി. അഹമ്മദ് അലി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

24. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

25. ശ്രീ. എം. ഉമ്മർ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 128,43,02,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്, എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്. ശ്രീ. ജോർജ് മേഴ്സിയർ അങ്ങേയ്ക്ക് 9 മിനിട്ട്.

ശ്രീ. ജോർജ് മേഴ്സിയർ: സർ, വ്യവസായങ്ങൾക്കുവേണ്ടിയും തുറമുഖങ്ങൾക്കുവേണ്ടിയും ഇവിടെ അവതരിപ്പിച്ച രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. നാട് മുന്നേറിയ നാല് വർഷങ്ങളുടെ അതിശയകരവും അത്യന്തം സ്തോപജനകവുമായ വീരഗാഥകൾ കേട്ടാണ് കഴിഞ്ഞ കുറേ നാളുകളായി മലയാളി ഉണരുന്നതും ഉറങ്ങുന്നതും. ദൈവങ്ങൾക്കു മുൻപിൽ കുന്തിരിക്കം പുകയ്ക്കുന്നതുപോലെയാണ് ഭരണകക്ഷിയംഗങ്ങൾ മന്ത്രിമാർക്ക് സ്തുതിഗീതങ്ങൾ പാടുന്നത്. ഈ പരക്കുന്ന പുക കേരളത്തിൽ നിലവിലുള്ള യാഥാർത്ഥ്യങ്ങളെ മുഴുവനും മറയ്ക്കുന്നു എന്നുള്ളതാണ് വാസ്തവം. അതിന് ഏറ്റവും പ്രത്യക്ഷമായ ഒരു ഉദാഹരണമാണ് കഴിഞ്ഞ നാലു വർഷങ്ങൾക്കുമുൻപ് കേരളത്തിൽ ഈ മന്ത്രിസഭ അധികാരത്തിലേറിയത്. കൊച്ചിയിലെ സ്മാർട്ട് സിറ്റി, അതുപോലെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങി, നിറംചാർത്തി നൽകിയ സ്വപ്നങ്ങളുടെ ചിറകിലേറിയാണ് ഈ സർക്കാർ സഞ്ചരിച്ചത്. ഇന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എവിടെ നിൽക്കുന്നു, സ്മാർട്ട് സിറ്റി എവിടെ നിൽക്കുന്നുവെന്ന് കേരളത്തിലെ ജനങ്ങൾക്ക് എല്ലാവർക്കും അറിയുന്ന ഒരു വസ്തുതയാണ്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ കേരളത്തിൽ വൻകിട മുതൽ മുടക്കുള്ള വ്യവസായങ്ങൾ ഒരെണ്ണംപോലും വന്നിട്ടില്ല. അത് സ്വകാര്യ മേഖലയിലായാലും സർക്കാർ സംയുക്ത മേഖലയിലാണെങ്കിലും കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്ന ഒരു വൻകിട വ്യവസായ സ്ഥാപനം പോലും കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ കേരളത്തിൽ വരാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, അതിന് പ്രധാന കാരണം സർക്കാരിന് ഒരു വ്യവസായ നയമുണ്ട് എന്ന് പറയുമ്പോഴും ഇല്ലാത്ത ഒരു നയം എന്നു പറയുന്നത് ഈ സർക്കാരിന്റേയും പാർട്ടിയുടേയും മനോഭാവം തന്നെയാണ്. വ്യവസായനയം ഉണ്ടെന്ന് മന്ത്രി

11.00 AM

LIBRARY ARCHIVES Kerala Legislative Assembly

പറയുമായിരിക്കാം. പക്ഷേ വ്യവസായങ്ങളുടെ കാര്യത്തിൽ നയം മാത്രമല്ല, വ്യവസായികളോടുള്ള മനോഭാവത്തിലും വളരെ പ്രസക്തിയുണ്ട്. ഇവിടെ എന്താണ് കാണുന്നത്? മന്ത്രിക്ക് ഒരു നയം, സർക്കാരിന് ഒരു നയം, സെക്രട്ടറിക്ക് ഒരു നയം, പാർട്ടിക്ക് ഒരു നയം, എൽ.ഡി.എഫ്.-ന് മറ്റൊരു നയം. അങ്ങനെ പല ദിശകളിലേയ്ക്കുള്ള നയം ഒരു വ്യവസായിയും ഇവിടെ വരാൻ സഹായിക്കില്ല. Who would like to get himself embroiled in a mine of problems? അതാണ് കേരളം. പ്രശ്നങ്ങളുടേയും ആ പ്രശ്നങ്ങൾക്ക് പരിഹാരമില്ലാത്തതിന്റേയും കൂടി അവസ്ഥയിലാണ്. ഐ.ടി. മേഖലയെക്കുറിച്ച് മുഖ്യമന്ത്രി വാചാലമായി സംസാരിക്കാറുണ്ട്. കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ ഐ.ടി. മേഖലയിൽ നമുക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത് വെറും 250 പേർക്കാണ്. നാൽപ്പത് ലക്ഷത്തിലേറെ ചെറുപ്പക്കാർ എംപ്ളോയ്മെന്റ് എക്ചേഞ്ചുകളിൽ ക്യൂ നിൽക്കുമ്പോൾ 250 പേർക്കാണ് ഐ.ടി മേഖലയിൽ ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളത്. പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കി എന്ന് ഉറക്കെ പറയുന്ന ഒരു മന്ത്രിയാണ് നമുക്കുള്ളത്. അദ്ദേഹം എൽ.ഡി.എഫ്.-ന്റെ blue-eyed buoying കൂടിയാണ്. വളരെ ഭംഗിയായി, വളരെ നിശ്ശബ്ദമായി, അദ്ദേഹം ഉദ്ദേശിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ വല്ലാത്ത വൈദഗ്ധ്യം ഉള്ള ഒരാളാണ് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം. അദ്ദേഹം പറയുന്നത് വ്യവസായ സ്ഥാപനങ്ങളെല്ലാം ലാഭത്തിലേയ്ക്ക് മാറി എന്നാണ്. ടൈറ്റാനിയം പ്രോഡക്ട്സ് ഇപ്പോൾ നഷ്ടത്തിലാണ്. അതുപോലെ കഴക്കൂട്ടത്തെ സാലിസൈലേറ്റ്സ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ടെലികോം സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഇപ്പോഴും കടലാസ്സിലാണ്. അവിടെ ഇപ്പോൾ മണ്ണ് കടച്ചവടം തകൃതിയായി നടക്കുന്നുണ്ട്. കഴക്കൂട്ടത്ത് വരുമെന്ന് പ്രഖ്യാപിച്ച ലൈഫ് സയൻസ് പാർക്കിനും ഇതേവരെ സ്ഥലമെടുപ്പ് പൂർത്തിയാക്കിയിട്ടില്ല. ഞാൻ വായിക്കാം. " Report of the Comptroller and Auditor General of India for the year ended 31st March 2009." ഇതിൽ രണ്ടുമൂന്നെണ്ണം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതിലെ പേജ് 6-ൽ പറയുന്നത്, Percentage of turnover to State GDP. 2003-2004 കാലഘട്ടത്തിൽ 7.92 ആണെങ്കിൽ അത് 2006-2007 ആയപ്പോൾ 6.66 ആയിട്ട് മാറുന്നു, ഈ സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ടേൺ ഓവർ. കോൺട്രിബ്യൂഷൻ 2006-2007-ൽ 6.66, 2007-2008-ൽ 6.79, 2008-2009-ൽ 6.03. ഇത് പടവലങ്ങ വളർച്ചയാണെന്ന് കണക്കുനോക്കുമ്പോൾ ആർക്കും മനസ്സിലാകും. അതുപോലെ അക്യുമുലേറ്റഡ് പ്രോഫിറ്റ്, 2003-2004 കാലഘട്ടത്തിൽ 2134.46 കോടി രൂപയായിരുന്നു നമ്മുടെ സംസ്ഥാനത്തെ എല്ലാ പി.എസ്.യു.-ന്റെയും കൂടിയുള്ള അക്യുമുലേറ്റഡ് ലോസ്. അത് 2006-2007 ആയപ്പോൾ 2,447 കോടി രൂപയായി വർദ്ധിക്കുന്നു. 2008-2009-ൽ അത് അൽപ്പം കുറഞ്ഞ് 2,055.58 കോടി രൂപയായി മാറുകയാണ്. രണ്ടുമൂന്ന് സ്ഥാപനങ്ങളെക്കുറിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായംകൂടി വായിക്കാം. "The Kerala Minerals and Metals Limited. "Failure to ensure source of finance,-

LIBRARY ARCHIVES Kerala Legislative Assembly

assess market situation and lack of due professional care resulted in issue of purchase orders for machinery/erection, its subsequent cancellation and wasteful expenditure of Rs.58.57 crore." അവിടെത്തന്നെ പറയുന്നുണ്ട് Failure to purchase balancing equipments for the production of Synthetic Routile at an appropriate time resulted in cash loss of Rs.18.55 crore on purchase of Synthetic Routile from outside sources an interest loss of Rs.56.16 lakh on idle investment in digesters. അവിടെ വീണ്ടും പറയുന്നുണ്ട് "Erroneous calculation of hourly rate of overtime wages resulted in excess payment of overtime wages amounting to Rs.2.92 crore. "മുഴുവൻ വായിച്ചാൽ എനിക്ക് അനുവദിച്ച സമയം തികയാത്തതുകൊണ്ട് ഞാൻ ഇവിടെവച്ച് നിർത്തുകയാണ്. ഒരു കാര്യംകൂടി പറയുകയാണ്, Malabar Cements Limited" " Changes made in contract conditions after the opening of tender/quotation resulted in lack of transparency in conditions advertised and avoidable extra expenditure of Rs.16.97 lakh. അങ്ങനെ പോവുകയാണ് നമ്മുടെ വ്യവസായ രംഗം. ഞാൻ വ്യവസായം തൽക്കാലം വിടുന്നു. ഇനി തുറമുഖത്തിന്റെ കാര്യത്തിലേയ്ക്ക് വരാം. നാലു വർഷമായി, വിഴിഞ്ഞം വലിയൊരു സ്വപ്ന മാണ്. ഇത് കേരളത്തിന്റെ മാത്രമല്ല, ഈ രാജ്യത്തിന്റെ തന്നെ സ്വപ്നമാണ്. നാലുവർഷം കഴിയുന്നു. ഇപ്പോഴും എവിടെ നിൽക്കുന്നുവെന്ന് വിഴിഞ്ഞം തുറമുഖം കൂടിയുള്ള കോവളം മണ്ഡലം പ്രതിനിധാനം ചെയ്യുന്ന എനിക്കറിയില്ല. ഒരു കാര്യം മാത്രം എനിക്കറിയാം. അവിടെ യു.ഡി. എഫ്.-ന്റെ ഭാഗത്തുനിന്നോ മറ്റ് ആരുടെയെങ്കിലും ഭാഗത്തുനിന്നോ ഒരു പ്രശ്നവുമില്ലാതെ വളരെ സുഗമമായി അവിടെ സ്ഥലമെടുപ്പ് പ്രക്രിയ ആരംഭിച്ചു. അത് എനിക്കറിയാം. പക്ഷേ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് അടക്കം ഈ തുറമുഖത്തിന് ടെണ്ടർ വിളിക്കുന്നതടക്കമുള്ള കാര്യങ്ങൾ എവിടെ നിൽക്കുന്നുവെന്ന് ആർക്കും അറിയില്ല. എന്തിനാണ് ഈ കാലതാമസം? കഴിഞ്ഞ പ്രാവശ്യം അനാവശ്യമായ നിബന്ധനകൾ വച്ച് ഒട്ടും സുതാര്യമല്ലാതെ, ഭരണകക്ഷികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിമാത്രം ഉണ്ടാക്കിയ ചില നിബന്ധനകളാണ് തുറമുഖം വരാതെ പോകാനുള്ള കാരണം. ഇത്തവണ അണിയറയിൽ എന്തു സംഭവിക്കുന്നു വെന്ന് നമുക്കാർക്കും അറിയില്ല. കാരണം, അത് മന്ത്രി നിയമസഭയിലും വേറെ ഒരിടത്തും പറഞ്ഞു കേട്ടില്ല. അതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ കൂടുതലായി പറയാൻ ഉദ്ദേശിക്കുന്നില്ല.

വേറൊന്ന് എനിക്ക് പറയാനുള്ളത്. ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത് അന്താരാഷ്ട്ര തുറമുഖമല്ല. നമ്മുടെ വിഴിഞ്ഞത്ത് ഇപ്പോഴുള്ള തുറമുഖംവഴി കയറ്റുമതി ചെയ്യുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ 2004 -2009 കയറ്റുമതി-ഇറക്കുമതി നയത്തിലെ എക്സിം പോളിസി 4(9) വിശേഷ് കാർഷിക ഗ്രാമ ഉദ്യോഗ് യോജന (വി.കെ.ജി.യു.വൈ.) പ്രകാരം പ്രത്യേക ആനുകൂല്യങ്ങളുണ്ട്. എന്നാൽ ഈ പുതിയ എക്സിം പോളിസി പ്രകാരം ഈ ആനുകൂല്യങ്ങളെല്ലാം ആഗ്രോ ഇൻഡസ്ട്രീസ് ഇൻഫ്രാസ്ട്രക്ച്ചർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്കീം എന്ന പദ്ധതിയിലോട്ട് മാറ്റിയിട്ടുണ്ട്. അപ്പോൾ ഇതുപ്രകാരം കയറ്റുമതിക്കുള്ള ആനുകൂല്യങ്ങൾ നോട്ടിഫൈ ചെയ്ത പോർട്ടുകൾക്കു മാത്രമേ ലഭ്യമാകൂ. ഇങ്ങനെ നോട്ടിഫൈ ചെയ്ത പോർട്ടുകളിൽ ഇപ്പോൾ വിഴിഞ്ഞം ഇല്ല. ബഹുമാനൃനായ മന്ത്രി അടിയന്തരമായി വിഴിഞ്ഞം ഈ നോട്ടിഫൈഡ് പോർട്ടിൽ ഉൾപ്പെടുത്താൻ വേണ്ട ഏർപ്പാട് ചെയ്യണം. അവിടെ ഏകദേശം 500-ഓളം തൊഴിലാളികൾ ഇപ്പോൾ ജോലിചെയ്യുന്നുണ്ട്. ഇത് നോട്ടിഫൈ ചെയ്യാത്തതുകാരണം അവരുടെ തൊഴിൽ നഷ്ടപ്പെടുകയും സർക്കാരിന് ഈ തുറമുഖത്തിൽ നിന്നുള്ള വരുമാനം ഇല്ലാതാകുകയും ചെയ്യുന്ന സാഹചര്യമാണ്. അതുപോലെ വിഴിഞ്ഞം തുറമുഖത്ത് കസ്റ്റംസിന്റെ പ്രവർത്തനം വിപുലീകരിക്കാൻ, അവിടെ രണ്ട് വാർഫുണ്ട്. ഒന്ന്, ലീവാർഡ് വാർഫ്, മറ്റൊന്ന് സീവാർഡ് വാർഫ്. ടൂറിസ്റ്റുകൾ വരുന്ന വലിയ കപ്പലുകൾ ഈ സീവാർഡ് വാർഫിനടുത്ത് അടുപ്പിക്കാൻ പറ്റും. പക്ഷെ അവിടെ അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ഉദാഹരണത്തിന് ഒന്ന്, കസ്റ്റംസ് ഏരിയ മതിൽ നിർമ്മിച്ച് വേർതിരിക്കണം. രണ്ട്, മെച്ചപ്പെട്ട ഗോഡൗൺ സൗകര്യങ്ങൾ ഉണ്ടാകണം. മൂന്ന്, പുതിയ ഓഫീസ് കെട്ടിടം ഉണ്ടാക്കണം. നാല്, വേയിംഗ് ബ്രിഡ്ജ് തുടങ്ങിയവ സ്ഥാപിക്കണം. ഈ കസ്റ്റംസ് ഏരിയ മതിൽ നിർമ്മിച്ച് വേർതിരിച്ചാൽ മാത്രമേ അവിടെ ഇറക്കുമതി-കയറ്റുമതിയ്ക്കുള്ള സൗകര്യവും അതേപോല ഈ പറയുന്ന ടൂറിസ്റ്റുകളടക്കമുള്ള ആളുകൾക്ക് വരാൻ സൗകര്യമുണ്ടാകൂ. ടൂറിസം സീസണിൽ നിരവധി വിദേശ നൗകകൾ വിഴിഞ്ഞത്ത് വരാറുണ്ട്. ഇപ്പോൾ അവയിൽ മിക്കതും പുറംകടലിൽ നങ്കൂരമിട്ട് ചെറിയ ബോട്ടുകളിൽ സഞ്ചാരികളെ കരയ്ക്കെത്തിക്കുകയാണ്. അപ്പോൾ സീവാർഡ് വാർഫിലെ സൗകര്യങ്ങൾ വിപുലീകരിച്ചാൽ ആ കപ്പലുകൾക്ക് പോർട്ടിലെത്താൻ പറ്റും. ഇത് കർക്കിടക മാസമാണ്. കർക്കിടകം വറുതിയുടേയും ക്ഷാമത്തിന്റേയും കാലമാണ്. ക്ഷേമത്തിന്റേയും ഐശ്വര്യത്തിന്റേയും പ്രതീകമായ പൊന്നിൻ ചിങ്ങ മാസത്തിലെ ഓണത്തിനെ സ്വപ്നം കണ്ടുകൊണ്ടാണ് മലയാളികൾ കർക്കിടകത്തിലെ കഷ്ടപ്പാടുകൾ തള്ളിനീക്കുന്നത്. ഇടതുമുന്നണിയുടെ നാല് വർഷത്തെ ഭരണവും കേരളീയർക്ക് ഒരു കർക്കിടക മാസംപോലെയാണ്. സ്ത്രീകളും കുടുംബനാഥകളും ഈ ഭരണംമൂലമുണ്ടാകുന്ന പീഡനങ്ങളും കഷ്ടതകളും മാറി ചിങ്ങമാസത്തിലെ പൊന്നോണംപോലെ വേറൊരു ഭരണകൂടത്തെ കാത്തിരിക്കുന്നു. ഇത് പറയാൻ ഒരു കാരണം ഈ സഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എന്റെ ഒരു ചോദ്യത്തിന് തന്ന മറുപടിയാണ്. യു.ഡി.എഫ്. ഭരണത്തിൽ സ്ത്രീപീഡനങ്ങൾ ഉണ്ടായപ്പോൾ സർക്കാർ അതിനെ പ്രധാന തെരഞ്ഞെടുപ്പ് ആയുധമായി പ്രയോഗിക്കുകയും അന്ന് പ്രതിപക്ഷ നേതാവായിരുന്ന മുഖ്യമന്ത്രി പറഞ്ഞത് എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഇവിടെ സ്ത്രീപീഡനം ഉണ്ടാകില്ല എന്നുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 33148 പീഡനക്കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ 237 സ്ത്രീകൾ മരണമടഞ്ഞു. സ്ത്രീകളെ തടഞ്ഞുനിർത്തി മാലമോഷ്ടിക്കുന്ന 1439 കേസ്സുകളും 40317 മോഷണക്കേസുകളും റിപ്പോർട്ട് ചെയ്തു. കേരളത്തിൽ

കുടുംബിനികളുടെ പേടിസ്വപ്നമായി ഈ സർക്കാർ മാറിക്കൊണ്ടിരിക്കുകയാണ്. ഈയിടെ ഒരു പോലീസ് സ്റ്റേഷനിൽ ഒരു പീഡനം അരങ്ങേറുകയുണ്ടായി. കഴിഞ്ഞദിവസം ഇവിടെ പറഞ്ഞതുപോലെ, തെന്മലയിലെ ടൂറിസ്റ്റുകളെ സംരക്ഷിക്കാൻ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥന്മാർ തന്നെ സ്ത്രീകളെ പീഡിപ്പിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. അതിനെ ന്യായീകരിക്കുന്ന ഒരു മന്ത്രിയും ഈ നിയമസഭയിൽ ഉണ്ട് എന്നുള്ളത് ലജ്ജാകരമായ അവസ്ഥയാണ്. ഒരു കസ്റ്റഡി മരണത്തിന്റെ പേരിൽ........

മി. സ്പീക്കർ : ശ്രീ. ജോർജ് മേഴ്സിയർ അങ്ങയുടെ സമയം കഴിഞ്ഞു, അങ്ങ് അവസാനിപ്പിക്കണം. പ്ലീസ്,

ശ്രീ. ജോർജ് മേഴ്സിയർ : ഞാൻ അവസാനിപ്പിക്കുകയാണ്, ഇന്നത്തെ സ്ഥിതി പോലീസ് എന്ന പേര് കേട്ടാലോ ഉണ്ടാകണം ഭയം മനസ്സിൽ, പോലീസിനെ കണ്ടാലോ ചാടണം ആറ്റിലോ പുഴയിലോ, പോലീസ് പിടിച്ചാലോ കസ്റ്റഡി മരണം നിശ്ചയം എന്നാണ്. ഞാൻ ഈ രണ്ട് ധനാഭ്യർത്ഥനകളേയും എതിർക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, വ്യവസായം, തുറമുഖങ്ങൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. ആഗോളീകരണ നയത്തിന്റെ മറവിൽ കേരളത്തിന്റെ പൊതു വ്യവസായ മേഖലയെ തകർത്ത് ഒരു വെള്ളിത്താലത്തിലെന്നോണം സ്വകാര്യ മേഖലയ്ക്കു മുന്നിൽ കാണിയ്ക്കവച്ചിരുന്ന കറുത്ത കാലത്തിന്റെ നാളുകളിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നത്. വ്യവസായങ്ങളെ സംരക്ഷിക്കുക, പുനർജ്ജീവിപ്പിക്കുക, വിപുലീകരിക്കുക ഇതായിരുന്നു ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരങ്ങളെ എങ്ങനെ സംരക്ഷിക്കാം, വ്യവസായ മേഖല അഭിവൃദ്ധിപ്പെടുത്തി എങ്ങനെ ലാഭകരമാക്കാം അതുവഴി കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് എങ്ങനെ മുതൽകൂട്ടാം ഇതൊക്കെയായിരുന്നു സർക്കാരിന്റെ ലക്ഷ്യം. ഇപ്പോൾ ബഡ്ജറ്റിലൂടെ സർക്കാർ നൽകിയ സഹായങ്ങൾ 'വിവിധ വകുപ്പുകളുടെ സഹകരണം, സർക്കാരിന്റെ വികസന നയം മേൽനോട്ട ഏജൻസികളുടെ കൃത്യമായിട്ടുള്ള നിരീക്ഷണ പ്രവർത്തനങ്ങൾ' ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടേയും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുടേയും ആത്മാർത്ഥമായിട്ടുള്ള പ്രവർത്തനങ്ങൾ, ജീവനക്കാരുടേയും തൊഴിലാളികളുടേയും പുതിയ വ്യവസായ അന്തരീക്ഷത്തിനുവേണ്ടിയുള്ള അക്ഷീണമായിട്ടുള്ള പ്രവർത്തനം, ട്രേഡ് യൂണിയൻ സംഘടനകളുടെ പിന്തുണ ഇതെല്ലാമാണ് വ്യവസായ മേഖലയെ ഇന്നത്തെ നിലയിൽ എത്തിച്ചിരിക്കുന്നത്. അതുവഴി കേരളത്തിന്റെ സമ്പത്ഘടനയ്ക്ക് എങ്ങനെ മുതൽകൂട്ടാം ഇതായിരുന്നു സർക്കാരിന്റെ ലക്ഷ്യം. എന്നാൽ 2002 മുതൽ 2006 വരെ കേരളം ഭരിച്ചിരുന്ന യു.ഡി.എഫ്. മുന്നണിയുടെ ലക്ഷ്യം ഇതായിരുന്നോ? അല്ല. ആ മുന്നണിയും അതിന്റെ വ്യവസായ വകുപ്പും അന്ന് നടത്തിയ കൊള്ള, അഴിമതി ഇന്ന് ഈ രാജ്യത്തിലെ ആളുകൾ ആരുംതന്നെ മറന്നിട്ടില്ല. അന്ന് കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന 32 വ്യവസായ സ്ഥാപനങ്ങളും ചെറുകിട മേഖലയിലെ 1860 യൂണിറ്റുകളും പൂട്ടി. അതിൽ പണിയെടുക്കുന്ന പതിനായിരത്തോളം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. പൊതുമേഖലയിലെ ഒൻപത് വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കി. അന്ന് ഭരിച്ചിരുന്ന വ്യവസായ വകുപ്പിന്റെ മന്ത്രി പറഞ്ഞു, നൂറുകണക്കിന് കോടി രൂപ നഷ്ടംവരുത്തുന്ന ഈ സ്ഥാപനങ്ങളെ, യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ ഇവയൊക്കെ പുനരുദ്ധരിക്കണമെന്ന് നിരുത്തരവാദപരമായി ആവശ്യങ്ങൾ ഉന്നയിച്ചിട്ട് കാര്യമില്ല എന്നാണ്. അന്നത്തെ മന്ത്രി പറഞ്ഞതാണ്. അതായിരുന്നു അദ്ദേഹത്തിന്റെ അരുളപ്പാട്. ഈ ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റുതുലച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി അന്ന് വിറ്റു. 23 കോടി രൂപയുടെ ആസ്തികൾ വിറ്റത് കേവലം 30 ലക്ഷം രൂപയ്ക്കാണ്. മാർക്കറ്റുവിലയുടെ പത്തിലൊന്ന് പോലും ഈടാക്കാതെയാണ് പാലക്കാട് ജില്ലയിലെ കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റേയും സിഡ്കോയുടേയും 17 എസ്റ്റേറ്റുകളുടേയും ഭൂമികൾ വിറ്റത്. ഇതിൽ ഉന്നത ഉദ്യോഗസ്ഥന്മാർ പലർക്കും കോടികൾ കമ്മീഷനായി കിട്ടിയതായും ആരോപണം ഉയർന്നുവരുന്നു. ഇതുസംബന്ധിച്ച് സി.എ.ജി. നിരവധി തവണ എഴുതിയിട്ടും അതിന്റെ കണക്കുകൾ കൊടുക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായിരുന്നില്ല. ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇവിടെ ചില വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് നമ്മുടെ പത്രങ്ങളിലെല്ലാം തന്നെ വാർത്തകൾ വന്നിട്ടുണ്ട്. അതിൽ വളരെ പ്രധാനമായിട്ടും ചേർത്തല ഓട്ടോകാസ്റ്റിനെ സംബന്ധിച്ചാണ്. കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായിട്ടാണ് അത് നടത്താൻ ഉദ്ദേശിച്ചിരുന്നത്. സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേട്മൂലം അതിന്റെ പ്രവർത്തനം താളം തെറ്റിയെന്നാണ് കേരളത്തിലെ ഏറ്റവുമധികം വിറ്റഴിയുന്ന ഒരു പത്രം ഇവിടെ പ്രചരിപ്പിച്ചത്. നമ്മുടെ റെയിൽവെ മന്ത്രി ശ്രീമതി മമതാ ബാനർജി കമ്മ്യൂണിസ്റ്റ് വിരുദ്ധയായിട്ടുള്ള അവർ നിഷേധാത്മകമായിട്ടുള്ള സമീപനം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ആ പ്രവർത്തനങ്ങളുടെ താളം തെറ്റിയത്. സംസ്ഥാന സർക്കാർ ചെയ്യേണ്ടതായിരുന്ന കാര്യങ്ങൾ എല്ലാംതന്നെ കൃത്യസമയത്ത് ചെയ്തിരുന്നു.

ചൗധരി കമ്മിറ്റി റിപ്പോർട്ട് പ്രകാരം അടച്ചുപൂട്ടാനും തൊഴിലാളികളെ പിരിച്ചുവിടാനും തീരുമാനിച്ച കമ്പനിയായിരുന്നു അത്. വി.ആർ.എസ് നൽകി തൊഴിലാളികളെ തിരിച്ചയയ്ക്കാൻ തീരുമാനിച്ചു. അതിശക്തമായ സമരമാണ് നടന്നത്. സെക്രട്ടേറിയറ്റിന് മുൻപിൽ പോലും വലിയ സമരങ്ങൾ നടന്നു. അതിന്റെ സഞ്ചിത നഷ്ടം 130 കോടി രൂപയായിരുന്നു. ബാങ്ക് കടം 49 കോടി രൂപ, സർക്കാരിന് 36 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. നികുതി, വൈദ്യുതി എന്നിവയിൽ 23 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ഈ ബാദ്ധ്യതകളെല്ലാം തന്നെ എൽ.ഡി.എഫ് ഗവൺമെന്റ് വന്നതിനുശേഷം തീർത്തു. കമ്പനി പുനരുദ്ധരിക്കുന്നതിനുവേണ്ടി സർക്കാർ പണം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എ. വാഹിദ്)

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭമായി തുടങ്ങാൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനമെടുത്തു. അതിന്റെ ഫലമായി എൻ.ടി.പി.സി, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, ഭെൽ എന്നിവയുമായി സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംയുക്ത സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായാണ് ഇൻഡ്യൻ റെയിൽവേസിൽക്ക്, ഓട്ടോകാസ്റ്റുമായി ചേർന്ന് സംയുക്ത സംരംഭം തുടങ്ങാൻ ധാരണയായത്. പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ എൽ.ഡി.എഫ് സർക്കാരിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ശ്രമങ്ങൾ നടന്നു. സംസ്ഥാനം ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തു. കേന്ദ്രമാകട്ടെ ഒരു ചുവട് പോലും മുന്നോട്ട് വച്ചില്ല. സംയുക്ത കരാർ ഒപ്പിട്ട് ഒന്നര വർഷമായിട്ടും കേന്ദ്ര ക്യാബിനറ്റിന്റെ അംഗീകാരത്തിന് പോലും അത് സമർപ്പിച്ചിട്ടില്ല. 2007-2008-ൽ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ 85 കോടി രൂപ നീക്കിവച്ചിരുന്ന പദ്ധതിയാണ്. കേന്ദ്ര റെയിൽവേ മന്ത്രി ശ്രീമതി മമതാ ബാനർജിയുടെ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയാണ് ഇതിന് തടസ്സമായിരിക്കുന്നത്. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാട് എന്താണെന്നറിയാൻ താൽപ്പര്യമുണ്ട്. നമ്മുടെ പുതിയ കാലഘട്ടത്തിൽ ഇൻഡ്യൻ ഭരണകൂടം പുനഃസംഘടന എന്ന വ്യാജേന നടപ്പിലാക്കുന്ന സ്വകാര്യവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ കേരള മാതൃക ഹൈലൈറ്റ് ചെയ്യേണ്ടതാണെന്ന അടിസ്ഥാനത്തിൽ 2009 നവംബർ 18-ന് ഡൽഹിയിൽ വച്ച് നടന്ന സമ്മേളനം ശ്രദ്ധേയമാണ്. കേരള പ്ലാനിംഗ് ബോർഡ് ചെയർമാൻ ശ്രീ. പ്രഭാത് പട്നായിക്കാണ് ആ സമ്മേളനം ഉത്ഘാടനം ചെയ്തത്. ലോക പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധർ, പ്ലാനിംഗ് ബോർഡ് മെമ്പർമാർ, ട്രേഡ് യൂണിയൻ നേതാക്കൾ, ബുദ്ധിജീവികൾ, ഉയർന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത സമ്മേളനത്തിൽ കേരളത്തിന്റെ വ്യവസായ മേഖലയുടെ വളർച്ച പ്രശംസിക്കപ്പെട്ടു. വിമർശിച്ചും കുറവുകൾ ചൂണ്ടിക്കാട്ടിയും സമ്മേളനത്തിൽ നടന്നചർച്ചയും അതിന്റെ രേഖകളും ഈ സർക്കാരിന്റെ വ്യവസായ നയത്തിനും സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും വഴികാട്ടിയായി തീരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സമ്മേളനത്തിൽ സംസാരിച്ചവരെല്ലാം തന്നെ സർക്കാരിന് നല്ല സർട്ടിഫിക്കറ്റുകൾ നൽകി. കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ശ്രീ. പി. ജെ. കുര്യൻ നടത്തിയിട്ടുള്ള പ്രസംഗം വളരെ ശ്രദ്ധേയമാണ്. അത് ഇപ്രകാരമാണ്, "കേരളത്തിന്റെ നിലവാരത്തിനനുസരിച്ച് അസാദ്ധ്യമെന്ന് കണക്കാക്കിയിരുന്ന ഒരു കാര്യമാണ് ഇപ്പോൾ ഇവർ സാധിതപ്രായമാക്കിയത്. പ്രൊഫസർ പട്നായിക് പറഞ്ഞ ഒരു കാര്യം പ്രാധാന്യമർഹിക്കുന്നു. രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ പൊതുമേഖലാ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിലേയ്ക്ക് ഈ ഇച്ഛാശക്തി കൊണ്ടുവന്നതിൽ ബഹുമാനപ്പെട്ട മന്ത്രി എളമരം കരീമിനോട് അകൈതവമായ നന്ദി പ്രകാശിപ്പിക്കുന്നു. ഉദ്യോഗസ്ഥർ എത്രമേൽ ശ്രമിച്ചാലും രാഷ്ട്രീയ നേതൃത്വം ഇച്ഛാശക്തി പ്രകടമാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഇവയൊന്നും നടപ്പാകില്ല,

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കേരളത്തിൽ ഇത് ചെയ്യാനായി എന്നുള്ളത് അങ്ങേയറ്റം അഭിനന്ദനം അർഹിക്കുന്നു". ഇങ്ങനെ ഒരുപാട് ആളുകൾ കേരളത്തിലെ വ്യാവസായിക മേഖലയിലെ വികസന പ്രവർത്തനത്തെ അഭിനന്ദിച്ച് സർട്ടിഫിക്കറ്റുകൾ കൊടുത്തിട്ടുണ്ട്. ഡോക്ടർ വൈ.ആർ.കെ. റെഡ്ഡി, ഫൗണ്ടർ ട്രസ്റ്റി, അക്കാഡമി ഓഫ് കോർപ്പറേറ്റ് ഗവർണ്ണേഴ്സ്, പ്രൊഫസർ അമിയത് കുമാർ ഭക്ഷി, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാത്ത്മെട്രിക്സ് സ്റ്റഡീസ്, കൽക്കട്ട, ത്രിലോപ് സിംഗ് പാപ്പോല, സാമ്പത്തിക വിദഗ്ദ്ധൻ, കെ. എം. ചന്ദ്രശേഖർ, യൂണിയൻ ക്യാബിനറ്റ് സെക്രട്ടറി, അഭിനീത് വൈ., എം. പി., സുകുമോൾ സെൻ, ടി. കെ. എ. നായർ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, അഭിജിത് സെൻ, ആസൂത്രണ കമ്മീഷൻ അംഗം, ഇങ്ങനെ നിരവധി ആളുകൾ പ്രബന്ധങ്ങൾ അവിടെ അവതരിപ്പിക്കുകയും കേരളത്തിന്റെ വ്യാവസായിക മേഖലയിലെ വളർച്ചയെക്കുറിച്ച് പ്രശംസിച്ച് സംസാരിക്കുകയും ചെയ്തു. കേരളം ഇന്ന് നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു. വ്യവസായം, ടൂറിസം, ഐ.ടി., ഭക്ഷ്യോൽപ്പാദന മേഖലകൾ എന്നീ മേഖലകളിലെല്ലാം നിക്ഷേപം നടത്താൻ വ്യവസായികൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വ്യവസായ നിക്ഷേപം നടത്താൻ അനുയോജ്യമെന്ന് കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ് ദക്ഷിണ മേഖല ചെയർമാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. "കേരളത്തെക്കുറിച്ച് തെറ്റായ ധാരണകളാണ് ഇവിടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അനുഭവം നേരെമറിച്ചാണ്. എല്ലാ സംസ്ഥാനങ്ങളിലും അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുണ്ടാകും. അനുകൂലമായ ഘടകങ്ങളെ ഉയർത്തിക്കൊണ്ടുവരികയാണ് ചെയ്യേണ്ടത്". ഇതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കേരളത്തിലും ഇൻഡ്യയിലും മാത്രമല്ല ലോകോത്തരമായി തന്നെ കേരളത്തിന്റെ വ്യാവസായിക മേഖലയുടെ വളർച്ച ഇന്ന് ശ്രദ്ധിക്കപ്പെട്ട് തുടങ്ങിയിരിക്കുന്നു. തുറമുഖത്തെ സംബന്ധിച്ച് പറഞ്ഞാൽ, ഇൻഡ്യാ രാജ്യത്തിന്റെ വികസനത്തിനും കേരളത്തിന്റെ വികസനത്തിനും അത്യന്താപേക്ഷിതമാണ് തുറമുഖങ്ങളുടെ വികസനം. അക്കാര്യത്തിൽ തുറമുഖ വകുപ്പുമന്ത്രി നടത്തുന്ന പ്രവർത്തനം വളരെയേറെ ശ്രദ്ധേയമാണ്. അഴീക്കൽ, ബേപ്പൂർ, കൊല്ലം പോർട്ട്, വിഴിഞ്ഞം പോർട്ട്, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്, കോസ്റ്റൽ ഷിപ്പിംഗ്, മാരിടൈം അക്കാഡമി തുടങ്ങി വിവിധ മേഖലകളെ വികസിപ്പിക്കുന്ന കാര്യത്തിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. കാസർഗോഡ് ജില്ലയെ സംബന്ധിച്ച് പറയുമ്പോൾ വളരെയേറെ അവഗണിക്കപ്പെട്ട അവികസിത മേഖലയായിരുന്നു കാസർഗോഡ് ജില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എപ്പോഴെല്ലാം അധികാരത്തിൽ വന്നിട്ടുണ്ടോ അന്നൊക്കെയാണ് ആ പ്രദേശത്തിന് എന്തെങ്കിലും പരിഗണന ലഭിച്ചത്. കേരളം രൂപംകൊണ്ടതിന് ശേഷം ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ ഉണ്ടായ നേട്ടങ്ങളുടെ എത്രയോ ഇരട്ടി വികസനമാണ് ഇപ്പോൾ കാസർഗോഡ് ജില്ലയിൽ ലഭിച്ചത്, പ്രത്യേകിച്ച് വ്യാവസായിക മേഖലയിൽ. ഒരു വ്യവസായരഹിത

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയായിരുന്നു കാസർഗോഡ് ജില്ല. ആ വ്യവസായരഹിത ജില്ലയിലാണ് ഇപ്പോൾ നിരവധി വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. മഞ്ചേശ്വരത്ത് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സ്ഥാപനം വരാൻ പോകുന്നു. അതിനാവശ്യമായ സ്ഥലമെടുത്തു. കാസർഗോഡ് കിൻഫ്രയുടെ നേതൃത്വത്തിൽ ധാരാളം സ്ഥലമെടുത്തു, ഒരുപാട് വ്യവസായ സ്ഥാപനങ്ങൾ അവിടെ വന്നു. കേന്ദ്ര ഗവൺമെന്റ് വ്യോമയാനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു വലിയ ഫാക്ടറി ഏതാനും മാസങ്ങൾക്കകം ഉത്ഘാടനം ചെയ്യാൻ പോവുകയാണ്. ശ്രീ. കെ. വി. കുഞ്ഞിരാമന്റെ മണ്ഡലമായ ഉദുമയിൽ ഒരു സ്പിന്നിംഗ് മിൽ രണ്ടാഴ്ച മുൻപാണ് ഉത്ഘാടനം ചെയ്തത്. 16 കോടി രൂപ ചെലവ് വരുന്ന ഒരു വലിയ ഫാക്ടറി അവിടെ വരാൻ പോകുന്നു. ഈ സഭയിൽ തന്നെ നിരവധി തവണ സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്. എന്റെ മണ്ഡലത്തിലെ ചീമേനിയിൽ 2000 ഏക്കർ സ്ഥലത്ത് ഇലക്ട്രിസിറ്റി വകുപ്പിന്റെയും വ്യവസായ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഏതാണ്ട് 12,000 കോടി രൂപ ചെലവഴിച്ച് 2400 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ഒരു മെഗാ പ്ലാന്റ് സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിച്ച് കഴിഞ്ഞിരിക്കുകയാണ്. സ്ഥലമെല്ലാം എടുത്തുകഴിഞ്ഞു. അവിടെ വലിയൊരു പ്രശ്നമുണ്ടായിരുന്നത്, പതിറ്റാണ്ടുകളായി അവിടെ താമസിക്കുന്ന കൈവശ കൃഷിക്കാർക്ക് പട്ടയം അനുവദിക്കാത്തിടത്തോളം കാലം അവിടെ സ്ഥാപനം വരാൻ അനുവദിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പു മന്ത്രിയുമൊക്കെ ചേർന്നുകൊണ്ട് ആ പ്രശ്നം പൂർണ്ണമായി പരിഹരിച്ചു. റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വന്ന് ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത മഹാ സമ്മേളനത്തിൽ വച്ച് പട്ടയം വിതരണം ചെയ്ത് ആ പ്രശ്നം പരിഹരിച്ചു. ഇങ്ങനെയുള്ള ഒരുപാട് പദ്ധതികൾ അവിടെ വരാൻ പോവുകയാണ്. മലബാർ മേഖലയിലെ ബീഡി തൊഴിലാളികൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തു. ജോലി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവരെ പുനരധിവസിപ്പിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കണം. മാത്രമല്ല പരമ്പരാഗത വ്യവസായങ്ങളുടെ ഗണത്തിൽ അതിനെ ഉൾപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം

കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന ആ മേഖലയെ പരമ്പരാഗത വ്യവസായ മേഖലയിൽ ഉൾപ്പെടുത്തിയാൽ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് കിട്ടുന്ന ഒരുപാട് ആനുകൂല്യങ്ങൾ അവർക്കും ലഭിക്കും. അതുപോലെതന്നെ ദിനേശ് ബീഡി, ഞാൻ പറയേണ്ട ആവശ്യമില്ല. അത് തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. ഒരു കാലഘട്ടത്തിൽ കുത്തക മുതലാളിമാർ, സ്വകാര്യ മേഖലയിലെ മുതലാളിമാർ, തൊഴിലാളികൾ കൂലി കൂടുതൽ ആവശ്യപ്പെട്ടതിന്, ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടതിന് അടച്ചുപൂട്ടി. കർണ്ണാടകത്തിലെ സ്ഥിതി എന്താണ്? നമ്മുടെ ഗവൺമെന്റ്, അന്നത്തെ ഇ.എം.എസ്സിന്റെ ഗവൺമെന്റാണ് തൊഴിലാളികളുടെ ആ സ്ഥാപനം, അതിനെ പുനർ രൂപീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ : അതിലുള്ള നാൽപ്പതിനായിരത്തോളം തൊഴിലാളികൾ, ഇപ്പോൾ അത് പതിനഞ്ചായിരമായി ചുരുങ്ങിയിരിക്കുകയാണ്. അവർക്ക് 500 രൂപ തോതിൽ പെൻഷൻ കൊടുക്കുവാനുള്ള തീരുമാനം ഈ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ഏറ്റവും അനന്യമായിട്ടുള്ളതാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇതുപോലെയുള്ള ഒരുപാട് കാര്യങ്ങൾ ഈ വ്യവസായ മേഖലയ്ക്കുവേണ്ടി നമ്മുടെ വ്യവസായ വകുപ്പു മന്ത്രി, അദ്ദേഹം ചെയ്തിട്ടുള്ള കാര്യങ്ങൾ വർണ്ണനാതീതമാണ്. തൊട്ടതെല്ലാം പൊന്നാക്കി മാറ്റുന്ന ഒരു വലിയ കാര്യമാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. അദ്ദേഹം ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വൻകിടക്കാർക്കും റിയൽ എസ്റ്റേറ്റുകാർക്കും രാജപാതയൊരുക്കാൻ കിനാലൂരിലെ സ്ത്രീകളേയും കുട്ടികളേയും വയോജനങ്ങളേയും തല്ലിച്ചതയ്ക്കുകയും അവർക്കെതിരെ വധശ്രമത്തിന് കേസ്സെടുക്കുകയും ചെയ്ത ധാർഷ്ഠ്യക്കാരനായ വ്യവസായ മന്ത്രിയെ പുഞ്ചിരിയിൽ പാഷാണം പുരട്ടിയ പാൽക്കേക്കു പോലെയാണ് കേരളീയ സമൂഹം ഇപ്പോൾ വീക്ഷിക്കുന്നത്. മുന്നൂറ് ഏക്കർ സ്ഥലത്തേയ്ക്ക് നൂറ് മീറ്റർ വീതിയിൽ റോഡ് പണിയാൻ അങ്ങ് കാണിച്ച താൽപ്പര്യം കേരളീയ സമൂഹം വിസ്മരിക്കുകയില്ല. എഴുപത് ഏക്കർ വിസ്തൃതിയിൽ പരന്നു കിടക്കുന്ന സി.പി.ഐ. (എം) നേതാവിന്റെ ചെരുപ്പ് കമ്പനി മാത്രമല്ല, അതിനപ്പുറം ചില താൽപ്പര്യങ്ങളുണ്ടെന്നുള്ള വാർത്താ മാധ്യമങ്ങളുടെ കണ്ടെത്തൽ ഒട്ടേറെ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു ജനനേതാവിന്റെ കുപ്പായത്തിന് ചേരുന്നതല്ല. കേരളത്തിൽ വ്യവസായ വസന്തമല്ല, വ്യവസായത്തിന്റെ വന്ധ്യതയാണ് നാം കാണുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള ബഡ്ജറ്റ് പ്രസംഗം പരിശോധിച്ചാൽ അത് ബോധ്യമാകും. വ്യവസായ വികസനം എന്ന പേരിൽ അക്ഷരങ്ങളായി നിക്ഷേപിച്ച ബീജങ്ങളൊന്നും ജന്മമെടുത്തിട്ടില്ല. കോഴിക്കോട് മലബാർ കൺവെൻഷൻ സെന്റർ, അങ്കമാലി ഫിനാൻഷ്യൽ ഹബ്ബ്, രാമനാട്ടുകര അന്തർദ്ദേശീയ വികസന പാർക്ക്, മലപ്പുറത്ത് എഡ്യൂക്കേഷണൽ ഹബ്ബ്, കൊച്ചിയിൽ മെഡിസിറ്റി, കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്ക്, മാവൂർ റയോൺസ്, ഹെലികോപ്ടർ സർവ്വീസ് നെറ്റ് വർക്ക്, അങ്ങനെ മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ എത്ര എത്ര പദ്ധതികളാണ്. ഇക്കോ സൊലൂഷൻ പാർക്ക് പോയിട്ട് കണ്ണൂരിലെ കണ്ടൽ പാർക്കുപോലും നിലനിറുത്താൻ നിങ്ങൾക്ക് ആയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വ്യവസായവും ഐ.ടി.യും സന്തുലിതമായാണ് കൈകാര്യം ചെയ്തത്. എൽ.ഡി.എഫ്. ഭരണകാലത്ത് തകർന്ന വ്യവസായ മേഖലയെ രക്ഷിച്ചെടുക്കുവാനുള്ള ഭഗീരഥപ്രയത്നമായിരുന്നു അന്ന്. റീ-സ്ട്രക്ചറിംഗ് നടത്തിയും റിവൈവലിനുള്ള വിഹിതം വർക്കിംഗ് ക്യാപ്പിറ്റലായി നൽകിയും അന്ന് തുടക്കം കുറിച്ച പതിനഞ്ച് കമ്പനികൾ ലാഭത്തിൽ നിൽക്കുമ്പോഴാണ് ഈ സർക്കാർ അധികാരത്തിൽ വരുന്നത്. ചോറിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

തൂത്ത മോരുപോലെ കേരളത്തിന് മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രതിരോധമന്ത്രി ആയത് ഈ കാലയളവിലാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി കേന്ദ്ര പൊതുമേഖലാ യൂണിറ്റുകളുടെ സഹകരണം ഈ പീഢിത വ്യവസായങ്ങൾക്ക് ലഭ്യമായതോടെയാണ് പിടിച്ചുനിൽക്കാൻ അവസരമുണ്ടായത്. ടെൽക് , എൻ.ടി.പി.സി.യും, സ്റ്റീൽ കോംപ്ലക്സ്, സെയിൽ-ഉം, കാസർഗോഡ് കെൽ, ബി.എച്ച്.ഇ.എൽ-ഉം കെൽടെക്ക്, ബ്രഹ്മോസും ഏറ്റെടുത്തത് ഇവയിൽ ചിലത് മാത്രമാണ്. 51 ശതമാനം ഓഹരിയോടെയാണ് ബി.എച്ച്.ഇ.എൽ. ഏറ്റെടുക്കുന്നത്. ഈ സർക്കാരിന് ഇപ്പോഴും ദീർഘവീക്ഷണത്തോടുകൂടിയ വ്യാവസായിക വികസന നിലപാടില്ല. ടെക്സ്റ്റൈൽ മേഖലയിൽ പുരോഗതി കൈവരിക്കുവാനായിട്ടില്ലെന്ന് 2009-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് കണ്ടെത്തുമ്പോഴും ലാഭത്തിലോടുന്ന കമ്പനികളുടെ വിഹിതം ഉപയോഗപ്പെടുത്തി മൂന്ന് പുതിയ ടെക്സ്റ്റൈൽ മില്ലുകൾ തുറക്കാനാണ് സർക്കാർ വ്യഗ്രത കാണിക്കുന്നത്. ഇതിനാകട്ടെ ചവറ കെ.എം.എം.എൽ-ൽ നിന്നും അറുപത് കോടി രൂപയും മലബാർ സിമെന്റ്സിൽനിന്ന് ആറ് കോടിയുമാണ് ഷെയർ എന്ന നിലയിൽ സമാഹരിക്കുവാൻ പോകുന്നത്. കേരളത്തിൽ 53 വ്യവസായ സ്ഥാപനങ്ങളിൽ 43 എണ്ണവും പൊതുമേഖലയിലാണ്. സഹകരണ സ്ഥാപനങ്ങൾ വേറെയുമുണ്ട്. പൊതുമേഖലയെ കാര്യക്ഷമമാക്കണം. അതുകൊണ്ടുമാത്രം പുതിയ തൊഴിൽ മേഖല സൃഷ്ടിക്കുവാനാകുകയില്ല. 45 ലക്ഷത്തോളം തൊഴിലില്ലാത്ത യുവാക്കളുള്ള സംസ്ഥാനമാണിത്. ഇവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകണമെങ്കിൽ സ്വകാര്യ നിക്ഷേപമുണ്ടാകണം. ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്ന പ്രഖ്യാപനം ഇന്ന് ജലരേഖയാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന സൽപ്പേരുപോലും നിരന്തരമായ സമരങ്ങളും ഹർത്താലുകളുംകൊണ്ട് ഈ ഇടതുമുന്നണിതന്നെ നശിപ്പിച്ചിരിക്കുകയാണ്. വേൾഡ് ബാങ്ക് ഇന്റർനാഷണൽ ഫിനാൻഷ്യൽ കോർപ്പറേഷന്റെ റാങ്ക് ലിസ്റ്റിൽ കേരളത്തിന്റെ സ്ഥാനം 133 ആണ്. ടീകോം കമ്പനിയുടെ ആസ്ഥാനമായ ദുബായ് പോലും 33-ാം സ്ഥാനത്താണ്. സൗദി അറേബ്യ പതിമൂന്നാം സ്ഥാനത്താണ്. മാലി ദ്വീപ് പോലും നമ്മുടെ മുമ്പിലാണെന്നു മാത്രമല്ല, ഐ.ടി. മേഖലയിൽ മാത്രം സ്വകാര്യ നിക്ഷേപകർക്കുവേണ്ടി ശ്രമിച്ചാൽ പോരാ, മറ്റ് വ്യവസായ മേഖലയിൽക്കൂടി വേണം. സെസ്സുകൾക്ക് അനുമതിക്കായി അപേക്ഷിക്കേണ്ട ഫയലുകൾപോലും മാസങ്ങളോളം കെട്ടിവച്ച് തൊഴുത്തിൽക്കുത്തിന്റെ കുടിപ്പക തീർത്ത മുഖ്യമന്ത്രിയുടെ ഓഫീസ് ഈ സംസ്ഥാനത്താണ്. യു.ഡി.എഫ്. ഭരണകാലത്ത് തുടക്കം കുറിച്ച ഇൻഫോസിസും വിപ്രോയും ടി.സി.എസ്സുമൊക്കെത്തന്നെയാണ് ഇന്നും തല ഉയർത്തിപ്പിടിക്കുന്ന സ്വകാര്യ നിക്ഷേപകർ. കർണ്ണാടകയിൽ 2008-09-ൽ ഐ.ടി. കയറ്റുമതി 74,929 കോടി രൂപയാണ്. തമിഴ്നാട്ടിൽ അത് 36,650 കോടി രൂപ. ആന്ധ്രയിൽ എത്തുമ്പോൾ അത് 31,800 കോടി രൂപ. രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്ക് സ്ഥാപിച്ച കേരളത്തിൽ അത് 2300 കോടി രൂപയാണ്. ലജ്ജാകരമാണ്. 2007 ഏപ്രിൽ മാസത്തിൽ മന്ത്രിസഭ അംഗീകരിച്ച് മേയ് 13-ന് സർക്കാരും ടീകോം -ഉം കരാർ ഒപ്പുവച്ച് ആനയും അമ്പാരിയുമായി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ തറക്കല്ലിട്ട സ്മാർട്ട് സിറ്റിയുടെ തറക്കല്ലിൽ നാലാം വർഷത്തിൽ പ്രതീകാത്മകമായി റീത്ത് സമർപ്പിച്ചു കഴിഞ്ഞു. യു.ഡി.എഫ്. കൊച്ചിയെ ഐ.ടി. ഡെസ്റ്റിനേഷനാക്കുക മാത്രമല്ല ചെയ്തത്, കേരളീയ സമൂഹത്തെ ഐ.ടി. സാക്ഷരരാക്കാനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചത്. ലോകത്ത് ഏറ്റവും നല്ല ഐ.ടി. സാക്ഷരതാ പദ്ധതിക്കുള്ള ഗോൾഡൻ നിഗം അവാർഡ് നേടിയ അക്ഷയ പദ്ധതി ഇന്ന് ഏറ്റവും മോശപ്പെട്ട പദ്ധതിയായി മാറിക്കൊണ്ടിരിക്കുകയാണ്. കൈത്തറി മേഖല തകർന്നുകൊണ്ടിരിക്കുന്നു. ഏറെ കൊട്ടിഘോഷിക്കുന്ന ഹാൻവീവ് മുപ്പത്തിഎട്ട് കോടി രൂപയുടെ സഞ്ചിത നഷ്ടത്തിലാണ്. 1.12 കോടി രൂപ ഡി.എ. കുടിശ്ശിക ജീവനക്കാർക്ക് കൊടുക്കുവാനുള്ളതുപോലും മറച്ചുവച്ച് 2009-10 ൽ 13 ലക്ഷം ലാഭമുണ്ടെന്ന് പ്രചരിപ്പിക്കുകയാണ്. ഈ പ്രചരണം ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ മാത്രമല്ല; ഇതുപോലെ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ ആ രീതിയിൽ പ്രചരിപ്പിക്കുകയുണ്ടായി. സ്റ്റീൽ കോംപ്ലക്സിന് 109 ലക്ഷം രൂപ നഷ്ടമാണെന്നാണ് സി.ആന്റ് എ. ജി. റിപ്പോർട്ട് ചെയ്തത്. ടി.സി.സി. 251 ലക്ഷം രൂപ നഷ്ടമാണെന്ന് കണ്ടെത്തി ലാഭകരമാണെന്ന് ഇവിടെ പ്രഖ്യാപിച്ച പലതും നഷ്ടമാണെന്ന് കണ്ടെത്തുകയാണ്. ഇവിടേയും ഇതേ രീതിയിൽ തന്നെയാണ് ഹാൻവീവിനെ തുലച്ചത്. ഇതിന്റെ മറവിൽ സി.ഐ.ടി.യു. നേതാവായ ചെയർമാനും മാനേജിംഗ് ഡയറക്ടറും ജീവനക്കാരും ജപ്പാനിലെ ഒസാക്കയിലേയ്ക്ക് വിനോദയാത്രയ്ക്ക് ഒരുങ്ങുകയാണ്. എന്നു മാത്രമല്ല മറ്റൊരു സ്ഥാപനമായ ഹാന്റക്സിനെ എൽ.ഡി.എഫ് പിടിച്ചെടുത്തു കഴിഞ്ഞു. വ്യവസായം കൊണ്ടുവരാനായില്ലെങ്കിൽ ഉള്ള ഭൂമിയിലെ മണ്ണും മണലും വിൽക്കുവാനാണ് ഈ മുടിയനായ പുത്രന്മാർ തീരുമാനിക്കുന്നത്. കഴക്കൂട്ടത്ത് മേനാംകുളത്ത് സിൽകോ ടെലികോം സിറ്റി പ്രോജക്ട് തുടങ്ങാൻ കണ്ടെത്തിയ മുപ്പത് ഏക്കർ സ്ഥലത്ത് മണൽ വിൽപ്പനയിലൂടെയാണ് കോടികൾ തട്ടാൻ ശ്രമിച്ചത്. മുപ്പത് ഏക്കർ സ്ഥലത്ത് മൂന്ന് മീറ്റർ താഴ്ചയിൽ മണൽ വാരിയെടുക്കുവാൻ ഡൽഹിയിലെ സോം പ്രോജക്ടിന് അനുമതി നൽകി. 11,31,756 രൂപയ്ക്കാണ് അവർക്ക് ഈ കരാർ കൊടുത്തത്. എന്നാൽ മൈനിംഗ് ആന്റ് ജിയോളജി പരിശോധിച്ച് വിപണി വിലയായി രേഖപ്പെടുത്തിയത് 62.2 കോടി രൂപയാണ്. അമ്പത് കോടിയുടെ ചോർച്ച ഉണ്ടാകുമായിരുന്ന ഈ പദ്ധതിയുടെ കള്ളക്കളി ഇന്ന് ലോകത്ത് വ്യക്തമാക്കിയിരിക്കുകയാണ്. ഇവിടെ വളരെയേറെ കൊട്ടിഘോഷിച്ച ഇൻകെൽ ഇതുവരെ ഏതെങ്കിലും പദ്ധതി പൂർത്തീകരിച്ചതായി കേട്ടുകേൾവി പോലുമില്ല. നിക്ഷേപകരിൽ പലരും ഈ വർഷത്തെ സക്കാത്ത് തുകയ്ക്ക് സമാനമായി മാത്രം നൽകിയതുകൊണ്ടാണ് പ്രതികരിക്കാത്തത്. യാസർ അറാഫത്തിന്റേയും ഇ.എം.എസ്.-ന്റേയും പടം വച്ച് വോട്ട് പിടിച്ചവരാണല്ലോ സി.പി.ഐ(എം). അവർക്ക് പാലസ്തീനോട് വലിയ സ്നേഹമാണ്. മൊസാദിന്റെ പോറ്റുമകനായ ഇസ്രായേൽ കമ്പനിക്ക് കൊച്ചിയിൽ ചുവന്ന പരവതാനി വിരിച്ചിരിക്കുന്നു. തന്ത്ര പ്രധാനമായ തുറമുഖത്തിനു സമീപം വൈപ്പിൻ മുളവുകാട് ദ്വീപിൽ ഇസ്രായേൽ ആയുധ നിർമ്മാണ കമ്പനിയായ എൽബിറ്റി-ന് അനുമതി നൽകിക്കഴിഞ്ഞു. മനുഷ്യാവകാശ വിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തിന് ഒട്ടേറെ രാജ്യങ്ങൾ കരിമ്പട്ടികയിൽപ്പെടുത്തിയ ഈ കമ്പനി മൂവായിരം കോടി രൂപയുടെ നിക്ഷേപം നൽകുമെന്നാണ് നമ്മുടെ വ്യവസായ വകുപ്പുമന്ത്രി പറയുന്നത്. സാമ്രാജ്യത്വ ശക്തികളുടെ ഉപഗ്രഹമായി മാറിയ ഈ വ്യവസായ വകുപ്പിനെ ഏത് രീതിയിലാണ് ഞങ്ങൾക്ക് അംഗീകരിക്കുവാൻ സാധിക്കുക? കേരളത്തിന്റെ വ്യാവസായിക രംഗത്ത് ഒരു മാറ്റവും ഉണ്ടാക്കുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, വ്യാവസായിക രംഗത്ത് മുന്നേറ്റങ്ങൾക്കുവേണ്ടി പ്രവർത്തിക്കുവാൻ സാധ്യമാകാത്ത വിധം ഈ സർക്കാർ തകരുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, യഥാർത്ഥത്തിൽ ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള പ്രസംഗമാണ് അങ്ങ് നടത്തിക്കൊണ്ടിരിക്കുന്നത്. ലീഗിലെ ആവേശ മെമ്പറാണല്ലോ അങ്ങ്. യഥാർത്ഥത്തിൽ കേരളത്തിലെ യു.ഡി.എഫുകാർ ഉണ്ടാക്കിവച്ച നഷ്ടം മുഴുവൻ മാറ്റി കേരളത്തിൽ ഏതാണ്ട് മുപ്പതോളം വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേക്ക് കൊണ്ടുപോയി. അങ്ങ് ഇവിടെ സൂചിപ്പിത് എല്ലാ കമ്പനികളും സഞ്ചിത നഷ്ടത്തിലാണെന്നാണ്. ശ്രീ. ജോർജ് മേഴ്സിയർതന്നെ സൂചിപ്പിച്ച ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ട്രിവാൻഡ്രം ടൈറ്റാനിയം, യു.ഡി.എഫിന്റെ കാലത്ത് പതിനഞ്ചര കോടി രൂപ നഷ്ടത്തിലായിരുന്നു. ഇപ്പോൾ 21.5 കോടി രൂപ ലാഭത്തിലാണ്.

മി. ചെയർമാൻ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് ആ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ഇവിടെ സൂചിപ്പിച്ചത് യു.ഡി.എഫിന്റെ ഭരണകാലത്ത് നഷ്ടത്തിലാക്കിപ്പോയ കമ്പനികൾ എന്നല്ലേ? ഇതൊന്നു പറയട്ടെ. യു.ഡി.എഫിന്റെ ഭരണകാലത്ത് 15 കമ്പനികൾ ലാഭകരമായിരുന്നു. മലബാർ സിമെന്റ്സ്, കെ.എം.എം.എൽ., കെ.എസ്.ഐ.ഡി.സി., കെ.എസ്.ഐ.ഇ, ക്ലേ ആന്റ് സിറാമിക്സ്, ടെക്സ്റ്റൈൽ കോർപ്പറേഷൻ, ട്രാവൻകൂർ കെമിക്കൽസ്, യുണൈറ്റഡ് ഇലക്ട്രിക്കൽസ്,. കിൻഫ്രാ, അങ്ങനെ..... എത്രയെണ്ണം വേണം. പതിനഞ്ചോളം സ്ഥാപനങ്ങളെ ....(ബഹളം)...... ലാഭത്തിലാക്കിയിട്ടാണ് ഞങ്ങൾ പോയത്. ലാഭത്തിലാക്കി സർക്കാരിനെ ഏൽപ്പിച്ച് റീ-സ്ട്രക്ചറിംഗിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്ത് ഞങ്ങൾ ആ കാലഘട്ടത്തിൽ വളം വച്ചുകൊടുത്തതിന്റെ ആ വിളവ് ഉണ്ടായപ്പോൾ അത് എടുക്കാൻ ശ്രീ. എളമരം കരീമിന് ഭാഗ്യമുണ്ടായി എന്നതിനപ്പുറം ഇവിടെ ഒന്നും നടന്നിട്ടില്ല. ഞങ്ങളുടെ കാലത്ത് തുടങ്ങിവച്ച പദ്ധതികളുടെ ഗുണഫലമുണ്ടാകുന്നുവെന്ന് മാത്രമല്ല, ഇന്ന് കാണിക്കുന്ന ഈ നാടകങ്ങളൊക്കെ ലാഭമല്ല, വളരെ വ്യക്തമായി സഞ്ചിതനഷ്ടം മറച്ചുവച്ച്, അതുപോലെതന്നെ തൊഴിലാളികൾക്കാവശ്യമായ ഓരോ സ്റ്റാറ്റ്യൂട്ടറി ലയബിലിറ്റിപോലും കൊടുക്കാതെ, ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ പോലും നൽകാതെയാണ് പല ലാഭങ്ങളും കാണിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

വളരെ വ്യക്തമാണ്, റിപ്പോർട്ട് വരുമ്പോൾ അത് ബോധ്യമാകും. അത്തരം ലാഭങ്ങൾ കാണിക്കുന്നത് എന്തിനാണ്; ചിലർക്ക് ചില സൗകര്യങ്ങളൊക്കെ ഒരുക്കാനാണ്. ഈ സംവിധാനമാണ് നമുക്ക് ചിന്തിക്കാൻ സാധിക്കാത്തത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ വ്യവസായ രംഗത്തെ കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് തകർത്ത് തരിപ്പണമാക്കിയ ഈ സർക്കാരിന്റെ ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. അതോടൊപ്പംതന്നെ ....(ബഹളം)...........കൊട്ടിഘോഷിച്ചു.

മി. ചെയർമാൻ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി..........പോയിന്റ് ഓഫ് ഓർഡർ....

ശ്രീ. എ. പ്രദീപ്കുമാർ : സർ, അങ്ങ് വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞു. ശ്രീ. വി. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചു, ഐ.ടി. രംഗവുമായി ബന്ധപ്പെട്ട് അങ്ങയുടെ ഒരു പ്രസ്താവനയുണ്ടായി. എല്ലാം യു.ഡി.എഫ്.-ന്റെ കാലത്താണ് ചെയ്തതെന്ന് അങ്ങുപറഞ്ഞു. കേരളത്തിലെ ഏറ്റവും വലിയ ഐ.ടി. പാർക്കായ തിരുവനന്തപുരം ടെക്നോ പാർക്ക് ....(ബഹളം).............പോയിന്റ് ഓഫ് ഓർഡറാണ്. ഈ നിയമസഭയിൽ അസത്യ പ്രസ്താവന നടത്താൻ പാടില്ല. തിരുവനന്തപുരം ടെക്നോ പാർക്ക് തുടങ്ങിയത് നായനാർ ഗവൺമെന്റിന്റെ കാലത്താണ്. കൊച്ചിയിലെ ഇൻഫോ പാർക്ക് നായനാർ ഗവൺമെന്റിന്റെ കാലത്താണ്. ഇപ്പോൾ മലബാറിലെ രണ്ട് സൈബർ പാർക്കുകൾ, ഇപ്പോഴാണ് തറക്കല്ലിട്ട് വർക്ക് ആരംഭിച്ചത്. അഡ്വാൻസ്ഡ് ടെക്നോളജി.......... എന്നിട്ടും ....(ബഹളം)........അതായത് യു.ഡി.എഫ്.-ന്റെ കാലത്ത് ഏതെങ്കിലും ഒരു ഐ.ടി. ഇൻഡസ്ട്രി തുടങ്ങിയതായിട്ട് സ്ഥാപിച്ചാൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് കോഴിക്കോടുനിന്ന് ഒരു കോഴിബിരിയാണി വാങ്ങിത്തരാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : അതിൽ ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല. ഐ.ടി. മേഖലയിൽ കേരളത്തിൽ ഉണ്ടാക്കിയ നേട്ടങ്ങൾ കൊച്ചി ഐ.ടി. ഡെസ്റ്റിനേഷൻ എന്ന രീതിയിൽ വളർത്തിക്കൊണ്ടു വരിക മാത്രമല്ല ഒരു സമൂഹത്തെതന്നെ ഐ.ടി. സാക്ഷരതയുടെ ലോകത്തേക്ക് കൈപിടിച്ച് ഉയർത്തിയത് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റായിരുന്നു എന്നുള്ളകാര്യം ആർക്കും നിഷേധിക്കാനാകില്ല. ഈ രീതിയിലുള്ള മുന്നേറ്റമുണ്ടാക്കി ഐ.ടി. മേഖലയെ വളർത്തി കേരളത്തിന്റെ വ്യാവസായിക രംഗത്തിന് വ്യക്തമായ ജീവൻ നൽകി ഇവരെ ഏൽപിച്ച ഈ കുഞ്ഞിനെ ഞങ്ങൾ അന്ന് ഇട്ടുകൊടുത്ത വളംകൊണ്ട് ഇന്ന് കിട്ടുന്ന വിളവുകൊണ്ട് ശ്രീ. എളമരം കരീം ചിരിക്കുന്നു എന്നതിനപ്പുറം നാളെ വലിയൊരു ഭീഷണിയാണ് നമ്മുടെ വ്യാവസായിക രംഗത്തുള്ളത്. കേരളം റാങ്കിങ്ങിൽ ഇനിയും പിറകോട്ട് പോകുന്നത് തടയണമെങ്കിൽ അടിയന്തരമായി ഈ സർക്കാരിൽനിന്ന് കേരളത്തെ രക്ഷിച്ചല്ലാതെ ഈ വ്യവസായത്തെ രക്ഷിച്ചെടുക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും എന്നു മാത്രം അറിയിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, വ്യവസായം, തുറമുഖം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിൻതുണയ്ക്കുകയാണ്. നമ്മുടെ തുറമുഖ മേഖല അതിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വികസന പദ്ധതികൾ ഏറ്റെടുത്ത ഒരു കാലഘട്ടമാണിത്. കഴിഞ്ഞ നൂറ് വർഷക്കാലമായി കേരളം പ്രതീക്ഷാപൂർവ്വം കാത്തിരുന്ന് നോക്കിക്കണ്ടതാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റാണ്. ആ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന ബഹുമാന്യനായ ജോർജ് മേഴ്സിയർ അവിടെ എന്തൊക്കെ നടക്കുന്നു, ഏതൊക്കെ നടക്കുന്നു, ഞങ്ങളൊന്നും അറിയുന്നില്ലെന്നൊക്കെ പറഞ്ഞു. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഇച്ഛാശക്തിയോടുകൂടി പ്രതിബദ്ധതയോടുകൂടി ഈ സർക്കാർ പ്രവർത്തിക്കുകയാണ്. രണ്ട് ഘട്ടങ്ങളിലായി ഈ പദ്ധതി പൂർത്തീകരിക്കാൻ ശ്രമിക്കുകയാണ്. സംസ്ഥാന സർക്കാർ ഖജനാവിൽനിന്ന് 450 കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുകയാണ്. ബഹുമാനപ്പെട്ട ജോർജ് മേഴ്സിയർ ഇവിടെവന്ന് ഇതിനെ എതിർക്കുകയാണ്. പക്ഷേ അദ്ദേഹം അവിടെ പോയാൽ ആ വഴിയിലെല്ലാം ഇത് യാഥാർത്ഥ്യമാക്കിയ അദ്ദേഹത്തിന് അഭിവാദ്യം അർപ്പിച്ച് ഫ്ളക്സ് ബോർഡാണ്. ഇരുപത്തിനാല് മണിക്കൂറും ഇതിനുവേണ്ടി പ്രവർത്തിച്ച ശ്രീ. എം. വിജയകുമാറിന്റെ ഫോട്ടോ അതിലില്ല. അദ്ദേഹമാണ് ഇതെല്ലാം കൊണ്ടുവന്നത്. ശ്രീ. ജോർജ് മേഴ്സിയർ ഇവിടെ വന്നുപറയുന്നു അദ്ദേഹം ഒന്നും അറിഞ്ഞില്ലെന്ന്. രണ്ട് ഘട്ടങ്ങളിലായി അത് പൂർത്തിയാക്കാൻ പോകുകയാണ്. 2011-ന്നോടുകൂടി ഈ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. കേരളത്തിലെ വ്യവസായരംഗം കാൽനൂറ്റാണ്ടിനുശേഷം ദേശീയ ശ്രദ്ധയാകർഷിച്ച് മുന്നോട്ട് പോകുന്നു. ആസൂത്രണ വിദഗ്ദ്ധരും ഭരണ പ്രതിപക്ഷത്തുള്ളവരും, കേരളത്തിലേയും രാജ്യത്തേയും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും അതിന്റെ നേതാക്കൻമാരും ഈ വ്യാവസായിക മുന്നേറ്റത്തെ ഒരുപോലെ പിൻതുണയ്ക്കുകയാണ്. അപ്പുറത്തുനിന്ന് ശ്രീ. ജോർജ് മേഴ്സിയർ സംസാരിച്ചപ്പോൾ എനിക്ക് മനസ്സിലായി, അദ്ദേഹത്തിന് ഈ വകുപ്പിനെക്കുറിച്ച് എതിർത്ത് പറയാൻ ഒന്നുമില്ല. അദ്ദേഹം നേരെ കടന്നത് പോലീസിലേക്കാണ്. ഇതിനെ എതിർക്കാൻ അവർക്ക് കഴിയുന്നില്ല. കാരണം കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ നേതാക്കൻമാരുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി സമന്വയം ഉണ്ടാക്കി സമവായം ഉണ്ടാക്കി വ്യവസായ വികസനം നടത്തുകയാണ്. നമ്മുടെ രാജ്യത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ പരീക്ഷണത്തെ നേരിടുകയാണ്. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള നയമെന്താണ്. നവരത്ന കമ്പനികൾ ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി വിറ്റഴിക്കപ്പെടുകയാണ്. പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള ബാധ്യത സർക്കാരിനില്ല എന്ന് പ്രഖ്യാപിക്കുന്ന നയ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽ അതിൽനിന്ന് വ്യത്യസ്തമായിട്ടുള്ള ഒരു ബദൽ നയം ഈ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. അതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ബദൽ നയം നടപ്പിലാക്കി ചരിത്രപരമായ മുന്നേറ്റം വ്യവസായ മേഖലയിൽ നടക്കുകയാണ്. ഇവിടെ ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി ചില കണക്കുകൾ വായിച്ചു. ശ്രീ. പ്രദീപ്കുമാർ ഇടപെട്ടു പറഞ്ഞു ഇതെല്ലാം അസത്യ പ്രസ്താവനയാണെന്ന്. നൂറ് ശതമാനം അസത്യ പ്രസ്താവനയാണ്. അസത്യപ്രസ്താവനകളാണ് എന്നുള്ളത് ഞാൻ ഈ സഭയിൽ അത് ആണയിട്ടുപറയുകയാണ്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള സ്ഥിതിയെന്തായിരുന്നു? ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണിയുടെ നേതാവ് ശ്രീ. കെ. കുഞ്ഞാലിക്കുട്ടി യായിരുന്നു മന്ത്രി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ബഹുമാന്യനായ വ്യവസായ മന്ത്രിയുടെ മുന്നിൽ വന്ന ആദ്യ ഫയൽ എന്തായിരുന്നു? ആർ. സി. ചൗധരി കമ്മിറ്റിയുടെ ശുപാർശ പ്രകാരം യു.ഡി.എഫ്. സർക്കാർ ഇറക്കിയ ഉത്തരവാണ്. ആ ഉത്തരവിൽ പറയുന്നത് പതിനഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടാനും 24 എണ്ണം സ്വകാര്യവൽക്കരിക്കാനുമാണ്. ആ ഉത്തരവാണ് വ്യവസായ മന്ത്രിയുടെ കയ്യിൽ ആദ്യം കിട്ടിയത്. അദ്ദേഹം കേരളത്തിന്റെ വ്യവസായ നയം പ്രഖ്യാപിച്ചു. എന്തായിരുന്നു വ്യവസായ നയം? പൊതുമേഖലയെ സംരക്ഷിക്കുക, പുനരുദ്ധരിക്കുക, വിപുലീകരിക്കുക, കേരളത്തിൽ ഒരു പൊതുമേഖലാ സ്ഥാപനവും അടച്ചുപൂട്ടാൻ തയ്യാറല്ലെന്ന് അസന്നിഗ്ദ്ധ മായി വ്യവസായ മന്ത്രി പ്രഖ്യാപിച്ചു. തൊഴിലാളികളെ വിശ്വാസത്തിൽ എടുത്തുകൊണ്ട്, ട്രേഡ് യൂണിയനുകളെ വിശ്വാസത്തിൽ എടുത്തുകൊണ്ട്, മാനേജ്മെന്റ് തലപ്പത്ത് പ്രൊഫഷണലുകളെ നിയമിച്ചുകൊണ്ട്, മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട്, ഓരോ മാസവും കമ്പനികളുടെ ഉന്നതതല യോഗങ്ങൾ വിളിച്ചുചേർത്തുകൊണ്ട് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഇവിടെ 2005-06-ൽ പന്ത്രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം ലാഭത്തിലായിരുന്നത് ഒരു വർഷം കഴിഞ്ഞപ്പോൾ 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി.

<u>ശ്രീ. വി. ശിവൻകുട്ടി</u> : അങ്ങ് വ്യവസായരംഗത്തെ വളർച്ച യെപ്പറ്റിയാണല്ലോ പറയുന്നത്. പ്രൊഫ. പി.ജെ. കുര്യൻ എം.പി, മുൻ വ്യവസായ വികസന സഹമന്ത്രിയാണ്. അദ്ദേഹം പറഞ്ഞിരിക്കുകയാണ്. "ഞാൻ ഒരു കോൺഗ്രസ് എം.പി.യാണ്, രാഷ്ട്രീയപരമായി എതിർപ്പു ണ്ടെങ്കിൽപോലും കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ എഴുപത് കോടി രൂപ നഷ്ടമായിരുന്നത് ശ്രീ. എളമരം കരീമിന്റെ നേതൃത്വത്തിൽ അത് ലാഭത്തിലാക്കി മാറ്റി, ഈ ഗവൺമെന്റിനേയും എളമരം കരീമിനേയും അഭിനന്ദിക്കുന്നു," എന്ന് ശ്രീ. പി. ജെ. കുര്യൻ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കോൺഗ്രസുകാരും കൂടി അഭിപ്രായം പറയണ്ടേ?

1132/13

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ബഹുമാന്യനായ പി.ജെ. കുര്യൻ മാത്രമല്ല, കേന്ദ്ര മന്ത്രിസഭയിൽ അംഗമായിട്ടുള്ളവർ ഉൾപ്പെടെ വ്യവസായ രംഗത്ത് നടത്തുന്ന മുന്നേറ്റത്തെ അവരെല്ലാം സർവ്വാത്മനാ ഈ സർക്കാർ പിൻ തുണയ്ക്കുകയാണ്. ഇവിടെ ഈ സഹായങ്ങളൊക്കെ കിട്ടിയെന്നു പറയുന്നത് ചുമ്മാതെ കിട്ടിയതാണോ? അവരെല്ലാം പിൻതുണയ്ക്കുകയാണ്. 2006-07-ൽ 23 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. 2007-08-ൽ 27 ആയി. 2009-ൽ 28 ആയി. 2009-10-ൽ 32 ആയി. അടുത്ത ഒരു വർഷക്കാലം കൂടി കഴിയുമ്പോൾ കേരളത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞു എന്തായിരുന്നു ഇവിടത്തെ സ്ഥിതി? ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കമ്പനികളുടെ മൊത്തം പ്രവർത്തന നഷ്ടം എത്രയായിരുന്നു? 69.49 കോടി രൂപയായിരുന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ 91.43 കോടി രൂപ ലാഭത്തിലായി. അത്ക ഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ 80 കോടി രൂപ ലാഭം കിട്ടി. ഇപ്പോൾ 169 കോടി രൂപയാണ് ലാഭം. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് ലാഭത്തിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള കഴിഞ്ഞ സർക്കാരിന്റെ സമീപനം എന്തായിരുന്നു? ഈ ഗവൺമെന്റ് ആദ്യം അധികാരമേൽക്കുമ്പോൾ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയിട്ടാണ് പോയത്. ബഡ്ജറ്റിൽ അഞ്ചുകോടി രൂപ മാത്രമായിരുന്നു അന്ന് വകയിരുത്തിയിരുന്നത്. പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി അഞ്ചുകോടി രൂപയുടെ സ്ഥാനത്ത് 53 കോടി രൂപ ഈ വ്യവസായ വകുപ്പിന്റെ പുന:സൃഷ്ടിക്കായി മാറ്റിവച്ചു. തുടർന്നുള്ള മൂന്നു വർഷങ്ങളിൽ 50 കോടി രൂപവീതം മാറ്റിവച്ചു. കൂടാതെ കെ.എഫ്.സി. വഴി എട്ടര ശതമാനം പലിശയ്ക്ക് കേരളത്തിലെ വ്യവസായത്തിന്റെ നവീകരണ ത്തിനുവേണ്ടിയുള്ള പ്രോജക്ടുകൾ കിട്ടിയാൽ അതിന് ലോൺ നൽകുന്നതി നുള്ള സൗകര്യം ഏർപ്പെടുത്തുമെന്ന് ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചു. വ്യവസായ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിച്ച് സംസ്ഥാനത്തെ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ സ്വീകരിച്ച നടപടി. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ടെൽക്കിന്റെ സ്ഥിതി എന്തായിരുന്നു? ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സീറ്റിലില്ല. അദ്ദേഹം പറയുന്നത് ശ്രീ. എ. കെ. ആന്റണി സഹായിച്ചു എന്നാണ്. ശ്രീ. എ. കെ. ആന്റണി മന്ത്രിയായിരുന്നു, അദ്ദേഹം സഹായിച്ചു, സമ്മതിക്കുന്നു. ടെൽക്ക് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടലിന്റെ ലിസ്റ്റിൽപ്പെടുത്തിയിരുന്ന പൊതുമേഖലാ സ്ഥാപന മായിരുന്നു. ഇപ്പോൾ എൻ.ടി.പി.സി.-യുടെ സഹായത്തോടുകൂടി സംയുക്ത സംരംഭമാരംഭിച്ച് ലാഭകരമായി പ്രവർത്തിക്കുന്ന, നല്ല വികസന സാധ്യത യുള്ള പൊതുമേഖലാ സ്ഥാപനമാക്കി ടെൽക്കിനെ മാറ്റിയിരിക്കുന്നു. കോഴി ക്കോട് സ്റ്റീൽ കോംപ്ളക്സ് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായി ചേർന്ന് കേന്ദ്ര സഹായത്തോടെ മുന്നോട്ടു പോകുകയാണ്. ചേർത്തല ഓട്ടോകാസ്റ്റ്,

LIBRARY ARCHIVES Kerala Legislative Assembly

സിൽക്ക് യൂണിറ്റുകൾ റെയിൽവേയുമായി സഹകരിച്ച് റെയിൽവേ ബോഗി യൂണിറ്റായി പുനരുദ്ധരിച്ചു. പാലക്കാട് കിൻഫ്രാ പാർക്കിൽ എച്ച്.എ.എൽ. -ഉം മായി സഹകരിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിച്ചു. കേരളത്തിൽ ഇലക്ട്രോണിക് വികസനത്തിൽ വലിയ പങ്ക് വഹിക്കാൻ പോകുകയാണ് ഭാരത് ഇലക്ട്രോണിക് യൂണിറ്റുമായി ചേർന്നുള്ള സംരംഭം. കേന്ദ്ര സ്ഥാപനമായ ഭെല്ലുമായുള്ള സംയുക്ത സംരംഭം ഇലക്ട്രോണിക് വ്യവസായ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ പോകുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി കേരളത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ ധാരാളം ഉപകരണങ്ങൾ ഉത്പാദിപ്പിക്കുന്ന യൂണിറ്റായി, ആയിരം കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കെൽട്രോണിനെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. കേരളത്തിൽ വ്യാവസായിക നിക്ഷേപത്തിന് ഏറ്റവും നല്ല അന്തരീക്ഷമാണുള്ളത്. വ്യവസായികൾ കേരളത്തിലേയ്ക്ക് വരികയാണ്. ഇവിടെ പറഞ്ഞതുപോലെയല്ല, കേരളത്തിൽ ഇതുപോലെ വ്യാവസായിക സമാധാനമുള്ള ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിലെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ മുന്നിൽ എവിടെയെങ്കിലും കൊടി ഉയർന്നോ? ബോണസിന് തർക്കമുണ്ടായിരുന്നോ? ആനുകൂല്യങ്ങൾക്ക് തർക്കമുണ്ടായിരുന്നോ? സമരമുണ്ടായിരുന്നോ? ഒരിടത്തും അങ്ങനെ ഇല്ലായിരുന്നു. ഒരു പ്രശ്നവുമില്ലാത്ത, ഒരു സമരവുമില്ലാത്ത ഓണക്കാലമല്ലായിരുന്നോ കഴിഞ്ഞ വർഷം? എങ്ങനെയുണ്ടായി? ഐ.എൻ.ടി.യു.സി.യും സമരത്തിന് പോയില്ല. അവർക്കൊന്നും സമരത്തിന് പോകാൻ കഴിയില്ല. കേരളത്തിലാകെ വ്യാവസായിക സമാധാനമാണുള്ളത്. ഈ വ്യാവസായിക സമാധാനാന്തരീക്ഷത്തിൽ വ്യവസായ സംരംഭകരെ കേരളത്തിൽ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമം ഈ ഗവൺമെന്റ് നടത്തി. ജൂൺ 16-ന് കൊച്ചിയിൽ നടന്ന നിക്ഷേപ സംഗമത്തിൽ 581 നിക്ഷേപകർ വന്നു. 14000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 1561 കോടി രൂപയുടെ പ്രോജക്ടുകൾ അവിടെ ചർച്ച ചെയ്ത് അംഗീകരിച്ചു. 500 കോടി രൂപയ്ക്ക് എം.ഒ.യു. ഒപ്പുവച്ചു. കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും നടത്തിയ നിക്ഷേപ സംഗമങ്ങളിൽ എഴുപതിൽപ്പരം ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാൻ ശക്തമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. 2011-ൽ കേരളത്തിൽ വ്യവസായ രംഗത്ത് വലിയ നിക്ഷേപം സംസ്ഥാന സർക്കാർ മുടക്കുകയാണ്. 275 കോടി രൂപ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി മുടക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. കാസർഗോഡ് ടെക്സ്റ്റൈൽ മില്ലിന് 16 കോടി രൂപ, ട്രാക്കോ കേബിൾ കമ്പനി കണ്ണൂർ യൂണിറ്റിന് 12 കോടി രൂപ, സിഡ്കോ കോഴിക്കോട് യൂണിറ്റിന് 12 കോടി രൂപ, ഷൊർണ്ണൂർ പുതിയ ഷോപ്പിംഗ് യൂണിറ്റിന് 12 കോടി രൂപ, പാലക്കാട് മീറ്റർ കമ്പനിക്ക് 5 കോടി രൂപ എന്നിങ്ങനെ ഈ വർഷം 275 കോടി രൂപ സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾക്കായി നൽകുകയാണ്. കേരളത്തിൽ 25 വർഷത്തിനുശേഷം സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ നേതൃത്വത്തിൽ എട്ട് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ പോകുന്നു. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുമ്പോൾ, ഓഹരി വിൽക്കുമ്പോൾ, സ്വകാര്യവത്ക്കരിക്കുമ്പോൾ എട്ട് പുതിയ സ്ഥാപനങ്ങൾ തുടങ്ങുകയാണ്. കണ്ണൂർ ഹൈടെക് .... അങ്ങനെ എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ പൊതുമേഖലാ രംഗത്ത് പുതുതായി ആരംഭിക്കുകയാണ്. ....എനിക്ക് വ്യവസായ വകുപ്പു മന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുള്ളത് തിരുവനന്തപുരം ജില്ലയിൽ കെൽട്രോണും ടൈറ്റാനിയവും പോലെയുള്ള പഴയ കുറെ വ്യവസായ സ്ഥാപനങ്ങളുണ്ട് പക്ഷേ കെൽട്രോണിനും ടൈറ്റാനിയത്തിനുംശേഷം പ്രധാന വ്യവസായ സ്ഥാപനങ്ങളൊന്നും ഈ ജില്ലയിലേയ്ക്ക് വരുന്നില്ല. ബഹുമാന്യനായ അങ്ങ് മന്ത്രിയായിരിക്കുമ്പോൾ, ഈ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ച് മുന്നേറുന്ന അങ്ങ്, തിരുവനന്തപുരം ജില്ലയിൽ എവിടെയായാലും കുഴപ്പമില്ല, ഏതെങ്കിലുമൊരു വ്യവസായ സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിൽ, ഇൻഡ്യക്ക് മാതൃകയായി വ്യവസായ സ്ഥാപനങ്ങളെ മുന്നോട്ട് നയിക്കുന്ന, തുറമുഖ വകുപ്പിനെ മുന്നോട്ടു നയിക്കുന്ന ഈ ഗവൺമെന്റിന്റെ ഡിമാന്റുകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, വ്യവസായ/തുറമുഖ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി വ്യാവസായിക മേഖലയിൽ കാലോചിതമായി മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതം ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് രാഷ്ട്രമെന്നുള്ള നിലയിൽ 1955-ൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിൽ, ഗവൺമെന്റിന് നിയന്ത്രണമുള്ളതും തൊഴിലാളികൾക്ക് പങ്കുള്ളതുമായ പൊതുമേഖലാ സ്ഥാപനം ഒരു സോഷ്യലിസ്റ്റ് രാജ്യത്ത് അനിവാര്യമാണ് എന്നുകണ്ടുകൊണ്ടാണ് പൊതുമേഖലാ വ്യവസായത്തിന് ആരംഭം കുറിച്ചത്. ക്രമേണ പൊതുമേഖലാ എന്ന സങ്കൽപ്പത്തിന് തുടക്കംകുറിച്ച രാഷ്ട്രീയ പ്രസ്ഥാനംതന്നെ അതിൽ മായം ചേർത്ത് സ്വകാര്യ പങ്കാളിത്തം പൊതുമേഖലയിലാകാം എന്ന നിലയിലെത്തി. 1991 ആയപ്പോൾ അന്ന് കേന്ദ്രത്തിൽ ധനകാര്യവകുപ്പ് കൈകാര്യം ചെയ്തിരുന്നത് ഇന്നത്തെ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗാണ്. ബഹുമാന്യനായ അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവു, അദ്ദേഹത്തിന്റേതായിട്ടുള്ള സങ്കൽപ്പമായ പുത്തൻ സാമ്പത്തിക നയം നടപ്പാക്കിയതോടുകൂടിയാണ് വ്യാവസായിക രംഗത്ത് കാലോചിതമായി ഞാൻ നേരത്തെ സൂചിപ്പിച്ച, സോഷ്യലിസത്തിന്റെ പാതയൊരുക്കൽ എന്നതിൽ മായം കലർത്തിക്കൊണ്ട് സ്വകാര്യ പങ്കാളിത്തമാകാം എന്ന നിലയിൽ പുത്തൻ സാമ്പത്തിക നയത്തിന് രൂപംകൊടുത്തത്. ക്രമേണ ഇവിടെ സൂചിപ്പിച്ചതുപോലെ നയതന്ത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പോലും സ്വകാര്യ പങ്കാളിത്തമാകാം എന്നത് മാത്രമല്ല, നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമാണെങ്കിൽ അത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായാലും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായാലും സ്വകാര്യവത്ക്കരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നതായിരുന്നു കോൺഗ്രസിന്റെ നയം. അതോടൊപ്പംതന്നെ നഷ്ടത്തിലാകുമെന്ന് കാണുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, ഒരുപക്ഷേ ലാഭത്തിന്റെ തോത് കുറഞ്ഞുപോയ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റും കേന്ദ്രഗവൺമെന്റിന്റെ നയം നടപ്പാക്കിയ സംസ്ഥാന ഭരണാധികാരികളും സ്വീകരിച്ചത്. കേന്ദ്രത്തിലെ കോൺഗ്രസ്സ് ഗവൺമെന്റിന്റെ ഈ നയം നടപ്പാക്കിയ അഞ്ചു കൊല്ലക്കാലമായിരുന്നു കേരളത്തിൽ യു.ഡി.എഫ്-ന്റെ ഭരണം. ആ കാലഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയം ചുവടുപിടിച്ചുകൊണ്ട് അത് നടപ്പാക്കുന്നതിനുവേണ്ടിയാണ് ശ്രീ. ആർ.സി. ചൗധരിയെ ഇവിടെ കമ്മീഷനായി നിയമിച്ചത്. ചൗധരിക്ക് കൊടുത്തിരുന്ന നിർദ്ദേശം നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കണ്ടുപിടിക്കണം, നഷ്ടത്തിന്റെ തോത് കുറഞ്ഞിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിലേയ്ക്ക് അതിന്റെ സ്വത്തു വിവരക്കണക്കുകൾ തിട്ടപ്പെടുത്തണം എന്നാണ്.

അതിനുവേണ്ടി മാത്രമായി നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് പൊതുമേഖലാവ്യവസായങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി, പഠനം നടത്തുന്നതിനുവേണ്ടി, സ്വകാ
12.00 Noon
ര്യവൽക്കരിക്കാൻ പറ്റിയത് സ്വകാര്യവൽക്കരിക്കുവാൻ കണ്ടുപിടിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിച്ചത്. ആ ചൗധരി കമ്മീഷന്റെ കാര്യം എനിക്ക് അറിയാം. ആ ചൗധരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണോ വേണ്ടയോയെന്നത് കോൺഗ്രസ്സിന്റെ കേരളത്തിലെ കെ.പി.സി.സി. വരെ ചർച്ച ചെയ്തതാണ്. സ്വാഗതം ചെയ്യുന്ന ഒരു കാര്യമാണ്. അന്ന് ബഹുമാന്യനായ ആര്യാടൻ ചൗധരി കമ്മീഷന്റെ റിപ്പോർട്ടിനെ എതിർത്തൊരു ആളാണ്. എനിക്ക് അറിയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ കഴിഞ്ഞ പ്രാവശ്യം പ്രസംഗിക്കുമ്പോൾ പറഞ്ഞു ഞാനും താമരാക്ഷനും എതിർത്തു എന്ന് ഞങ്ങൾ വച്ചൊരു കമ്മിറ്റിയായിരുന്നു. ആ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചു. അത് മന്ത്രി തന്നെ പറഞ്ഞു. സ്റ്റേറ്റ്മെന്റ് ഇവിടെയുണ്ട്. അതാണ് വസ്തുത. എന്നിട്ടും നിങ്ങൾ മറിച്ചാണ് പറയുന്നത്. ഞങ്ങൾ തന്നെ ചൂണ്ടിക്കാണിച്ചു, ഞങ്ങൾ വച്ച കമ്മീഷൻ സ്റ്റേറ്റിന്റെ താൽപ്പര്യത്തിന് എതിരായി ചെയ്തപ്പോൾ ഞങ്ങൾ അത് ക്യാൻസൽ ചെയ്തു. അത് മന്ത്രി തന്നെ സമ്മതിച്ച പ്രസ്താവന ഇവിടെയുണ്ട്.

ശ്രീ. എ. എ. അസീസ് : സർ, ഞാൻ അതുതന്നെയാണ് ആര്യാടൻ സാറേ ചൂണ്ടിക്കാണിച്ചത്. ഞാൻ ചൂണ്ടിക്കാണിച്ചത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണിയുടെ നേതാവ് കുഞ്ഞാലിക്കുട്ടി വച്ച കമ്മീഷൻ അല്ലേ അത് ? ആരോ ആയിക്കൊട്ടെ. നിങ്ങളുടെ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് നിയോഗിച്ച കമ്മീഷൻ, ആ കമ്മീഷന്റെ റിപ്പോർട്ട് സ്വീകരിച്ചാൽ പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നു കണ്ടുകൊണ്ടാണ്, ഒരുപക്ഷേ തൊഴിൽവകുപ്പ് കൈകാര്യം ചെയ്തിരുന്ന, ഐ.എൻ.റ്റി.യു.സി.യുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ബഹുമാന്യനായ ആര്യാടന് ഉൾപ്പെടെ അത് ഉൾക്കൊള്ളാൻ സാധിക്കാതെ വന്നത്. ഇപ്പോൾ അതിന് മറ്റൊരു ഉദാഹരണമാണ് നടക്കാൻ പോകുന്നത്. ഇപ്പോൾ നമ്മുടെ രാജ്യത്തെ വിലവർദ്ധനവിനെതിരായി ഈ വരുന്ന ഏഴാം തീയതി ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെ ഞങ്ങൾ സമരം ചെയ്യാൻ പോകുകയാണ്. ആ പ്രഖ്യാപനം വന്നുകഴിഞ്ഞു. ഐ.എൻ.റ്റി.യു.സി.യാണ് അതിന് നേതൃത്വം കൊടുക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ തൊഴിലാളി വിഭാഗമായിട്ടുള്ള ഐ.എൻ.റ്റി.യു.സി.യാണ് സെപ്റ്റംബർ 7-ാം തീയതി രാജ്യത്ത് നടക്കുന്ന പണിമുടക്കിന് നേതൃത്വം കൊടുക്കുന്നത്, അപ്പോൾ സ്വാഭാവികമായി നിങ്ങൾ ഒരു ഐക്യമുന്നണി സംവിധാനത്തിൽ, ആ സംവിധാനത്തിൽ ഉൾക്കൊള്ളുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്നുള്ള നിലയിൽ നിങ്ങൾക്കുപോലും സഹിക്കാൻ കഴിയാത്ത ഒരു കാര്യമെന്നുള്ള നിലയിലാണ് അന്ന് അതിനെ എതിർത്തത്. അത് സ്വാഗതം ചെയ്യുന്നു. ഞാൻ പറഞ്ഞത് അത്തരം സംഭവങ്ങൾ യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ഉണ്ടായതാണ്. എന്നുമാത്രമല്ല ഇവിടെ എന്റെ പ്രിയപ്പെട്ട സുഹൃത്ത് രണ്ടത്താണി ഒരു മൂച്ചിന് വായിച്ചങ്ങ്പോയി. ഏതാണെന്ന് അറിയോ? ലാഭകരമായി നടന്ന സ്ഥാപനങ്ങളുടെ പട്ടിക.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ബഹുമാന്യനായ മെമ്പർ ശ്രീ. ആര്യാടൻ പറയുകയുണ്ടായി ചൗധരി കമ്മീഷനെ വച്ചു, റിപ്പോർട്ട് വന്നു. റിപ്പോർട്ട് വന്നെങ്കിലും ഞങ്ങൾ അത് നടപ്പിലാക്കിയില്ലായെന്ന്. നടപ്പാക്കാത്തത് 2004-ലെ തെരഞ്ഞെടുപ്പിൽ തോറ്റുപോയി. തോറ്റപ്പോൾ പിന്നെ നടപ്പാക്കാൻ കഴിഞ്ഞില്ല. മാത്രമല്ല, അതിന്റെ ഉത്തരവ് പിൻവലിച്ചി ട്ടേയില്ല. ആ ഉത്തരവ് നിങ്ങൾ പിൻവലിക്കാതെയാണ് പോയത്. ഈ ഗവൺമെന്റ് വന്നിട്ടാണ്..........അത് പറഞ്ഞോട്ടെ. ഇപ്പോൾ ഇക്കാര്യത്തിൽ അവരതിന് ഡിസ്ഇൻവെസ്റ്റുമെന്റിനുവേണ്ടി ശുപാർശ ചെയ്തതിന് സമ്മതി ക്കാതിരുന്നതിന് ഇവിടെ വലിയ പ്രക്ഷോഭണം ഉയർന്നുവന്നത് അതിന്റെ ഫലമായിട്ടാണെന്ന് സഖാവിന് അറിയുമോ ?

ശ്രീ. എ. എ. അസീസ്: സർ, അതുതന്നെയാണ്. ഞാൻ ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയൻ പ്രസ്ഥാനം ചൗധരി കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നയുടനെതന്നെ നമ്മുടെ രാജ്യത്ത് ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെയുള്ള എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനവും ഒരുമിച്ച് വമ്പിച്ച പ്രക്ഷോഭണമായിരുന്നു. ആ പ്രക്ഷോഭണത്തിന്റെകൂടി ഫലമായിട്ടാണ് കെ.പി.സി. സി. ഇങ്ങനെയൊരു കമ്മിറ്റിയെ വച്ചതുതന്നെ. താമരാക്ഷനും, ആര്യാടനും ഉൾപ്പെടുന്ന ഒരു കമ്മിറ്റി വയ്ക്കാൻ അവരെ പ്രേരിപ്പിച്ചതുതന്നെ ആ പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണ്. ഏതായിരുന്നാലും നടപ്പായില്ല, യാഥാർത്ഥ്യമായില്ല. അതാണ് 5 കൊല്ലക്കാലം സംഭവിച്ചത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഒറ്റമൂച്ചിൽ പറഞ്ഞുപോയി. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിലെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് എന്ന മീറ്റർ കമ്പനി, ആ മീറ്റർ കമ്പനി നഷ്ടത്തിലായതുകൊണ്ട് അടച്ചുപൂട്ടാൻ തീരുമാനിച്ചതാണ്. 600 തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 184 തൊഴിലാളികളായി അവശേഷിച്ചു. അതൊന്നും രണ്ടത്താണിക്ക് അറിയില്ല എന്റെ നിയോജകമണ്ഡലത്തിലെ മീറ്റർ കമ്പനിയെ സംബന്ധിച്ച് പറഞ്ഞാൽ, ഇന്ന് ലാഭകരമാണ്. ഇന്ന് അവിടെ വീണ്ടും തൊഴിലാളികളെ നിയോഗിച്ചു. നിങ്ങൾ അടച്ചുപൂട്ടാൻ തീരുമാനിച്ച്, നിങ്ങൾ അവിടത്തെ ടെണ്ടർ വ്യവസ്ഥകളിൽത്തന്നെ, മാറ്റം വരുത്തി. മീറ്റർ കമ്പനിയെന്നുപറഞ്ഞാൽ മീറ്റർ കമ്പനിയിൽ അന്ന് ഉൽപ്പാദിപ്പിച്ചിരുന്നത് മെക്കാനിക്കൽ മീറ്ററാണ്. ഇന്ന് ഉൽപ്പാദിപ്പിക്കുന്നത് ഇലക്ട്രോണിക് മീറ്ററാണ്. മെക്കാനിക്കൽ ആ മീറ്റർ വിറ്റഴിക്കുന്ന കാര്യത്തിൽ ഓപ്പൺ ടെണ്ടർ വച്ച് കമ്മീഷൻ വാങ്ങിക്കൊണ്ട് നിങ്ങൾ ബിനാമി കമ്പനികൾക്ക് കൊടുത്തു. അതിന്റെ ഫലമായിട്ടാണ് ആ മീറ്റർ കമ്പനി അടച്ചുപൂട്ടിക്കുന്ന നിലയിൽ എത്തിയത്. ഞാൻ അവിടത്തെ ജനപ്രതിനിധിയാണ്. 5 കൊല്ലക്കാലം നിങ്ങൾ ഭരിച്ച കാലഘട്ടത്തിൽ അവിടത്തെ തൊഴിലാളികൾ കണ്ണീരോടുകൂടിയാണ് കഴിഞ്ഞത്. ഇന്ന് അതല്ല സ്ഥിതി.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങ് ഇവിടെ പറഞ്ഞല്ലോ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ ചരിത്രത്തിൽ ആദ്യമായി മീറ്റർ കെ.എസ്.ഇ.ബി.യെക്കൊണ്ട് എടുപ്പിച്ചുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി കരാറുണ്ടാക്കി എന്ന്. എന്നാൽ യു.ഡി.എഫ് ഭരണകാലത്ത് ശ്രീമാൻ ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലത്താണ് അത്തരം ഒരു കരാർ ഉണ്ടാക്കി ഈ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലാഭത്തിലാക്കിയതെന്ന കാര്യം അങ്ങേയ്ക്ക് അറിയോ ?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ചന്ദ്രൻ)

ശ്രീ. എ. എ. അസീസ്: സർ, എനിക്കറിയാവുന്നതാണ്. ബഹുമാന്യനായ എന്റെ സുഹൃത്തേ എനിക്ക് അറിയാവുന്ന ഒരു കാര്യമുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ ഒരിക്കലും ലാഭകരമായില്ല. എന്നുമാത്രമല്ല ആര്യാടന്റെ കാലഘട്ടത്തിൽ...എനിക്കറിയാം ഞാനുൾപ്പെടെ അവിടത്തെ യൂണിയൻപ്രതിനിധികളുമായി ആര്യാടനെ പോയി കണ്ടു. അപ്പോൾ ഞങ്ങൾക്ക് അനുവാദം തരുന്നത് എത്രയാണെന്ന് അറിയോ? അന്ന് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന് 50,000 മീറ്റർ വാങ്ങാൻ ഞാൻ പ്രത്യേക അനുവാദം തരാമെന്നു പറഞ്ഞിട്ട് പിന്നീട് തന്നത് 25,000 എണ്ണത്തിനാണ്. ഇന്ന് അതല്ല സ്ഥിതി. ഇന്ന് കരാറുണ്ടാക്കിയത് ശ്രീ. എ. കെ. ബാലനാണ്. ശ്രീ. എ. കെ. ബാലനും വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമും എന്റെ കൂടി സാനിദ്ധ്യത്തിൽ ആ മീറ്റർ കമ്പനിയിൽ വച്ച് ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ മുഴുവൻ മീറ്ററും ഈ സ്ഥാപനത്തിൽ നിന്നും വാങ്ങാൻ കരാറുണ്ടാക്കി അത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. നിങ്ങൾ തെറ്റിദ്ധരിപ്പിക്കാതെ. എന്റെ നിയോജക മണ്ഡലത്തിലെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. രണ്ടത്താണി വന്ന് ആധികാരികമായി പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയുമോ ? കളവ് പറയുന്നതിനെ സംബന്ധിച്ചിടത്തോളം..... നിങ്ങൾ എന്തുംപറഞ്ഞ് ....എന്തുംപറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കാമെന്ന് വിചാരിക്കുന്നത് രണ്ടത്താണിയെപ്പോലുള്ള ആളുകൾക്ക് ചേർന്നതല്ല. അതാണ് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു. യെസ്...യെസ്....

ശ്രീ. എ. എ. അസീസ് : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ മാതൃകാപരമായിട്ടാണ് ഈ വ്യവസായരംഗം മുന്നോട്ടു പോകുന്നത്. പൊതുമേഖലാസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന ലക്ഷോപലക്ഷം വരുന്ന തൊഴിലാളികൾ ഉണ്ട്. കഴിഞ്ഞ ഗവൺമെന്റ് അടച്ചു പൂട്ടിയിരുന്ന സ്ഥാപനങ്ങളെല്ലാം തുറന്നത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് സമരമില്ലാത്ത ഒരു കാലം സംജാതമായത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഓണക്കാലത്ത്, കൊടിയും കുത്തി ബോണസ്സിനുവേണ്ടി സമരം ചെയ്യേണ്ട ഒരു കാലം കുഞ്ഞാലിക്കുട്ടിയുടെ ഭരണകാലത്ത് എനിക്കുമുണ്ടായി. പക്ഷേ ഇപ്പോൾ ഇല്ല. അന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് അത് അറിയാൻ പാടില്ല. കശുവണ്ടി വ്യവസായരംഗത്ത് അന്ന് നിരന്തരമായ പ്രക്ഷോഭണമാണ് നടന്നത്. അന്ന് 12 ദിവസം ജോലി, 11 ദിവസം ജോലി, അടച്ചുപൂട്ടൽ. ഇന്ന് അതല്ല കാലഘട്ടം. അന്ന് പരമ്പരാഗത വ്യാവസായ മേഖലയെ യഥാർത്ഥത്തിൽ ഒരു ശവപ്പറമ്പായി മാറ്റിയിരുന്നു. 40 ലക്ഷം തൊഴിലാളികൾ പണിയെടുത്തിരുന്ന പരമ്പരാഗത വ്യാവസായിക മേഖല, കയർ മേഖല, കശുവണ്ടി മേഖല, കൈത്തറി മേഖല, ഈറ്റ മേഖല, മത്സ്യ മേഖല ഇവയെ ശവപ്പറമ്പായി മാറ്റിയ കാലമായിരുന്നു യു.ഡി.എഫ്. ന്റെ ഭരണകാലം, 5 കൊല്ലക്കാലം ഇന്ന് അതല്ല സ്ഥിതി.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. എ. അസീസ് : സർ, തുറമുഖ വകുപ്പിനെ സംബന്ധിച്ച്....... എന്റെ നാട്ടിൽ ഒരു തുറമുഖമുണ്ട്, കൊല്ലത്ത്. യഥാർത്ഥത്തിൽ കൊല്ലം തുറമുഖം പ്രവർത്തനസജ്ജമാക്കിക്കഴിഞ്ഞു. കേരളത്തിലെ ഏറ്റവും നല്ല തുറമുഖമാണ് കൊല്ലം. 178 മീറ്റർ വാർഫിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. സ്വകാര്യപങ്കാളിത്തത്തോടുകൂടി ഒരു സിമെന്റ് ടെർമിനൽ കൊല്ലം തുറമുഖത്ത് സ്ഥാപിക്കുവാനുള്ള പരിപാടി പരിഗണനയിലാണ്. കൊല്ലം തുറമുഖത്തിനാവശ്യമായ കയറ്റിറക്കുമതി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പത്ത് കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചു, ഭരണാനുമതി നൽകുകയും ചെയ്തു.

മി. ചെയർമാൻ : അങ്ങ് ഇതുകൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. എ. എ. അസീസ് : സർ, ആധുനിക ട്രക്ക്മൗണ്ട്സ് മൊബൈൽ ക്രെയിൻ ഈ വർഷം കൊല്ലം തുറമുഖത്തിനായി നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് 3.80 ലക്ഷം രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഈ രണ്ട് വകുപ്പുകളുടേയും ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. എം. ദിനേശ്മണി : സർ, വളരെ അഭിനന്ദനീയവും അനുകരണീയവുമായ ഒരു മാറ്റമാണ് കേരളത്തിന്റെ വ്യവസായ രംഗത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വ്യവസായ വകുപ്പുമന്ത്രി വരുത്തിയിട്ടുള്ളത്. ഇവിടെ ശ്രീ. രണ്ടത്താണി പറഞ്ഞത് വ്യവസായ വന്ധ്യത നടത്തിയ ഒരു കാലം എന്ന നിലയ്ക്കാണ്. ശ്രീ. രണ്ടത്താണി വ്യവസായ വകുപ്പുമന്ത്രി ശ്രീ.എളമരം കരീം തന്ന ഈ കേരള സോപ്സിന്റെ ആ സോപ്പിട്ട് കുളിച്ചിരുന്നെങ്കിൽ അദ്ദേഹം ഇങ്ങനെ പറയുമായിരുന്നില്ല. എല്ലാ എം.എൽ.എ. മാർക്കും സോപ്പ് കൊടുത്തു. യാഡ്‌ലി സോപ്പിനെ തോൽപ്പിക്കുന്ന സുഗന്ധമുള്ള സോപ്പാണ്. ഇവിടെ തന്നത്. കേരള സോപ്സ് യു.ഡി.എഫ്. പൂട്ടിയ കമ്പനിയാണ്. നിങ്ങൾ പൂട്ടിയ കമ്പനിയാണ്. അതിനെ വിൽപ്പനയ്ക്ക് വച്ചിരുന്നു. ഈ സോപ്പിട്ട് കുളിച്ചിരുന്നുവെങ്കിൽ ശ്രീ. രണ്ടത്താണി ഇവിടെ വന്ന് ഈ വാസ്തവ വിരുദ്ധമായ പ്രസംഗം നടത്തുമായിരുന്നില്ല. ഒരു നാടിനെ സംബന്ധിച്ച് വ്യവസായ മേഖലയെ സംബന്ധിച്ച് പരിഗണിക്കുമ്പോൾ, ആ മേഖലയുടെ പൊതുമേഖലയുടെ പ്രകടനമാണ് പ്രധാനമായും പരിഗണിക്കുക. ആ പൊതുമേഖലാ വ്യവസായത്തെ സംബന്ധിച്ച് എടുക്കുമ്പോൾ യു. ഡി. എഫ്. ന്റെ കാലത്ത് എന്തായിരുന്നു അവസ്ഥ? കഴുകൻമാർ നടക്കുന്നതുപോലെയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ചുറ്റും യു.ഡി.എഫ്-ന്റെ ഏജന്റുമാർ നടന്നിരുന്നത്. അങ്കമാലിയിലെ ടെൽക്ക് ,നാഷണൽ ഹൈവേയുടെ അരികിലാണ്. ആ ടെൽക്ക് വിൽക്കാൻ തീരുമാനിച്ചിരുന്ന ഒരു കമ്പനിയാണ്. ടെൽക്കിന്റെ വില കൂടിയ സ്ഥലം വിറ്റുതുലയ്ക്കാൻ വേണ്ടി അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി ഏജന്റുമാരെ വച്ചിരുന്നു.. അതാണ് ഈ രണ്ടത്താണിക്ക് ഇത്ര ക്ഷോഭം വരുന്നത്. കാരണം വ്യവസായ വകുപ്പ് കൈകാര്യം ചെയ്തിരുന്നത് മുസ്ലിം ലീഗായിരുന്നു. ഇപ്പോൾ എന്താണ് സംഭവിച്ചത് ? അന്ന് നഷ്ടത്തിലായിരുന്ന എല്ലാ പൊതുമേഖലാ വ്യവസായങ്ങളെയും ലാഭകരമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇവിടെ ശ്രീ. കുഞ്ഞിരാമനും അതുപോലെ തന്നെ ശ്രീ. ശിവൻ കുട്ടിയുമെല്ലാം ഉദ്ധരിച്ച ഒരു കാര്യമുണ്ട് ഒരു സെമിനാറിന്റെ റിപ്പോർട്ട്. അതിൽ ബഹുമാനപ്പെട്ട, എം. പി. ശ്രീ. പി. ജെ. കുര്യൻ പറഞ്ഞ കാര്യമുണ്ട്. സർ, "ഞാനൊരു കോൺഗ്രസ്സ് എം.പി.യാണ്. രാഷ്ട്രീയപരമായി ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എന്നാൽ വികസനത്തിന്റെയും സത്ഭരണത്തിന്റെയും ജനക്ഷേമത്തിന്റെയും കാര്യംപറയുമ്പോൾ എന്തിനാണ് വ്യത്യാസം. എല്ലാ രാഷ്ട്രീയ പാർട്ടികളും ആത്യന്തികമായി ലക്ഷ്യമിടുന്നത് ജനക്ഷേമമാണ്. പക്ഷേ വ്യത്യസ്തമായ വഴികളാണെന്ന് മാത്രം. ലക്ഷ്യമൊന്നുതന്നെ. അതുകൊണ്ട് ശ്രീ. കരീമിനെ അഭിനന്ദിക്കാനും പിൻതുണയ്ക്കാനും എനിക്ക് മടിയില്ല. മൂന്നുനാലുവർഷം മുൻപ് 70 കോടി രൂപ നഷ്ടം വരുത്തിയിരുന്നിടത്ത് ഇന്നത്തെ ലാഭം എടുത്തു പറയേണ്ടതാണ്". ഞാൻ ഒരു കോൺഗ്രസ്സ് എം.പി.യാണെന്ന് പറഞ്ഞു കൊണ്ടാണ് ശ്രീ. പി. ജെ.കുര്യൻ ഇക്കാര്യങ്ങൾ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. കുര്യൻ മാത്രമല്ല. കോൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവാണല്ലോ പ്രധാനമന്ത്രി, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ടി. കെ. നായർ അദ്ദേഹം പറഞ്ഞത് കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിജയത്തെ ഞാൻ അഭിനന്ദിക്കുമ്പോൾ അതിന് ഉത്തരവാദികളായ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയേയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുമ്പോൾ, കഴിഞ്ഞ കുറേ നാളുകളായി നിലനിൽക്കുന്ന ഒരു പ്രത്യക്ഷാബോധത്തെ പങ്കുവയ്ക്കുക മാത്രമാണ് ചെയ്യുന്നത് എന്നാണ്. ഇത് പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായമാണ്. ഞാൻ ഇത് പറയാൻ കാരണം ദയവുചെയ്ത് നമുക്ക് കക്ഷി രാഷ്ട്രീയത്തിന് അതീതമായി കേരളത്തിന്റെ വ്യവസായ മേഖലയെ സംബന്ധിച്ചുള്ള സത്യസന്ധമായ വിലയിരുത്തൽ നടത്താൻ കഴിയണം. കഴിഞ്ഞ ഗവൺമെന്റിൽ വ്യവസായ വകുപ്പ് കൈകാര്യം ചെയ്തത് ശ്രീ. കുഞ്ഞാലിക്കുട്ടിയാണ്. ആ കുഞ്ഞാലിക്കുട്ടിയുടെ എല്ലാ നടപടികളോടും കോൺഗ്രസ്സിന് യോജിപ്പുണ്ടായിരുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. യു.ഡി.എഫ്-ന്റെ നേതൃശക്തിയാണ് പാർട്ടിയാണ് കോൺഗ്രസ്സ് എങ്കിലും കോൺഗ്രസ്സിന് തൃപ്തികരമായ വിധത്തിലായിരുന്നില്ല ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ ഭരണം എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ശക്തമായി എതിർക്കാൻ ഇടയില്ല. ശ്രീ. കരീമിനെ ഒറ്റയ്ക്കൊറ്റയ്ക്ക് എല്ലാവരും അഭിനന്ദിക്കുന്നുണ്ട്. അതുകൊണ്ട് ദയവുചെയ്ത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ന്യായീകരിക്കാൻ ഒരിക്കലും തയ്യാറാവരുത് എന്നാണ് എനിക്ക് വിനയപൂർവ്വം പറയാനുള്ളത്. ആർ. സി. ചൗധരി റിപ്പോർട്ട്..... നഷ്ടത്തിലോടുന്ന വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ വേണ്ടിയായിരുന്നില്ല. ആ റിപ്പോർട്ട് ആ റിപ്പോർട്ട് നടപ്പിലാക്കിയില്ല എന്നാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത്. എന്നാൽ നടപ്പിലാക്കിയെന്നതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. ഗവൺമെന്റ് മൂവായിരത്തിൽപ്പരം തൊഴിലാളികളെ പിരിച്ചുവിട്ടല്ലോ? പല വ്യവസായങ്ങളും വിറ്റഴിക്കാൻ തീരുമാനിച്ചല്ലോ? ഒരു പട്ടിക തയ്യാറാക്കി പതിനഞ്ച് പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിയിടാനും 25 സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനും യു.ഡി.എഫ്. ഗവൺമെന്റ് ഉത്തരവിറക്കി. ഒരു കമ്പനിപോലും പുനരുദ്ധരിക്കാനുള്ള ഒരു നടപടിയും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല.

ശ്രീ. പി. കൃഷ്ണപ്രസാദ്: അങ്ങനെയാണെങ്കിൽ അത് നിയമസഭാരേഖയിൽ നിന്ന് നീക്കം ചെയ്യണം. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് നടപ്പിലാക്കിയിട്ടില്ല എന്നാണ്. നടപ്പിലാക്കി എന്നു പറയുമ്പോൾ അദ്ദേഹം അത് നിഷേധിക്കുന്നില്ല. നുണ പറഞ്ഞതാണെങ്കിൽ അത് സഭാ രേഖകളിൽ കാണാൻ പാടില്ല. അത് നീക്കം ചെയ്യണം. അല്ലെങ്കിൽ ശ്രീ. ആര്യാടൻ അത് സംബന്ധിച്ച് വിശദീകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. കെ. ബാബു സംസാരിക്കുമ്പോൾ അത് വിശദീകരിക്കും.

ശ്രീ. സി. എം. ദിനേശ്മണി: യു.ഡി.എഫ്-ന്റെ നയമെന്തായിരുന്നു. നഷ്ടത്തിലായ വ്യവസായങ്ങൾ അടച്ചുപൂട്ടുക, സ്വകാര്യവത്കരിക്കുക എന്നു

ള്ളതായിരുന്നു. അതേസമയം എൽ.ഡി.എഫ്-ന്റെ നയം അവയെ സംരക്ഷിക്കുക, പുനരുദ്ധരിക്കുക, വിപുലീകരിക്കുക എന്നുള്ളതായിരുന്നു. അതാണ് ചെയ്തത്. 30 കമ്പനികൾ നഷ്ടത്തിലായിരുന്നു അത് 12 ആയി ചുരുങ്ങി. ലാഭമുണ്ടാക്കിയ കമ്പനികൾ 12-ൽ നിന്നും 28 ആയി വർദ്ധിച്ചു. 42 കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. 69.49 കോടി നഷ്ടമായിരുന്നത് 2006-07-ൽ 91.43 കോടിയും 2008-09-ൽ 169,45,00,000 രൂപയും ലാഭമായി മാറി. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് 3193 തൊഴിലാളികളെ പിരിച്ചുവിട്ടു. ഇന്ന് അതാണോ സംഭവിച്ചിട്ടുള്ളത്? തൊഴിലാളികളെ നിയമിക്കുകയാണുണ്ടായത്. 5000-ൽപ്പരം തൊഴിലാളികളെ നിയമിച്ചു. കമ്പനി ആസ്തികളും വിലപിടിച്ച ഭൂസ്വത്തും സ്വകാര്യമേഖലയ്ക്ക് കൈമാറാൻ വേണ്ടിയുള്ള നടപടികളാണ് യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് തകൃതിയായി നടന്നത്. അഴിമതിക്കുള്ള ഒരു ഉപാധിയായിട്ടാണ് വ്യവസായ വകുപ്പിനെ യു.ഡി.എഫ്. ഉപയോഗപ്പെടുത്തിയത്.

ശ്രീ. സാജു പോൾ: സർ, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിലുൾപ്പെടെ അല്ലെങ്കിൽ ബഹുമാന്യനായ ആര്യാടൻ സാറിനറിയാവുന്ന സെറിഫെഡ് ജീവനക്കാരുടെ പുനർവിന്യാസം ഇങ്ങനെ എല്ലാവരാലും സർവ്വസമ്മതമായ നിരവധി കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിനെ വിമർശിക്കുമ്പോൾ എറണാകുളത്ത് അവിടെ എച്ച്.എം.ടിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്ന് ഇപ്പോൾ സമരം നടക്കുകയാണ്. ആ എച്ച്.എം.ടി. കമ്പനിയിൽ 3500 തൊഴിലാളികൾ ഉണ്ടായിരുന്നു. ഇപ്പോൾ 700 പേരേയുള്ളു. എഫ്.എ.സി.റ്റി-യിൽ 12500 പേരുണ്ടായിരുന്നു ഇപ്പോൾ 2500-3000 തൊഴിലാളികളേയുള്ളു. സംസ്ഥാന പൊതുമേഖലയിൽ ഇത്രയധികം വൈവിധ്യവത്കരണവും വികസനവും നടക്കുമ്പോഴും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തളരുന്നതിൽ ഒരു ആശങ്കയുമില്ലാത്തവരാണ് അപ്പുറത്തിരിക്കുന്നവർ. ആ തൊഴിലാളികളോട് ഒരു പ്രതിബദ്ധതയുമില്ലാതെയാണ് സംസ്ഥാന പൊതുമേഖലയുടെ ഈ വിപുലീകരണത്തെ അപ്പുറത്തുള്ളവർ വിമർശിക്കുന്നത് എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. എം. ദിനേശ് മണി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എം.ടി.ഗേറ്റിൽ ഞാനും പോയി പ്രസംഗിച്ചതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : യു.ഡി.എഫ്-ന്റെ ഭരണകാലത്ത് വ്യവസായ വകുപ്പ് വ്യവസായ ശാലകൾ അടച്ചുപൂട്ടാനും വിറ്റഴിക്കാനും അതിൽനിന്ന് കമ്മീഷൻ മേടിക്കാനും വേണ്ടി മാത്രമുള്ള ഒരു വകുപ്പായിരുന്നുവെന്നാണോ അങ്ങ് പറഞ്ഞുവരുന്നത് ?

ശ്രീ. സി. എം. ദിനേശ് മണി: സർ, തീർച്ചയായിട്ടും. അത് ഞാൻ പറഞ്ഞല്ലോ, അഴിമതിക്കുള്ള ഒരു ഉപാധിയായിട്ടാണ് വ്യവസയ വകുപ്പിനെ യു.ഡി.എഫ്. ഗവൺമെന്റ് പൂർണ്ണമായും ഉപയോഗപ്പെടുത്തിയത്. അത് നിഷേധിക്കാൻ പറ്റില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോടുള്ള തിരുവണ്ണൂർ കോട്ടൺ മിൽ തുറന്നില്ലേ. അത് യഥാർത്ഥ്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് തുറന്നതിലൂടെ നല്ല സുഗന്ധമുള്ള സോപ്പ് തേയ്ച്ച് കുളിക്കാൻ നാട്ടുകാർക്കിടവന്നു. യാർഡിലി സോപ്പിനെ തോൽപ്പിക്കുന്ന സോപ്പാണത്. കേരള ബാലരാമപുരം സ്പിന്നിംഗ് മിൽ തുറന്നില്ലേ; ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് തുറന്നില്ലേ? ഇങ്ങനെ ഈ സ്ഥാപനങ്ങൾ തുറന്നു എന്നുമാത്രമല്ല, പല പൂട്ടിയിട്ട കമ്പനികളും വിൽക്കാൻ തീരുമാനിച്ചപ്പോൾ ആ കമ്പനികൾ ഇപ്പോൾ തുറന്ന് പ്രവർത്തിപ്പിച്ചുവെന്നു മാത്രമല്ല, കേന്ദ്ര പൊതുമേഖലയുമായി സംയോജിപ്പിച്ചതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ശ്രീ. എ. കെ. ആന്റണി കേന്ദ്രമന്ത്രിയായതുകൊണ്ട് സംഭവിച്ച ഒരു ഭാഗ്യമായിട്ടാണ് ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്. 1947 മുതൽ 1977 വരെ കുത്തകയായി ഈ രാജ്യം ഭരിച്ച ഒരു പാർട്ടിയല്ലേ കോൺഗ്രസ്? കേരളം ഇന്നലെ ഉണ്ടായതല്ലല്ലോ ; 2006-ൽ ഉണ്ടായതല്ലല്ലോ ? കേരളത്തിലെ ചെറുകിട കമ്പനികളെ രക്ഷിക്കാൻ വേണ്ടി കേന്ദ്ര പൊതുമേഖല ഇതുവരെ രംഗത്ത് വന്നില്ല. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന് മാർക്സിസ്റ്റ് പാർട്ടി, ഇടതുപക്ഷ പാർട്ടികൾ പിന്തുണ നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള ബന്ധത്തെ സമർത്ഥമായി വില പേശി ഉപയോഗപ്പെടുത്തിയ ഇടതുപക്ഷത്തിന്റെ ശക്തികൊണ്ട് മാത്രമാണ് ഈ സംയോജനമുണ്ടായിട്ടുള്ളത്. ഇപ്പോൾ ഞാൻ പറയാം, ടെൽക്, എൻ.ടി.പി.സി. സംയോജനം അതുകൊണ്ടല്ലേ ഉണ്ടായത് ?

ശ്രീ. എ. പ്രദീപ് കുമാർ : സർ, യു.ഡി.എഫ്.ന്റെ കാലത്ത് കേരള സോപ്സ്, കോട്ടൺ മിൽ ഇവയെല്ലാം അടച്ചുപൂട്ടി. ഇവിടെ കോഴിക്കോടിന് പ്രയാസമുണ്ടാക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ അവരുടെ കാലത്ത് കോഴിക്കോടിൽ ഒരു വ്യവസായം തഴച്ച് വളർന്നിരുന്നു. അത് നമ്മൾ കാണാതിരുന്നുകൂട. നല്ല കാര്യവും പറയണമല്ലോ, അതായത് ഐസ്ക്രീം വ്യവസായം.

ശ്രീ. സി. എം. ദിനേശ് മണി : സർ, ഞാൻ ടെൽക്ക്, എൻ.ടി.പി.സി. സ്റ്റീൽ കോംപ്ലക്സ്, സെയിൽ, കെൽ, ബി. എച്ച്. ഇ. എൽ., ഓട്ടോക്കാസ്റ്റ് എന്നിവയെപ്പറ്റിപ്പറഞ്ഞു, ഈ റയിൽവേയും സെയിൽ-ഉം എൻ.ടി.പി.സി.യും ബി.എച്ച്.ഇ.എൽ,-ലുമെല്ലാം നേരത്തെയുള്ളതല്ലേ. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്തുകൊണ്ട് കൈക്കൊണ്ടില്ല? കേരളത്തിലെ വ്യവസായ വകുപ്പിന്റെ മന്ത്രി എന്നുള്ള നിലയ്ക്ക് ശ്രീ. എളമരം കരീമിനെ സഹായിക്കുന്ന സമർത്ഥരായ ഉദ്യോഗസ്ഥരുടെ ഭാവനാപൂർണ്ണമായ പ്രവർത്തനത്തിന്റെ ഫലമായിട്ടുകൂടിയാണ് ഈ സംയോജനം സാധിച്ചത്. അതൊരുവസ്തുതയാണ്. അത് നിഷേധിക്കാൻ സാധിക്കുമോ ? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വ്യവസായ നയത്തെ സംബന്ധിച്ചുള്ള ശരിയായ കാഴ്ചപ്പാടിന്റെ ഫലമായിട്ടാണ് ഇത് യാഥാർത്ഥ്യമായത്. മാത്രമല്ല കഴിഞ്ഞ 25 വർഷക്കാലത്തിനുള്ളിൽ ആദ്യമായിട്ടാണ് 8 പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചത്. പൊതുമേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങൾ ആരംഭിക്കാൻ പാടില്ല, സ്വകാര്യമേഖലയിൽ മാത്രമേ വരാൻ പാടുള്ളു എന്നുളള ആ തത്വത്തിന് വിരുദ്ധമായി, ആ ധാരണയ്ക്ക് വിരുദ്ധമായി 8 പുതിയ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. കാസർഗോഡ് എച്ച്.എ.എൽ, കഞ്ചിക്കോട് ബി.ഇ.എം.എൽ, കളമശ്ശേരിയിൽ ബി.ഇ.എൽ. എന്നിവ പുതിയ സംരംഭങ്ങളാണ്. അതിൽ ബി.ഇ.എം.എൽ ഉദ്ഘാടനം ചെയ്തു. ഈ മേഖലയിൽ മാത്രം 6000 തൊഴിലാളികൾക്ക് പുതുതായി തൊഴിൽ നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ 540 കോടി രൂപയാണ് ഈ മേഖലയിൽ മുടക്കാൻ കഴിഞ്ഞത്. ഇവിടെ ശ്രീ. സാജു പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. കളമശ്ശേരി വ്യവസായ മേഖലയിൽ രണ്ട് പൊതുമേഖലാ വ്യവസായങ്ങളുണ്ട്, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങൾ, എഫ്.എ.സി.ടി.യും എച്ച്.എം.ടി.യും. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് എഫ്.എ.സി.ടി.യുടെ എല്ലാ സ്വത്തുക്കളും വിറ്റ് തുലയ്ക്കുകയായിരുന്നു. ഒന്ന്, എഫ്.എ.സി.ടി.യുടെ ഒരു സ്കൂൾ ടോർക് എച്ച് സ്കൂളിന് കൊടുത്തു, സ്വകാര്യ ഏജൻസിക്ക്. മറ്റൊന്ന് എം.ഇ.എസ്.-ന് കൊടുത്തു. വളരെ പ്രസിദ്ധമായിട്ടുള്ള എഫ്.എ.സി.ടിയുടെ ജെ.എൻ. എം. എന്നുപറയുന്ന ആശുപത്രി, ആ ആശുപത്രി ഒരു സ്വകാര്യ ഏജൻസിക്ക്, ലക്ഷ്മി ഹോസ്പിറ്റലിന് കൊടുത്തു. ഇങ്ങനെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി.യുടെ കീഴിലുള്ള സ്വത്ത് വിൽക്കുന്നത് സംസ്ഥാന ഗവൺമെന്റ് അല്ലല്ലോ? ഇങ്ങനെ കേന്ദ്രഗവൺമെന്റിന്റെ സ്വത്ത് വിൽക്കുന്നത് സംസ്ഥാന ഗവൺമെന്റല്ലല്ലോ? അത് എങ്ങനെ സംഭവിച്ചു? അതിന് ശേഷം തിരിച്ചെടുക്കാൻ വേണ്ടിയുള്ള നടപടിയുണ്ടായിട്ടുണ്ടോ? ഇല്ല. ഇപ്പോൾ എച്ച്.എം.ടി.യിലെ തൊഴിലാളികൾ സമരത്തിലാണ്. എച്ച്.എം.ടി.യിലെ തൊഴിലാളികളുടെ സമരത്തിന് കാരണമെന്താണ്? ഇപ്പോൾ യു.പി.എ. ഗവൺമെന്റിൽ ഇവിടെനിന്നുള്ള 6 കേന്ദ്രമന്ത്രിമാരുണ്ടല്ലോ. ഇവിടെ എറണാകുളം ജില്ലയുടെ എം.പി. തോമസ് മാഷ് മന്ത്രിയാണല്ലോ. എച്ച്.എം.ടി.യെ സംരക്ഷിക്കാൻ കഴിയുന്നുണ്ടോ; എച്ച്.എം.ടി.യിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ സാധിക്കുന്നുണ്ടോ?...............

ശ്രീ. കെ. ബാബു : സർ, ശ്രീ. ദിനേശ്മണി എഫ്.എ.സി.ടി.യിലെ കാര്യങ്ങൾ പറഞ്ഞല്ലോ. എഫ്.എ.സി.ടി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഡിസ് ഇൻവെസ്റ്റുമെന്റ് നടത്താനും പല പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കാനും തീരുമാനിച്ചത് ശ്രീ. വാജ്പേയ് യുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവൺമെന്റാണ്. ഇന്ന് എഫ്.എ.സി.ടി. തന്നെ ഇല്ലാതാകുമായിരുന്നു. ശ്രീ. എ.കെ. ആന്റണി, ശ്രീ. വയലാർ രവി എന്നിവരുൾപ്പെടെയുള്ള കേന്ദ്രമന്ത്രിമാർ ശക്തമായി ഇടപെട്ടതുകൊണ്ടാണ് ഇന്ന് എഫ്.എ.സി.ടി. പൊതുമേഖലയിൽ നിലനിൽക്കുന്നത്. ആ കാര്യം നിഷേധിക്കാൻ കഴിയുമോ?

ശ്രീ. സി. എം. ദിനേശ് മണി : സർ, അത് ഇടതുപക്ഷ പാർട്ടി പിന്താങ്ങിയ യു.പി.എ. ഗവൺമെന്റിന്റെ സമീപനമാണ്. അത് ഇടതുപക്ഷ പാർട്ടിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ്. അല്ലാതെ മറ്റൊന്നുമല്ല ഇപ്പോൾ കോൺഗ്രസ് ഗവൺമെന്റ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള കമ്പനികളെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുകയാണ്. അതല്ലേ കേന്ദ്രമന്ത്രി ശ്രീ. രാജയുടെ സ്പെക്ട്രം അഴിമതി. സ്പെക്ട്രം ഇടപാടിലുള്ള അഴിമതി എത്ര കോടി രൂപയുടെതാണ്? അതുപോലെ ഖനി മേഖലയിൽ റഡ്ഡി സഹോദരന്മാരിൽനിന്നും കോടിക്കണക്കിന് രൂപ പറ്റിയതുസംബന്ധിച്ച് നിരവധി ആരോപണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അങ്ങ് പറഞ്ഞ എഫ്.എ.സി.ടിയുടെ കാര്യമൊക്കെ ശരിയാണ്. അത് ഞങ്ങളല്ല, ബി.ജെ.പി.യാണെന്ന് ഇവിടെ പറഞ്ഞതാണ്. ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ. ഞങ്ങൾ ഈ സംസ്ഥാനം ഭരിച്ച കാലത്ത് ഏത് വ്യവസായം....... ഇപ്പോൾ അങ്ങ് ഇല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അവസാനം മറുപടി പറയുമല്ലോ. കേരളത്തിൽ ഏത് വ്യവസായത്തിലാണ് നിങ്ങൾ ഡിസ് ഇൻവെസ്റ്റുമെന്റ് നടത്തിയത്? നിങ്ങൾ നടത്തിയത്, 1987-ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ്. അങ്ങ് അധിവസിക്കുന്ന എറണാകുളത്തെ ഗസ്റ്റ് ഹൗസിന് തൊട്ടുള്ള താജ് റസിഡൻസി അതിൽ 20 ശതമാനം ഷെയർ കഴിച്ച് ബാക്കി ടാറ്റായ്ക്ക് കൊടുത്തതാരാണ്? നിങ്ങളാണ്. അതുപോലെ കെ.ടി.ഡി.സി.യുടെ വർക്കല ടൂറിസ്റ്റ് റിസോർട്ട് താജിന് കൊടുത്തത് ആരാണ്. നിങ്ങളാണ്. അതുപോലെ കുമരകം റിസോർട്ട് കൊടുത്തത് 1987-ലെ നായനാർ ഗവൺമെന്റാണ്. പാതിരാമണലിൽ രണ്ടാമത് കൊടുക്കാൻ പോയപ്പോൾ കോടതി ഇടപെട്ടു. ഇതല്ലേ സത്യം? നിങ്ങളല്ലേ കേരളത്തിൽ ഇതൊക്കെ ചെയ്തത്; ഞങ്ങൾ ചെയ്ത ഒരു കാര്യം പറയാൻ സാധിക്കുമോ?

ശ്രീ. സി. എം. ദിനേശ് മണി: സർ, ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ കാര്യം നേരത്തെ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതും അതിന് യുക്തമായ മറുപടി നൽകിയിട്ടുള്ളതുമാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. ഞാൻ അതിന് മറുപടി പറയുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണെങ്കിൽ എന്തുകൊണ്ടാണ് ഇന്നത്തെ യു.പി.എ. ഗവൺമെന്റ്, ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് തുലയ്ക്കുന്നത്? എന്തുകൊണ്ടാണ് കോൺഗ്രസ് അത് ചെയ്യുന്നത്. അതല്ലേ കോൺഗ്രസ്സിന്റെ നയം. ലാഭത്തിൽ ഓടുന്ന എല്ലാ വ്യവസായങ്ങളും കേന്ദ്രഗവൺമെന്റ് വിറ്റ് തുലയ്ക്കുകയാണ്. അങ്ങനെ വിറ്റ് തുലച്ചതുകൊണ്ട് അത് മറച്ച് വയ്ക്കാൻ വേണ്ടിയുള്ള വാദഗതികളാണ് ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദിനെപോലുള്ളവർ ഉന്നയിക്കുന്നത്. ഈ ഗവൺമെന്റിന്റെ വ്യവസായ നയത്തെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള കൊച്ചി തുറമുഖത്തെക്കുറിച്ച് ഒരു വാക്ക് മാത്രം അതിനെ സംബന്ധിച്ച് ഇവിടെ എല്ലാവരും മൗനം പാലിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതല്ലെങ്കിൽപോലും കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇന്ന് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. കാരണം കൊച്ചി തുറമുഖത്തിന്റെ പശ്ചാത്തല മേഖലയുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രദേശത്തെ ജനങ്ങൾക്ക് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധികളായിരിക്കുന്ന യു.ഡി.എഫ്.-ന്റെ ബഹുമാനപ്പെട്ട നേതാക്കൻമാർ കൊച്ചി തുറുഖത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥയെ സംബന്ധിച്ച് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുണമെന്ന് ഞാൻ വിനീതിമായി അഭ്യർത്ഥിക്കുന്നു. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലം കേരളത്തിലെ ജനങ്ങളെ മിനക്കെടുത്തിയ ഒരു സർക്കാർ, അതിന്റെ അവസാന വർഷത്തിന്റെ കസറത്തിന്റെ ഭാഗമാണ് ഇന്നത്തെ ചർച്ച. ഈ കസറത്തുകൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. കഴിഞ്ഞ ദിവസംവരെ ഇവിടെ നടന്ന ചർച്ചകളിൽ നമ്മുടെ ഓരോ മന്ത്രിമാരുടെയും ചർച്ചകൾ അവസാനിപ്പിച്ചത് ഞങ്ങൾ ജയിച്ചുകളയും, കണ്ടോളൂ, കാണിച്ചുതരാം എന്നൊക്കെയാണ്. ഇതൊക്കെ പറയുമ്പോഴും എന്തൊക്കെയാണ് സംഭവിക്കാൻ പോകുന്നതെന്ന് നിങ്ങൾക്ക് നല്ല വണ്ണം അറിയാം. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും അതുപോലെ മൂന്ന് ഉപതെരഞ്ഞെടുപ്പുകളിലും നിങ്ങൾക്കേറ്റ ആഘാതത്തിന്റെ ഒൻപതാം ഉത്സവത്തിലാണ് നിങ്ങളുടെ മനസ്സ്. അപ്പോൾ അതുകൊണ്ടൊന്നും രക്ഷപ്പെടാൻ പോകുന്നില്ല. അതുപോലെതന്നെ ശ്രീ. എളമരം കരീമിന്റെ സർക്കാരിന് ഏഴരശനി ബാധിച്ചിരിക്കുകയാണ്. ഏഴരശനി ബാധിച്ചാൽ ജ്യോതിഷപ്രകാരം 12, 1, 2 എന്നീ രാശികളിൽ ശനിയാണ്. ജ്യോതിഷ വിധി പ്രകാരം ഈ കാലയളവിൽ മാനനഷ്ടം, രോഗം, വിദേശ വാസം, സ്ഥാനഭ്രംശം എന്നിവ സംഭവിക്കും. ഇതിൽ മൂന്നെണ്ണം കഴിഞ്ഞു. ഇനി സ്ഥാനഭ്രംശം, അത് നടക്കാൻ പോകുകയാണ്.

ഈ ചർച്ചകളിൽ ബഹുമാനപ്പെട്ട മന്ത്രി പാലോളി മുഹമ്മദ് കുട്ടി, ശ്രീ. ബിനോയ് വിശ്വം, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ തുടങ്ങിയ മുഴുവൻ മന്ത്രിമാരും പറഞ്ഞത് ഞങ്ങളുടെ ഗവൺമെന്റിന് ഒരു പ്രയോറിറ്റിയുണ്ട്. ഞങ്ങളെ കണ്ടാൽ അറിയാമോ? ഇല്ല അറിഞ്ഞുകൂടാ. ഞങ്ങളാണ് പാവങ്ങളുടെ യഥാർത്ഥ ആളുകൾ. ഞങ്ങൾ ഈ രാജ്യത്തെ പാവപ്പെട്ടവരുടെയും വണ്ടി വലിക്കുന്നവരുടെയും വള്ളം തുഴയുന്നവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ആളുകളാണ്. അറിയാമോ? ഇതായിരുന്നു ഒരോരുത്തരുടെയും ചോദ്യം. അവസാനമായി ശ്രീ. എ. കെ. ബാലൻ മന്ത്രിയും ഇതുതന്നെയാണ് പറഞ്ഞത്. ശ്രീ. എ. കെ. ബാലൻ എന്താണ് ചെയ്യുന്നതെന്ന് ഇന്നും ഇവിടെ കേട്ടതാണ്. നമ്മൾ ഇന്നും കേട്ടതാണ്. പാവപ്പെട്ട ആദിവാസിയെ കബളിപ്പിച്ച് അവനെ ദാരിദ്ര്യവാസിയാക്കാൻ കൂട്ടുനിൽക്കുന്ന ശ്രീ. എ. കെ. ബാലൻ വ്യത്യസ്തനാണ്. പക്ഷേ, നാട്ടുകാരാരും ഇതുവരെ തിരിച്ചറിഞ്ഞില്ല, എന്നുമാത്രമേ ഉള്ളൂ. നമ്മുടെ ബഹുമാനപ്പെട്ട....... ഇപ്പോൾ വഴങ്ങുന്നില്ല, ഞാൻ വിഷയത്തിലേയ്ക്ക് കടക്കട്ടേ? അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രിയും എന്റെ ബഹുമാന്യ സ്നേഹിതനുമായ ശ്രീ. സി. ദിവാകരനും ഇന്നലെ ചോദിച്ചു. ഞങ്ങൾ പാവപ്പെട്ടവരുടെ പക്ഷത്താണെന്ന് അറിയാമോ ? ഞങ്ങൾ പാവപ്പെട്ടവർക്ക്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാന്യനായ വർക്കല മെമ്പർ ശ്രീ. കഹാർ ആദിവാസികളെ ദാരിദ്ര്യവാസികളെന്ന് വിളിച്ചിരിക്കുന്നത് ഓർഡറിലാണോ ? ആദിവാസികളൊക്കെ ദാരിദ്ര്യവാസികളാണോ? നന്നായി വിയർപ്പൊഴുക്കി കാട്ടിൽ പണിയെടുത്ത് ജീവിക്കുന്ന ഒരു വിഭാഗത്തെ ദാരിദ്ര്യവാസികളെന്ന് പറഞ്ഞ് അപമാനിക്കുന്നത് ഓർഡറിലാണോ?

ശ്രീ. വർക്കല കഹാർ : നമ്മുടെ നാട്ടിലെ ആദിവാസികളുടെ കയ്യിലിരിക്കുന്ന ഭൂമി കബളിപ്പിച്ച് തട്ടിയെടുത്ത് അവരെ ദാരിദ്ര്യവാസികളാക്കുന്ന സ്ഥിതിക്ക് കൂട്ടുനിൽക്കരുത് എന്നാണ് ഞാൻ പറഞ്ഞത്. അവരെ ദരിദ്രരാക്കുന്നത് എന്നാണ് അർത്ഥം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, പോയിന്റ് ഓഫ് ഓർഡർ മറ്റൊന്നുമല്ല, അങ്ങ് ഇതിൽ തിരുത്തൽ വരുത്താൻ ശ്രമിച്ചപ്പോൾ മറ്റൊരു പോയിന്റ് ഓഫ് ഓർഡർ വരികയാണ്. കാരണം, ദാരിദ്ര്യം അനുഭവിക്കുന്നവരും ദാരിദ്ര്യവാസികളുമെന്ന് പറഞ്ഞാൽ ദരിദ്രരെ അപമാനിക്കുന്ന വാക്കാണ്. അത് പിൻവലിക്കാൻ തയ്യാറാകണം. രണ്ടും ഒന്നല്ല എന്നാണ് പറയുന്നത്.

ശ്രീ. വർക്കല കഹാർ : അങ്ങേയ്ക്ക് തെറ്റിപ്പോയി.

ശ്രീ. ജി. സുധാകരൻ : ദാരിദ്ര്യം അനുഭവിക്കുന്നവർ ദാരിദ്ര്യവാസികളാണോ എന്ന് അങ്ങ് പറയണം. ഇതിന് റൂളിംഗ് വേണം. റൂളിംഗ് ഉണ്ടായേ പറ്റൂ. ദാരിദ്ര്യം അനുഭവിക്കുന്നവർ ദാരിദ്ര്യവാസികളാണോ? അത് തിരുത്തിയാൽ മതി. തിരുത്തണമെന്നേ ഞാൻ പറഞ്ഞുള്ളൂ. വേറെയൊന്നും പറഞ്ഞിട്ടില്ല. തിരുത്തണമെന്നേ പറഞ്ഞുള്ളൂ.

മി. ചെയർമാൻ : അങ്ങ് തിരുത്തിയാൽ മതി.

ശ്രീ. വർക്കല കഹാർ : എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട മന്ത്രി സി. ദിവാകരൻ ഇന്നലെ പറഞ്ഞു. ഞങ്ങൾ പാവങ്ങളുടെ ഭാഗത്താണെന്ന് അറിഞ്ഞുകൂടേയെന്ന്. അവിടെ കൂട്ടത്തോടെ നിൽക്കുന്ന കോഴിയെക്കണ്ടോ? അവകൾ ഇട്ട് കൂട്ടിയിട്ടിരിക്കുന്ന മുട്ട നോക്കൂ. ആടിനെ നോക്കൂ, മാടിനെ നോക്കൂ, ഇതെല്ലാം ഞങ്ങൾ പാവങ്ങൾക്കുവേണ്ടി ചെയ്തതെന്നാണ് പറഞ്ഞത്. എൽ.ഡി.എഫ് ഭരണത്തിന്റെ നാല് വർഷക്കാലത്തെ പാൽപ്പായസം അനുഭവിച്ചത് നമ്മുടെ രാജ്യത്തെ റിയൽ എസ്റ്റേറ്റുകാരും സമ്പന്നന്മാരും ഭൂമാഫിയയുമായിരുന്നു. എന്നിട്ട് ഇപ്പോൾ ഈ ഗവൺമെന്റ് ജനപക്ഷത്താണ്, പാവങ്ങളുടെ പക്ഷത്താണ് എന്നൊക്കെയാണ് പറയുന്നത്. പാവങ്ങൾക്ക് പൊട്ടും പൊടിയും. പഴം നിങ്ങൾക്കും തൊലി പാവങ്ങൾക്കും. ഇതായിരുന്നു നിങ്ങളുടെ അവസ്ഥ. പല ആളുകളും ഇവിടെ ചർച്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്തുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. ഈ മന്ത്രിസഭയേയും മന്ത്രിയേയും ഏറ്റവും കൂടുതൽ എൽ.ഡി.എഫ്. ബഞ്ചിൽ ഇരുന്നു വാഴ്ത്തുന്നത് ആ മന്ത്രിസഭയുടേയും മന്ത്രിയുടേയും എഫിഷ്യൻസിയേയും മാനേജ്മെന്റിനെയും കുറിച്ചാണ്. ഞാൻ ചോദിക്കുന്നു, ഈ നിയമസഭ പാസ്സാക്കിക്കൊടുത്ത പണം ചെലവഴിക്കാത്തത് എഫിഷ്യൻസിയാണോ മാനേജ്മെന്റാണോ? സി.ആന്റ് എ.ജി. ആഡിറ്റ് ചെയ്ത 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിലെ അപ്രോപ്രിയേഷൻ അക്കൗണ്ട് അസംബ്ലിയിൽ വച്ചതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. 2006-07-ൽ അസംബ്ലി പാസ്സാക്കിക്കൊടുത്ത 466.94 കോടി രൂപയിൽ ഈ ഗവൺമെന്റ് ചെലവഴിക്കാതെ ബാക്കിവച്ചത് 69.89 കോടി രൂപയാണ്. 2007-08-ൽ 518.41 കോടി രൂപയിൽ ചെലവഴിക്കാതെ ബാക്കിവന്നത് 78.66 കോടി രൂപ. 2008-09-ൽ 689.85 കോടി രൂപയിൽ 102.43 കോടി രൂപ ചെലവഴിച്ചില്ല. മൂന്ന് കൊല്ലവുംകൂടി അസംബ്ലിയിൽ പാസ്സാക്കിക്കൊടുത്ത 1675.2-ൽ 250 കോടി രൂപ അതായത് പതിനാലര ശതമാനം തുകയും ചെലവഴിച്ചില്ല. ഇതാണ് അങ്ങയുടെ എഫിഷ്യൻസിയും മാനേജ്മെന്റും. ഇതൊരു വലിയ കാര്യമാണല്ലോ? വ്യവസായ വകുപ്പിന്റെ എഫിഷ്യൻസി. സർക്കാരിന്റെ മാനേജ്മെന്റിനെക്കുറിച്ച് പറയുന്ന നിങ്ങൾ, ഞാൻ ഉദ്ധരിക്കുകയാണ്. A Review of Public Enterprises in Kerala 2008-09—ൽ പേജ് നമ്പർ 18. "Comparison of performance of SLPEs in Kerala and those in other major States". പൊതുമേഖലാ സ്ഥാപനങ്ങളുടെ മുതൽ മുടക്കും തൊഴിൽ ലഭ്യതയെക്കുറിച്ചുമൊക്കെ കേരളവും വിവിധ സംസ്ഥാനങ്ങളും തമ്മിലുള്ള ഒരു താരതമ്യപഠനം-കേരളത്തിൽ ഒരു കോടി രൂപ മുതൽ മുടക്കിൽ 16.41 തൊഴിലാളികൾ എന്നാൽ, ആന്ധ്രയിൽ ഇത് 36.64 ആണ്. കേരളത്തിലെ തൊഴിലാളികളുടെ എണ്ണം 1,23,290. ആന്ധ്രയിൽ ഇത് 2,62,054. വ്യത്യാസം 1,38,764 ആന്ധ്രയിൽ കൂടുതൽ. ഇവിടെ രാഷ്ട്രീയം പറയുകയല്ല, ആന്ധ്രാപ്രദേശിൽരണ്ടു തവണയായി കോൺഗ്രസ്സിന്റെ സർക്കാരാണ്. മൊത്തം മുതൽമുടക്കിന്റെ കേരളത്തിന്റെ ലാഭം 433.90 കോടിരൂപ. ഇത് തെറ്റാണ്. ആന്ധ്രാപ്രദേശിൽ ഇത് 268 കോടി രൂപ. എന്തുകൊണ്ട് തെറ്റി. കേരളത്തിന്റെ ലാഭത്തിൽ 217.42 കോടി രൂപ വൈദ്യുതിയുടെ നഷ്ടത്തിൽപ്പെടും. അങ്ങനെവരുമ്പോൾ അത് ഒഴിവാക്കിയാൽ കേരളത്തിന്റെ ലാഭം 216.48 കോടി രൂപ. ഇതാണ് കൊട്ടിഘോഷിക്കുന്ന എഫിഷ്യൻസിയും മാനേജ്മെന്റും. നിങ്ങൾ ആന്ധ്രയിൽ പോയി പഠിക്കണം. ലാഭക്കണക്കുകളുടെ അവകാശവാദം ഇവിടെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞപ്പോൾ ശ്രീ. അസീസും അതുപോലെ പല ആളുകളും ഭയങ്കരമായി തർക്കിക്കുന്നുണ്ടായിരുന്നു. ലാഭത്തിന്റേയും നഷ്ടത്തിന്റേയും കണക്കുകൾ പലപ്പോഴും പറയുന്ന സമയത്ത് നമ്മൾ അറിയണം നിയമസഭയിൽ പറയുന്നതും സി.ആന്റ് എ.ജി. ആഡിറ്റ് ചെയ്ത കണക്കും വരുമ്പോൾ അതിൽ വ്യത്യാസം വരുന്നു. നേരത്തെ ഇവിടെ പറഞ്ഞതുപോലെ യു.ഡി.എഫ്-ന്റെ ഭരണകാലത്തും പത്ത് പതിനഞ്ചോളം വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു. ഇത് മാറിമാറി വരും. പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭക്കണക്കുകൾ, സർക്കാർ നിയമസഭയിൽ ഏതൊക്കെയാണെന്ന് ചോദിച്ചു. ഞാൻ രണ്ടെണ്ണം

LIBRARY ARCHIVES Kerala Legislative Assembly

പറയാം. സി.ആന്റ് എ.ജി. യുടെ ആഡിറ്റ് റിപ്പോർട്ട് പേജ് 150, സീരിയൽ നമ്പർ 64, ഒന്ന്, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, കോഴിക്കോട്. 2008-09-ലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം നഷ്ടം 1.09 കോടി രൂപ. നിയമസഭയിൽ 3-3-2010-ൽ നൽകിയ നക്ഷത്രചിഹ്നമിടാത്ത 102-ാം നമ്പർ ചോദ്യത്തിന് മറുപടിയായി നൽകിയത് 57.82 ലക്ഷം രൂപ ലാഭമാണെന്നാണ്. രണ്ട്, നിയമസഭയിൽ വച്ച സി.ആന്റ് എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട് പേജ് നമ്പർ 150-ൽ സീരിയൽ നമ്പർ 72, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് സി.ആന്റ് എ.ജി.യുടെ കണക്കുപ്രകാരം 281 ലക്ഷം രൂപ നഷ്ടം, നിയമ സഭയുടെ മറുപടി പ്രകാരം 15.42 ലക്ഷം രൂപ ലാഭം. ലാഭം കാണിക്കുന്ന പല സ്ഥാപനങ്ങളും സ്റ്റാറ്റ്യൂട്ടറി ലയബിലിറ്റി ബെനിഫിറ്റ്സ്, ഇ.പി.എഫ്, ഗ്രാറ്റുവിറ്റി, ഇൻകം ടാക്സ് ഇവയിലൂടെയാണ് ലാഭത്തിന്റെ കണക്ക് പറയുന്നത്. അക്യുമിലേറ്റഡ് ലോസ്. അപ്പോൾ തട്ടിക്കൂട്ടുന്നതാണ് ഈ ലാഭം എന്ന് മനസ്സിലായല്ലോ? വ്യത്യാസം വന്നില്ല എന്ന് ഞാൻ പറയുന്നില്ല.

പക്ഷേ ഇത് തട്ടിക്കൂട്ടിയെടുത്ത് ഇതൊന്നുമില്ലാതെ പ്രവർത്തനലാഭം കാണിക്കുന്നതാണ്. അങ്ങ് പറയുന്നത് വ്യവസായ രംഗത്ത് മലമറിച്ചുവെന്നല്ലേ? മലമറിച്ചുവെന്ന് പറയുന്നവരെല്ലാം കേട്ടുകൊള്ളുക, ഇതിന് പ്രത്യേകതയൊന്നുമില്ല. ആകെയുള്ളതിന്റെ പങ്ക് ശ്രീ. എളമരം കരീമിനും കിട്ടുന്നു. എല്ലാ മന്ത്രിമാർക്കും ഇതുപോലെയുണ്ടല്ലോ പിന്തുണ. അത്രയേയുള്ളൂ. ഞാൻ ചോദിക്കുന്നു, എക്കണോമിക് റിവ്യൂ 2009 പട്ടിക 19.16, മലയാളം പേജ് നമ്പർ 471 "കേരള പൊതുമേഖലയിൽ പണി ചെയ്യുന്നവർ"- ഒന്ന് നോക്കണം. നിങ്ങൾ ഈ നാല് വർഷക്കാലം മലമറിച്ച് ഈ രാജ്യത്തെ പാവപ്പെട്ടവരേയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സാധാരണക്കാരനേയുമൊക്കെ രക്ഷിച്ചിട്ട് തൊഴിലാളികൾ കൂടിയോ? കുറഞ്ഞോ? 2005 ഡിസംബറിൽ ഞങ്ങളുടെ ഭരണം. അന്ന് പൊതുമേഖലയിൽ കേരളത്തിലെ തൊഴിലാളികളുടെ എണ്ണം 2,78,390. അതിൽ ഇലക്ട്രിസിറ്റി ബോർഡും എല്ലാംകൂടി വരും. 2006 ഡിസംബർ മാസത്തിൽ എൽ.ഡി.എഫ്. ഭരണം. അന്ന് തൊഴിലാളികളുടെ എണ്ണം 2,77,408. കുറഞ്ഞു. 2007-ൽ കണക്ക് 2,75,639, വീണ്ടും കുറഞ്ഞു. 2008-ൽ വീണ്ടും കുറഞ്ഞു, 2,66,399. തൊഴിലാളികളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണ്. ഇങ്ങനെയാണ് നിങ്ങൾ ലാഭം തട്ടിക്കൂട്ടുന്നത്. നിങ്ങൾ ലാഭം തട്ടിക്കൂട്ടുന്നതിന്റെ ഒരു വഴിയാണ്. നിങ്ങൾ പാവപ്പെട്ട തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും വേണ്ടിയാണല്ലോ സംസാരിക്കുന്നത്? അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നിങ്ങൾ രണ്ട് രൂപയ്ക്ക് അരി കൊടുക്കും. പക്ഷേ തയ്യൽത്തൊഴിലാളിക്ക് കൊടുക്കുകയില്ലെന്ന് തീരുമാനിച്ചു. നിങ്ങൾ ആകെ കയറി പ്രഖ്യാപിച്ചു, അവസാനം ഇപ്പോൾ ഓരോന്നും കൊടുക്കുകയില്ല കൊടുക്കുകയില്ല എന്ന് അറിയിച്ചുകൊണ്ടിരിക്കുകയാണ്. കൈത്തറി തുണി റിബേറ്റ് നാല് കോടി രൂപയാണ് വച്ചിട്ടുള്ളത്. 5 കോടിയെങ്കിലും വേണം, എങ്കിലേ പറ്റൂ എന്ന് സബ്ജക്ട് കമ്മിറ്റി പറയുന്നു. ഇതെങ്ങനെ നടക്കും? ഖാദിഗ്രാമ വ്യവസായത്തിന് 10 കോടിയോളം ചെലവ് വരുന്നതാണെന്നാണ് സബ്ജക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി പറയുന്നത്. നിങ്ങൾ 5 കോടി രൂപയാണ് വച്ചിട്ടുള്ളത്. കേരള സംസ്ഥാന പന ഉല്പന്ന വ്യവസായ കോർപ്പറേഷൻ, 80 ശതമാനം ആളുകളും ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ്. അവിടെ 130 ലക്ഷം രൂപ വേണമെന്ന് സബ്ജക്ട് കമ്മിറ്റി പറയുന്നു. നിങ്ങൾ വച്ചിട്ടുള്ളത് 20 ലക്ഷമാണ്. എങ്ങനെയാണ് ഈ ക്ഷേമം ഉറപ്പാക്കുന്നത്? കയറിന്റെ മന്ത്രിയും ഇവിടെയുണ്ട്. പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവയ്ക്കായി 20 കോടിയെങ്കിലും വേണമെന്ന് പറയുന്നു. 13 കോടിയാണ് വകകൊള്ളിച്ചിട്ടുള്ളത്. എങ്ങനെയാണ് ഇത് കൊടുക്കാൻ കഴിയുന്നത്? ഞാൻ മറ്റൊരു കാര്യത്തിലേയ്ക്കും കടക്കുന്നില്ല. ഒരു കാര്യം നിങ്ങളും ഞാനും എല്ലാവരും അറിയുക.

മി. ചെയർമാൻ : യേസ്..........യേസ്..........

ശ്രീ. വർക്കല കഹാർ : ഞാൻ രണ്ടുമൂന്ന് മിനിട്ടേ ആയുള്ളൂ സർ. ഇവിടെ ശ്രീ. മാങ്കോട് രാധാകൃഷ്ണനൊക്കെ ആറ് മിനിട്ട് സംസാരിച്ചു. അങ്ങൊരു ഉദാരമനസ്ക്കനാണ് അതുകൊണ്ട് ഒരു കാര്യം നമ്മൾ അറിയണം. സ്വകാര്യ നിക്ഷേപമുണ്ടായാൽ മാത്രമേ നമ്മുടെ നാട്ടിൽ വ്യവസായങ്ങളുണ്ടാകുകയും തൊഴിലാളികളുടെ എണ്ണം കൂടുകയും ചെയ്യുകയുള്ളൂ. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽ നിന്നുമാണ് ഇവിടെ കുടിയേറ്റത്തൊഴിലാളികൾ വന്നുകൊണ്ടിരുന്നത്. ഇപ്പോൾ അവർ വരുന്നില്ലല്ലോ? അത് നിന്നുപോയി. എന്താണ് കാര്യം? എനിക്കും ശ്രീ. എ. എ. അസീസിനുമൊക്കെ അറിയാവുന്ന ഒരു കാര്യമുണ്ട്. തമിഴ് നാട്ടിൽ കശുവണ്ടി മേഖലയിൽ കേരളത്തിനേക്കാളും കൂടുതൽ മിനിമം വേജസ് ഉണ്ട്.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. വർക്കല കഹാർ : തമിഴ്നാട്ടിൽ കൂടുതൽ. അവിടെ ഇപ്പോൾ കശുവണ്ടിത്തൊഴിലിനും ആളെ കിട്ടുന്നില്ല. എന്താണ് കാര്യം? അവിടെ പുതിയ വ്യാവസായിക സംരംഭങ്ങളും മറ്റുമൊക്കെ ഉണ്ടാകുന്നു. അതുകൊണ്ട് കേരളത്തിൽനിന്നും തമിഴ്നാട്ടിൽ നിന്നും ആരും ഇങ്ങോട്ട് വരുന്നില്ല. ഇവിടെ എന്ത് വ്യവസായമാണ്? ഇവിടെ പ്രസംഗ വ്യവസായം. പിന്നെ എങ്ങനെ ആൾ വരും? അല്ലാതെ എന്ത് നടക്കാനാണ്? അതുപോലെ പ്രാവർത്തികമായും ഒന്നുമില്ല എന്നുള്ളതാണ്. നേരത്തെ ഇവിടെ ഐ. റ്റി. മേഖലയെക്കുറിച്ച് പറഞ്ഞു.

മി. ചെയർമാൻ : അങ്ങ് ചുരുക്കണം.

ശ്രീ. വർക്കല കഹാർ : ഐ. റ്റി. മേഖലയെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ ഏതോ ഒരു സ്നേഹിതൻ ഒരു വിഡ്ഢിത്തം എഴുന്നള്ളിച്ചു. ഐ. റ്റി. കമ്പനികളായ ഇൻഫോസിസ്, ടി.സി.എസ്, തിരുവനന്തപുരത്തും വിപ്രോ കൊച്ചിയിലും പ്രവർത്തനമാരംഭിച്ചത് നായനാരുടെ കാലത്താണെന്ന്. ആര് പറഞ്ഞു? യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് പ്രവർത്തനമാരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ ഏതെങ്കിലും അഡ്രസ്സുള്ള കമ്പനി നിങ്ങളുടെ കാലത്ത് വന്നിട്ടുണ്ടോ? വി.കെ.സി. വന്നു, കോഴിപ്പെട്ടി വന്നു എന്നൊന്നും പറയരുത്. ഏതെങ്കിലും അഡ്രസ്സുള്ള ഐ. റ്റി. കമ്പനി നമ്മുടെ കേരളത്തിൽ വന്നത്...

മി. ചെയർമാൻ : ശ്രീ. വർക്കല കഹാർ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വർക്കല കഹാർ : തൊഴിൽ വളർച്ചാ നിരക്ക് തൊഴിലാളികളുടെ വളർച്ചാ നിരക്കിനേക്കാളും കുറവാണ്. ഈ തൊഴിലില്ലായ്മ നിരക്കിന്റെ വർദ്ധന ഇതാണ് സൂചിപ്പിക്കുന്നത്.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വർക്കല കഹാർ : മറ്റ് പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ നാല് വർഷക്കാലത്തിലേറെയായി ഭരണമുണ്ടായിരുന്ന, എല്ലാ രംഗവും തകർത്ത് തരിപ്പണമാക്കി ആന കയറിയ കരിമ്പിൻതോട്ടം പോലെ എല്ലാം നശിപ്പിച്ചതിന്റെ ഭാഗമാണ് അങ്ങും അങ്ങയുടെ വകുപ്പും. അതു കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ആളുകൾ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയപ്പോൾ കവിടി നിരത്തിയും ജ്യോതിശാസ്ത്രത്തിന്റെ സഹായത്തോടു കൂടിയുമൊക്കെയുമാണ് കാര്യങ്ങൾ വിശദീകരിക്കാൻ ഉദ്ദേശിച്ചത്. അതുപോരാതെ ആദിവാസി ജനവിഭാഗത്തെ ഉൾപ്പെടെ 'ദരിദ്രവാസികൾ' എന്നുവിളിച്ച് കളിയാക്കുകയും ചെയ്യുക എന്നതിനപ്പുറത്ത് വ്യവസായ വകുപ്പിന്റെ ഈ നേട്ടങ്ങൾ കേരളത്തിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് എതിർക്കാൻ കഴിയാത്തതുകൊണ്ടാണ് കാര്യമായ വിമർശനം ഇല്ലാത്തത്. ഏറ്റവും അവസാനം പ്രതിപക്ഷത്തുനിന്നും സംസാരിച്ച ഐ.എൻ.റ്റി.യു.സി.-യുടെ നേതാവ് ശ്രീ. വർക്കല കഹാറിന് ഉൾപ്പെടെ കേരളത്തിലെ തൊഴിൽ മേഖലയിലും വ്യവസായമേഖലയിലുമുണ്ടായ ഈ മാറ്റങ്ങളെ കണ്ണടച്ച് എതിർക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ് അദ്ദേഹം കവിടിനിരത്താനും ജ്യോതിശാസ്ത്രത്തിന്റെ പുറകേയുമൊക്കെ പോയത്. കേരളത്തിൽ വ്യവസായ രംഗത്ത് വലിയ മാറ്റമുണ്ടായിട്ടുണ്ടെന്ന് എനിക്കുമുമ്പ് സംസാരിച്ച ഈ ഭാഗത്തുനിന്നുള്ള ആളുകൾ സൂചിപ്പിച്ചു. ശ്രീ. പി. ജെ. കുര്യൻ എം.പി മാത്രമല്ല നമ്മുടെ കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി നമ്മുടെ പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ഈ സഭയിൽ വ്യവസായ വകുപ്പിന്റെ ഈ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരളത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് പ്രശംസിച്ച് സംസാരിച്ചിട്ടുള്ളതാണ്. ഈ സഭയുടെ രേഖതന്നെ അതിന് തെളിവാണ്. പിന്നെ അവർ എന്തിനാണ് എതിർക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ശ്രീ. പി. ജെ. കുര്യനെ ക്വാട്ട് ചെയ്ത് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി - 'ഇപ്പോൾ കേരളത്തിൽ സംഭവിച്ചിരിക്കുന്ന ഈ മാറ്റം അനുകരണീയമാണ്. വ്യവസായങ്ങൾ പുനരുജ്ജീവിപ്പിച്ചുകൊണ്ടുള്ള ഈ മാതൃക മറ്റ് സംസ്ഥാനങ്ങൾക്കും അനുകരിക്കാവുന്നതാണ്. ആ സംസ്ഥാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്' എന്ന് അവസാനം നിങ്ങളുടെ നേതാവ് തന്നെ പറയുകയാണ്. അനുകരണീയമായ ഒരു മാതൃക ഈ കേരളത്തിലുണ്ട്. മുൻകാലത്ത് കേരളത്തിലുണ്ടായിരുന്ന വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള പ്രതിസന്ധി എന്താണെന്നൊന്നും വിശദീകരിക്കാൻ ഞാൻ നിൽക്കുന്നില്ല. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനും അതിന്റെ കണ്ണായ ഭൂമി വിറ്റ് കൈമാറാനും പൊതുമേഖലാ സ്ഥാപനങ്ങളുടെ സമ്പത്ത് അഴിമതിയിലൂടെ കൈക്കലാക്കാനുമൊക്കെ നടന്ന ശ്രമങ്ങളെ സംബന്ധിച്ച് ഈ സഭയിൽ സൂചിപ്പിച്ചിട്ടുണ്ട്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇങ്ങനെ തുടർന്ന് നടത്തിക്കൊണ്ടുപോകാൻ ആകില്ല എന്നുള്ളതാണ് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചിരുന്ന ഒരു സമീപനം. കഴിഞ്ഞ സഭയിൽ ഇവിടെ പറഞ്ഞല്ലോ? ഒന്നും നടന്നില്ലെന്ന്. ആലപ്പുഴയിലെ കെ. എസ്.ഡി.പി. (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്) ഡ്രഗ്സ് ഉണ്ടാക്കുന്ന സ്ഥാപനം, ആ സ്ഥാപനം അടഞ്ഞുകിടന്നിരുന്ന അവസ്ഥയിൽ ഈ സഭയിൽ അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന ശ്രീ. ദേവകുമാർ ഒരു സബ്മിഷൻ ഉന്നയിച്ചു. അതിന് ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ മറുപടി - '60 കോടി രൂപ നഷ്ടത്തിലാണ് ഈ സ്ഥാപനം. ഈ സ്ഥാപനം പുനരുദ്ധരിക്കാനാകില്ല' എന്നാണ്. നിരുത്തരവാദപരമായി ഇങ്ങനെ സഭയിൽ വന്ന് ഇത്തരം കാര്യങ്ങൾ ഉന്നയിച്ചതുകൊണ്ട് എന്താണ് ഫലം ? തുറക്കാൻ കഴിയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ 23-1-2004-ലെ മറുപടി. നിങ്ങളുടെ ഗവൺമെന്റ് പോകുന്നതുവരെ ആലപ്പുഴയിലെ കെ.എസ്.ഡി.പി. തുറന്നോ? ഒരു ഒറ്റ ഉദാഹരണം മാത്രം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിൽ സഹകരിപ്പിക്കുന്ന ഒരു നയം ഈ ഗവൺമെന്റ് കൊണ്ടുവന്നു. ആലപ്പുഴയിലെ കെ.എസ്.ഡി.പി. തുറന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതാണ്. അതുമായി ബന്ധപ്പെട്ട് അവിടത്തെ തൊഴിലാളികൾക്ക് തൊഴിലുണ്ടായി. ഇതുപോലെ കുണ്ടറയിലെ മീറ്റർ കമ്പനിയെക്കുറിച്ച് നേരത്തെ ഇവിടെ ശ്രീ. എ. എ. അസീസ് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള യോജിപ്പ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പുതിയ നയമായി കേരളത്തിൽ ഗവൺമെന്റ് സ്വീകരിച്ച വലിയ മാറ്റത്തിന്റെ തുടക്കം കുറിക്കാൻ ഇതും കാരണമായിട്ടില്ലേ. ഇവിടത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് സഹായമുണ്ടെന്നാണ് പറയുന്നത്. ആരാണ് നിഷേധിച്ചത്? ബഹുമാനപ്പെട്ട കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ സഹായം ബഹുമാനപ്പെട്ട മിനിസ്റ്റർ തന്നെ ഈ സഭയിൽ പറഞ്ഞിട്ടില്ലേ? കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾകൂടി പിന്തുണയ്ക്കുന്നു എന്നുള്ളതുകൊണ്ട് കേരളത്തിലെ പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പുനരുദ്ധരിക്കാനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുമുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നേരത്തെ ഇവിടെ സംസാരിച്ചവർ സൂചിപ്പിച്ചു, നിങ്ങളുടെ കാലത്ത് നിങ്ങൾ....... അതിനെക്കുറിച്ചാണ് ഞാൻ പറയാൻ വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് തുടങ്ങിയിട്ടുണ്ട്, ഞങ്ങൾ പോയതിനുശേഷമുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണ്? ആട്ടോകാസ്റ്റിൽ നിങ്ങൾ ഇടപെടണം സഹായിക്കണം. ആട്ടോകാസ്റ്റിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച സമീപനം ഇപ്പോൾ തുടരുന്നുണ്ടെന്ന് നിങ്ങൾക്ക് പറയാനാകുമോ? ശ്രീമതി മമതാ ബാനർജി ആട്ടോകാസ്റ്റിന്റെ കാര്യത്തിൽ മുൻപ് ഒന്നാം യു. പി. എ. ഗവൺമെന്റ് സ്വീകരിച്ച സമീപനമാണോ ഇപ്പോൾ സ്വീകരിക്കുന്നത്? ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആട്ടോകാസ്റ്റ് പോലെയുള്ള ഒരു സ്ഥാപനത്തെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. കടങ്ങളിൽ നിന്ന് മുക്തമാക്കിയിട്ടുണ്ട്, സിൽക്കിൽ നിന്ന് അതിനെ വേർപെടുത്തിയിട്ടുണ്ട്, അവിടെ ഒരു പൊതുമേഖലാ സ്ഥാപനം തുടങ്ങാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ നീക്കത്തെ ഇപ്പോൾ തുരങ്കം വയ്ക്കാൻ മാറിയ സാഹചര്യത്തിൽ ശ്രീമതി മമതാ ബാനർജി ശ്രമിക്കുന്നു, നിങ്ങൾ അതിനെക്കുറിച്ചെന്താണ് പറയാത്തത്? ഈ ഗവൺമെന്റിന്റെ പുതിയ നയം, ആ അർത്ഥത്തിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ നിങ്ങൾ ആഗ്രഹിച്ചെങ്കിലും ഞങ്ങളുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണല്ലോ നിങ്ങൾ പറഞ്ഞത് ഇത് പോയി ഞങ്ങൾക്ക് ഭരിക്കാൻ സമയം കിട്ടിയെന്ന്. ഇപ്പോൾ നടക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കലല്ലേ? നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സി. എം. ദിനേശ് മണി സൂചിപ്പിക്കുകയുണ്ടായി, കൊച്ചി കപ്പൽശാലയുടെ, 1967-ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് ഭൂമി എടുത്തുകൊടുത്ത് സ്ഥാപിച്ച കൊച്ചി കപ്പൽശാലയുടെ ഓഹരി പോലും ഇപ്പോൾ വിൽക്കാൻ ശ്രമം നടക്കുകയല്ലെ? ആ സ്ഥാപനം പോലും ഇപ്പോൾ വിൽക്കാൻ പരിശ്രമം നടക്കുകയാണ്. ഇങ്ങനെ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കാൻ വേണ്ടിയുള്ള വലിയ പരിശ്രമം ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് തുടരുന്നു എന്നാണ് ഞങ്ങൾ ആക്ഷേപിക്കുന്നത്. ആ സമയത്താണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ക്രിയാത്മകമായ ഇടപെടലുകൾ ഈ സർക്കാർ നടത്തുന്നത്. ചൗധരി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അന്ന് ഇവിടെ നിങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടാൻ കഴിയാതിരുന്നത് ജനങ്ങളുടെ പ്രതിഷേധമുണ്ടായതുകൊണ്ടാണ്. കേരളത്തിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ, ഐ.എൻ.ടി.യു.സി. ഉൾപ്പെടെ, ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയാണ്; കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കാൻ, സ്വകാര്യവൽക്കരിക്കാൻ നടത്തിയ പരിശ്രമങ്ങൾക്ക് എതിരായി ഐ. എൻ. ടി. യു.സി. ഉൾപ്പെടെയുള്ള ആളുകൾ അതിശക്തിയായ പ്രക്ഷോഭം ഇവിടെ നടത്തിയപ്പോൾ, നിങ്ങൾക്ക് അങ്ങനെ ഒരു നിലപാട് സ്വീകരിക്കേണ്ടിവന്നതാണ്. അല്ലെങ്കിൽ വിറ്റ് തുലയ്ക്കില്ലെ ? നേരത്തെ ഇവിടെ ടെൽക്കിന്റെ കാര്യം സൂചിപ്പിച്ചു. അത് സീമെൻസിന് വിൽക്കാൻ വച്ചതല്ലെ? ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിക്കുന്നുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ലാഭത്തിലാണ്. എങ്ങനെ ഈ മാറ്റമുണ്ടാകുന്നു ; നിങ്ങളുടെ കാലത്ത് നടന്നില്ല. ഇങ്ങനെയല്ലേ പ്രശ്നങ്ങളെ വിലയിരുത്തേണ്ടത് ? ഇതുപോലെ ഒരുപാട് സ്ഥാപനങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ എനിക്കാകും. കാര്യശേഷിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിങ്ങൾ തന്നെ അംഗീകരിക്കുന്നതാണല്ലോ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന്, നിങ്ങളുടെ കാലത്തുണ്ട്; കേരളത്തില 12 പൊതുമേഖലാ സ്ഥാപനങ്ങൾ യു.ഡി.എഫ്. ഭരിക്കുന്ന കാലത്തും ലാഭകരമായിരുന്നു, ഞങ്ങൾ നിഷേധിച്ചിട്ടില്ലല്ലോ? നിങ്ങളുടെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായി ഞങ്ങളുടെ സമീപനത്തെതുടർന്ന് 32 പൊതുമേഖലാ സ്ഥാപനങ്ങളെങ്കിലും ഇപ്പോൾ ലാഭത്തിലായിട്ടുണ്ട്. അതിനെ എന്തിനാണ് കുറച്ച്കാണുന്നത്, നമ്മൾ ഉണ്ടാക്കിയ നേട്ടമല്ലേ? 70 കോടി രൂപയുടെ മൊത്തം നഷ്ടത്തിൽ നിന്ന് 269 കോടിയിലേയ്ക്ക് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായിട്ടുണ്ട്, ഇനിയും നാലഞ്ച് സ്ഥാപനങ്ങൾ ലാഭകരമായി മാറേണ്ടതുണ്ട്. അതിനുകൂടിയുള്ള പരിശ്രമം കേരളത്തിൽ തുടരുകയാണ്. പൊതുമേഖലയുടെ വിഹിതം ഈ ഗവൺമെന്റ് വന്നതിന് ശേഷം വർദ്ധിപ്പിച്ചു. 5 കോടി രൂപ പ്രതിവർഷം പൊതുമേഖലയ്ക്ക് നിങ്ങൾ നിക്ഷേപമായി കൊടുത്തിരുന്ന സ്ഥാനത്ത് 50 കോടിയിലധികം രൂപ ബഡ്ജറ്റിൽ പൊതുമേഖലയുടെ സംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് നീക്കി വയ്ക്കുകയല്ലെ ചെയ്തത് ? പൂട്ടിയ സ്ഥാപനങ്ങൾ, അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. മുൻകാലത്ത് പൂട്ടിയ സ്ഥാപനങ്ങൾ നിങ്ങളാണോ തുറന്നത്? നമ്മുടെ മുൻപിൽ ഉദാഹരണങ്ങളില്ലേ? കോഴിക്കോടുള്ള കോട്ടൺ മിൽ, ബാലരാമപുരം സ്പിന്നിംഗ് മിൽ, കേരള സോപ്സ്; ഇതിൽ കേരളാ സോപ്സ് പഴയ കമ്പനി തുറക്കാൻ കഴിയാത്തതുകൊണ്ട് പുതിയ ഒരു കമ്പനിപോലെ ഉണ്ടാക്കി മറ്റൊന്ന് കെ.എസ്.ഡി.പി.. കെൽട്രോൺ കൗണ്ടേഴ്സിലെ മുഴുവൻ തൊഴിലാളികളേയും കെൽട്രോണിലെ ജീവനക്കാരായി എടുത്തില്ലേ? പുതിയ മാറ്റമായി ഇതിനെ കാണണം. പൊതുമേഖലയിൽ എഫിഷ്യൻസിയുടെ ഭാഗമായി സി.ഇ.ഒ.മാരെ, എം.ഡി.മാരെ, പ്രൊഫഷണലുകളെ നിയമിക്കാൻ പൊതുമേഖലാ വ്യവസായത്തിന് അനിവാര്യമായി കണ്ട് അതിനാവശ്യമായ നടപടി കേരളത്തിൽ സ്വീകരിച്ചില്ലേ? ഈ മേഖലയിലുണ്ടായിരുന്ന പ്രശ്നം, ആകർഷകമായ ശമ്പളമില്ല എന്നുള്ളതുകൊണ്ട് പ്രൊഫഷണലുകളെ കിട്ടാനുള്ള ബുദ്ധിമുട്ടായിരുന്നു, അതിന് പരിഹാരം കാണാൻ വേണ്ടി നല്ല ശമ്പളം നൽകാൻ തീരുമാനിച്ചു. അവരെ തെരഞ്ഞെടുക്കാൻ വേണ്ടി പ്രത്യേക കമ്മിറ്റിയുണ്ടാക്കി. നല്ല സ്ഥാപനത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി തൊഴിലാളികൾക്ക് ഉൾപ്പെടെ അവാർഡുകൾ ഏർപ്പെടുത്തി. അഴിമതിതടയാൻ വേണ്ടി ഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾ, ഏതെങ്കിലും അഴിമതി ആരോപണം ഇപ്പോൾ പറയാനുണ്ടോ? ഞാൻ പഴയകാല കഥകളിലേയ്ക്ക് പോകുന്നില്ല. എത്രയോ കേസ്സുകൾ, എത്രയോ സംഭവങ്ങൾ. മലബാർ സിമന്റ്സിന്റെ ഉൾപ്പെടെ പ്രശ്നങ്ങൾ ഈ സഭയിൽ, എത്രകോടി രൂപയുടെ അഴിമതി ആരോപണങ്ങളാണ് വന്നത്? കെ.എം.എം.എൽ.-ന്റെ അഴിമതി ആരോപണം, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി

LIBRARY ARCHIVES Kerala Legislative Assembly

ഇരുന്ന കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്. കോടിക്കണക്കിന് രൂപയുടെ അഴിമതി ആരോപണം നടന്നിരുന്ന പൊതുമേഖലയുടെ സംരക്ഷണത്തിനുവേണ്ടി അഴിമതിയും ചോർച്ചയും തടയാൻവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നിലപാട് പൊതുമേഖലയുടെ കാര്യപ്രാപ്തി വളർത്തിയിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനുള്ള നിലപാടുകളല്ല ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. തൊഴിലാളികളുടെ നിയമനം തടഞ്ഞ് വയ്ക്കുക എന്ന സമീപനവും ഞങ്ങൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വ്യവസായശാലകളോട് എടുത്തിട്ടുള്ള സമീപനം എന്തെന്നുള്ള കാര്യം അന്ന് ഇവിടെ ഭരണകക്ഷി എം.എൽ.എ. മാർ ആയിരുന്ന കോൺഗ്രസ്സിന്റെ എം.എൽ.എ.മാരുടെ പ്രസംഗമുണ്ട്; ആ പ്രസംഗം ശ്രീ. വർക്കല കഹാറൊക്കെ എടുത്ത് വായിക്കുന്നത് നല്ലതാണ് എന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ : തീർച്ചയായും, അവർക്ക് അപ്പുറത്ത് നടന്ന കാര്യങ്ങൾ ഓർമ്മയുണ്ട്. അവരതിൽ പശ്ചാത്തപിക്കുന്നുമുണ്ട് എന്ന് ഞാൻ കാണുന്നു. ഇപ്പോൾ ഗവൺമെന്റ് ഒരു പടികൂടി മുന്നോട്ട് പോകുകയാണ്. കാലങ്ങളായി ശ്രീ. വർക്കല കഹാറിന്റെ ട്രെയിഡ് യൂണിയനുകൾ ഉൾപ്പെടെ ആഗ്രഹിക്കുന്ന മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തം, അതുൾപ്പെടെ ഗവൺമെന്റ് ആലോചിക്കുകയാണ്, ആ ഒരു സമീപനത്തിലേയ്ക്ക് ഗവൺമെന്റ് പോകുകയാണ്. തൊഴിലാളിപക്ഷ, പൊതുമേഖലയെ സംരക്ഷിക്കുന്ന, അഴിമതി വിരുദ്ധമായ, കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുമായി സഹകരിക്കുന്ന, സംസ്ഥാനത്തെ സ്ഥാപനങ്ങളുമായി സഹകരിക്കുന്ന ഇങ്ങനെയൊരു വ്യവസായ നയം എങ്ങനെയാണ് എഫിഷ്യന്റ് അല്ലാത്ത വ്യവസായ നയമാകുക? കാര്യക്ഷമതയില്ലാത്ത വ്യവസായ നയമാകുക? തൊഴിലാളി മേഖലയിൽ ഏതെങ്കിലും സമരം ഇന്ന് നടക്കുന്നുണ്ടോ? തൊഴിലാളി പ്രശ്നങ്ങളെ സമരമില്ലാതെ ഒത്ത് തീർപ്പ് ചർച്ചകളിലൂടെ അവരുടെ സേവന വേതന വ്യവസ്ഥകളിൽ ഇത്രയധികം മാറ്റമുണ്ടാക്കിയിട്ടുള്ള ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ ? കഴിഞ്ഞ ആഴ്ചയാണ് അത്താണിയിലെ എന്റെ പ്രദേശത്ത് ഒരു കമ്പനി, എസ്.ഐ.എഫ്.എൽ.,അതിൽ 25 ശതമാനമാണ് ശമ്പള വർദ്ധനവ്, മറ്റ് ആനുകൂല്യങ്ങൾക്ക് പുറമേയാണിത്. ഇത് കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ പൊതുവേ തൊഴിലാളികൾ സമാധാനപരമായി വ്യവസായത്തിന്റെ വളർച്ചയ്ക്കുവേണ്ടി പരിശ്രമിക്കുമ്പോൾ അവരെ പ്രോൽസാഹിപ്പിക്കുന്ന അവരുടെ സേവന വേതന വ്യവസ്ഥകൾ വെട്ടിച്ചുരുക്കാതെ അവരെ സഹായിക്കുന്ന ഒരു നിലപാടാണ് സൂചിപ്പിക്കുന്നത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഖാദി മേഖലയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നതുകണ്ടു. റിബേറ്റ് ഒന്ന് പുനഃസ്ഥാപിക്കാൻ അപ്പുറത്ത് നിന്ന് പറയാമായിരുന്നു. നിങ്ങൾ സംസാരിച്ചവരാരും പറഞ്ഞില്ലല്ലോ? പാവപ്പെട്ട ഖാദി തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി കേരളാ ഗവൺമെന്റ് 10 ശതമാനം റിബേറ്റ് കൊടുക്കുന്നുണ്ട്. ഖാദി മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വന്നിട്ടുണ്ട്. ഈ 10 ശതമാനം കൊടുക്കേണ്ടതില്ലായെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കുമ്പോൾ ഖദറിട്ട് നടക്കുന്ന ആളുകൾ ലജ്ജിക്കേണ്ടേ? ഖദറിനെ പ്രോൽസാഹിപ്പിക്കാൻ ഇപ്പുറത്തുനിന്നും അപ്പുറത്തുനിന്നും നല്ല പരിശ്രമം നടത്തുന്നുണ്ട്. പക്ഷേ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന പാവപ്പെട്ട തൊഴിലാളികളുള്ള ഈ വ്യവസായത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സമീപനം മാറ്റേണ്ടതാരാണ് ?

ശ്രീ. വർക്കല കഹാർ: ഖാദി വ്യവസായ രംഗത്തെ റിബേറ്റ് പുനഃസ്ഥാപിക്കണമെന്ന് തന്നെയാണ് ഞങ്ങളുടേയും അഭിപ്രായം. ഞങ്ങളും അക്കാര്യത്തിൽ നിങ്ങളോട് യോജിക്കുന്നതാണ്. അതോടൊപ്പം അങ്ങ് മനസ്സിലാക്കണം, അഴിമതിയുണ്ടോ സ്വജനപക്ഷപാതമുണ്ടോ എന്നൊക്കെ അങ്ങ് ചോദിച്ചു; കേരളത്തിലെ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ നിയമനങ്ങൾ മുഴുവൻ പി.എസ്.സി.ക്ക് വിട്ടതാണ്. ഒരു നിയമനവും പി.എസ്.സി.ക്ക് ഇല്ലാതില്ല. അവിടെ ദിവസ കൂലിക്കാരും കരാറുകാരുമായ നിരവധി ആളുകളെ പുറംവാതിലിലൂടെ എടുക്കുന്നതിനുവേണ്ടി യുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: ബന്ധപ്പെട്ട പോസ്റ്റുകളിൽ നിയമനം നടത്തിയതിനുശേഷം അത്യാവശ്യം വരുന്ന സ്ഥലങ്ങളിൽ ചിലപ്പോൾ ദിവസക്കൂലിക്കാരെ വയ്ക്കുന്നുണ്ടാകാം, ഞാൻ അത് നിഷേധിക്കുന്നില്ല. പക്ഷേ കഴിഞ്ഞ കാലത്ത് നടന്ന പിൻവാതിൽ നിയമനംപോലെ, അഴിമതി, വിലപറഞ്ഞ് കാശ് വാങ്ങി ജീവനക്കാരെ വച്ചതുപോലെ ഒരു സമീപനം കേരളത്തിൽ ഇന്നില്ല. അത് വ്യവസായ വകുപ്പിലെന്നല്ല സർക്കാരിന്റെ ഒരു വകുപ്പിലും ഇല്ല. കൈത്തറി മേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. അതിന് പരിഹാരം കാണാൻ ഗവൺമെന്റ് ഒരുപാട് പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക കൊടുത്തു തീർത്തത് ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ്. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചു എന്നല്ല ഞാൻ പറയുന്നത്. റിബേറ്റ് കൊടുക്കുമ്പോൾ മാർക്കറ്റ് ഇൻസെന്റീവ്കൂടി തട്ടിക്കിഴിക്കുന്ന ഒരു സമീപനമുണ്ടായിരുന്നു അത് ഒഴിവാക്കിയത് ഈ ഗവൺമെന്റ് വന്നപ്പോഴാണ്. ശ്രീ. അരക്കൻ ബാലനും ഈ സഭയിലുള്ള ശ്രീ. എൻ. അനിരുദ്ധനും ശ്രീ. വി. ജെ. തങ്കപ്പനും ഉൾപ്പെടെയുള്ള ഒരു കമ്മിറ്റി കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന്റെ മുൻപിൽ ഒരു റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. ഏറെ സമഗ്രമായ ആ റിപ്പോർട്ടുകൂടി നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമായ നിലപാട് സ്വീകരിക്കും എന്ന് വ്യവസായ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ആ നിലപാടുകൂടി സ്വീകരിച്ച് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്ന കൈത്തറി മേഖലയെ രക്ഷിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരമ്പരാഗത വ്യവസായ മേഖലയുടെ സ്ഥിതി എന്താണ്? പത്ത്-നാല്പത് ലക്ഷത്തോളം ആളുകൾ ജീവിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയിൽ ഒരു മാറ്റവും ഉണ്ടായില്ല എന്ന് മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ജീവിതം വഴിമുട്ടിയെന്ന് ഇവിടെ അന്നത്തെ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ 10 വിഷനുകൾ അവതരിപ്പിച്ചപ്പോൾ ഈ സഭ ചർച്ച ചെയ്തതല്ലേ? നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഏറെ പുറകോട്ടുപോയ പരമ്പരാഗത വ്യവസായ മേഖല, അതിൽ കശുവണ്ടി തൊഴിലാളി, കയർ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ഉണ്ടായ മാറ്റം ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ് ഉണ്ടായത്. സമഗ്രമായ മാറ്റമുണ്ടായി എന്നൊന്നും ഞങ്ങൾ അവകാശപ്പെടുന്നില്ല, നിങ്ങൾ അവഗണിച്ച മേഖലയെ സംരക്ഷിക്കാൻ വേണ്ടി ഈ ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുണ്ട്.

മി. ചെയർമാൻ : യെസ്........ ശ്രീ. എ. സി. മൊയ്തീൻ അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. സി. മൊയ്തീൻ : ഞാൻ പറയുന്നത് വ്യവസായ തൊഴിലാളികൾ, സംഘടിത മേഖലയിലെ മറ്റ് വ്യവസായങ്ങളിലെ തൊഴിലാളികൾ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, ഈ ഗവൺമെന്റ് വന്നതിന് ശേഷം ഏതെങ്കിലും ഒരു മേഖലയിൽ അവരെ അവഗണിക്കുന്ന ഒരു നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടില്ല, ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ആ നിലപാട് ഈ രാജ്യത്തെ സാധാരണ തൊഴിലാളികൾക്ക് അറിയാം, ഫാക്ടറികളിലെ തൊഴിലാളികൾക്ക് അറിയാം. ഇത് നിഷേധിക്കാനില്ല എന്നുള്ളതുകൊണ്ടാണ് ചിലർ അപ്പുറത്ത് നിന്ന് ഗണിതശാസ്ത്രവും ജോതിശാസ്ത്രവുമൊക്കെ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്ക് ഈ പ്രശ്നങ്ങളിൽ നിന്ന് വഴിമാറി സഞ്ചരിക്കുന്നത്. ഈ വകുപ്പിനുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ.. കെ. ടി. ജലീൽ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണക്കുകയാണ്. പരിമിതികളും പരാധീനതകളും നേരിടുന്ന മേഖലയാണ്

1.00 PM

കേരളത്തിലെ വ്യാവസായിക രംഗം. ഭൂമിയുടെ ദൗർലഭ്യവും ആവശ്യത്തിന് വൈദ്യുതിയുടെ അഭാവവും റോഡുകളടക്കമുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയും കേരളത്തിന്റെ വ്യാവസായിക മേഖലയെ വല്ലാതെയാണ് പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ക്ഷയരോഗം പിടിച്ച ഒരു കുട്ടിയെപ്പോലെയായിരുന്നു വ്യാവസായിക രംഗം. അതിനെ ഒന്നുകിൽ മരിക്കാൻ വിടാം. അല്ലെങ്കിൽ ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ടുവരണം. ക്ഷയരോഗം പിടിച്ച ആ കുഞ്ഞിനെ ഞെക്കി കൊല്ലുവാനുള്ള ശ്രമമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്നത്. അതിന് ആവശ്യമുള്ള ഔഷധങ്ങൾ നൽകി ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള ഭഗീരഥ പ്രയത്നമാണ് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഉദാരവത്കരണ നയത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ഈ ക്ഷയം പിടിച്ച കുഞ്ഞിന് ഡങ്കിപ്പനികൂടി ബാധിക്കുന്ന അവസ്ഥയിലേയ്ക്ക് കൊണ്ടുപോയി. കാശ്മീരിലെ രാജാവ് ഹർഷദേവൻ എന്നുപറയുന്ന ഒരു മന്ത്രിയെ ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ കൊള്ളയടിക്കാൻവേണ്ടി നിയമിച്ചത് ചരിത്രത്തിൽ നാം വായിച്ചിട്ടുണ്ട്. അതിന് സമാനമായി പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഒരു മന്ത്രിയായി അരുൺഷൂറിയെ വാജ്പേയിയുടെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചു. വാജ്പേയിയുടെ സർക്കാരും അരുൺഷൂറിയും പോയി. പക്ഷേ അവരുടെ നയങ്ങൾ പിന്നീട് അധികാരത്തിൽവന്ന കോൺഗ്രസ് പിൻതുടരുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. വ്യാവസായിക മേഖലയുടെ നട്ടെല്ലൊടിക്കുന്ന ഉദാരമായിട്ടുള്ള നയങ്ങളുടെയും സമീപനങ്ങളുടെയും ഫലമായി നമ്മുടെ രാജ്യത്തിന്റെ വ്യാവസായിക മേഖല വലിയ പ്രതിസന്ധിയെ നേരിടുകയാണ്. ആ പ്രതിസന്ധിയിൽനിന്ന് കേരളത്തിന്റെ പൊതുമേഖല വ്യവസായത്തേയും വ്യാവസായിക രംഗത്തേയും അതിജീവനത്തിന്റെ പാതയിലേയ്ക്ക് കൈപിടിച്ച് കൊണ്ടുവരുന്നു എന്നുള്ളതാണ് ശ്രീ. എളമരം കരീം ചെയ്തിട്ടുള്ള മഹത്തരമായ കാര്യം. 2001-06 കാലഘട്ടത്തിൽ യു.ഡി.എഫ്. ഭരിച്ച നാളുകളിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകളല്ല നടന്നത്. ചൗധരി കമ്മിഷനെ നിയമിച്ചുകൊണ്ട് ഏതൊക്കെ വ്യവസായങ്ങൾ അടച്ചുപൂട്ടാം എന്നുള്ളതിനെക്കുറിച്ചുള്ള ചർച്ചകളാണ് സംഘടിപ്പിക്കപ്പെട്ടത്. 25 പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ അന്ന് തീരുമാനിച്ചു. 3,193 തൊഴിലാളികളെ നാമമാത്രമായ നഷ്ടപരിഹാരം നൽകി ആ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടു. 25 പൊതുമേഖലാ സ്ഥാപനങ്ങൾ ഒരിക്കലും തുറക്കില്ലായെന്ന്, തുറക്കാൻ കഴിയില്ലായെന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കപ്പെട്ടു അങ്ങനെ പൂട്ടാൻ വിധിക്കപ്പെട്ട പല വ്യവസായശാലകളും തുറന്ന് പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഇന്ന് ഉണ്ടായിരിക്കുന്നു. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ഏതെങ്കിലുമൊരു സ്ഥാപനത്തിന് പുനർജീവനം ലഭിക്കുമായിരുന്നെങ്കിൽ അത് ലഭിക്കേണ്ടിയിരുന്നത് ബഹുമാന്യനായ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്തിരുന്ന കുറ്റിപ്പുറത്തെ കെ.എസ്.ഡി.സി. എന്ന പൊതുമേഖലാ സ്ഥാപനത്തിനായിരുന്നു. വർഷങ്ങളായി അടഞ്ഞുകിടന്ന പ്രസ്തുത സ്ഥാപനം തുറക്കാനുള്ള ഒരു നടപടിയും കൈക്കൊണ്ടില്ല. ശ്രീ. എളമരം കരീം അധികാരത്തിൽ വന്നതിനുശേഷമാണ് 9 വർഷമായി അടഞ്ഞുകിടന്ന അനാഥമായിപ്പോയ കുറ്റിപ്പുറത്തെ ഈ കമ്പനിക്ക് പുനർജൻമമായത്. മൂന്ന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്യപ്പെട്ടുപോയിരുന്ന കെ.എസ്.ഡി.സി.യെ പരിരക്ഷിച്ചെടുത്ത് അവിടെ കിൻഫ്രയുടെ ഒരു പുതിയ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാൻവേണ്ടി തീരുമാനിച്ചതും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതും ഈ സർക്കാരാണ്. ഇത് എന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം. എവിടെയും ഇതു തന്നെയാണ് നടക്കുന്നത്. ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ ചില സുഹൃത്തുക്കൾ വിമർശനം നടത്തുകയുണ്ടായി. അക്കൂട്ടത്തിൽ ഒരാളാണ് താനൂർ എം. എൽ. എ. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നോക്കുകുത്തിയായി പൊതുമേഖലാസ്ഥാപനമായ കെൽ-ന്റെ ഒരു യൂണിറ്റ് ഉണ്ടായിരുന്നു. അവിടെ നിർമ്മാണമൊന്നും നടന്നിരുന്നില്ല. കുറേ ആളുകൾ അവിടെ ജോലി ചെയ്യുന്നു എന്ന വ്യാജേന രാഷ്ട്രീയ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സ്ഥിതി എന്നാണ് മാറിയത്. കെല്ലിനെ പ്രവർത്തനക്ഷമമാക്കിയ ചടങ്ങിന്റെ അധ്യക്ഷ പദം അലങ്കരിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനൃനായ വകുപ്പുമന്ത്രി എളമരം കരീമിനെ വാനോളം പുകഴ്ത്തിയ ആളാണ് ഇവിടെ വന്ന് അദ്ദേഹത്തെ വിമർശിച്ചുകൊണ്ട് സംസാരിക്കുന്ന എന്റെ സുഹൃത്ത് ശ്രീ. രണ്ടത്താണി. രണ്ട് സമീപനം സഭയ്ക്ക് അകത്തും പുറത്തും പാടില്ല. ഒരു സമീപനമേ അകത്തും പുറത്തും നമുക്ക് പാടുള്ളൂ. താനൂർ നിയോജക മണ്ഡലത്തിലെ കെല്ല്-ന്റെ വ്യാവസായിക യൂണിറ്റിനെ പുനരുജ്ജീവിപ്പിച്ച് മലപ്പുറത്തിന്റെ വ്യാവസായിക സ്ഥാപനങ്ങൾക്ക് പുതിയ ചിറകുകൾ സമ്മാനിച്ച ശ്രീ. എളമരം കരീമിനെ ആ നിയോജക മണ്ഡലത്തിലെ ജനങ്ങൾക്കുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. കോഴിക്കോട് കോട്ടൺ മില്ല് തുറന്നതും കോഴിക്കോട് കേരള സോപ്സിന് പുതുജീവൻ ലഭിച്ചതും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരിക്കലും തുറക്കില്ലായെന്ന് പ്രതീക്ഷിച്ചിരുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായി. ഇത് രണ്ട് സമീപനങ്ങൾ തമ്മിലുള്ള വ്യത്യാസമാണ്. ബഹുമാനൃനായ എളമരം കരീം മുൻകൈ എടുത്തുകൊണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ജോയിന്റ് വെഞ്ചറുകൾ ഇവിടെ കൊണ്ടുവന്നു. കേന്ദ്ര ഗവൺമെന്റ് എന്നു പറയുന്നത് കഴിഞ്ഞ നാലുവർഷമായിട്ടുള്ള സംവിധാനം അല്ലല്ലോ. നമ്മുടെ രാജ്യം ഉയിർകൊണ്ട അന്നുമുതൽ കേന്ദ്ര ഗവൺമെന്റുണ്ട്. കേരളത്തിൽ വിവിധ സർക്കാരുകൾ അധികാരത്തിൽ വന്നിട്ടുണ്ട്. എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇതിന് സമാനമായിട്ടുള്ള വ്യവസായ സംരംഭങ്ങൾ ഇക്കാലമത്രയും നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നില്ല. കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്ഥാപിച്ചതിനുശേഷം ഏതെങ്കിലും ഒരു പൊതുമേഖല വ്യവസായ സ്ഥാപനം കേന്ദ്ര ഗവൺമെന്റിന്റേത് കേരളത്തിൽ കൊണ്ടുവരാൻ യു.ഡി.എഫ്.ന്. കഴിഞ്ഞോ? ഈ ഗവൺമെന്റ് നാല് വർഷക്കാലാവധിക്കുള്ളിൽ കേന്ദ്ര ഗവൺമെന്റിന്റെ നാല് പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇവിടെ കൊണ്ടുവന്നത്. ഒന്ന് ഭാഗികമായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ബാക്കി മൂന്ന് എണ്ണം അഞ്ചെട്ട് മാസങ്ങൾക്കുള്ളിൽ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തനക്ഷമമാകാൻ പോകുകയാണ്. എന്തുകൊണ്ടാണ് ഇവയെക്കെ കൊണ്ടുവരാൻ കഴിഞ്ഞത്? ഒരു മന്ത്രി ആലോചിക്കേണ്ടത് ഒരു സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതി എങ്ങനെ സാധ്യമാക്കാം, അതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ സംവിധാനങ്ങളെ എങ്ങനെ ഉപയോഗിക്കാം എന്നുള്ളതാണ്. പക്ഷേ അങ്ങനെയുള്ള ആലോചന കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായില്ല. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 239.75 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കി. 6,000 തൊഴിലാളികളെ പുതുതായി പൊതുമേഖലാ സ്ഥാപനങ്ങളിലെടുത്തു. സാധാരണഗതിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്നത്. തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടും ഓഹരി വിറ്റഴിച്ചുകൊണ്ടും ഭൂമി വിറ്റുതുലച്ചുകൊണ്ടുമൊക്കെയാണ്. പക്ഷേ 239.75 കോടി രൂപ ലാഭം ഉണ്ടാക്കിയത് ഇതൊന്നും ചെയ്യാതെയാണ്. മാത്രമല്ല 6,000-ത്തോളം തൊഴിലാളികളെ പുതുതായി പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്ക് എടുത്തുകൊണ്ടും അവർക്കുള്ള ആനുകൂല്യങ്ങളും ശമ്പളങ്ങളും വർദ്ധിപ്പിച്ചുകൊണ്ടുമാണെന്നത് നാം ഓർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് വ്യാവസായിക മേഖലയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്ക് വേണ്ടിയുള്ള അക്ഷീണമായ പ്രയത്നത്തിലാണ് ഏർപ്പെട്ടു കൊണ്ടിരിക്കുന്നത്. മലബാറിൽ ഐ.ടി. പാർക്ക് എന്നുള്ളത് ഒരുകാലത്തും യാഥാർത്ഥ്യമാകുമെന്ന് ആരും കരുതിയിരുന്നില്ല. മലബാറിനെ പ്രതിനിധീകരിക്കുന്നവർ നിരവധി വർഷം വ്യാവസായിക വകുപ്പ് കൈകാര്യം ചെയ്തിട്ടും കോഴിക്കോട് ഒരു ഐ.ടി. പാർക്കിന് സമാരംഭം കുറിക്കാൻ സാധിച്ചിരുന്നില്ല. ഈ നാലുവർഷത്തിനിടയിൽ മലബാറിൽ രണ്ട് പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആയി. കോഴിക്കോട് അതിന്റെ പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഭാഗികമായി ആ രണ്ട് ഐ.ടി. പാർക്കുകളും പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ആ പ്രദേശത്തുള്ള മുഴുവൻ ജനങ്ങളും. ഈ ഗവൺമെന്റിനോട് അതുകൊണ്ടുതന്നെ ആ മേഖല വല്ലാതെ കടപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ മൊത്തം പ്രദേശങ്ങളെ ഏകീകരിച്ചുകൊണ്ട് അതിനെ ഒന്നായി കണ്ടു വ്യാവസായിക പുരോഗതി സാധ്യമാക്കാൻ ശ്രീ. എളമരം കരീമിന് കഴിഞ്ഞു എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രശംസനീയമായ ഒരു നേട്ടമായി എനിക്ക് കാണാൻ കഴിയുന്നത്. മരാധിഷ്ഠിത വ്യവസായം നിരവധി ബുദ്ധിമുട്ടുകളെ നേരിടുകയാണ്. മലബാറിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതലുള്ള വ്യവസായ സംരംഭം എന്നുപറയുന്നത് മരാധിഷ്ഠിത വ്യവസായങ്ങളാണ്. നിലവിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന മരാധിഷ്ഠിത വ്യവസായങ്ങൾക്ക് ലൈസൻസ് പുതുക്കി കൊടുക്കാത്ത സ്ഥിതിയുണ്ട്. പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ് കിട്ടാത്ത സ്ഥിതിയുണ്ട്. അങ്ങ് കല്ലായിയിൽ നിന്നാണ് വരുന്നത്. കല്ലായിയുടെ ഒരു കാലത്തെ പ്രതാപം എന്തായിരുന്നുവെന്ന് ഞാൻ അങ്ങയോട് പറയേണ്ട കാര്യമില്ല. ആ പഴയ പ്രതാപത്തിലേയ്ക്ക് കല്ലായിയെ കൊണ്ടു പോകണം. നമ്മുടെ മരാധിഷ്ഠിത വ്യവസായത്തെ പൂർവ്വകാല പുഷ്കലതയിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. അതിനുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പ്രായോഗികമായി നീക്കാൻ നമുക്കാവണം.

നമ്മുടെ സംസ്ഥാനം പൊതുവെയുള്ള വിശകലനത്തിൽ കാലങ്ങളായുള്ള നിരവധി പരാധീനതകൾ കൊണ്ടും പ്രശ്നങ്ങൾ കൊണ്ടും പിറകോട്ടുപോകുകയാണ്. വ്യാവസായിക സംരംഭകർക്ക് സൗകര്യങ്ങൾ ലഭിക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി നമ്മുടെ രാജ്യത്ത് ഒരു പഠനം നടത്തുകയുണ്ടായി. ഇന്ത്യയിലെ വളരെ പ്രധാനപ്പെട്ട പട്ടണങ്ങളെ കേന്ദ്രീകരിച്ചായിരുന്നു പഠനം. ആ പഠന റിപ്പോർട്ട് പുറത്തുവന്നപ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട വ്യാവസായിക നഗരമായിട്ടുള്ള കൊച്ചി പതിനാറാം സ്ഥാനത്താണ് നിൽക്കുന്നത്. വളരെ പിന്നിലായിരുന്ന കൊച്ചിയെ പതിനാറാം സ്ഥാനത്തേയ്ക്കെങ്കിലും കൊണ്ടുവരാൻ ബഹുമാന്യനായ വ്യാവസായിക വകുപ്പുമന്ത്രിയുടെ കഴിഞ്ഞ നാല് വർഷത്തെ പ്രയത്നം കൊണ്ട് കഴിഞ്ഞു. ഇനിയും നമുക്ക് നമ്മുടെ സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. അതിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേയുള്ള ഐക്യവും സഹകരണവുമാണ് വേണ്ടത്. വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെ തൊഴിൽ പ്രശ്നങ്ങളുടെ കാര്യത്തിലൊക്കെ വലിയ കുറവ് വന്നിരിക്കുന്നു. ഇന്ന് തൊഴിലാളി സമരങ്ങളില്ല, പ്രശ്നങ്ങളില്ല. എല്ലാം പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സ്ഥിതി ഉണ്ടായിരിക്കുന്നു. തൊഴിലാളി സമരങ്ങളായിരുന്നു ഇവിടത്തെ വ്യാവസായിക മേഖലയെ പ്രയാസപ്പെടുത്തിയിരുന്നത് എന്നാണ് വയ്പ്പ്. അതാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വ്യവസായികളെ ഇങ്ങോട്ട് ആകർഷിക്കാതിരുന്നത് എന്ന ആക്ഷേപമായിരുന്നല്ലോ ഉണ്ടായിരുന്നത്. പലപ്പോഴും അതായിരുന്നു ഇവിടെ വലതുപക്ഷ രാഷ്ട്രീയക്കാർ ഉയർത്തിക്കൊണ്ട് വന്നിരുന്നത്. ഇന്ന് അങ്ങനെയൊരു സാഹചര്യം നിലവിലില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങും ശ്രീ. എ. സി. മൊയ്തീനു മൊക്കെ പ്രസംഗിച്ചപ്പോൾ ഇവിടെ തൊഴിലാളി സമരമില്ലാത്തത് ഗവൺമെന്റിന്റെ മിടുക്കാണെന്ന് പറഞ്ഞു. ഇന്നത്തെ നമ്മുടെ സാഹചര്യത്തിൽ തൊഴിലാളികൾ സമരത്തിന് തയ്യാറല്ല. സമരം ചെയ്താൽ ആ സ്ഥാപനം പോകും എന്ന നിലപാടുള്ളതുകൊണ്ടല്ലേ തൊഴിലാളികൾ സമരം ചെയ്യാത്തത്. അല്ലാതെ ഗവൺമെന്റിന്റെ മിടുക്കാണോ?

ശ്രീ. കെ. ടി. ജലീൽ : അതുകൊണ്ടല്ല തൊഴിലാളികൾ സമരം ചെയ്യാത്തത്. എത്രയോ വർഷങ്ങളായി ശമ്പള പരിഷ്ക്കരണം നടത്താതിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ശമ്പള പരിഷ്ക്കരണം നടത്തി. ആനുകൂല്യങ്ങൾ അവർക്ക് അവകാശപ്പെട്ടത് നൽകി. ഇന്ന് തൊഴിലാളികൾക്ക് സമരം ചെയ്യേണ്ട ഒരു സാഹചര്യം ഇല്ലാത്തതുകൊണ്ടാണ് അവർ സമരം ചെയ്യാത്തത്. അഭിമാനപൂർവ്വം ഈ കാരണങ്ങൾ കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. വി. എൻ. വാസവൻ : സർ, ഞാൻ ഈ വ്യവസായ തുറമുഖ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ തികഞ്ഞ അഭിമാനത്തോടുകൂടി അനുകൂലിക്കുന്നു. കേരളത്തിൽ വ്യവസായ വകുപ്പിന്റെ സുവർണ്ണ കാലഘട്ടമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ ഭരണകാലഘട്ടം. എല്ലാവരും അത് പരക്കെ അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ബഹുമാന്യനായ ശ്രീ. വർക്കല കഹാർ ആദ്യം തന്നെ വ്യവസായ വകുപ്പിന്റെ നേട്ടങ്ങളോ അതിന്റെ ഉയർച്ചകളോ അതിലെ പോരായ്മകളോ പറയാൻ പരിശ്രമിക്കാത്തത്. വ്യവസായ വകുപ്പുമന്ത്രിയുടെ ഇന്നത്തെ നക്ഷത്രം പരിശോധിക്കാനാണ് അദ്ദേഹം തയ്യാറായത്. കാരണം ഇനി രക്ഷയില്ല, ജാതകം പരിശോധിച്ചെങ്കിലെ ഇനി രക്ഷയുള്ളു. അല്ലാതെ പ്രവർത്തിച്ചോ വിമർശിച്ചോ ഈ ഗവൺമെന്റിനെ മാറ്റാൻ കഴിയില്ല എന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ഇത് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ തന്നെ ജാതകം പരിശോധിച്ച് വല്ല രക്ഷയുമുണ്ടോ എന്ന് നോക്കി കണ്ടകശനിയെ കണ്ടുപിടിക്കാൻ പോയത്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് ഏതായിരുന്നാലും ഏത് ശനി വന്നാലും ഇപ്പോൾ ഒന്നും ഏൽക്കാത്ത രൂപത്തിലാണ് ശ്രീ. എളമരം കരീം. യഥാർത്ഥത്തിൽ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്വർണ്ണമരമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. എളം പോയി. നിങ്ങൾ പോകുന്ന സമയത്ത് കേരളത്തിലെ വ്യവസായത്തിന്റെ സ്ഥിതി അടച്ചിട്ട ഒരു ശവപ്പറമ്പിന്റേതായിരുന്നു. എങ്ങും എവിടെയും ശ്മശാന മൂകത തളംകെട്ടി നിൽക്കുന്ന അന്തരീക്ഷം. അതുപോലെതന്നെ എങ്ങും എവിടെയും കാണാൻ കഴിഞ്ഞിരുന്നത് പുകക്കുഴലുകളിലെല്ലാം വലിയ ചുക്കിലികൾ വലകെട്ടിയിരിക്കുന്നു. ഇന്നത്തെ അവസ്ഥയെന്താണ്? കേരളത്തിൽ അന്ന് 70 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലയിൽ 32 എണ്ണം ഇന്ന് ലാഭത്തിൽ എത്തുമ്പോൾ, 240 കോടി രൂപ നമ്മുടെ ഖജനാവിലേയ്ക്ക് കൊണ്ടുക്കൊടുത്ത മന്ത്രിയെ നിങ്ങൾ എന്തിനാണ് ചീത്തവിളിക്കുന്നത്? ആ മന്ത്രിയെ അഭിനന്ദിക്കേണ്ടേ? അങ്ങനെ അംഗീകാരം നേടുന്നവരെ അഭിനന്ദിക്കുകയെന്നത് മലയാളികളുടെ ഒരു സംസ്ക്കാരമാണ്. പക്ഷേ നിങ്ങൾക്കതില്ല. അത് പറഞ്ഞിട്ട് കാര്യമില്ല. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അത് ആ തരത്തിൽ എടുക്കുന്നില്ല. ഇവിടെ ഞാൻ സൂചിപ്പിക്കട്ടെ. നമ്മുടെ പൊതുമേഖലതന്നെ നാശോന്മുഖമാകുന്ന ഒരു അവസ്ഥയിലേയ്ക്കാണ് പൊയ്ക്കൊണ്ടിരുന്നത്. ചൗധരി റിപ്പോർട്ട് വന്നതിനെ തുടർന്ന് ഓർഡർ ഇറക്കി. ഇനി അത് ഒരിക്കലും രക്ഷപ്പെടില്ലായെന്ന രൂപത്തിലേയ്ക്ക് കഴിഞ്ഞ സർക്കാർ വിധിയെഴുതി തള്ളിയിരുന്നുവെങ്കിൽ ഞാൻ സൂചിപ്പിക്കുന്നു, പുരാണത്തിലെ ആദിവരാഹാവതാരം ഉണ്ടായത് എങ്ങനെയാണ്? ഭൂമി തന്നെ കടലിലേയ്ക്ക് താണു പോകുമ്പോൾ, ആ താണുപോകുന്ന ഭൂമിയെ തന്റെ തേറ്റയിൽ ഉയർത്തിക്കൊണ്ടുവരാനാണ് ആദിവരാഹത്തിന്റെ അവതാരമുണ്ടായത്, ഇവിടെയിതാ നമ്മുടെ ശ്രീ. എളമരം കരീം, അങ്ങ് ആണ്ടുപോയ പൊതുമേഖലയെ മുഴുവൻ ആ വരാഹാവതാരത്തെ പോലെ ഉയർത്തിക്കൊണ്ട് മുകളിൽ വന്ന് 240 കോടി രൂപയുടെ ലാഭത്തിൽ എത്തിച്ചിരിക്കുമ്പോഴെങ്കിലും മര്യാദയനുസരിച്ച് സംസ്ക്കാരത്തിന്റെയും നിലവാരത്തിന്റെയും തോത് അനുസരിച്ച് നിങ്ങൾ അഭിനന്ദിക്കണ്ടേ? കേരളത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന വ്യാവസായിക അന്തരീക്ഷത്തെ പൊതുവിലെടുത്താൽ അത് കയർ, കശുവണ്ടി, കൈത്തറി, ആർട്ടിസാൻസ്, ഈറ്റ-പനമ്പ്, ഖാദി തുടങ്ങിയ രംഗമെല്ലാമെടുത്ത് നിങ്ങൾ പരിശോധിക്ക്, എവിടെയാണ് പിന്നോക്കം പോയതെന്ന് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ശ്രീ. എളമരം കരീമിനെ കുറിച്ച് ഞങ്ങൾ പറഞ്ഞതും അതുപോലെ ദേശീയ സെമിനാറിൽ ഉയർന്നുവന്നു എന്നുപറയുന്ന അഭിപ്രായങ്ങളുമെല്ലാം എടുത്ത് പരിശോധിക്കുമ്പോൾ ഒരു പക്ഷേ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടിരുന്ന തൊഴിലാളികൾ ഇന്ന് ചില കമ്പനികൾ തുറന്നുകഴിഞ്ഞപ്പോൾ, പുതുവെള്ളത്തിൽ ഊത്തമീനുകൾ തുള്ളിച്ചാടികളിക്കുന്നതുപോലെ ആബാലവൃദ്ധം ജനങ്ങൾ ആനന്ദനൃത്തമാടി ബഹുമാന്യനായ മന്ത്രി ശ്രീ. എളമരം കരീമിനെ "മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻമുഖം" എന്ന രൂപത്തിൽ പ്രശംസിക്കുന്നതും നമ്മൾ കേട്ടു. നിങ്ങൾ അസൂയപ്പെടേണ്ട. അസൂയയ്ക്കും കുശുമ്പിനും മരുന്നില്ല. ഉദിച്ചുയരുന്ന ഒരു ചന്ദ്രബിംബത്തെ നോക്കി സായംസന്ധ്യകളിൽ ചിലപ്പോൾ നടവരമ്പത്തിരിക്കുന്ന ക്ഷുദ്രജീവികൾ ചിലയ്ക്കും. അതുകൊണ്ട്

ശ്രീ. ജോസഫ് എം. പുതുശ്ശേരി മിണ്ടേണ്ട ഞങ്ങൾ അത് അത്തരത്തിലെ എടുക്കുന്നുള്ളു. ഇവിടെ ഈ കാര്യങ്ങൾ മുന്നോട്ടുപോകുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പൊതുമേഖലയെ സംരക്ഷിച്ച് മുന്നോട്ടുപോകുന്ന ഭാഗം വൺ ബൈ വൺ ആയി പലരും ഇവിടെ വിശദീകരിച്ചു. എനിക്ക് ഈ കൂട്ടത്തിൽ കേന്ദ്ര നിക്ഷേപവുമായി ബന്ധപ്പെട്ട ഒരു കാര്യമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. എന്താണ് കേന്ദ്ര നിക്ഷേപത്തിന്റെ അവസ്ഥ? കഴിഞ്ഞ 35 വർഷക്കാലമായി കേരളത്തെ അവഗണിക്കുന്ന സമീപനമാണ് ഉണ്ടായിട്ടുള്ളത്. കേന്ദ്രത്തിന്റെ പൊതുവിലുള്ള സ്ഥിതി യെടുക്കുമ്പോൾ ഏതാണ്ട് എൺപത്തിയാറ് കോടി ഇരുപത് ലക്ഷം എന്ന കണക്കാണ് നിലനിൽക്കുന്നതെങ്കിൽ ഇരുപതിനായിരത്തിൽപ്പരം കോടി രൂപ കേരളത്തെ സംബന്ധിച്ചിടത്തോളമാണ് നിലനിൽക്കുന്നത്. ഇപ്പോൾ കേരളത്തിലെ ഗവൺമെന്റ് മുൻകൈ എടുത്ത് ശ്രമിച്ചപ്പോൾ നാല് വ്യവസായത്തിന് അനുകൂലമായ സമീപനം കിട്ടി. അതേസമയത്ത് മുമ്പ് ഇത് ഉണ്ടായിരുന്നില്ല. ശ്രീ. കെ. കെ. ഷാജു, ഈ കണക്ക് നിങ്ങൾ നോക്കൂ. കേന്ദ്ര നിക്ഷേപം കേരളത്തിൽ 20,746.25 കോടിയാണ്. ഇത് ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന് കിട്ടിയത് 2.41% ആണ്. അതേസമയത്ത് നോർത്ത് ഈസ്റ്റ് സ്റ്റേറ്റുകളിലേയ്ക്ക് വരുമ്പോൾ അത് 25% ആണ്. കേന്ദ്ര നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം പത്തൊമ്പതാം സ്ഥാനത്താണ് നിലനിൽക്കുന്നത് എന്ന യാഥാർത്ഥ്യം തിരിച്ചറിയണം. അപ്പോൾ കേരളത്തോട് കേന്ദ്രം കാട്ടുന്ന അവഗണനയുടെ രൂപം തിരിച്ചറിയണമെങ്കിൽ ഈ യാഥാർത്ഥ്യം കൂടി നാം മനസ്സിലാക്കിയെടുക്കേണ്ടതാണ്. കേന്ദ്രനിക്ഷേപം ഇപ്പോൾ മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് വരാൻ കാരണമെന്താണ്? കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രി ഈ വ്യവസായങ്ങളെ, പൊതുമേഖലയെ സംരക്ഷിക്കാൻ വേണ്ടിയെടുത്ത സമീപനങ്ങളുടെ ഫലമായി കേന്ദ്രവുമായി ബന്ധപ്പെട്ട് സഹകരിച്ച് മുന്നോട്ടുപോകാൻ കഴിയുന്ന മേഖലയ്ക്കെല്ലാം അത്തരം സഹകരണത്തിന്റെ രൂപം ഉറപ്പാക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. അപ്പോഴാണ് കെ.എം.എം.എൽ.ഉം ഐ.എസ്.ആർ.ഒ.യും ആയി ബന്ധപ്പെട്ട സംയുക്ത സംരംഭം, 500 ടൺ സ്പോഞ്ച് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു ഫാക്ടറി എന്ന രൂപത്തിലേയ്ക്ക് അത് ഉയർത്താൻ കഴിയുന്ന പ്ളാന്റുമായി വന്നത്. സമീപകാലത്തുതന്നെ അതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയും. ഇത് മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് എത്തുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകനൽകും. ഐ.എസ്.ആർ.ഒ. യും കെ.എം.എം.എൽ.മായുള്ള ബന്ധത്തിൽ രാജ്യത്തിന് അഭിമാനിക്കാൻ കഴിയുന്ന ഏറ്റവും നല്ല ഉൽപ്പന്നമുണ്ടാകാൻ പോകുന്നു. അത് വ്യവസായ വകുപ്പുമന്ത്രി മുൻകൈ എടുത്ത് നടത്തിയ ഒരു പ്രവർത്തനത്തിന്റെ ഫലമാണ്. അതുപോലെതന്നെയാണ് എൻ.ടി.പി.സി., ടെൽക്കുമായി ബന്ധപ്പെട്ടുള്ളത്. ആ ടെൽക്ക് അടച്ചുപൂട്ടിയിട്ട് നിങ്ങൾ പോയതല്ലേ.. തിരിച്ച് എൻ.ടി.പി.സി.യുമായി സഹകരിപ്പിച്ച് യോജിച്ച് ഒരു പ്ളാന്റ് ഉണ്ടാക്കി സംയുക്ത സംരഭത്തിലേയ്ക്ക് കൊണ്ടുവന്നപ്പോൾ, ഇപ്പോൾ മനോഹരമായി അത് മുന്നോട്ടുപോകുകയല്ലേ? റെയിൽവേ

LIBRARY ARCHIVES Kerala Legislative Assembly

സിൽക്കുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുകയല്ലേ? അതുപോലെ ബി.എച്ച്.ഇ.എൽ. സ്റ്റീൽ കോംപ്ളക്സുമായി ബന്ധപ്പെട്ട് മുന്നോട്ടു പോകുകയല്ലേ? ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ രൂപമാണ് ഇത്. എങ്ങനെയാണ് ഇതൊക്കെ കൈവരിക്കാൻ കഴിഞ്ഞത്? നമ്മൾ മനസ്സിലാക്കേണ്ടത് അതാണ്. ഒരു ഫാക്ടറി പൂട്ടുന്നതിനെക്കാൾ എളുപ്പം ഒരു ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതെന്നു മനസ്സിലാക്കിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അവിടെയാണ് അതിന്റെ മർമ്മം. അതിൽ ഒന്ന് രാഷ്ട്രീയ ഇച്ഛാശക്തി, രണ്ട് വിവിധ വകുപ്പുകളുടെ ഏകോപനം, മൂന്ന് ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത, നാല് അതിൽ ചീഫ് എക്സിക്യൂട്ടീവിനെയടക്കം നിശ്ചയിക്കുമ്പോൾ കർമ്മശേഷിയുള്ളവരെയും തികഞ്ഞ പ്രൊഫഷണലുകളെയും നിയമിക്കുന്നു, അഞ്ച് തൊഴിലാളികളുടെ എഫിഷ്യൻസി വളർത്തിയെടുക്കാൻ സഹായിക്കുന്ന വിധത്തിൽ അവർക്ക് പ്രോത്സാഹന വേതനങ്ങൾ, അതേപോലെതന്നെ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കൽ, സർവ്വോപരി ഈ രംഗത്ത് വിവിധ വകുപ്പുകളുടെ ഏകോപനങ്ങൾ. അതിനൊക്കെ പുറമേ വ്യവസായ വകുപ്പുമന്ത്രി മുൻകൈ എടുത്തുകൊണ്ട് ഓരോ മാസവും നടത്തുന്ന അവലോകനങ്ങൾ, ത്രൈമാസ അവലോകനങ്ങൾ, വർഷാന്ത്യ അവലോകനങ്ങൾ. ഇങ്ങനെ നിരന്തരമായ മോണിറ്ററിംഗാണ് ഈ തരത്തിലേയ്ക്കുള്ള മെച്ചപ്പെട്ട സ്ഥിതിയുണ്ടാകാൻ ഇടവന്നത് എന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ബഹുമാനപ്പെട്ട മെമ്പർ, കേരള പിറവിക്ക് ശേഷം 1967-ലെ ഇ.എം.എസ്. ഗവൺമെന്റിലെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. വി. തോമസ് ഇവിടെ കൊണ്ടുവന്ന ഒരു വ്യവസായ ഫിലോസഫിയുടെ ഒരു ചെടി നട്ടുവച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ തെറ്റായ നടപടികളുടെ അടിസ്ഥാനത്തിൽ വളരെ മുരടിച്ചുവെന്നുള്ള വസ്തുത നിലനിൽക്കേ ആ ചെടി ഇന്നത്തെ സവിശേഷമായ സാഹചര്യത്തിൽ പൂത്ത് പുഷ്പിച്ച് പുഷ്കലമായ ആ ഫിലോസഫിയെ പറ്റി അങ്ങ് എന്ത് പറയുന്നു?

ശ്രീ. വി. എൻ. വാസവൻ : അന്നു തുടങ്ങി വച്ചത് ഇപ്പോൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പുഷ്പിച്ചിരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. നമുക്കറിയാം ആ തരത്തിൽ കാര്യങ്ങൾ മുന്നോട്ടു പോകുമ്പോൾ കുശുമ്പുണ്ടാകും. അപ്പോൾ ഇത്തരത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇന്ന് മുന്നോട്ടുപോകുന്നു. നിങ്ങൾ കേൾക്കേണ്ട കാര്യം, കേന്ദ്രത്തിൽ വച്ചൊരു സെമിനാർ നടന്നിരുന്നു. ആ സെമിനാറിൽ കേന്ദ്ര വ്യവസായ വകുപ്പു സഹമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട പ്രൊഫ. പി. ജെ. കുര്യൻ, എം.പി. പങ്കെടുത്തിരുന്നു. അതുപോലെ പ്രധാനമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. കെ. എ. നായർ പങ്കെടുത്തിരുന്നു. യൂണിയൻ ക്യാബിനറ്റ് സെക്രട്ടറി ശ്രീ. കെ. എം. ചന്ദ്രശേഖർ പങ്കെടുത്തിരുന്നു. അഭിജിത് സെൻ എന്ന ആസൂത്രണ കമ്മീഷൻ അംഗം പങ്കെടുത്തിരുന്നു. നിതീഷ്സെൻ പങ്കെടുത്തിരുന്നു. ഇവരെല്ലാം ചേർന്ന്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ പ്രഭാഷണത്തിലും അഭിപ്രായപ്രകടനങ്ങളിലും അവർ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ ഒരു ബുക്ക്ലെറ്റായി പുറത്തുവന്നിട്ടുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ച വ്യാവസായിക രംഗത്തെ പുരോഗതിക്കാധാരമായ ഇച്ഛാശക്തിയെയും നയത്തേയും പ്രത്യേകിച്ച് അതിന്റെ വകുപ്പു കൈകാര്യം ചെയ്യുന്ന മന്ത്രിയേയും ഉദ്യോഗസ്ഥന്മാരെയും അങ്ങേയറ്റം അഭിനന്ദിച്ചുകൊണ്ടാണ് ഈ അഭിപ്രായങ്ങളെല്ലാം പുറത്തുവന്നിരിക്കുന്നത്. കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ബഹുമാന്യനായ എ. കെ. ആന്റണി, നമ്മുടെ വ്യവസായ വകുപ്പ് മന്ത്രിയെ വേദിയിലിരുത്തി കൊണ്ടു നടത്തിയ കമന്റുകൾ മലയാള ദിനപത്രങ്ങളിൽ പുറത്തുവന്നിരുന്നു. നിങ്ങളും ഞാനും വായിച്ചിരുന്നു. അത്തരത്തിൽ ബഹുമാന്യനായ കോൺഗ്രസ് നേതാക്കൻമാർ പ്രകടിപ്പിച്ച ആ വികാരം ഇവിടെ നിങ്ങൾ സഭയിൽ പറഞ്ഞില്ലെങ്കിലും പുറത്തിറങ്ങുമ്പോഴെങ്കിലും എന്തുകൊണ്ട് നിങ്ങൾ പറയുന്നില്ല. നിങ്ങളുടെ വികാരം ബഹുമാന്യനായ മന്ത്രിയോട് ഒന്ന് സൂചിപ്പിക്കണമെന്നാണ് വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതു കൊണ്ട് ഇത്തരത്തിൽ വ്യവസായ വകുപ്പ് മുന്നോട്ടുകൊണ്ടുപോകുന്ന... (തടസം)..... ഞാൻ ഒന്നു പറഞ്ഞു തീർത്തോട്ടേ പുതുശ്ശേരി. നമ്മുടെ ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ,.... ഖാദി വ്യവസായ രംഗത്തെടുക്കൂ. ഏതാണ്ട് 300 പേർക്ക് ഇപ്പോൾ പെൻഷൻ കൊടുക്കുന്നു. ഏതാണ്ട് 3000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിരിക്കുന്നു. പത്ത് പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടാക്കിയിരിക്കുന്നു. 15000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിരിക്കുന്നു. റിബേറ്റും പെൻഷനും പൂർണ്ണമായി കൊടുത്ത് തീർത്തിരിക്കുന്നു. വേതന വർദ്ധനവ് നടപ്പിലാക്കിയിരിക്കുന്നു. ഖാദിയിലെ തൊഴിലാളികൾ അനുഭവിച്ചിരുന്ന വിഷമങ്ങൾ നിങ്ങൾക്കറിയാമല്ലോ. ഉടുതുണിക്ക് മറുതുണിയില്ലാതെ ഒരു ഗതിയും പരഗതിയുമില്ലാതെ അവർ അർദ്ധപ്പട്ടിണിയിലും മുഴുപട്ടിണിയിലുമായിരുന്നു. ഒട്ടിയ വയറും ചൊട്ടിയ കവിളുമായി സെക്രട്ടേറിയറ്റ് നടയിൽ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾ നടത്തിയിരുന്ന സമരങ്ങൾ. ആ സമരങ്ങളെല്ലാം കണ്ടതാണ് ഈ കേരളം. അതിനെ പുനരുദ്ധരിക്കാൻ വേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ച നടപടികൾ നമുക്കറിയാമല്ലോ. കയറിന്റെ രംഗത്ത് സഹകരണ സംഘങ്ങളെ പുന:സ്ഥാപിച്ചുകൊണ്ട് മുന്നോട്ടു വരാനും ഒരു വീട്ടിൽ ഒരു കയറുല്പന്നമെന്ന ആശയം കഴിഞ്ഞ വർഷം നടപ്പിലാക്കാനും സഹകരണ വകുപ്പുമന്ത്രി തന്നെ നേതൃത്വം കൊടുത്ത് കയറിന്റെ രംഗത്ത് മുന്നോട്ടുവരാൻ കഴിഞ്ഞു. കശുവണ്ടി വ്യവസായ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. ഖാദിയുടെ രംഗത്ത് ഇത്തരത്തിൽ റിബേറ്റുകൾ കൊടുക്കുന്നതുൾപ്പെടെ ആഴ്ചയിലൊരു ദിവസം സർക്കാർ ഉദ്യോഗസ്ഥന്മാരും സ്കൂളുകളിലെ അധ്യാപകരും കൈത്തറി ധരിക്കണമെന്ന നയം നടപ്പിലാക്കിയപ്പോൾ കൈത്തറി മേഖലയ്ക്ക് ഒരു പുത്തനുണർവുണ്ടാകുകയായിരുന്നു. ഒരു ഘട്ടത്തിൽ കൈത്തറി രംഗത്തുണ്ടായിരുന്ന എല്ലാത്തരത്തിലുള്ള അവസ്ഥയും നിങ്ങൾക്കറിയാമല്ലോ. കൈത്തറിത്തൊഴിലാളികൾ ആത്മഹത്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

വക്കിലെത്തി നിന്നിരുന്നവരാണ്. അവർക്കിന്ന് പ്രത്യാശയുടെ കിരണങ്ങൾ ഉറപ്പാകുന്ന സാഹചര്യം വന്നിരിക്കുന്നു. ഖാദിത്തൊഴിലാളികൾക്കും അതേ സാഹചര്യം വന്നിരിക്കുന്നു. ഇങ്ങനെ പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കി ഭാവനാസമ്പന്നമായ രൂപത്തിൽ നടപ്പിലാക്കിയതിന്റെ ഫലമാണ് ഇന്ന് ആ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വ്യവസായ നയങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ പൂട്ടിക്കിടന്ന വ്യവസായങ്ങൾ തുറന്നതൊക്കെ ഇവിടെ സൂചിപ്പിച്ചു. അതേ സമയത്ത് വിപുലീകരണത്തിനുള്ള പദ്ധതികൾ കേരളത്തിൽ എത്രയെണ്ണമാണ് തയ്യാറാക്കിയിരിക്കുന്നത്. ടെക്സ്റ്റൈൽ കോർപ്പറേഷൻ, കെൽ, കെൽട്രോൺ, കേരളാ സിറാമിക്സ്, മലബാർ സിമന്റ്സ്, കെ.എം.എം.എൽ. ഇങ്ങനെ വിപുലീകരണ നവീകരണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്രയേറെ പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കാൻ വേണ്ടി മുന്നോട്ടുവരികയാണ്, ഈ സർക്കാർ ചെയ്തത്. അതേ സമയത്ത് നിങ്ങളുടെ കാലത്തോ ? നിങ്ങളുടെ കാലത്ത് വ്യവസായ നയങ്ങൾ നടപ്പിലാക്കിയതിന്റെ ഏറ്റവും വലിയ പ്രത്യാഘാതമല്ലേ എനിക്ക് മുമ്പ് ശ്രീ. കെ. ടി. ജലീൽ പ്രസംഗിക്കേണ്ടി വന്നത്. ആ വ്യവസായ നയങ്ങളുടെ ആകെത്തുകയല്ലേ. ആ വ്യവസായ നയങ്ങൾ നല്ല രൂപത്തിൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് ജലീൽ ഇവിടെ പ്രസംഗിക്കുമായിരുന്നില്ല. മാത്രമല്ല ആ കാലഘട്ടങ്ങളിലെ വ്യവസായ നയങ്ങളുടെ നാറ്റം പോകാൻ ഇപ്പോൾ പുതിയ സോപ്പ് ഫാക്ടറി തന്നെ സ്ഥാപിച്ച് ഇതാ ത്രില്ലുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിൽ വന്നിരിക്കുന്നു. ആ തരത്തിലുള്ള സോപ്പുകൾ വേണ്ടിവരുന്നു അന്നത്തെ നാറ്റങ്ങൾ അവസാനിക്കാൻ. അപ്പോൾ കേരളത്തിലെ വ്യവസായത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലഘട്ടവും ഈ കാലഘട്ടവും തമ്മിലുള്ള ഒരു വ്യത്യാസമാണ് ഞാൻ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത് - അടച്ചുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ എന്റെ മണ്ഡലത്തിൽ ഒരു സ്വകാര്യ വ്യവസായ സ്ഥാപനമുണ്ട് ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ്. 1020-ഓളം തൊഴിലാളികൾ പണിയെടുത്തിരുന്ന കാൽസ്യം കാർബൈഡ് ഉല്പാദിപ്പിക്കുന്ന ആ ഫാക്ടറി പുനരുജ്ജീവിപ്പിക്കാൻ വേണ്ടിയുള്ള ഒരു ശ്രമത്തിലേയ്ക്ക് അങ്ങ് വരണം. ഒരുപാട് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഏതാണ്ട് 48 കോടി രൂപയോളം ഇലക്ട്രിസിറ്റിയുടെ കുടിശ്ശിക കിടക്കുകയാണ്. ആ ഫാക്ടറി കൂടി ഗവൺമെന്റ് ഏറ്റെടുക്കണം. അതു സംബന്ധിച്ച് ഒരു പ്രോജക്ട് ഞങ്ങൾ തയ്യാറാക്കി പ്രായോഗികമായിത്തന്നെ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എ. വാഹിദ്]

അങ്ങ് അതുകൂടി പരിഗണിക്കണം എന്ന് ഈ സമയത്ത് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പിന്നീട് സൂചിപ്പിക്കാനുള്ളത് തുറമുഖവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനമായി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയത്ത് ഒരു മിനി പോർട്ട് ഉദ്ഘാടനം ചെയ്യുകയുണ്ടായി. പോർട്ട് ഉദ്ഘാടനം ചെയ്തെങ്കിലും ചരക്കുഗതാഗതം ആരംഭിച്ചിട്ടില്ല. അതിന് ചില നിയമപ്രശ്നങ്ങളും ബാർജിന്റെ ലൈസൻസിന്റെ പ്രശ്നങ്ങളുമുണ്ട്. അത് പരിഹരിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റിൽനിന്നു കിട്ടേണ്ട ചില ആനുകൂല്യങ്ങളുണ്ട്, സംസ്ഥാന ഗവൺമെന്റ് ചെയ്തുതീർക്കേണ്ടതായ കാര്യങ്ങളുണ്ട്. ആ കാര്യത്തിൽ തുറമുഖ വകുപ്പുമന്ത്രി ഇടപെടണം എന്ന് അഭ്യർത്ഥിക്കുകയാണ്. അതേ സമയത്ത് വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്ന രൂപത്തിലുള്ള അങ്ങയുടെ ഇടപെടലും ആ രംഗത്തെ മുന്നേറ്റങ്ങളും അഭിനന്ദനാർഹമാണെന്ന കാര്യം ഇവിടെ എടുത്തു സൂചിപ്പിക്കുകയാണ്. ആ തരത്തിൽ മുന്നോട്ടു പോകുമ്പോൾ കോട്ടയത്തെ ഒരു വ്യവസായ സ്ഥാപനമായ .....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, തുറമുഖത്തെ സംബന്ധിച്ചാണല്ലോ സംസാരിക്കുന്നത്. ഇന്ന് കണ്ണൂർ ജില്ലയിലെ പത്രങ്ങളിൽ അഴീക്കൽ തുറമുഖവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒരു വലിയ വാർത്തയാണ്. എല്ലാ പത്രങ്ങളിലും അഞ്ചും ആറും കോളങ്ങളിലുള്ള വാർത്ത വന്നിരിക്കുകയാണ്. ഇന്നലെ അവിടെ വ്യവസായികളുടെയും അതുപോലെതന്നെ മറ്റ് ഉദ്യോഗസ്ഥന്മാരുടെയും ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് തുറമുഖ വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഹരി അച്യുതവാര്യർ അഴീക്കൽ തുറമുഖം ഒരു കാരണവശാലും വികസിപ്പിക്കാനാവില്ലെന്നും അവിടെ നടക്കുന്ന പ്രവർത്തനങ്ങളെല്ലാം മണ്ടത്തരമാണെന്നും പത്രക്കാരോടുൾപ്പെടെ പറഞ്ഞ ഒരു വാർത്തയാണ് വന്നിരിക്കുന്നത്. ഈ കാര്യത്തെ സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച്...... ഹരി അച്യുതവാര്യർ കുറേക്കാലമായി അഴീക്കൽ തുറമുഖത്തിനെതിരായി മംഗലാപുരം ലോബിക്ക് വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനാണ്. അടിയന്തരമായി അദ്ദേഹത്തിനെതിരെ ഈ കാര്യത്തിൽ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ബഹുമാനപ്പെട്ട വി. എൻ. വാസവൻ തുറമുഖത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചോദിക്കണമെന്നു വിചാരിച്ചതാണ്. അങ്ങ് വ്യവസായ വകുപ്പിനെക്കുറിച്ച് ഒത്തിരി കാര്യങ്ങൾ പറഞ്ഞു. ഇന്നലെ അങ്ങയുടെ ഒരു ഇന്റർവ്യൂ ഇൻഡ്യാ വിഷനിൽ കാണാനിടയായി. കോട്ടയത്ത് അങ്ങയുടെ മണ്ഡലത്തിൽപ്പെട്ട മെത്രാൻ കായലിൽ കൃഷി നടത്തികൊണ്ടിരുന്നതാണ്. അത് നികത്തരുത്. കൃഷി തന്നെ നടത്തണമെന്ന് അവിടത്തെ പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയുമൊക്കെ അഭ്യർത്ഥന പ്രകാരം, അങ്ങും റെപ്രസെന്റു ചെയ്തിരുന്നു. എന്നാൽ അതിനു വിരുദ്ധമായി അവിടെ വ്യവസായ സംരംഭം നടത്താൻ വ്യവസായ മന്ത്രി പ്രൊപ്പോസൽ വച്ചിരിക്കുകയാണ്. അതിനെ സി.പി.ഐ. മന്ത്രിമാർ എതിർത്തുവെന്നാണ് പത്രത്തിൽ കാണുന്നത്. അങ്ങയുടെ നിർദ്ദേശത്തിനുകൂടി വിരുദ്ധമായിട്ടാണ് ഈ പ്രൊപ്പോസൽ വന്നിരിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് അങ്ങ് എന്തു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എൻ. വാസവൻ : അങ്ങ് കാര്യം മനസ്സിലാക്കാതെയാണ് സംസാരിച്ചത്. വ്യവസായ വകുപ്പ് അങ്ങനെയൊരു നിർദ്ദേശം സമർപ്പിച്ചിട്ടില്ല. മറിച്ച് അവിടെ വന്ന് മെത്രാൻ കായൽ ഒരു കൂട്ടർ വാങ്ങിയതിനുശേഷം അവിടെയൊരു പ്രോജക്ടിനുവേണ്ടി കെ.എസ്.ഐ.ഡി.സി.ക്കാർ അഭിപ്രായം കൊടുത്തിട്ട് ടൂറിസത്തിന്റെ ഒരു പ്രോജക്ടിന് പ്രൊപ്പോസൽ വന്നുവെന്നേയുള്ളൂ. ഒരു ചർച്ചയും എവിടെയും നടന്നിട്ടില്ല. ആ കാര്യത്തിൽ കൃഷി തന്നെ മുന്നോട്ടുകൊണ്ടുപോകണമെന്ന അഭിപ്രായം ഈ സഭയിൽ ഞാൻ സബ്മിഷനായി ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അതു സംബന്ധിച്ച യോഗം വിളിക്കാമെന്നും പറഞ്ഞിരുന്നു. അതുകൊണ്ട് എവിടെയെങ്കിലും എന്തെങ്കിലും കേട്ടാൽ അതുടനെ സഭയിൽ കൊണ്ടുവരരുത് എന്ന കാര്യം പറയുകയാണ്.

മി. ചെയർമാൻ : ശ്രീ. വി. എൻ. വാസവൻ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. എൻ. വാസവൻ : ഇവിടെ ഈ കാര്യത്തിലേയ്ക്ക് വരുമ്പോൾ.......

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. എൻ. വാസവൻ : ഞാൻ അവസാനിപ്പിച്ചു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ വ്യവസായനയം കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും സുവർണ്ണ കാലഘട്ടമാണ്. അഭിമാനകരമായ പുരോഗതി കൈവന്നിരിക്കുന്നു. ഇതിനെ ഏതെങ്കിലും അർത്ഥത്തിൽ തകർക്കാൻ രാഷ്ട്രീയമായോ സംഘടനാപരമായോ യു.ഡി.എഫിന് കഴിയില്ലെന്ന് മാത്രമല്ല ഇത് ചരിത്രം അങ്ങേയറ്റം തിളങ്ങുന്ന രൂപത്തിൽ രേഖപ്പെടുത്തുന്നതാണ്. അങ്ങനെ ചരിത്രരേഖകളിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെടുന്ന വ്യവസായ വകുപ്പിന്റെ പ്രവർത്തനവും പുരോഗതിയും നമുക്കേറെ അഭിമാനിക്കാൻ വക നൽകുന്നു. ഒപ്പം ഈ രംഗത്ത് രാഷ്ട്രീയമായ ചില പ്രശ്നങ്ങൾ ഇവിടെ ചില ആളുകൾ പരാമർശിക്കുകയുണ്ടായി.

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. എൻ. വാസവൻ : ഞാൻ ഇപ്പോൾ അവസാനിപ്പിച്ചുകൊള്ളാം. ഇവിടെ ***

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. വി. എൻ. വാസവൻ : ആ രംഗത്ത് ഇപ്പോൾ യൂത്ത് ലീഗുകാർ അതിനെതിരായി വല്ലാത്ത രൂപത്തിൽ പരാതികൾ ഉന്നയിക്കുന്നതായി ഇന്നലെ ടിവിയിൽ .... (മൈക്ക് ഓഫ്)........

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 3514/ഇ.ബി/10/ലെ.ജി തീയതി 23-7-2010)സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ശ്രീ. തോമസ് ഉണ്ണിയാടൻ....

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലില്ലാത്ത ഒരാളെക്കുറിച്ച് അവാസ്തവ പ്രസ്താവന ഈ സഭയിൽ നടത്തിയത് ഓർഡറിലാണോ സർ? അദ്ദേഹം പോപ്പുലർ ഫ്രണ്ടിനെക്കുറിച്ച് ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. അതുമാത്രമല്ല യൂത്ത് ലീഗിൽ അത്തരത്തിലുള്ള യാതൊരു ചർച്ചയും നടന്നിട്ടില്ല. ഇത് സത്യവിരുദ്ധമാണ്. അത് രേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ : അങ്ങനെ വല്ല തെറ്റായ പരാമർശമുണ്ടെങ്കിൽ പിന്നീട് പരിശോധിച്ച് നീക്കം ചെയ്യുന്നതാണ്.***

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇത് രാമായണ മാസമാണ്. രാമലക്ഷ്മണ ബന്ധമെന്നു പറയുമ്പോൾ നമ്മളുടെ മനസ്സിലേയ്ക്ക് വരുന്നത് സൗഹൃദത്തിന്റേതായിട്ടുള്ള ഒരു കൂട്ടായ്മയാണ്. നമ്മുടെ മന്ത്രിസഭയിലെ മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിൽ രാമലക്ഷ്മണ ബന്ധമുണ്ടാകുമെന്നാണ് നമ്മളൊക്കെ കരുതിയത്. പക്ഷെ ഇപ്പോൾ കാണുന്നത് രാമ-രാവണ ബന്ധമാണ്. അതിന്റെ അർത്ഥം നമുക്കെല്ലാവർക്കുമറിയാം. ഒരു തരത്തിലുമുള്ള സൗഹൃദമില്ലാത്ത സ്നേഹമില്ലാത്ത ബന്ധം. ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ എങ്ങനെയാണ് ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ കഴിയുക? വളരെ വേദനയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നന്നാകുമെന്ന് കരുതി, പക്ഷെ നന്നാകാത്തതിന്റെ ഒരു വിഷമം. ആ വിഷമത്തോടുകൂടിതന്നെ ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കേരളത്തിന്റെ വ്യവസായ മേഖലയെന്നു പറയുന്നത് പരമ്പരാഗത വ്യവസായ മേഖല, ആധുനിക വ്യവസായ മേഖല അതുപോലെത്തന്നെ വിവരസാങ്കേതിക അടിസ്ഥാനത്തിലുള്ള വ്യവസായ മേഖലയാണ്. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലയെ സംബന്ധിച്ചിടത്തോളം നമുക്ക് പ്രതീക്ഷിക്കുന്ന രീതിയിൽ മുന്നോട്ടുപോകാൻ കഴിയുന്നില്ല. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം നമുക്കറിയാം. ആധുനികവൽക്കരണത്തിന്റെ കുറവാണ് നമ്മുടെ പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന ഏറ്റവും വലിയ വിഷയം. മറ്റൊന്ന് ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല എന്നുള്ളതുകൊണ്ടുതന്നെ നമ്മൾ പരമ്പരാഗത വ്യവസായ മേഖലയിൽ പിന്തള്ളപ്പെട്ടുപോകുകയാണ്. കേരളത്തിൽ ഉയർന്ന സാക്ഷരതയുണ്ട്, വൈദഗ്ദ്ധ്യമുള്ള ആളുകളുണ്ട്. വിദ്യാഭ്യാസമുള്ള മനുഷ്യവിഭവശേഷിയുണ്ട്. ഇവ ഉപയോഗിച്ചു കൊണ്ട് വികസിച്ചുവരുന്ന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായിട്ടുള്ള വ്യവസായ വളർച്ചയിൽ കാര്യമായ മുന്നേറ്റം നമുക്ക് സംസ്ഥാനത്തു നടത്താൻ കഴിയുമായിരുന്നു. പക്ഷെ അതിനു കഴിയുന്നില്ല എന്നു മാത്രമല്ല വിവര സാങ്കേതിക മേഖലയിലേയ്ക്ക് കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള തുക പോലും നമുക്ക് വേണ്ട രീതിയിൽ ചെലവഴിക്കാൻ കഴിയുന്നില്ല എന്ന പത്ര റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു.

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 3514/ഇ.ബി/10/ലെ.ജി തിയതി 23-7-2010)സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞദിവസം മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്ത "കേന്ദ്ര വിവര സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 2006-2007 മുതൽ ഇതുവരെ അനുവദിച്ച 18.12 കോടി രൂപയിൽ 14.12 കോടി രൂപയും ചെലവഴിച്ചില്ല. ഇതിൽ 13.18 കോടി രൂപയും കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ മുഖേന നടപ്പാക്കേണ്ട പദ്ധതിക്കുവേണ്ടി അനുവദിച്ചതാണ്". ഈ തുക നമ്മുടെ സംസ്ഥാന സർക്കാർ ചെലവഴിച്ചില്ല എന്ന ഒരു ആക്ഷേപം നിലനിൽക്കുകയാണ്. കേരളത്തിന്റെ തൊട്ട് അയൽ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് ഈ സംസ്ഥാനങ്ങൾ ഐ.ടി മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടം വളരെ വലുതാണ്. അതിന്റെ സമീപത്ത് എത്താൻപോലും നമുക്ക് കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് സ്മാർട്ട് സിറ്റി വരുമായിരുന്നെങ്കിൽ നമ്മുടെ കേരളത്തിലെ യുവാക്കൾക്ക് ലഭിക്കുമായിരുന്ന തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തിയ ഒരു വേദന നമ്മുടെ സംസ്ഥാനത്ത് അനുഭവിക്കുകയാണ്. ഒരുലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമായിരുന്ന സ്മാർട്ട് സിറ്റി പദ്ധതി ഇന്ന് ഒരു ഡെഡ് സിറ്റിയായി മാറിയിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം ഇവിടെ നിലനിൽക്കുകയാണ്. ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യം വന്നാൽ 25,000 രൂപയെങ്കിലും ശരാശരി ശമ്പളം കിട്ടുന്ന കാര്യമെടുത്താൽ, ഒരു മാസം 250 കോടി രൂപ ഒരു വർഷമെന്ന് പറയുമ്പോൾ 3,000 കോടി രൂപയെങ്കിലും നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഒഴുകിയെത്തുമായിരുന്നു. അത് നഷ്ടപ്പെട്ടു. സ്മാർട്ട് സിറ്റി നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചിടത്തോളം നമുക്ക് എല്ലാവർക്കുമറിയാം. ഈ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമില്ലാത്ത സമീപനം കൊണ്ടുമാത്രം സംഭവിച്ചതാണ്. കരടു കരാറിൽ തീരുമാനിച്ചതിൽ നിന്നും വ്യത്യസ്തമായി ഒടുവിലത്തെ കരാറിൽ ചില വ്യവസ്ഥകൾ എഴുതി വയ്ക്കുകയും ആ വ്യവസ്ഥകൾക്കനുസരിച്ച് കാര്യങ്ങൾ നീങ്ങാതെ വന്നപ്പോൾ അതിലുണ്ടായിട്ടുള്ള പ്രശ്നങ്ങളും ഒക്കെയാണ് അതിലുണ്ടായിട്ടുള്ള കാര്യങ്ങൾ. അതിനെ സംബന്ധിച്ച് കേൾക്കുമ്പോൾ നമുക്കറിയാം ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നു എന്ന ഒരു അവസ്ഥയാണ് സംസ്ഥാന സർക്കാരിന്റെ നടപടിയുമായി ബന്ധപ്പെട്ട് നമ്മുടെ മനസ്സിലേയ്ക്ക് വരുന്ന ചിന്തകൾ. വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സ്വപ്നംകണ്ട കേരള ജനത ഇന്ന് പ്രതീക്ഷ നഷ്ടപ്പെട്ട ജനതയായി നിൽക്കുകയാണ്. വ്യവസായ ശാലകളിൽ ചുരുക്കം ചിലത് ലാഭത്തിലാണെങ്കിലും ഒട്ടുമിക്ക വ്യവസായശാലകളും നഷ്ടത്തിലാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ഈ വർഷത്തെ ഇക്കണോമിക് റിവ്യൂ ഞങ്ങൾക്ക് തന്നപ്പോൾ ഞങ്ങൾ വളരെ താൽപ്പര്യപൂർവ്വം വായിക്കുകയുണ്ടായി. അതിൽ വ്യവസായത്തെ സംബന്ധിച്ച് എഴുതിയിരിക്കുന്നത്,വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ്, ലാഭം-നഷ്ടം, പേജ് 186-ൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 42 വ്യവസായ സ്ഥാപനങ്ങളുടെ പേരുകളാണ് ചേർത്തിട്ടുള്ളത്. മലബാർ സിമന്റ് ലിമിറ്റഡ് മുതൽ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, ദി കേരളാ

LIBRARY ARCHIVES Kerala Legislative Assembly

മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് തുടങ്ങി ഹാന്റക്സ് വരെയുള്ള വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭ നഷ്ട കണക്കാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അതിൽ 42 വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകൾ പറഞ്ഞതിൽ 16,00,945 രൂപ നഷ്ടമുള്ളതായിട്ടും 8,31,000 രൂപ ലാഭമുള്ളതായിട്ടുമാണ് കണക്കാക്കിയിരിക്കുന്നത്. ഇത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ, ആധികാരികമായി ട്ടുള്ള എക്കണോമിക് റിവ്യൂ ആണ്. 63 പൊതുമേഖലാ സ്ഥാപനങ്ങളിൽ 17 എണ്ണം അടഞ്ഞുകിടക്കുന്നുവെന്ന് എക്കണോമിക് റിവ്യൂവിൽ രേഖപ്പെടുത്തിയി ട്ടുണ്ട്. ഈ കണക്ക് ഇങ്ങനെ പറയുമ്പോൾ തന്നെ നിയമസഭയിൽ ശ്രീ. ബി. ബാബു പ്രസാദ് ചോദിച്ച, സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തി ക്കുന്ന പൊതുമേഖലാ സ്ഥാപനം ഏതെല്ലാമെന്ന് വ്യക്തമാക്കാമോ എന്നുള്ള ചോദ്യത്തിന് മറുപടിയായി അങ്ങ് നിയമസഭയിൽ സൂചിപ്പിച്ചിട്ടുള്ളത് കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് കുറ്റിപ്പുറം, ദി കൊയ്‌ലോൺ കോ-ഒപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് തൃശൂർ, ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ അഞ്ച് സ്ഥാപനങ്ങളുടെ പേരുകൾ മാത്രമാണ്. എന്നാൽ ഞാൻ ഇപ്പോൾ വായിച്ചിട്ടുള്ള ഇക്കണോമിക് റിവ്യൂയിലെ കണക്ക് പ്രകാരം മലബാർ സിമന്റ്സ് ലിമിറ്റഡ് ഉൾപ്പെടെ ദി കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ഉൾപ്പെടെ, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റീൽ ആന്റ് ഇൻഡ സ്ട്രിയൽ ഫോർജിംഗ്സ് തുടങ്ങി 27 സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുകയാണ്. ഈ കണക്കിൽ തന്നെ മറ്റൊരു കാര്യമുള്ളത്, ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞിട്ടുള്ള ഒരു കാര്യം, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 705 ലക്ഷം രൂപ ലാഭ ത്തിലാണ് എന്ന് ഇക്കണോമിക് റിവ്യൂവിൽ രേഖപ്പെടുത്തിയപ്പോൾ അങ്ങ് നിയമസഭയിൽ നൽകിയ മറുപടിയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2,82,00,000 രൂപ നഷ്ടത്തിലാണ് എന്നാണ്. ഏറ്റവും ടോപ്പ് ആയിട്ടുള്ള 10 വ്യവസായ സ്ഥാപനങ്ങളും ഏറ്റവും കൂടുതൽ നഷ്ട മുണ്ടാക്കിയ പത്ത് വ്യവസായ ശാലകളുടേയും കണക്കു കളാണ് അങ്ങയുടെ മറുപടിയിൽ നൽകിയിരിക്കുന്നത്. ആ മറുപടിയിൽ ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയിട്ടുള്ള പട്ടികയിലാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിനെ വായിച്ചത്. ഇക്കണോമിക് റിവ്യൂവിൽ തന്നെ 705 ലക്ഷം രൂപ ലാഭമുണ്ടാക്കിയെന്നു പറയുന്ന സ്ഥാപനം ഇവിടെ എങ്ങനെ യാണ് 2,82,00,000 രൂപയുടെ നഷ്ടമുണ്ടാക്കിയത്. അത് വളരെ ഞെട്ടിക്കുന്ന വസ്തുതയാണ്. അങ്ങ് ഇവിടെ പറഞ്ഞ മറ്റൊരു കാര്യം കൂടിയുണ്ട്. ഇക്കണോമിക് റിവ്യൂവിൽ പറഞ്ഞ 42 പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലുള്ളതാണ്. അങ്ങ് നൽകിയിട്ടുള്ള മറുപടിയിൽ 10 ടോപ്പ് ആയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായി

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുള്ളതിൽ അഞ്ചെണ്ണം, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, ദി പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, ഈ അഞ്ച് സ്ഥാപനങ്ങളും വ്യവസായ വകുപ്പിന്റെ കീഴിലുള്ളതല്ല. വ്യവസായ വകുപ്പിന്റെ കീഴിലില്ലാത്ത സ്ഥാപനങ്ങൾ കൂടുമ്പോഴാണ് അങ്ങ് പറഞ്ഞ 10 എണ്ണം ടോപ്പസ്റ്റായി വരുന്നത്. വ്യവസായ വകുപ്പ് ഈ കാര്യത്തിൽ കാണിച്ചിട്ടുള്ള ആത്മാർത്ഥതയെ സംബന്ധിച്ച് ഇവിടെ സംശയം ഉണ്ടാകുന്ന ഒന്നാണ്. വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള കുഴപ്പമാണ് ഇത് എന്ന് കരുതുന്ന ഒരു ജനപ്രതിനിധിയല്ല ഞാൻ. കാരണം, അങ്ങ് എല്ലാ കാര്യങ്ങളിലും കുറച്ച് താൽപ്പര്യമെടുക്കാറുണ്ട്. പക്ഷേ എന്തുകൊണ്ടോ അങ്ങേയ്ക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. മുഖ്യമന്ത്രിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണോ എന്നുള്ളത് തീർച്ചയായിട്ടും അന്വേഷിക്കേണ്ട കാര്യമാണ്. കൂട്ടുത്തരവാദിത്വമില്ലാത്ത മുഖ്യമന്ത്രിക്ക് മന്ത്രിമാരെ വിശ്വാസമില്ലാത്ത സാഹചര്യം ഇവിടെയുണ്ട്. മന്ത്രിമാർക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ വ്യവസായ വകുപ്പിൽ പ്രതിഫലിക്കുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെ റവന്യൂ വകുപ്പിൽ ഉണ്ടായിട്ടുള്ള പ്രശ്നം, ശരിയായ സമയത്ത് സ്ഥലമെടുത്ത് വ്യവസായ വകുപ്പിന് കൈമാറാത്ത ഒരു സാഹചര്യം വന്നിട്ടുണ്ട്. ഇവിടെ നെൽവയൽ നീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട നിയമത്തെ സംബന്ധിച്ചിടത്തോളം ആ നിയമം വലിയ പ്രശ്നമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ശരിയായ ദിശയിലൂടെയല്ല ആ നിയമം പോയിക്കൊണ്ടിരിക്കുന്നത്. ആ നിയമം ഇന്നുവരെ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ താഴെത്തട്ടിൽ കമ്മിറ്റികൾ ഉണ്ടാക്കണം. കമ്മിറ്റികൾ ഉണ്ടായിട്ടില്ല. കമ്മിറ്റി രൂപീകരിക്കുകയും ആ കമ്മിറ്റി സ്ഥലപരിശോധന നടത്തി ഏതൊക്കെയാണ് കൃഷിചെയ്യുന്ന സ്ഥലങ്ങളെന്നും കൃഷി ചെയ്യാത്ത സ്ഥലങ്ങളെന്നുമൊക്കെ വ്യക്തമായി തിട്ടപ്പെടുത്തി ആ റിപ്പോർട്ട് കൊടുത്തതിനുശേഷം മാത്രമേ ആ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. ആ നിലയിലുള്ള ഒരു സാഹചര്യം സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ട് ഇഷ്ടംപോലെ നിലം നികത്തുന്ന പ്രവണതയാണുണ്ടായിരിക്കുന്നത്. എന്നാൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സുഗമമായി കാര്യങ്ങൾ കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം വന്നു ചേർന്നിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ ഇരിങ്ങാലക്കുടയിൽ ഒരു വ്യവസായ പാർക്ക് ഉണ്ടാക്കുന്നതിനുവേണ്ടി 40 ഏക്കർ സ്ഥലം തെരഞ്ഞുപിടിച്ച് കിൻഫ്രയെ ഏൽപ്പിച്ചിട്ടുള്ളതാണ്. പക്ഷേ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശരിയായ റിപ്പോർട്ട് ഇപ്പോഴും കിട്ടുന്നില്ല. എനിക്ക് ഇപ്പോഴും അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, തീർച്ചയായും വ്യവസായ വകുപ്പിന്റെ ഇടപെടൽ അതിൽ ഉണ്ടായി ആ വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ അങ്ങ് മുൻകൈയെടുക്കണം എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ: അങ്ങ് നീർത്തടം സംരക്ഷിക്കുന്ന കാര്യം പറഞ്ഞപ്പോഴാണ് വ്യവസായ വകുപ്പ് സെക്രട്ടറി പെപ്സി എന്ന കമ്പനി അമിതമായി ജലം ചൂഷണം ചെയ്യുന്ന ഒരു കമ്പനിയാണെന്ന് പരക്കെ ആക്ഷേപമുണ്ടായിട്ടും ആ കമ്പനിയെ ഇവിടെ നിലനിർത്താൻ സഹായിച്ചത് ഫലപ്രദമായി വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഇടപെട്ടതുകൊണ്ടാണ് എന്ന് അദ്ദേഹം പറഞ്ഞത് ഇതുവരെയും വ്യവസായ വകുപ്പ്മന്ത്രി അത് നിഷേധിച്ചിട്ടില്ല എന്ന കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: ഓർക്കുന്നുണ്ട്. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് പ്രധാനപ്പെട്ട ഒരു ജില്ലയാണ് തൃശൂർ. അവിടെ പ്രധാനപ്പെട്ട വ്യവസായമാണ് ഓട്, ഇഷ്ടിക വ്യവസായം. അത് വലിയ തകർച്ചയെ നേരിടുകയാണ്. അത് നെൽവയൽ നീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. തീർച്ചയായും ആ കാര്യത്തിൽ കാര്യമായ ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ കേരളത്തിൽ പൊതുവായി സുരക്ഷിതമില്ലാത്ത ഒരു അവസ്ഥ, മറ്റ് വ്യവസായങ്ങൾ ഇങ്ങോട്ട് വരാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതിനെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കേണ്ട ഒരു കാലഘട്ടമാണ്. സുരക്ഷിതമല്ലാത്ത ഒരു പ്രദേശത്തേയ്ക്ക് ബോംബ് ഭീഷണിയായാലും കൈവെട്ടിമാറ്റുന്ന സംഭവമായാലും ഹർത്താലായാലും ഇങ്ങനെ സമാധാനമല്ലാത്ത ഒരു നാട്ടിലേക്ക് വ്യവസായങ്ങൾ വരുക എന്നത് അത്ര എളുപ്പത്തിൽ നടക്കുന്ന കാര്യമല്ല. കേരളം ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന ഒരു നാടാണ്. നല്ല മതസൗഹാർദ്ദമുള്ള നാട്. വിദ്യാഭ്യാസമുള്ളയാളുകൾ, എല്ലാനിലയിലും മറ്റുള്ളയാളുകളെ ബഹുമാനിക്കുന്ന ജനതയുള്ള സ്ഥലം. ആ സ്ഥലത്ത് ഇങ്ങനെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുക, സമാധാനപരമല്ലാത്ത ഒരു അവസ്ഥയുണ്ടാകുക, അങ്ങനെ ഒരു അവസ്ഥയുണ്ടായാൽ നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടു പോകാൻ കഴിയില്ല. ജമ്മുകാഷ്മീർ പാരഡൈസ് ഓഫ് ദി വേൾഡ് എന്നറിയപ്പെടുന്ന സംസ്ഥാനമാണ്. ഇന്ന് അവിടെ വന്നുചേർന്നിരിക്കുന്ന അവസ്ഥയെക്കുറിച്ച് നമുക്ക് എല്ലാവർക്കുമറിയാം. ഞങ്ങൾ കഴിഞ്ഞ ദിവസം നിയമസഭാ സമിതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് അവിടെ പോയതാണ്. എത്രയോ നല്ല സുന്ദരമായ നാടാണ്. ഇപ്പോൾ എത്രയാളുകൾ വരുന്നുണ്ട്. സമാധാനമില്ലാത്ത, ശാന്തിയില്ലാത്ത ഒരു നാട്ടിലേയ്ക്ക് ജനങ്ങൾ വരുക, വ്യവസായം തുടങ്ങുക എന്നുള്ളത് ഒരിക്കലും സാദ്ധ്യമല്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ട് ഇവിടെ തീർച്ചയായിട്ടും ശക്തമായിട്ടുള്ള ഒരു യോജിച്ച മുന്നേറ്റം ആവശ്യമാണ്. എല്ലാ വിഭാഗം ആളുകളും ചേർന്നുകൊണ്ടുള്ള, കക്ഷി രാഷ്ട്രീയത്തിനതീതമായി ചിന്തിച്ചുകൊണ്ട് ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്ന ഒന്നായി മുന്നോട്ടുവരണം എന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. ശശികുമാർ : സർ, നമ്മുടെ സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷത്തെ തകർക്കുന്ന ഈ വിധ്വംസക ശക്തികൾ ആരാണെന്ന് കൃത്യമായി ചൂണ്ടിക്കാണിച്ച് അതിനെതിരായിട്ടുള്ള ശക്തമായ നിലപാടിലേയ്ക്ക് നമ്മൾ വരേണ്ടതല്ലേ?

ശ്രീ. തോമസ് ഉണ്ണിയാടൻ : ഈ കാര്യത്തിൽ നമ്മൾ ആരോപണ പ്രത്യാരോപണവുമായി പോകുന്ന ഒരു സാഹചര്യം ഒഴിവാക്കി, തീർച്ചയായിട്ടും പ്രയോജനകരമായ കാര്യത്തിലൂടെ പോയി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് ഈ കാര്യത്തിൽ യോജിച്ച കൂട്ടായ്മ ഉണ്ടാക്കിക്കൊണ്ട് ഈ ശക്തികളെ തകർക്കണം എന്നാണ് എന്റെ അഭ്യർത്ഥന. ഇതിൽ എല്ലാവരുംകൂടി ചേർന്ന് നിൽക്കണം. അതുപോലെതന്നെ നമുക്ക് കാണേണ്ട മറ്റൊരു കാര്യം വ്യവസായ മേഖല പോലുള്ള വികസന കാര്യങ്ങളിൽ നമ്മുടെ തൊട്ട് അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലൊക്കെ എല്ലാ രാഷ്ട്രീയകക്ഷികളും ഒരുമിച്ചു നിന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയപരമായ സമീപനം ഉണ്ടാകാറില്ല. ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം നമ്മൾ വളരെ സൗമ്യമായി ചിരിക്കുകയും വർത്തമാനം പറയുകയും ഒക്കെ ചെയ്യുന്ന സാഹചര്യമുണ്ടാകുക അത് എല്ലാ കാര്യത്തിലും സംഭവിക്കുന്നതാണ്. വികസന കാര്യത്തിലും ഈ തരത്തിൽ നടപടി സ്വീകരിക്കുക. സംസാരവും കെട്ടിപ്പിടിത്തവും ഒരുമിച്ചുള്ള പോക്കും വികസനത്തിന്റെ കാര്യത്തിൽ ഉണ്ടായെങ്കിൽ മാത്രമേ നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയൂ. അതിന് നമ്മളെല്ലാവരും തുറന്നു ചിന്തിക്കേണ്ടത് ഒരു വസ്തുതയാണെന്നാണ് സൂചിപ്പിക്കാനുള്ളത്. അത്തരത്തിലുള്ള ഒരു മാറ്റം തീർച്ചയായും നമ്മുടെ കേരളത്തിൽ അനിവാര്യമാണ്. കേരളത്തിന്റെ മുന്നോട്ടുള്ള പോക്കിന് അത് ആവശ്യമാണ്. കേരളം ഒരുപാട് കാര്യങ്ങളിൽ നന്മയോടുകൂടി പ്രവർത്തിക്കുവാൻ ചിന്തിക്കുന്ന ആളുകളുടെ ഒരു നാടാണ്. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നമ്മൾ എർപ്പെട്ടിരിക്കണമെന്നാണ് ....

മി. ചെയർമാൻ (ശ്രീ. എം.എ. വാഹീദ്) : ബഹുമാനപ്പെട്ട അംഗം അങ്ങേയ്ക്ക് അനുവദിച്ച സമയവും കൂടുതൽ സമയവും എടുത്തിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : എനിക്ക് സൂചിപ്പിക്കാനുള്ളത് നമ്മുടെ നാട്ടിൽ ....

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം അങ്ങേയ്ക്ക് അനുവദിച്ച സമയവും കൂടുതൽ സമയവും എടുത്തിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : ഒറ്റ കാര്യംകൂടി, നമ്മുടെ നാട്ടിൽ ഈ നാടിനെ നന്മയോടെ നയിക്കാൻ, സംസ്ക്കാരത്തിലൂടെ കൊണ്ടുപോകാൻ വേണ്ടി ആഗ്രഹിച്ച ഒരുപാട് ആളുകളുണ്ട്, ജീവൻ നഷ്ടപ്പെടുത്തിയ ആളുകളുമുണ്ട്. അങ്ങനെയുള്ള ആളുകളുടെ ആത്മാക്കൾ, ആത്മാവുണ്ടെന്ന് വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ഈ നാടിനെ നന്നായി കൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ടായില്ലെങ്കിൽ ആ ആത്മാക്കൾ നമ്മളെ ശപിക്കും

LIBRARY ARCHIVES Kerala Legislative Assembly

എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ നമുക്കുശേഷം ജീവിക്കേണ്ട ആളുകളുണ്ട്. ഈ നാടിനെ നന്നായി കൊണ്ടുപോകുന്ന സാഹചര്യമുണ്ടായില്ലെങ്കിൽ അവർ നമ്മെ വെറുക്കും. അതുകൊണ്ട് അനുകൂലമായ ഒരു സാഹചര്യമുണ്ടാക്കിക്കൊണ്ട് വ്യവസായ മേഖലയും ടൂറിസം മേഖലയും ഒക്കെത്തന്നെ നന്നായിപ്പോകാനുള്ള ഒരു നല്ല തീരുമാനവുമായി മുന്നോട്ടുപോകണം. ഗവൺമെന്റ് ആ തരത്തിൽ ഗൗരവമായ നടപടി സ്വീകരിക്കണം. കക്ഷിരാഷ്ട്രീയത്തിനതീതമായി സങ്കുചിത ചിന്തയ്ക്കതീതമായി വ്യവസായ മേഖലയെ രക്ഷപ്പെടുത്തുന്ന കാര്യങ്ങളുമായി എല്ലാവരും മുന്നോട്ടുവരണം. ആ നിലയിൽ നിലപാട് സ്വീകരിക്കുന്ന ഒരു സമീപനമുണ്ടായാൽ മന്ത്രി എന്നുള്ള നിലയിൽ അംഗീകരിക്കാൻ തയ്യാറാണ്. ഈ തരത്തിലുള്ള കാര്യങ്ങൾ ഇന്ന് ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ വ്യവസായ വകുപ്പിൽ യഥാർത്ഥ വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ള ....

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : . . . . കാര്യങ്ങളൊക്കെത്തന്നെ ഇവിടെയുണ്ട്. അതിൽനിന്ന് യഥാർത്ഥ വസ്തുതയിലേയ്ക്ക് വന്നുകൊണ്ട് . . . .

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : കാര്യങ്ങൾ മുന്നോട്ടുപോകണം എന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ കൂടി ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വ്യവസായ ചരിത്രത്തിൽ ഉജ്ജ്വലമായ വിജയം കൈവരിക്കാൻ കഴിഞ്ഞ നാല് വർഷങ്ങളാണ് നമ്മൾ പിന്നിടുന്നത്. അതുസംബന്ധമായി എനിക്കുമുമ്പ് ഭരണകക്ഷി അംഗങ്ങളായിട്ടുള്ള നിരവധി സുഹൃത്തുക്കൾ ഇവിടെ വിശദമായി പ്രതിപാദിച്ചതുകൊണ്ട് ഞാൻ കൂടുതലായിട്ട് ആ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആഗോള സാമ്പത്തിക തകർച്ചയുടെ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ വ്യവസായ മേഖല ഈ വമ്പിച്ച വിജയം നേടിയത് എന്ന് മനസിലാക്കുമ്പോഴാണ് ആ വിജയത്തിന്റെ തിളക്കം ഏറെ വർദ്ധിക്കുന്നത്. നമുക്കെല്ലാവർക്കുമറിയാം എൽ.ഡി.എഫ്. അധികാരത്തിൽ വരുന്നതിനു മുമ്പത്തെ അഞ്ചുവർഷക്കാലത്തെ കേരളത്തിന്റെ വ്യവസായ ചിത്രം. വ്യവസായങ്ങളുടെ ഒരു ശവപ്പറമ്പായിരുന്നു കേരളം. അത്രയ്ക്ക് വലിയ തകർച്ചയുടെ ഒരു ചിത്രമാണ് ഗവൺമെന്റിന് കഴിഞ്ഞ കാഴ്ചവയ്ക്കാൻ കഴിഞ്ഞത്. നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുക എന്നുമാത്രമല്ല കേന്ദ്രത്തിലെ കഴിഞ്ഞ എൻ.ഡി.എ. ഭരണകാലത്ത് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ഡിസ് ഇൻവെസ്റ്റ് ചെയ്യാൻ ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്തി. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഇവിടെ നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ചൗധരി കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോയത്. വ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിൽക്കുക അല്ലെങ്കിൽ അടച്ചുപൂട്ടുക, അന്ന് കേരളത്തിൽ ആകമാനം ഉയർന്നുവന്ന തൊഴിലാളികളുടെ ഉജ്ജ്വലമായ സമരത്തിന്റെ ഫലമായിട്ടാണ് ആ വ്യവസായ ങ്ങളെല്ലാം ഇവിടെ സംരക്ഷിച്ചു നിർത്താൻ കഴിഞ്ഞത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതല്ലായിരുന്നുവെങ്കിൽ നാടനും മറുനാടനുമാ യിട്ടുള്ള കുത്തകമുതലാളിമാർ കേരളത്തിന്റെ പൊതുസമ്പത്തായ പൊതുമേ ഖലാ സ്ഥാപനങ്ങളെ ചുളുവിലയ്ക്ക് കയ്യടക്കുമായിരുന്നു. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ അതിന്റെ ഏറ്റവും നല്ല ഒരു വിജയത്തിലേയ്ക്ക് എത്തിനിൽക്കുന്ന സന്ദർഭത്തിൽ അതിനെ നവീകരിക്കാൻ, അതിനെ വിപുല മാക്കാൻ, അതിന്റെ സാമൂഹ്യബാധ്യത പരമാവധി ഉയർത്തിപ്പിടിക്കാൻ ആ വകുപ്പിന്റ ചുമതല വഹിക്കുന്ന അതിന്റേതായ മന്ത്രി ശ്രീ. എളമരം കരീമിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം എല്ലാവർക്കും ബോധ്യമുള്ളതാണ്. എന്താണ് നമ്മുടെ പൊതുമേഖലയോടുള്ള സമീപനം. കേന്ദ്രത്തിന്റേതാണെങ്കിലും കേരളത്തിന്റേതാണെങ്കിലും രണ്ട് നിലപാടുകളും നമുക്ക് വ്യക്തമായിട്ട് മനസ്സിലാക്കാൻ കഴിയും. ആഗോളീകരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും നയങ്ങൾ ആ ചിന്താഗതിക്ക് കീഴ്പ്പെട്ടുപോകുന്ന കേന്ദ്രം 1956-ലെ വ്യവസായ നയപ്രഖ്യാപനത്തിൽനിന്നും എത്രയോ അകലെയാണ് സഞ്ചരിക്കുന്നതെന്ന് അവരുടെ നയങ്ങൾ കൊണ്ടുതന്നെ നമുക്ക് മനസ്സിലാകും. ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിലും പബ്ലിക് അണ്ടർടേക്കിംഗ് സെക്ടറിന്റെ 25 ശതമാനം ഷെയറുകൾ വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ കേന്ദ്ര ധനകാര്യ മന്ത്രി ശ്രീ. പ്രണബ് കുമാർ മുഖർജി വളരെ വ്യക്തമായി അക്കാര്യം പറഞ്ഞിട്ടുണ്ട്. നമ്മുടെ നവരത്ന കമ്പനികൾ, എൽ. ഐ.സി., പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ളവരുടെ ഷെയറുകൾ വിൽക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്. കേന്ദ്ര ഗവൺമെന്റ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രാധാന്യം കുറച്ചുകാണുകയാണ്. പൊതുമേഖല എന്നു പറഞ്ഞാൽ ഖജനാവിന് വലിയ ബാധ്യത ഉണ്ടാക്കിവയ്ക്കുന്ന ഘടകങ്ങളാണ്. ദീർഘവീക്ഷണമുള്ള ഒരു ഗവൺമെന്റ് അത് കയ്യൊഴിയുകയാണ് ചെയ്യേണ്ട തെന്ന നിലപാടുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ ഇവിടെ പാതാളത്തിലേയ്ക്ക് താണുപോയ പൊതുമേഖലയെ ഉയർത്തിക്കൊണ്ടുവരുവാൻ നമ്മുടെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നു. അപ്പോൾ രണ്ട് നയങ്ങൾ, രണ്ട് സമീപനങ്ങൾ നമുക്ക് വ്യക്തമായി ബോദ്ധ്യപ്പെടാൻ കഴിയും. നമുക്കെല്ലാവർക്കും അറിയാം ലോകത്തുണ്ടായ സാമ്പത്തിക തകർച്ച, ആ സാമ്പത്തിക തകർച്ചയിൽ ഇൻഡ്യയെ സംരക്ഷിച്ചു നിർത്തിയത് ഇൻഡ്യയുടെ ശക്തമായ പൊതുമേഖലാ സംവിധാനമാണെന്ന് കേന്ദ്ര ഭരണാധികാരികൾ തന്നെ പരസ്യമായി പറഞ്ഞതാണ്. എന്നാൽ അങ്ങനെ പറഞ്ഞിട്ടും പൊതുമേഖലയെ ദുർബലമാക്കി അത് സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കാനുള്ള നടപടികളാണ് കുറേശ്ശെ കുറേശ്ശെ ചെയ്തുകൊണ്ടിരിക്കുന്നത്. ആ നടപടിയ്ക്കെതിരെ വളരെ ശക്തമായ പ്രതിഷേധം നമ്മുടെ രാജ്യത്ത് തൊഴിലാളികളുടെയിടയിൽ ഉണ്ടാക്കിയിരിക്കു കയാണ്. മിക്കവാറും എല്ലാതൊഴിലാളി പ്രസ്ഥാനങ്ങളും അതിനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുകയാണ്. ദേശീയ പാർട്ടികളിലും അതിനെതിരായി അതിശക്തമായ നിലപാട് ഉയർന്നുവരികയാണ്. എന്നാലും ആ എതിർപ്പുകളെയൊന്നും കണ്ട ഭാവം നടിക്കാനുള്ള മനോഭാവം കേന്ദ്രം ഭരിക്കുന്നവർ കാണിക്കുന്നില്ല എന്നുള്ളതാണ് അങ്ങേയറ്റം ദു:ഖകരമായ സ്ഥിതിവിശേഷം. എനിക്ക് വേറൊരു പോയിന്റ് പറയാനുള്ളത് ഇവിടെ പ്രിയപ്പെട്ട ശ്രീ. വാസവൻ ചൂണ്ടിക്കാണിച്ചതാണ്. കേന്ദ്രത്തിന്റെ കേരളത്തിലേയ്ക്കുള്ള പൊതുമേഖലാ നിക്ഷേപം, എത്രയോ നാളുകളായി നാം അതിനെക്കുറിച്ച് പരാതികൾ ഉയർത്തുകയാണ്. എത്ര പ്രതിഷേധമാണ് നമുക്കുള്ളത് ? നമ്മുടെ ദേശീയ ശരാശരി 2.41 ആയി ഇപ്പോഴും നിൽക്കുകയാണ്. എത്രയോ വ്യവസായങ്ങൾ വരുന്നു, കൂടുതൽ കൂടുതൽ വ്യവസായങ്ങൾ ഇനിയും കൊണ്ടുവരാൻ പോകുന്നു എന്നൊക്കെ പറയുമ്പോഴും 2008-ലെ കണക്കുകൾ പ്രകാരം നമ്മുടെ സംസ്ഥാനത്തിന്റെ വിഹിതം 2.41 ആയി പരിമിതപ്പെട്ടുനിൽക്കുകയാണ്. ഇത്രയേറെ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള ഈ സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ മൂലധന നിക്ഷേപം കൂടുതലായി ഉണ്ടാകേണ്ട സന്ദർഭത്തിൽ അതിൽനിന്നൊക്കെ വ്യത്യസ്തമായ നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. നമുക്കെന്നും ഈ അവഗണനയുടെ അനുഭവമാണുള്ളത്. ഇന്ത്യയുടെ 28 സംസ്ഥാനങ്ങൾ ആകെ എടുക്കുമ്പോൾ നമ്മുടെ സ്ഥാനം പത്തൊമ്പതാമാണ്. ഒന്നാംസ്ഥാനത്ത് ഇന്നും മഹാരാഷ്ട്ര നിൽക്കുകയാണ്. കേരളത്തിന്റെ ന്യായമായ ആവശ്യങ്ങളോട് കേന്ദ്ര സക്കാർ നീതിപൂർവ്വമായ നിലപാടല്ല സ്വീകരിച്ചത്. എത്രയോ കോടി രൂപയുടെ വിദേശനാണ്യമാണ് ഈ സംസ്ഥാനം നേടിക്കൊടുക്കുന്നത്. ഇന്ത്യയിലെ സംസ്ഥാനങ്ങൾ ആകെ എടുത്താലും വിദേശനാണ്യം നേടിക്കൊടുക്കുന്ന വളരെ പ്രധാനപ്പെട്ട സംസ്ഥാനമാണ് നമ്മുടേത്. എന്നിട്ടുപോലും ആ പരിഗണന നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്നില്ല. കേന്ദ്രത്തിന്റെ പൊതുമേഖലയോടുള്ള സമീപനം ഞാൻ പറഞ്ഞുകഴിഞ്ഞു. അതോടൊപ്പം പൊതുമേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് 1956-ലെ വ്യവസായ നയ പ്രഖ്യാപനത്തിലും വളരെ വ്യക്തമായി പറയുന്നുണ്ട്. സമ്പത്ത് കേവലമായ വ്യക്തികളുടെ കയ്യിൽ, കുത്തകക്കാരുടെ കയ്യിൽ കേന്ദ്രീകരിക്കുന്നത് തടയുക. വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം ഇൻഡ്യൻ സമ്പത്ഘടനയുടെ നട്ടെല്ലായി പൊതുമേഖല പ്രവർത്തിക്കുകയും വേണം. എന്നാൽ നമ്മുടെ പുറത്തുവരുന്ന കണക്കുകളെല്ലാം സൂചിപ്പിക്കുന്നതെന്താണ് ? അഞ്ചോ ആറോ കുത്തക മുതലാളിമാരുടെ സമ്പത്ത് അവരുടെ ആസ്തി ഇൻഡ്യയിലെ 30-കോടി ജനങ്ങളുടെ സമ്പത്തിന് തുല്യമാണ്. ഇൻഡ്യയിലെ മൂവായിരത്തിൽപ്പരം വരുന്ന കുത്തക കമ്പനികളുടെ വളരെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ വരുമാനം 20,000-കോടിയിൽപ്പരം രൂപയാണ് എന്നൊക്കെ പറയുമ്പോൾ സമ്പത്ത് കേന്ദ്രീകരണത്തിന്റെ കാര്യത്തിൽ, സർക്കാരിന്റെ പ്രഖ്യാപനവും യാഥാർത്ഥ്യവും തമ്മിൽ യാതൊരു പൊരുത്തവും ഇല്ലെന്ന് കാണാൻ കഴിയും. ഇൻഡ്യ

LIBRARY ARCHIVES Kerala Legislative Assembly

വളരുന്നുണ്ട്. പക്ഷെ വളരുന്നത് അതിന്റെ നേട്ടങ്ങളെല്ലാം കൈവശപ്പെടുത്തുന്നത് കുത്തക മുതലാളിമാരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭൂരിപക്ഷം വരുന്ന പട്ടിണിക്കാർ, നാം അർജുൺ സിംഗ് ഗുപ്ത കമ്മീഷൻ റിപ്പോർട്ട് കണ്ടു. ഒരു ദിവസം 20 രൂപയ്ക്കും 8 രൂപയ്ക്കും ഇടയിലാണ് ഇൻഡ്യയിൽ 78 ശതമാനം ജനങ്ങളുടെ, 80 കോടിയിലധികം ജനങ്ങളുടെ വരുമാനം. അങ്ങനെ ആ കൂലി വാങ്ങി തുച്ഛമായ വരുമാനം വാങ്ങി നരകിച്ച് ജീവിക്കുന്ന മഹാഭൂരിപക്ഷം വരുന്ന ജനതയുടെ ചിത്രമാണ് നമ്മൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ആധുനിക വ്യവസായങ്ങൾ മാത്രമല്ല നമ്മുടെ പരമ്പരാഗത വ്യവസായങ്ങളേയും കഴിഞ്ഞ ഗവൺമെന്റ് എത്ര ഭയങ്കരമായി തകർച്ചയിലേയ്ക്ക് നയിച്ചു. 50 ലക്ഷം ആളുകൾ അവിടെയാണ് ജീവിക്കുന്നത്. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്നത് കയർ, കൈത്തറി, കശുവണ്ടി, കള്ളുചെത്ത്, മൽസ്യബന്ധനം ഉൾപ്പെടെയുള്ള കേരളത്തിന്റെ തനത് പരമ്പരാഗത വ്യവസായ രംഗത്താണ്. ആ രംഗത്ത് പണിയെടുക്കുന്ന അടിസ്ഥാന വർഗ്ഗത്തെ ഏതാണ്ട് പ്രതികാര ബുദ്ധിയോടുകൂടി നേരിട്ട ഒരു സമീപനമാണ് കഴിഞ്ഞ ഗവൺമെന്റിന്റേത്. എത്ര ശത്രുതാ മനോഭാവത്തോടുകൂടിയാണ് കഴിഞ്ഞ യു. ഡി. എഫ്. സർക്കാർ അവരോട് പെരുമാറിയത്.

കയർ വ്യവസായത്തിൽ പണിയെടുക്കുന്നവരാണെങ്കിലും കശുവണ്ടി മേഖയിൽ പണിയെടുക്കുന്നവരാണെങ്കിലും കള്ളുചെത്ത് വ്യവസായത്തിൽ പണിയെടുക്കുന്നവരാണെങ്കിലും മത്സ്യബന്ധന മേഖലയിൽ പണിയെടുക്കുന്നവരാണെങ്കിലും അവരെയെല്ലാം മന:പൂർവ്വം ദ്രോഹിക്കുന്ന ഒരു നിലപാടാണ് ആ ഗവൺമെന്റ് സ്വീകരിച്ചത്. ഏതെങ്കിലും ഒരു ക്ഷേമനിധി വിഹിതം ആ ഗവൺമെന്റിന്റെ കാലത്ത് വർദ്ധിപ്പിച്ചുവെന്ന് പറയാൻ കഴിയുമോ? പറയാൻ കഴിയില്ലെന്ന് മാത്രമല്ല വർഷങ്ങളോളം കേവലം നൂറ് രൂപ പെൻഷൻ പോലും കൊടുക്കാതെ ആ വിഭാഗം തൊഴിലാളികളെ വല്ലാതെ പീഡിപ്പിച്ചു എന്നുള്ളതാണ് കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവൃത്തികളായി കാണാൻ കഴിയുന്നത്. ആ വമ്പിച്ച വിഭാഗം സമൂഹത്തിന്റെ അതിശക്തമായ നിലപാടോടുകൂടിയാണ്, അവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തകർപ്പൻ വിജയം നേടി അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായ മേഖലയെ പുന:സംഘടിപ്പിക്കുകയാണ് ചെയ്തത്. കയറാണെങ്കിലും കൈത്തറിയാണെങ്കിലും മറ്റേത് പരമ്പരാഗത വ്യവസായ മേഖലയാണെങ്കിലും ആ വിഭാഗം തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി ധാരാളം കാര്യങ്ങൾ ഇവിടെ ചെയ്തത് നമുക്ക് കാണാൻ കഴിയുന്നുണ്ട്. കൈത്തറി മേഖലയ്ക്ക് ഇത്തവണത്തെ ബഡ്ജറ്റിൽ 50 കോടി രൂപയാണ് നീക്കിവച്ചത്. എന്നാലും പ്രശ്നങ്ങൾ അവർക്ക് ബാക്കിയാണ്. ഇവിടെ എല്ലാവരും അത് ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ രംഗത്ത് കേന്ദ്രം നൽകേണ്ട റിബേറ്റ് പൂർവ്വകാല പ്രാബല്യത്തോടെ അവസാനിപ്പിച്ചിട്ടും സംസ്ഥാന ഗവൺമെന്റ് പരിമിതമായ വരുമാനത്തിനകത്ത് നിന്നുകൊണ്ട് റിബേറ്റ് പുന:സ്ഥാപിച്ചുകൊണ്ട് ആ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷക്കണക്കിന് ജനങ്ങളെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുകയാണ്. കേരളത്തിന്റെ തീരപ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ടതാണ് കയർ വ്യവസായം. നാല് ലക്ഷം ആളുകൾ പണിയെടുക്കുന്ന വ്യവസായമാണ്. കേരളത്തിലെ 20 ലക്ഷം ആളുകൾ അവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഏറ്റവും വലിയ പരമ്പരാഗത വ്യവസായമാണ്. ഈ ഗവൺമെന്റിന് മുൻപുള്ള അഞ്ച് വർഷക്കാലം ആ വ്യവസായത്തിന്റെ സ്ഥിതി എന്തായിരുന്നു? ആ മേഖലയിൽ പണിയെടുക്കുന്ന കയർത്തൊഴിലാളിക്ക് പട്ടിണിക്കൂലി, കയർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് അതിനേക്കാൾ ദയനീയ അവസ്ഥ. അവകാശാനുകൂല്യങ്ങൾ ചോദിച്ചാൽ നിഷേധാത്മകമായ നിലപാട്, സമരങ്ങൾക്കൊന്നും ഒരു പ്രസക്തിയുമില്ലാതിരുന്ന കാലം, 29-30 മാസം വരെ ക്ഷേമനിധി കുടിശ്ശിക വരുത്തിയ കാലം. അതിൽ നിന്ന് വ്യത്യസ്തമായി പെൻഷൻ കുടിശ്ശിക തീർത്തുകൊടുത്തു എന്നുമാത്രമല്ല പെൻഷൻ അഡ്വാൻസ് കൊടുക്കുകയാണ് ഈ ഗവൺമെന്റ്. പെൻഷൻ 110 രൂപയിൽ നിന്ന് 300 രൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല ഓണക്കാലത്ത് പെൻഷൻ മുൻകൂറായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്രാവശ്യം ബഡ്ജറ്റിൽ നൂറ് കോടി രൂപ കയർ വ്യവസായത്തിനുവേണ്ടി നീക്കിവയ്ക്കുകയാണ്. ഏത് പ്രതികൂലമായ കാലാവസ്ഥയിലും 650-700 കോടി രൂപ വിദേശനാണ്യം നേടിത്തരുന്ന വ്യവസായമാണ് കയർ വ്യവസായം. എന്നാൽ ആ പരിഗണന കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് കിട്ടുന്നുണ്ടോ? ആ വ്യവസായത്തിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടി ചുമതലപ്പെടുത്തിയ ശ്രീമാൻ ആനത്തലവട്ടം ആനന്ദൻ കമ്മീഷൻ റിപ്പോർട്ട് ഈ ഗവൺമെന്റ് സ്വീകരിച്ചുവെന്ന് മാത്രമല്ല അതിന്റെ ശുപാർശകൾ അടിമുടി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ സംഘങ്ങളെ പുനരുദ്ധരിക്കാൻ പണം കൊടുത്തു, അവർക്ക് ഗ്രാന്റ് കൊടുത്തു. ആ വ്യവസായ സംഘങ്ങളിൽ അനേക വർഷങ്ങളായി മെമ്പറായി ഇന്ന് ജീവച്ഛവങ്ങളായി അവശേഷിക്കുന്ന ആളുകൾ അടച്ചിട്ടുള്ള ത്രിഫ്റ്റ് തിരികെ കൊടുക്കാൻ ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുകയാണ്. ആ സൊസൈറ്റിയിൽ പണിയെടുത്ത് ഏതാണ്ട് ഒരു ആനുകൂല്യവും ഒരു അവകാശവുമില്ലാതെ വെളിയിൽ പോകേണ്ടിവന്ന ആയിരക്കണക്കിന് സംഘം ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം കൊടുക്കാൻ ഗവൺമെന്റ് പണം നീക്കിവയ്ക്കുകയാണ്. ആ വ്യവസായത്തിനാവശ്യമായ എല്ലാ കാര്യങ്ങളും കോടിക്കണക്കിന് രൂപ സഹായം നൽകി കൊണ്ട് ഇന്ന് ഗവൺമെന്റ് ചെയ്യുകയാണ്. എന്നാലും പ്രശ്നങ്ങൾ ബാക്കിയാണ്. നമുക്കറിയാം ആ വ്യവസായത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നേ മതിയാകൂ. തമിഴ്നാട്ടിൽ നിന്ന് ചകിരി വന്നില്ലെങ്കിൽ കേരളത്തിലെ കയർ വ്യവസായം നിശ്ചലമായി പോകുന്ന അവസ്ഥയാണ്. പക്ഷേ 500 കോടിയോളം നാളികേരം ഉൽപ്പാദിപ്പിക്കുന്ന ഈ സംസ്ഥാനത്ത് അത് സംസ്ക്കരിക്കാനാവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഡീ-ഫൈബറിംഗ് മെഷീൻ - വലുത്, ഡീ-ഫൈബറിംഗ് മെഷീൻ - പ്രായോഗികമായി മിക്കവാറും പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുനടന്ന് ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ മെഷീൻ, ഇതൊക്കെ പ്രാവർത്തികമാക്കി കൊടുക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. എന്നാലും ആവശ്യമായത്ര ചകിരി ഉൽപ്പാദിപ്പിക്കാൻ ഇന്ന് കഴിയുന്നില്ല. തമിഴ്നാട് ഉൽപ്പാദിപ്പിക്കുന്ന ചകിരി ഏതാണ്ട് മൊത്തമായി ചൈന ശേഖരിക്കുകയാണ്. പി.വി.സി tufted മാറ്റ് ചൈനയും ശ്രീലങ്കയും സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. കയറും കയറുൽപ്പന്നങ്ങളും ശ്രീലങ്കയും ചൈനയും മറ്റ് രാജ്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന അവസര ഉണ്ടാവുകയാണ്. ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളും ഉൽപ്പാദിപ്പിക്കുന്ന അവസര ഉണ്ടാവുകയാണ്. അതുകൊണ്ട് കേരളത്തിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല, ഈ വകുപ്പ് വിചാരിച്ചാൽ മാത്രം പോരാ, കേരളമൊട്ടാകെ വലിയൊരു സമൂഹത്തിന്റെ അത്താണിയായ ഈ വ്യവസായത്തെ സംരക്ഷിക്കാൻ എല്ലാ വിഭാഗം ജനങ്ങളും സടകുടഞ്ഞ് എഴുന്നേൽക്കേണ്ട ഒരു സന്ദർഭമാണെന്നാണ് എന്റെ അഭിപ്രായം. ശ്രീമാൻ ആനത്തലവട്ടം ആനന്ദൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞതുപോലെ കയർ വകുപ്പ് ഒരു ചെറിയ വകുപ്പാണ്. 1950-ൽ രൂപം കൊടുത്ത ആ വകുപ്പ് ഇപ്പോഴും അതുപോലെ തുടരുകയാണ്. ഗവൺമെന്റ് ആവിഷ്ക്കരിച്ച പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശേഷിയുള്ള വകുപ്പായി കയർ വകുപ്പ് ഇനിയും മാറിയിട്ടില്ല. ആ വകുപ്പിനെ പുനഃസംഘടിപ്പിക്കണം. അതോടൊപ്പം തന്നെ ആ കമ്മീഷൻ മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ചെറുകിടക്കാർ, തൊഴിലാളികൾ, സഹകാരികൾ, വൻകിടക്കാർ ഉൾപ്പെടെ എല്ലാ മേഖലയിലെയും ആളുകളുടെ പ്രതിനിധികൾ ചേരുന്ന ഒരു അപെക്സ് ബോഡി ആ വ്യവസായത്തിനുണ്ടാകണം. ആ അപെക്സ് ബോഡി ഈ പുതിയ നവീകരണത്തിന്റെ കാലഘട്ടത്തിൽ ഇതിന്റെ പ്രധാനപ്പെട്ട കേന്ദ്രബിന്ദുവായി പ്രവർത്തിക്കണം. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് എന്നീ മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ഇനിയും ശക്തമായി മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ ഫണ്ടും അതുപോലെ അതിനെ മുന്നോട്ട് നയിക്കാനാവശ്യമായ സമീപനങ്ങളും ആവശ്യമാണ്. അങ്ങനെ കേരളത്തിലെ വ്യവസായങ്ങളെ സംരക്ഷിക്കാൻ കൈക്കൊണ്ട നടപടികളെ ശ്ലാഘിച്ചുകൊണ്ട് പൊതുവിൽ വ്യവസായ മേഖലയിൽ വസന്തം വിരിയിച്ച ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വ്യവസായത്തിന്റെ മരണ മണി മുഴങ്ങിയ കാലമായിരുന്നു കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലം. പൊതുമേഖലയായാലും സ്വകാര്യ മേഖലയായാലും വ്യവസായശാലകൾ അടച്ചുപൂട്ടുകയും തൊഴിലാളികൾക്ക് ജോലി നിഷേധിക്കപ്പെടുകയും നിരാശപ്പെടുത്തുകയും ചെയ്തിരുന്ന ഒരു കാലത്തുനിന്ന് മാറി ആ വ്യവസായ സ്ഥാപനങ്ങളെ, പൊതുമേഖലയെ മാത്രമല്ല, സ്വകാര്യ മേഖലയെ ഉൾപ്പെടെ സംരക്ഷിക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്. ഒരു വ്യാവസായിക അന്തരീക്ഷം ഇവിടെയുണ്ടെന്ന് വ്യവസായികളൊക്കെ സമ്മതിക്കുന്നതാണ്. ഗവൺമെന്റ് അപ്രോച്ച് നല്ലതാണ്. വ്യവസായം നടത്താൻ മൂലധനം മുടക്കാൻ അവർ താൽപ്പര്യം കാണിക്കുന്നുണ്ട്. അങ്ങനെ സ്വകാര്യ മൂലധന

1132/13

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപം കടന്നുവരികയും അവരുടെ വ്യവസായങ്ങൾ നന്നായി നടത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഇൻഡ്യയിൽ അതുപോലെതന്നെ സാർവ്വദേശീയമായി നോക്കിയാലും പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ അടച്ചുപൂട്ടുകയും സ്വകാര്യ മുതലാളിമാർക്ക് കൈമാറുകയും ചെയ്യുന്ന പുതിയ സാമ്പത്തിക നയം നടപ്പിലാക്കി തുടങ്ങിയതോടുകൂടി ഇൻഡ്യാ രാജ്യത്തും അതുപോലെ വിദേശ രാജ്യങ്ങളിലുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ അടച്ചുപൂട്ടുകയോ വിൽക്കുകയോ ചെയ്യുന്ന ഒരു സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ വകുപ്പും അതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. എളമരം കരീമും കാണിച്ച താൽപ്പര്യം തീർച്ചയായും ഒരു വ്യത്യസ്തമായ കാഴ്ചപ്പാടാണ്, വ്യത്യസ്തമായ നയമാണ്. ആ നയം ശരിയെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. നിലവിലുണ്ടായിരുന്ന വ്യവസായ ശാലകൾ അടച്ചുപൂട്ടുന്നതിനെ സംരക്ഷിച്ചുവെന്ന് മാത്രമല്ല ഇന്ന് നഷ്ടത്തിൽ പോകുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള നടപടികളും അദ്ദേഹം സ്വീകരിക്കുകയുണ്ടായി. ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾ ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് പോകുമ്പോൾ 69 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഇത്തവണ 239 കോടി രൂപ ലാഭത്തിലാക്കാൻ സാധിച്ചുവെന്നുള്ളത് തീർച്ചയായും ദേശീയ സാഹചര്യത്തിൽ എടുത്തുകാട്ടാവുന്ന ഒരു നേട്ടം തന്നെയാണ്. അങ്ങനെ ലാഭം കിട്ടിയ ഫണ്ട് പുതിയതായി പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനാണ് മുടക്കിയത്. പൊതുമേഖലാ സ്ഥാപനങ്ങൾ ആവശ്യമില്ല, സ്വകാര്യ മേഖല പ്രാപ്തിയുള്ളവരാണ്, അവർ ഇതെല്ലാം നടത്തുമെന്ന് വാദിച്ചിരുന്ന ഒരു കൂട്ടം ആളുകളുണ്ട്. അവരെയൊക്കെ നിശ്ശബ്ദരാക്കുന്ന വിധത്തിൽ നഷ്ടത്തിലല്ല ലാഭത്തിലാക്കാൻ കഴിയുമെന്ന് തെളിയിച്ചിട്ടുണ്ട്. ആ നിലയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതിന് അദ്ദേഹത്തെ ഒരുപാട് ആളുകൾ പ്രശംസിച്ചു. അവരെയൊക്കെ പ്രതിപക്ഷത്തിന് പുച്ഛമായിരിക്കാം. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെ പ്രകീർത്തിക്കാതിരിക്കാൻ നിർവ്വാഹമില്ല. ശ്രീ. എ. കെ. ആന്റണി ശ്രീ. എളമരം കരീമിനെ പ്രശംസിക്കുകയുണ്ടായി. ബി.ജെ.പി. നേതാവായ ശ്രീ. ശാന്തകുമാർ ഉൾപ്പെടുന്ന പാർലമെന്ററി കമ്മിറ്റി "എങ്ങനെയാണ് നിങ്ങൾ ഈ അത്ഭുതം ഇവിടെ കാണിക്കുന്നത്, ഇൻഡ്യയിലാകെ പൊതുമേഖലകളൊക്കെ അടച്ചുപൂട്ടുകയോ അല്ലെങ്കിൽ ആർക്കെങ്കിലും വിൽക്കുകയോ ചെയ്യുമ്പോൾ ഇവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ അടഞ്ഞുകിടന്നത് തുറക്കുകയും ലാഭകരമാക്കാനും നടത്തിയ മാജിക് എന്താണ്"? എന്ന് ചോദിച്ച് അതിനെ പ്രശംസിക്കുന്ന ഒരു സമീപനമാണ് ബി.ജെ.പി നേതാവുൾപ്പെടുന്ന പാർലമെന്ററി കമ്മിറ്റി സ്വീകരിച്ചത്. ആ വിധത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുക മാത്രമാണോ ചെയ്തിട്ടുള്ളത്?

ശ്രീ. വി. ശിവൻകുട്ടി : മറ്റ് പല സംസ്ഥാനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങൾ എങ്ങനെ ലാഭകരമാക്കാം എന്നതിനെ സംബന്ധിച്ച് പ്രഭാഷണം നടത്താനും ക്ലാസ് എടുക്കാനും ശ്രീ. എളമരം കരീമിന് ക്ഷണം ലഭിച്ചുവെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സ്വാഭാവികമായി പൊതുമേഖലകളെ ലാഭകരമാക്കണമെന്ന് താൽപ്പര്യമുള്ള സംസ്ഥാനങ്ങളിൽ ശ്രീ. എളമരം കരീം

2.00 P.M. കാണിച്ച മാതൃക, ഇവിടെ അദ്ദേഹം എടുത്തിട്ടുള്ള താൽപ്പര്യം എന്താണെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കും. അത്തരത്തിൽ അദ്ദേഹത്തെ ക്ഷണിച്ചിട്ടുണ്ടാകും. ഞാൻ പറഞ്ഞത്, പൊതുമേഖലയുടെ മാത്രമല്ല, നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ ആളുകൾ ഉപജീവനത്തിന് ആശ്രയിക്കുന്ന മറ്റ് മേഖലകളുണ്ട്. ആ മേഖലകളിൽ ഗവൺമെന്റ് എടുത്ത നടപടികളുണ്ട്. ഒന്ന് കൈത്തറി. കഴിഞ്ഞ കാലത്ത് തൊഴിലാളി സംഘടനകൾ ഏറ്റവും കൂടുതൽ സമരം ചെയ്തത് കൈത്തറിയുടെ റിബേറ്റ് കുടിശ്ശികയ്ക്കു വേണ്ടിയാണ്. 85 ശതമാനം സഹകരണ മേഖലയാണ്. അഞ്ച് ശതമാനം മാത്രമാണ് സ്വകാര്യ മേഖലയുള്ളത്. ബാക്കിയുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങളാണ് കൈത്തറി മേഖലയിലുള്ളത്. ആ സംഘങ്ങൾ കൊടുക്കേണ്ട റിബേറ്റ് കൊടുക്കാത്തതിന്റെ പേരിൽ സമരമാണ് നടത്തിക്കൊണ്ടിരുന്നത് എങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം റിബേറ്റ് കുടിശ്ശികയ്ക്കുവേണ്ടി ഒരു ദിവസം പോലും തൊഴിലാളികളുടെ പ്രതിഷേധമോ സംഘങ്ങളുടെ പ്രതിഷേധമോ ഉയർന്നു വന്നിട്ടില്ല. 2009-10-ൽ 635 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായിരുന്നത് ഗവൺമെന്റ് വിതരണം ചെയ്തു. ഈ വർഷമാണെങ്കിൽ അഞ്ച് കോടി രൂപ അതിലേയ്ക്ക് നീക്കി വച്ചിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക ഒരു പൈസപോലും ഇല്ലാതെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഇന്ത്യയിലാകെ 60, 65 ലക്ഷം നെയ്ത്ത് തൊഴിലാളികൾ നെയ്ത്ത് വ്യവസായത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരളവുമായി കമ്പെയർ ചെയ്യുമ്പോൾ അവരുടെ സ്ഥിതി എന്താണ്? അതിനെ സംബന്ധിച്ച് നേരത്തേ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യാ രാജ്യത്ത് ആ മേഖലയിൽ പന്ത്രണ്ടോ ഇരുപതോ രൂപ വരുമാനംകൊണ്ട് ജീവിക്കുന്നവരായി തൊഴിലാളികൾ ഉള്ളപ്പോൾ ഇവിടെ ഒന്നേ മുക്കാൽ ലക്ഷത്തോളം വരുന്ന കൈത്തറി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കാൻ, അവരുടെ എഫിഷ്യൻസി വർദ്ധിപ്പിക്കുവാൻ, പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കുവാൻ, 100 ശതമാനം ഗ്രാന്റ് നൽകിക്കൊണ്ട് അതിനാവശ്യമായ മോഡണൈസേഷൻ കൊണ്ടുവരാനും അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. സാധാരണഗതിയിൽ കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി നെയ്യുന്ന തുണിത്തരങ്ങൾ വിറ്റഴിക്കാൻ കഴിയുന്നില്ല എന്നതാണ്. എന്നാൽ വിൽപ്പനയ്ക്കുള്ള പ്രദർശനശാല, വിൽക്കുന്നതിനുള്ള ഒരു മാർക്കറ്റിംഗ് സംവിധാനം, ലോകത്തെങ്ങും കയറ്റുമതി ചെയ്തിട്ടല്ല ആ മാർക്കറ്റിംഗ് സംവിധാനം ഉണ്ടായത്. കയറ്റുമതിയുടെ കാര്യത്തിലും ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുതന്നെ അതിനുള്ള മാർക്കറ്റ് കണ്ടെത്തുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാരും വിദ്യാർത്ഥികളുമൊക്കെ കൈത്തറി യൂണിഫോം ആഴ്ചയിൽ ഒരു ദിവസം ധരിക്കണമെന്നുള്ള തീരുമാനം വിജയകരമായി നടപ്പാക്കി കഴിഞ്ഞു. ഇപ്പോൾ ഡിമാന്റ് അനുസരിച്ച് ഉൽപ്പാദിപ്പിക്കുവാൻ കഴിയാത്ത ഒരു സ്ഥിതിയിലേയ്ക്കായി മാറി എന്നുള്ളത് ആ വ്യവസായത്തിന്റെ

നിലനിൽപ്പിനേയും വളർച്ചയേയും സൂചിപ്പിക്കുന്നതാണ്. അതാണ് കൈത്തറി മേഖലയിൽ ചെയ്തിട്ടുള്ളത്. 2003-04 -ൽ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഈ വ്യവസായത്തിനു വേണ്ടി മുടക്കിയത്, 23.87 കോടി രൂപയാണ്. എന്നാൽ ഈ വർഷവും കഴിഞ്ഞ വർഷവും സംസ്ഥാന ഗവൺമെന്റ് കൈത്തറി വ്യവസായത്തിന് മുടക്കിയത്..... ഈ വർഷം 61 കോടി മൂന്ന് ലക്ഷം രൂപയും കഴിഞ്ഞ വർഷം 51 കോടി രൂപയും അതിന് തൊട്ടു മുമ്പുള്ള 2008-09 വർഷത്തിൽ 60 കോടി രൂപയുമാണ്. അത് വ്യവസായത്തിനോടും ആ തൊഴിലാളികളോടുമുള്ള ഈ ഗവൺമെന്റിന്റെ താൽപ്പര്യം സൂചിപ്പിക്കുന്നതാണ്. ഏറ്റവും പഞ്ഞം പിടിച്ച ഒരു വ്യവസായ മാണ് ഖാദി മേഖല. ഖാദി മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പ്രാവശ്യം കൂലി വർദ്ധിപ്പിച്ചു. 2007-ൽ 25 % കൂലി, 2009-ൽ 50% കൂലി. ഖാദി രാജ്യത്തിന്റെ ദേശീയ ചിഹ്നമാണെന്നെല്ലാം പറഞ്ഞ് അവർ വാനോളം പുകഴ്ത്തുമെങ്കിലും ആ ഖാദി തുണി നെയ്യുന്ന തൊഴിലാളികൾ പട്ടിണിക്കാരായി കിടന്ന അവസ്ഥയിൽനിന്നും ആ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം യു.ഡി.എഫ് ഗവൺമെന്റ് ചിന്തിച്ചിട്ടേ ഉണ്ടായിരുന്നില്ല. എന്തിന് ദേശീയ ഗവൺമെന്റുപോലും ചിന്തിക്കാതിരുന്ന സമയത്ത് ഈ ഗവൺമെന്റ് അവരുടെ കൂലി 50% വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, അവരുടേയും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്, തറികൾ മോഡണൈസ് ചെയ്യുന്നതിന്, ചർക്കകൾ മോഡണൈസ് ചെയ്യുന്നതിന് ആവശ്യമായ സഹായവും ചെയ്തു. ഓണക്കാലത്ത് അവർക്കും മറ്റുള്ള ജീവനക്കാർക്ക് കൊടുക്കുന്നതുപോലെ ഉത്സവബത്ത കൊടുത്തു. ഉദ്യോഗസ്ഥരും വിദ്യാർത്ഥികളുമൊക്കെ ഖാദി തുണിത്തരങ്ങൾ ആഴ്ചയിൽ ഒരു ദിവസം ധരിക്കണമെന്ന ഗവൺമെന്റ് നിലപാടിന്റെ ഫലമായി വിൽപ്പനയിൽ 20 ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ വ്യവസായത്തോട് എടുക്കുന്ന സമീപനത്തെക്കുറിച്ച് ഖാദിയുടെ പേരിൽ സംസാരിച്ച ഒരാൾപോലും സൂചിപ്പിച്ചില്ല. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ റിബേറ്റ് നിറുത്തി. 2010 മുതൽ കേന്ദ്രം റിബേറ്റ് നിറുത്തിക്കഴിഞ്ഞിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ആ റിബേറ്റ് നിറുത്തിയാൽ എങ്ങനെയാണ് ഇത് നിലനിൽക്കുന്നത്. ഖാദിയും കൈത്തറിയും. ഇത് രണ്ടും റിബേറ്റ് പിരീഡിലാണ് ആളുകൾ ആ തുണിത്തരങ്ങൾ വാങ്ങുന്നത്. കൈത്തറിയുടെ റിബേറ്റ് 2009-ൽ നിറുത്തി. ഖാദിയുടെ റിബേറ്റ് 2010-ൽ നിറുത്തി. ഈ പരമ്പരാഗത അസംഘടിത മേഖലയിലെ തൊഴിലാളികളെ രക്ഷിക്കുവാനാണോ അതോ ശിക്ഷിക്കുവാനാണോ കേന്ദ്ര ഗവൺമെന്റ് ഈ നടപടി സ്വീകരിച്ചത്? കേന്ദ്ര ഗവൺമെന്റിന്റെ ആ നടപടിയെ അപലപിക്കേണ്ടവർ ഒരക്ഷരം ഉരിയാടിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവണ്മെന്റ് അത് നിറുത്തൽ ചെയ്തെങ്കിൽപ്പോലും സംസ്ഥാന ഗവൺമെന്റ് അത് നിലനിറുത്താൻ 20% റിബേറ്റ് കൊടുക്കുന്നതിന് തുക വകയിരുത്തി അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെയെല്ലാം ഫലമായി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. 2006-07-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ 477 ലക്ഷം രൂപയുടെ ഖാദി തുണിത്തരങ്ങളാണ് വിൽപ്പന നടത്തിയിരുന്നതെങ്കിൽ ഈ വർഷം

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ വിൽപ്പന പത്ത് കോടി എട്ട് ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതാണ് ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം സ്വീകരിച്ചിട്ടുള്ള നടപടി. ജനങ്ങളുടെ മേൽ കൂടുതൽ നികുതി ഭാരം അടിച്ചേല്പിക്കാതെ തന്നെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റും ഒരു മാതൃക കാണിച്ചിട്ടുണ്ട്. അവരെ സംബന്ധിച്ച് മറ്റുതരത്തിലൊക്കെ ആക്ഷേപങ്ങൾ പറയുമെങ്കിലും 2006-07 ൽ 26 കോടി രൂപയാണ് മൈനിംഗിൽ ഒരു വർഷം ലഭിച്ചത് എങ്കിൽ അത് 36 കോടിയായി വർദ്ധിപ്പിച്ചെടുക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് സാധിച്ചിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾ ആശ്രയിക്കുന്ന മറ്റൊരു വ്യവസായമാണ് കയർ വ്യവസായം. ആ കയർ വ്യവസായ രംഗത്ത് ഗവൺമെന്റ് എടുത്തിരിക്കുന്ന നടപടികൾ ഫലം കണ്ടുവരികയാണ്. ഇനി വരുന്ന വർഷങ്ങളിൽ തീർച്ചയായും ഇതിന്റെ ഗുണഫലം ലഭിക്കും. പരമ്പരാഗത വ്യവസായങ്ങളാകെ ഈ ആധുനിക സാങ്കേതികവിദ്യയുടെ വളർച്ചയോടുകൂടിത്തന്നെ വൻപിച്ച തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ തകർച്ചയിൽ ഏറ്റവും കൂടുതൽ ആഘാതം ഏറ്റിട്ടുള്ളത് കയർ വ്യവസായത്തിനാണ്. ആ വ്യവസായത്തിൽ ഉൽപ്പാദിപ്പിച്ച സാധനങ്ങൾ വിറ്റഴിക്കുവാൻ കഴിയാതിരിക്കുകയും അതിനാവശ്യമായ അസംസ്കൃത സാധനം കിട്ടാതിരിക്കുകയും തൊഴിലാളികളുടെ കൂലി പട്ടിണിക്കൂലിയായി നിലനിൽക്കുകയും ചെയ്ത ഒരു പശ്ചാത്തലത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 60, 70 രൂപയായിരുന്നു തെക്കൻ ജില്ലകളിലെ കൂലി. അതിപ്പോൾ 80 മുതൽ നൂറ് രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. സാധരണഗതിയിൽ തൊഴിലാളികൾ എത്രയോ സമരം നടത്തിയാൽ വർദ്ധിച്ചു കിട്ടുന്നത് പത്തോ പതിനഞ്ചോ രൂപയുടെ വർദ്ധനവാണ്. എന്നാൽ ബഹുമാന്യനായ കയർ വകുപ്പ് മന്ത്രി മുൻകയ്യെടുത്തുകൊണ്ട്, ഈ കഴിഞ്ഞ ജൂൺ മാസം മുതൽ മിനിമം നൂറ്റിയമ്പത് രൂപയെങ്കിലും കൂലി കൊടുക്കണമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. സഹകരണ സംഘങ്ങൾ മാത്രമല്ല, സ്വകാര്യ മേഖലയിലെ കയർ ഉൽപ്പാദകരടക്കം കൂലി കൊടുക്കണം. അവർ ഉൽപ്പാദിപ്പിക്കുന്ന കയർ ആ കൂലി കൊടുത്തു മാർക്കറ്റിൽ വിൽക്കുമ്പോൾ നഷ്ടം സംഭവിക്കാതിരിക്കാൻ ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് ഉൽപ്പാദന ചെലവിനനുസരണമായ വില നൽകി കയർ വാങ്ങി, ആ കയർ വ്യവസായത്തിലെ മൂന്ന് നാല് ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്കുണ്ടായിരുന്ന നഷ്ടം മുഴുവനും എഴുതിത്തള്ളാനും അത്........

ശ്രീ. വർക്കല കഹാർ : സർ, ആദ്യമായി സഹകരണ മേഖലയിൽ നൂറ് രൂപ എന്നുള്ളത് 150 രൂപയാക്കി. സഹകരണ മേഖലയിലാക്കി. രണ്ടാമത് സ്വകാര്യ മേഖലയിലുള്ളത് 150 ആണെന്ന് പ്രഖ്യാപിച്ചു. പ്രഖ്യാപിച്ചുവെങ്കിലും ആ 150 രൂപ ലഭിക്കുന്നില്ല എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഏതെങ്കിലും ഒരു തൊഴിലുടമയുടെ മുമ്പിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് 150 രൂപ ലഭിക്കുന്നില്ല എങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കഹ്ഹാറും ഒരു സംഘടനയുടെ നേതാവാണ്, ആ തൊഴിലാളി സംഘടനകൾകൂടി മുൻകയ്യെടുത്തുകൊണ്ട് ഏത് ഉൽപ്പാദകനാണ് കൂലി നൽകാത്തത് അവിടെയുള്ള തൊഴിലാളിക്ക് അത് വാങ്ങിക്കൊടുക്കണം. ഉൽപ്പാദകർക്ക് അത് കൊടുക്കാതിരിക്കുവാൻ ഒരു ന്യായീകരണവുമില്ല. അയാളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഒരു വ്യവസ്ഥ വച്ചിട്ടുണ്ട്. ജൂലൈ പതിനഞ്ചിനകത്ത് രജിസ്റ്റർ ചെയ്യണമെന്നു പറഞ്ഞു. എത്ര റാട്ട് അയാൾക്കുണ്ട്, അവിടെ എത്ര കയർ ഉൽപ്പാദിപ്പിക്കുന്നു, എത്ര തൊഴിലാളികളാണ് അവിടെ പണിയെടുക്കുന്നത്, ആ തൊഴിലാളികളുടെ പേരടക്കം രജിസ്റ്റർ ചെയ്താൽ ആ ഉൽപ്പാദിപ്പിക്കുന്ന കയർ ഏറ്റെടുക്കുവാൻ കയർ ഫെഡ് പ്രാദേശികമായി ഡിപ്പോ തുടങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദകൻ കൂലി കുറച്ചു കൊടുക്കേണ്ട ആവശ്യമേയില്ല. ന്യായമായ കൂലി കൊടുത്ത് കയർ ഉൽപ്പാദിപ്പിക്കാം. അയാൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അതിനനുസരിച്ച് നൽകുന്നില്ലെങ്കിൽ അതാത് പ്രദേശത്തെ തൊഴിലാളി സംഘടനകൾ അക്കാര്യം ശ്രദ്ധിക്കണമെന്നുള്ളതാണ് അക്കാര്യത്തിൽ ശ്രീ. കഹ്ഹാറിനോട് സൂചിപ്പിക്കുവാനുള്ളത്. എവിടെയെങ്കിലും ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും തൊഴിലാളികൾക്ക് ചെറുകിട ഉൽപ്പാദകർ 150 രൂപ കൂലി കൊടുക്കുന്നില്ലെങ്കിൽ അവിടെയുള്ള തൊഴിലാളികളെ കണ്ട് അത് വാങ്ങുന്നതിന് പ്രേരിപ്പിക്കുകയും വാങ്ങി കൊടുക്കുവാനുള്ള നടപടികൾ യൂണിയനുകൾ സ്വീകരിക്കുകയും വേണം. ഒരു കാലത്തും ഒരു വ്യവസായത്തിലും ഉൽപ്പാദന ചെലവ് നൽകി തൊഴിലാളികളുടെകൂലി ലഭ്യമാക്കുന്നതിനുവേണ്ടി ചരക്കുകൾ വാങ്ങുന്ന ചുമതല ഏതെങ്കിലും ഒരു ഗവൺമെന്റ് ഏതെങ്കിലും കാലത്ത് ഏറ്റെടുത്തിട്ടുണ്ടോ? ഇല്ല. തീർച്ചയായും കയർ വ്യവസായത്തിലെ തൊഴിലാളികൾക്ക് ഗവൺമെന്റ് അനുഗ്രഹകരമായ കാര്യമാണ് ചെയ്തിട്ടുള്ളത്. അത് ഫലപ്രദമാക്കാൻ എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, 1957-ലെ ഗവൺമെന്റിന്റെ കാലത്താണ് തൊഴിലാളികൾക്ക് കയർ സർവ്വീസ് സഹകരണ സംഘങ്ങളിൽ മെമ്പർഷിപ്പ് കിട്ടുന്നത്. അതുവരെ കയർ മുതലാളിമാരും തൊണ്ട് കച്ചവടക്കാരും സർക്കാർ ഉദ്യോഗസ്ഥരുമായിരുന്നു തൊഴിലാളികളുടെ പേരിൽ അംഗങ്ങളായിരുന്നത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് സംഘങ്ങളിൽ 93 ശതമാനം തൊഴിലാളികളും 7 ശതമാനം അനുഭാവികളുമാകണം എന്ന് വ്യവസ്ഥയുണ്ടാക്കി. അതനുസരിച്ച് തൊഴിലാളികൾ അംഗങ്ങളാകുകയും അവർക്ക് ജോലി കൊടുത്താൽ അതിൽനിന്ന് അഞ്ച് ശതമാനം ത്രിഫ്റ്റ് പിടിക്കണമെന്നുമായിരുന്നു. അൻപത് വർഷക്കാലമായി തൊഴിലാളികളിൽനിന്ന് കൂലിയുടെ ഇനത്തിൽ പിടിച്ചിരുന്ന ത്രിഫ്റ്റ് സംഖ്യ ഇതുവരെ തൊഴിലാളി പോലും തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഈ ഗവൺമെന്റ് ഒരു ലക്ഷത്തി നാൽപ്പത്തിയൊൻപതിനായിരത്തിൽപ്പരം വരുന്ന തൊഴിലാളികൾക്ക് പത്ത് കോടി രൂപ ഇപ്പോൾ കൊടുക്കുകയാണ്. 500 രൂപ മുതൽ 20,000 രൂപ വരെ കൂലി കുടിശ്ശിക ആ നിലയിൽ തൊഴിലാളികൾ വാങ്ങുകയാണ്. തൊഴിലാളികൾ പോലും സ്വപ്നം കണ്ടിരുന്ന കാര്യമല്ല. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് കൊടുക്കാനുണ്ടായിരുന്ന കാശായിരുന്നു. അൻപത് വർഷക്കാലമായി പിടിച്ച കാശായിരുന്നു, അത് കൊടുക്കാൻ ഗവൺമെന്റ് തീരുമാനം എടുക്കുകയുണ്ടായി. സഹകരണ സംഘങ്ങളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം, മറ്റ് തൊഴിലാളികൾക്കെല്ലാം പെൻഷനുണ്ട്. അവർ ജോലി ചെയ്താൽ നൂറോ നൂറ്റൻപതോ രൂപ കൂലി കിട്ടും. പക്ഷേ സംഘങ്ങളിലെ ജീവനക്കാരനായിരിക്കുന്ന തുച്ഛമായ ശമ്പളം പറ്റുന്ന ജീവനക്കാരൻ പിരിഞ്ഞുപോയാൽ ഗ്രാറ്റുവിറ്റി കിട്ടുമായിരുന്നില്ല, പെൻഷനില്ല, യാതൊരു ആനുകൂല്യവുമില്ല. ആ ജീവനക്കാരന് ഗ്രാറ്റുവിറ്റി കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ഈ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തി. അതിന്റെ ഫലമായി സംഘങ്ങളിൽനിന്ന് പിരിഞ്ഞു പോയ പാവപ്പെട്ട സഹകരണസംഘങ്ങളിലെ ജീവനക്കാരന്റെ ഗ്രാറ്റുവിറ്റിയുടെ വിതരണവും കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി നടത്തുകയുണ്ടായി. കയർ വ്യവസായത്തെ നവീകരിക്കുന്നതിനുവേണ്ടി റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ എന്ന എൻ.സി.ആർ.ബി.-യുടെ സ്ഥാപനം ഇവിടെ തുടങ്ങിയിട്ടുണ്ട്. ആ സ്ഥാപനം നന്നായി പ്രവർത്തനം നടത്തുകയാണ്. ഇപ്പോൾ മൊബൈൽ ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ചകിരി കിട്ടുന്നില്ലെന്നുള്ളതാണ്. നമ്മുടെ നാട്ടിൽ ഉൽപാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് മുഴുവൻ കളക്ട് ചെയ്ത് തൊണ്ട് കിടക്കുന്നിടത്തേയ്ക്ക് മെഷീൻ കൊണ്ടുപോകുന്ന മൊബൈൽ ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി സ്വകാര്യ വ്യക്തികൾക്കും സഹകരണ സംഘങ്ങൾക്കും സപ്ലൈ ചെയ്തു കൊണ്ടിരിക്കുകയാണ്. മെഷീൻ ഇരിക്കുന്നിടത്തേയ്ക്ക് തൊണ്ടുകൊണ്ടുവരേണ്ടതില്ല, മൊബൈൽ മെഷീൻ അവിടെകൊണ്ടുപോകാം. അതുകൊണ്ട് ചകിരി കേരളത്തിൽത്തന്നെ ഉൽപാദിപ്പിക്കാൻ എൻ.സി.ആർ.ബി. യുടെ പ്രവർത്തനത്തിന്റെ ഫലമായി സാധിക്കുന്നു. ഉൽപാദനക്ഷമതയുള്ള റാട്ടുകൾ കൊണ്ടുവരുന്നതിനുവേണ്ടി ഇന്ന് തൊഴിലാളി ഉൽപാദിപ്പിക്കുന്ന ഉൽപാദനക്ഷമത വച്ചുകൊണ്ട് ഈ 150 രൂപ കൂലി കൊടുത്ത് മുന്നോട്ട് പോകാൻ സാധിക്കില്ല. അതിന് അവരുടെ പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കണം. അതിന് ഉൽപാദനക്ഷമതയുള്ള റാട്ടുകൾ ഡിസൈൻ ചെയ്ത് അഞ്ചാറ് മാസക്കാലത്തിനിടയിൽ മാർക്കറ്റിൽ കൊണ്ടുവരാനും അത് സ്വകാര്യ മേഖലയ്ക്കും സഹകരണ മേഖലയ്ക്കുമെല്ലാം കൊടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. കയർ വ്യവസായത്തെ സംബന്ധിച്ച് എത്രയോ കാലമായി നമ്മൾ മുറവിളി കൂട്ടുന്നതാണ്. 1954-ൽ ഒരു തൊഴിലാളിയുടെ കൂലി എട്ട് അണയാണ്, അൻപത് പൈസയാണ്. ആ കൂലിയിൽ നിന്ന് 100 രൂപ കൂലിയിൽ എത്താൻവേണ്ടി അൻപത് വർഷം പിടിക്കേണ്ടിവന്നു. ആ തൊഴിലാളിക്കാണ് നൂറു രൂപയിൽനിന്ന് നൂറ്റൻപത് രൂപയാകാൻ ഒരു വർഷംപോലും പിടിക്കേണ്ടി വന്നിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലത്താണ് 150 രൂപയാക്കി കിട്ടിയത്. ആ നേട്ടം നമ്മൾ വിസ്മരിക്കുന്നത് ശരിയല്ല. മറ്റൊരു മേഖലയാണ് കശുവണ്ടി മേഖല. കശുവണ്ടി മേഖലയിൽ മൂന്ന്

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തോളം തൊഴിലാളികളുണ്ട്. 2700 കോടി രൂപയാണ് വിദേശ നാണ്യം നേടിത്തരുന്നത്. ആ കശുവണ്ടി മേഖലയിൽ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര ദിവസമാണ് പണി കൊടുത്തിരുന്നത് എന്ന് നിങ്ങൾക്കെല്ലാവർക്കും ഓർമ്മയുണ്ടാകും. അതിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ, ഈ വർഷം ഈ മേഖലയിൽ 219 ദിവസം ജോലി കൊടുത്തു. ചെറിയ കാര്യമല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്ന തൊഴിൽ ദിനങ്ങൾ, 2001-ൽ കാപ്പെക്സിൽ ഒരു ദിവസവും ജോലി ഉണ്ടായിരുന്നില്ല. 2002-ൽ 29 ദിവസമായിരുന്നു. 2003-ൽ 51 ദിവസമാണ്. ആ ദിവസങ്ങളിൽ ജോലി ചെയ്ത തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കൊടുത്തിരുന്നില്ല. ഏതാണ്ട് രണ്ട് കോടിയിൽപ്പരം രൂപ കാപ്പെക്സിന് ഗ്രാറ്റുവിറ്റി കൊടുക്കണമായിരുന്നു. കോർപ്പറേഷനിൽ തൊഴിൽ ദിനങ്ങൾ 2001-ൽ 21 ദിവസമാണ്. 2002-ൽ ഒരു ദിവസവും ജോലി കൊടുത്തില്ല. 2003-ൽ പതിനേഴ് ദിവസം, 2004-ൽ പതിനെട്ട് ദിവസം. ഇപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം 2006-ൽ 163 ദിവസവും 2007-ൽ 235 ദിവസവും 2008-ൽ 209 ദിവസവും 2009-ൽ 201 ദിവസവും കശുവണ്ടി തൊഴിലാളികൾക്ക് ജോലി കൊടുക്കുകയുണ്ടായി. അവർക്ക് 34 കോടി രൂപ ഗ്രാറ്റുവിറ്റി കുടിശ്ശികയുണ്ടായിരുന്നു. മുഴുവൻ സംഖ്യയും കൊടുത്തുതീർത്തു. ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുവേണ്ടി ഇപ്പോൾ വീണ്ടും ഗവൺമെന്റ് തുക വകയിരുത്തിക്കഴിഞ്ഞിരിക്കുന്നു. 3800 തൊഴിലാളികളാണ് കാപ്പെക്സിൽ ജോലി ചെയ്തിരുന്നത്. അത് ആറായിരമായി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് നടപടി സ്വീകരിച്ചു. ഐ.ടി. മേഖലയിൽ പതിനെണ്ണായിരത്തി അഞ്ഞൂറ് പേരായിരുന്നു ഉണ്ടായിരുന്നത്. നേരത്തെ എന്റെ സ്നേഹിതൻ ശ്രീ. ജോർജ് മേഴ്സിയർ 250 പേർക്കാണ് ജോലി കൊടുക്കുകയുണ്ടായത് എന്ന് പറയുകയുണ്ടായി. ഇപ്പോൾ ഐ.ടി. മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 15,865 പേർക്ക് പുതുതായി തൊഴിൽ കൊടുത്തിട്ടുണ്ട്. ആ നിലയിൽ ഐ.ടി. മേഖലയിലും ഈ ഗവൺമെന്റ് വന്നതിനുശേഷം മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റ് വ്യവസായ മേഖലയിൽ സ്വീകരിച്ച നടപടിയുടെ ഒരുചെറിയ വിവരം മാത്രമേ ഇവിടെ സൂചിപ്പിച്ചുള്ളു. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുമ്പോൾ, പൊതുമേഖലാ സ്ഥാപനം നഷ്ടമായതുകൊണ്ടല്ല. ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾപോലും കണ്ട വിലയ്ക്ക് വിൽക്കുന്നതിനെതിരായി രാജ്യമാകെ ഉണർന്നെഴുന്നേൽക്കാൻ പോകുകയാണ്. എന്റെ സ്നേഹിതൻ ഐ.എൻ.ടി.യു.സി. യുടെ നേതാവ് ശ്രീ. വർക്കല കഹാർ പ്രസംഗിച്ചപ്പോഴും മറ്റുള്ള ആളുകൾ പ്രസംഗിച്ചപ്പോഴും ഞാൻ കരുതി അവർ ഇക്കാര്യത്തിൽ അഭിപ്രായം പ്രകടിപ്പിക്കുമെന്ന്. കഴിഞ്ഞ പതിനഞ്ചാം തീയതി ഡെൽഹിയിൽ കൂടിയ ദേശീയ കൺവെൻഷൻ, അങ്ങും ആ മേഖലയിൽ പ്രവർത്തിക്കുന്ന ആളാണല്ലോ; ദേശീയ കൺവെൻഷൻ ഒരു തീരുമാനം എടുത്തിട്ടുണ്ട്. ബി.എം.എസ്. ഉൾപ്പെടെ ഇന്ത്യയിലുള്ള പത്ത് കേന്ദ്ര സംഘടനകൾ,

LIBRARY ARCHIVES Kerala Legislative Assembly

അതിൽ ബി.എം.എസ്.-ന്റെ പണിമുടക്കിന്റെ ഡേറ്റിൽ മാത്രമേ സംശയമുള്ളൂ. ഈ സംഘടനകളുടെ ആവശ്യങ്ങളോട് പൊതുവേ എല്ലാപേർക്കും യോജിപ്പാണ്. അവർ ഉന്നയിക്കുന്ന അഞ്ച് ആവശ്യങ്ങളിൽ പ്രധാനപ്പെട്ട ആവശ്യം പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ പാടില്ലെന്നുള്ളതാണ്. ഇവിടെ ആ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നു. കേന്ദ്രം അതെല്ലാം വിറ്റു തുലയ്ക്കുന്നു. അതിനെതിരായി കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ പ്രമുഖ തൊഴിലാളി സംഘടനയായ ഐ.എൻ.ടി.യു.സി. ഇന്ത്യയുടെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അൻപത് വർഷക്കാലത്തിനിടയിൽ ആദ്യമായി ഐ.എൻ.ടി.യു.സി. ഒരു ദേശീയ പൊതുപണിമുടക്കിന് ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് ഒപ്പം ചേരുകയാണ് നിങ്ങൾ സൈലന്റായിരിക്കുമ്പോൾ എനിക്ക് ഒരു ഉത്കണ്ഠ തോന്നുന്നുണ്ട്. അത് എന്താണെന്നുവച്ചാൽ ഐ.എൻ.ടി.യു.സി. യുടെ ദേശീയ നേതൃത്വം ഉൾപ്പെടെ ഇന്ത്യൻ തൊഴിലാളികൾ ആകെ ഒരു ചങ്ങലയിൽ കോർത്തപോലെ അണിനിരക്കുമ്പോൾ ആ തൊഴിലാളിയോടൊപ്പം നിൽക്കാതെ അതിനെ ഭിന്നിപ്പിക്കാൻ വല്ല മനസ്സും നിങ്ങൾക്കുണ്ടോയെന്ന് ഞാൻ ഭയപ്പെടുകയാണ്. നിങ്ങൾ അങ്ങനെ ചെയ്താൽ ദേശദ്രോഹകരമായ പ്രവർത്തിയായിരിക്കും. ഇന്ത്യാരാജ്യത്താകെ ഐ.എൻ.ടി.യു.സി.-യും പത്ത് കേന്ദ്ര തൊഴിലാളി സംഘടനകളും അതുപോലെ സാമ്പത്തിക മേഖലയാകെ ഈ സമരത്തിൽ പങ്ക് ചേരുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ മേഖലയും എല്ലാ മേഖലയിലുമായി ഏതാണ്ട് ഒരു കോടി എൺപത് ലക്ഷം ജീവനക്കാർ പണിയെടുക്കുന്നുണ്ട്. രണ്ട് കോടിയോളം വരുന്ന ആ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ അതുപോലെ എൺപത് ലക്ഷത്തിൽപ്പരം വരുന്ന സ്വകാര്യ മേഖലയിലെ ജീവനക്കാർ ദേശീയ ആവശ്യങ്ങൾക്കുവേണ്ടി പണിമുടക്കുകയാണ്. ആ പണിമുടക്കിൽ നിങ്ങൾ സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതല്ലെങ്കിൽ നിങ്ങൾ ആർക്കുവേണ്ടി നിൽക്കുന്നു എന്നുള്ളതിന് സംശയം വരും. ഇവിടെ സ്വകാര്യമേഖലയിൽ വന്ന്, റിലയൻസ് എന്നുപറയുന്ന മുതലാളി ഐ.പി.സി.എൽ. വിലയ്ക്കു വാങ്ങുകയാണ്. ഇവിടെനിന്ന് ഖനനം ചെയ്യുന്ന എണ്ണയ്ക്ക് ഒരു ഡോളർ മുതൽ രണ്ട് ഡോളർ വരെ മാത്രമേ ഒരു ബാരൽ എണ്ണയ്ക്ക് വിലയുള്ളൂ. അത് എഴുപത് ഡോളർ മുതൽ 130 ഡോളർ വരെ വിറ്റ് ലാഭമുണ്ടാക്കി ലോക കോടീശ്വരൻമാരെ രണ്ടാം സ്ഥാനത്തേയ്ക്ക് എത്തിച്ച റിലയൻസിന്റെ കൂടെയാണോ അതോ നിങ്ങൾ ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികളുടെ കൂടെയാണോ എന്ന് വ്യക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതനുസരിച്ച് സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു നടപടിയിലേയ്ക്കും പോകാൻ പറ്റില്ലെന്നുള്ളതാണ് അങ്ങയുടെ നിലപാട്. ഞാൻ വലിയ ദേശീയ നേതാവൊന്നുമല്ല. ഞാൻ ഈ കേരളത്തിൽ കാണുന്നത്, നമ്മുടെ കൈരളി ടി.വി. സ്വകാര്യ പങ്കാളിത്തമാണ്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി തന്നെയാണ് ആ പ്രസ്ഥാനം മുന്നോട്ട് പോകുന്നത്. ഞങ്ങൾ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റപ്പെടുത്തുന്നില്ല. നിങ്ങൾ ഇങ്ങനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു അതിന്റെ പ്രയോജനം എടുക്കുകയും ചെയ്യുന്നു എന്നുള്ളത് ഒരു കോൺട്രഡിക്ടറിയാണ്. അതാണ് വൈരുദ്ധ്യാധിഷ്ഠിതമായ ഒരു വാദം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഞാൻ പറയാത്ത ഒരു കാര്യം പറഞ്ഞു എന്നുപറഞ്ഞ് ....(മൈക്ക് ഓഫ്)..............

മി. ചെയർമാൻ (ശ്രീ. എം. എ. വാഹിദ്) : ബഹുമാനപ്പെട്ട അംഗം അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.........

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ....(മൈക്ക് ഓഫ്)...........കേരളം ഭരിച്ചപ്പോഴാണ് ആദ്യമായി മാവൂർ റയോൺസ് ഇവിടെ ഉണ്ടായത്. സ്വകാര്യ മുതലാളിയാണ്.

മി. ചെയർമാൻ: അങ്ങ് വളരെ കൂടുതൽ സമയമെടുത്തു. ബഹുമാനപ്പെട്ട അംഗം ചുരുക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : അതേ സമയം ലാഭകരമായി നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മുതലാളിമാർക്ക് വിൽക്കുക. അത് സ്വകാര്യ മുതലാളിമാരുടെ ആഗ്രഹമാണ് അന്തർദ്ദേശീയ മുതലാളിമാരും ഇന്ത്യൻ മുതലാളിമാരും ഇന്ത്യയിലെ ലാഭമുള്ള കമ്പനികളൊക്കെ കയ്യടക്കാൻ പരിശ്രമിക്കുന്നു. അതിന് കൂട്ടുനിൽക്കുന്ന നിലപാട് തെറ്റാണെന്നാണ് ഞങ്ങളുടെ നിലപാട്.

മി. ചെയർമാൻ : ഈ പോയിന്റ് പറഞ്ഞുകൊണ്ട് അങ്ങ് ചുരുക്കണം.....സമയം അനുവദിക്കാൻ പറ്റില്ല.

ശ്രീ. വർക്കല കഹാർ : ഡിസ്ഇൻവെസ്റ്റ്മെന്റിന്റേയും സ്വകാര്യ വൽക്കരണത്തിന്റേയും പ്രശ്നം മറ്റ് സംസ്ഥാനങ്ങളിലേക്കാൾ വെസ്റ്റ് ബംഗാളിലുണ്ട്. ഇവിടുത്തെ കെൽട്രോൺ പോലെ വെസ്റ്റ് ബംഗാൾ ഇലക്ട്രോണിക്സ് വെസ്റ്റ് ബംഗാൾ ഗവൺമെന്റിന്റേതായിരുന്നു. അത് സ്വകാര്യവൽക്കരിച്ചു. പൊതുമേഖലയിൽ ഉണ്ടായിരുന്ന രണ്ട് ഹോട്ടലുകൾ സ്വകാര്യവൽക്കരിച്ചു. സ്വകാര്യവൽക്കരണം, ഡിസ്ഇൻവെസ്റ്റ്മെന്റ് ഏറ്റവും കൂടുതൽ ഉള്ള ഒരുസംസ്ഥാനം വെസ്റ്റ് ബംഗാളാണ്. അതുകൂടി കാണണം. നമ്മുടെ മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കീഴിലുള്ള ടി.ആർ.കെ.എൽ. എന്ന് പറയുന്ന സ്ഥാപനം സ്വകാര്യ വ്യക്തികളേയും സ്വകാര്യ ഉടമകളുടേയും പങ്കാളിത്തത്തോടെ ടൂറിസം ....

ശ്രീ. ജി. സുധാകരൻ : ഇവിടെ രേഖയിൽ തെറ്റായ ഒരു കാര്യം വന്നിരിക്കുകയാണ്. ഞാൻ ശ്രദ്ധയിൽപെടുത്തുകയാണ്. കൈരളി ടി.വി. എന്നുപറയുന്നത് പൊതുമേഖലാ സ്ഥാപനമല്ല. അത് സ്വകാര്യ സ്ഥാപനം തന്നെയാണ്. അത് പബ്ലിക് സെക്ടർ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം വൈന്റ് അപ്പ് ചെയ്യണം. ഇനി പ്രസംഗമില്ല. ഒരുപാട് സമയമെടുത്തു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇവിടെ പൊതുമേഖലയോടൊപ്പം തന്നെ സ്വകാര്യ മേഖലയ്ക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. എനിക്ക് ഒരു കാര്യം............(മൈക്ക് ഓഫ്)..........

മി. ചെയർമാൻ : അങ്ങ് അവസാനിപ്പിക്കണം........ ശ്രീ. കെ. ബാബു......അങ്ങേയ്ക്ക് പ്രസംഗം തുടങ്ങാം......

ശ്രീ. കെ. ബാബു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വ്യവസായ വകുപ്പിൽ ഒന്നും നടന്നില്ലെന്ന് ഞാൻ പറയില്ല. ചില ശ്രമങ്ങളൊക്കെ അദ്ദേഹം നടത്തിയിട്ടുണ്ട്. പക്ഷേ പൊതുവെ വ്യവസായ വകുപ്പിനെ ഒരു ഭൂമാഫിയ വകുപ്പാക്കി മാറ്റിയെന്നുള്ള ഇംപ്രഷനാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി കഴിഞ്ഞ നാല് വർഷം ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ആ പ്രഖ്യാപനങ്ങളെല്ലാം ജലരേഖയായിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ വലിയ നിക്ഷേപങ്ങൾ വന്ന സന്ദർഭത്തിൽ കേരളത്തിൽ നിങ്ങൾ തമ്മിലടിച്ച് വ്യവസായ അന്തരീക്ഷം തകർത്ത് യാതൊരു നിക്ഷേപവും കേരളത്തിൽ വരാഞ്ഞ സാഹചര്യമാണുള്ളത്. വ്യവസായം വരണമെങ്കിൽ മന്ത്രിസഭയ്ക്ക് ഏകോപനം വേണമെന്ന് നിങ്ങളുടെ പാർട്ടി സെക്രട്ടറി തന്നെ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ വ്യവസായ പുരോഗതിയുണ്ടാകണമെങ്കിൽ മന്ത്രിസഭ ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ കേരളത്തിൽ കൈവരേണ്ട വ്യവസായ മുന്നേറ്റത്തെക്കുറിച്ച് പാർട്ടിയുടെ മുഖപത്രത്തിലെഴുതി. ഇവിടെയുള്ള പ്രശ്നം, നിങ്ങൾ തമ്മിലടിക്കുന്ന സാഹചര്യം നിങ്ങളുടെ പാർട്ടി സെക്രട്ടറിക്കുപോലും നിഷേധിക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ കേസരി മെമ്മോറിയൽ പ്രസ്സ് ക്ലബ്ബിൽ പോയി നടത്തിയ അഭിമുഖത്തിൽ പറഞ്ഞിട്ടുള്ളത് എന്താണ്? തർക്കങ്ങളും കേസ്സുകളുംമൂലം മൂന്നുലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമായിരുന്ന വൻകിട പദ്ധതികൾ സംസ്ഥാനത്ത് നഷ്ടമായെന്നാണ് അപ്പോൾ വൻകിട വ്യവസായങ്ങളൊന്നും വന്നില്ലെന്ന് അങ്ങുതന്നെ സമ്മതിക്കുന്നുണ്ട്. മന്ത്രിസഭയുടെ വാർഷികത്തിന് കേസരി സ്മാരക ട്രസ്റ്റിന്റെ മുഖാമുഖം പരിപാടിയിൽ പങ്കെടുത്തുകൊണ്ട് നടത്തിയ പ്രസ്താവനയിലാണ് അങ്ങ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്. ഇവിടെ ഒരുപാട് വ്യവസായങ്ങൾ കൊണ്ടുവന്നു, ഒരുപാട് നിക്ഷേപങ്ങൾ കൊണ്ടുവന്നു എന്ന് പ്രസംഗിച്ച സുഹൃത്തുക്കൾ നിങ്ങളുടെ പാർട്ടി സെക്രട്ടറി സഖാവ് പിണറായി വിജയന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടേയും പ്രസ്താവന ഒന്നു വായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനുമെല്ലാം ചേർന്ന് ഡെൽഹിയിൽ നിക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

കരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ആ നിക്ഷേപക സമ്മേളനത്തിൽ പങ്കെടുത്ത ആളുകൾ എന്താ പറഞ്ഞത്? കേരളത്തിൽ വ്യവസായം തുടങ്ങാൻ പണത്തിനോ സാങ്കേതിക വൈദഗ്ദ്ധ്യത്തിനോ ക്ഷാമമില്ല. എന്നാൽ വേണ്ടത് വ്യവസായ അന്തരീക്ഷമാണ് എന്നാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചെങ്കിൽ ഈ ഗവൺമെന്റിന് കേരളത്തിൽ വ്യവസായങ്ങൾക്ക് അനുകൂലമായ, നിക്ഷേപത്തിന് അനുകൂലമായ രാഷ്ട്രീയ സാമൂഹ്യ കാലാവസ്ഥ സൃഷ്ടിക്കാൻ സാധിച്ചില്ലെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഡെൽഹിയിൽ നിങ്ങൾ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ മറ്റ് പല വ്യവസായങ്ങളുടേയും അഭിപ്രായങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ കഴിഞ്ഞ നാല് വർഷങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരേയൊരു കാര്യം കഴിഞ്ഞ സർക്കാർ ചൗധരി കമ്മിറ്റിയെ നിയോഗിച്ചുവെന്നുള്ളതാണ്. ചൗധരി കമ്മിറ്റിയുടെ നിക്ഷേപത്തിന്റെ പലിശയിലാണ് ഈ നാല് കൊല്ലം ഇടതുപക്ഷ മുന്നണിക്കാർ ജീവിച്ചത്. കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടിയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു, പബ്ലിക് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിക്ക് എതിരായി അവസാനം സമരം വന്നപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. താമരാക്ഷനും ഉൾപ്പെടെയുള്ള സബ്കമ്മിറ്റിയെ നിയോഗിച്ചില്ലേ എന്ന് അവസാനം നിങ്ങൾ എന്താണ് പറഞ്ഞത്? എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട് മരവിപ്പിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ മരവിപ്പിച്ചു. മരവിപ്പിച്ചല്ലോ? സമരമുണ്ടായി, അതിൽ തർക്കമൊന്നുമില്ല. ഞങ്ങളുടെ നിലപാടും അത് നടപ്പാക്കുന്നതിന് അനുകൂലമായിരുന്നില്ലല്ലോ? അതുകൊണ്ടാണല്ലോ ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. താമരാക്ഷനുമടങ്ങുന്ന സമിതി ഇതിനെതിരായി റിപ്പോർട്ട് കൊടുത്തത്? ഗവൺമെന്റ് അത് നടപ്പാക്കിയില്ലല്ലോ? അപ്പോൾ ചൗധരി കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കി, വ്യവസായങ്ങൾ അടച്ചുപൂട്ടി, വിറ്റുതുലച്ചു എന്ന് അവസാനം പ്രസംഗിച്ച ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉൾപ്പെടെയുള്ള ആളുകൾക്കുള്ള മറുപടി ശ്രീ. എളമരം കരീമിന്റേതാണ്. ഇത് കഴിഞ്ഞ ഡിമാന്റ് ചർച്ചയിൽ ശ്രീ. എളമരം കരീം നടത്തിയ പ്രസംഗത്തിന്റെ ഭാഗമാണ്. അപ്പോൾ വ്യവസായങ്ങൾ വിറ്റുതുലച്ചു എന്നു പറയുന്നത് ശരിയല്ല. ഉദ്യോഗസ്ഥൻമാർ ചില റിപ്പോർട്ട് കൊടുത്തു, സ്വാഭാവികമായും ഓരോ കാലഘട്ടത്തിൽ ഉദ്യോഗസ്ഥൻമാരെ നിയോഗിച്ച് റിപ്പോർട്ട് വാങ്ങാറുണ്ട്. ആ റിപ്പോർട്ടുകൾ ഗവൺമെന്റിന്റെ നയത്തിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ഇപ്പോഴും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിൽ അൺഇക്കണോമിക് സ്കൂളുകളുണ്ടല്ലോ? നിങ്ങൾ അടച്ചുപൂട്ടിയോ? ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുണ്ട്. പക്ഷേ അടച്ചുപൂട്ടിയില്ല. അതുപോലെ മറ്റ് പല ഉദ്യോഗസ്ഥരുടേയും റിപ്പോർട്ട് വരുന്നുണ്ടല്ലോ? അതൊക്കെ ഗവൺമെന്റിന്റെ നയമാണോ? കേരളത്തെ സംബന്ധിച്ചിടത്തോളം 2005-ൽ ലോകബാങ്ക് തയ്യാറാക്കിയ റിപ്പോർട്ടിൽ വ്യവസായ നിക്ഷേപത്തിന് അനുകൂലമായി രണ്ടാം സ്ഥാനം കേരളത്തിനുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്? 2007-ൽ അത് 18-ാം സ്ഥാനത്തേയ്ക്ക് പോയി. ലോകബാങ്ക് ഒരുപക്ഷേ സാമ്രാജ്യത്വ ശക്തികളുടെ സ്വാധീനംകൊണ്ടാണോയെന്ന് അറിഞ്ഞുകൂടാ. 2005-ൽ ലോകബാങ്ക് നടത്തിയ സർവ്വേയിൽ കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്തായിരുന്നു. 2007-ൽ അത് 18-ാം സ്ഥാനത്തേയ്ക്ക് പോയി. 2008-ൽ അത് 20-ാം സ്ഥാനത്തേയ്ക്ക് പോയി. ആന്ധ്രയിലും തമിഴ്നാട്ടിലും മഹാരാഷ്ട്രയിലും ഒരുലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ടായപ്പോൾ കേരളത്തിലെ നിക്ഷേപം വളരെ പരിമിതമാണ്. നിങ്ങളെല്ലാം പറയുന്നത് കേരളത്തിൽ വ്യവസായ രംഗത്ത് വലിയ പുരോഗതിയുണ്ടായി എന്നാണ്. Government of Kerala-medium term fiscal policy and strategy statement with medium term fiscal plan for Kerala 2010-11 to 2012-13. ഇത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ 2010-ലെ ഒരു രേഖയാണ്. അതിൽ Table 1, G.S.D.P. at constant prices അതിനകത്ത്, "2006-07 Growth rate of Secondary Sector," അതിലാണല്ലോ വ്യവസായം വരുന്നത് 2006-07 12.41. 2007-08 11.28, 2008-09 10.27. അപ്പോൾ നിങ്ങളുടെ ധനകാര്യമന്ത്രി പ്രസിദ്ധീകരിച്ചിട്ടുള്ള ഈ മീഡിയം ടേം ഫിസ്കൽ പോളിസിയിൽ ഗ്രോത്ത് കുറഞ്ഞുവരുന്നതാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത് യു.ഡി.എഫ്. തയ്യാറാക്കിയ രേഖയല്ലല്ലോ? ഈ ഗവൺമെന്റ് തയ്യാറാക്കിയ രേഖയാണ്. ഈ സഭയിൽ പ്ളേസ് ചെയ്ത രേഖയാണ്. അപ്പോൾ നിക്ഷേപം കുറഞ്ഞുവരികയാണ്. കേരളത്തിലെ വ്യവസായ പുരോഗതി താഴോട്ട് എന്നുള്ളത് വ്യവസായ മന്ത്രിയുടെ ആധികാരിക രേഖകൊണ്ടുതന്നെ വ്യക്തമാകുന്നു. പിന്നെ നിങ്ങൾ പ്രസംഗിക്കുന്നത് പൊതുമേഖല സംരക്ഷിച്ചു എന്നാണ്. പൊതുമേഖലയിൽ അങ്ങ് ചില കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ പൊതുമേഖല മാത്രമാണോ ഒരു സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയിലെ പ്രധാനപ്പെട്ട ഘടകം? ശ്രീ. വർക്കല കഹാർ അതിന്റെ കണക്കുകൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇവിടെ മന്ത്രി അവകാശപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണ്? 53. 53 എണ്ണത്തിൽ 37 എണ്ണമാണ് വ്യവസായ വകുപ്പിന്റെ സ്ഥാപനമായി ഇവിടെ എല്ലാവരും പ്രസംഗിച്ചത്. Comparative study on the Profit and Loss of PSU. ഇതിൽ പറഞ്ഞിരിക്കുന്ന കണക്കനുസരിച്ച് വ്യവസായവകുപ്പിന് 53 സ്ഥാപനങ്ങളുണ്ട്. പക്ഷേ നിങ്ങൾ എപ്പോഴും പറയുന്നത് 37 സ്ഥാപനങ്ങളിൽ 32 എണ്ണം ലാഭകരമാക്കി എന്നാണ്. ആ 32 എണ്ണം ലാഭകരമാക്കിയപ്പോൾ മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കായിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ത്രിച്ചൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, സീതാറാം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ഇതെല്ലാം വിട്ടുകളഞ്ഞു. അതുപോലെ ഹാന്റെക്സ്, കാപ്പെക്സ് ഇതെല്ലാം ഒഴിവാക്കി. ഇതെല്ലാം വ്യവസായ വകുപ്പിന്റെ സ്ഥാപനങ്ങളാണ്. കൈത്തറി രംഗത്ത് നിങ്ങൾ നടത്തിയ മഹത്തായ പ്രവർത്തനങ്ങളുടെ ഫലമായി ഹാന്റെക്സിൽ ഇപ്പോൾ എന്താണുണ്ടായത്? 30 കൊല്ലത്തിനുശേഷം യു.ഡി.എഫ്. ഭരണം പിടിച്ചെടുത്തു. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കോടതിയിൽ പോയി ഭരണം കൈമാറാതിരിക്കാൻ ഒരുപാട് ശ്രമങ്ങൾ നടത്തി. അവസാനം കോൺഗ്രസ്സിന് ഭരണം കൈമാറേണ്ടിവന്നു. നിങ്ങൾ ഒരുപാട് പ്രവർത്തനങ്ങൾ നടത്തിയതിനെ തൊഴിലാളികൾ അംഗീകരിച്ചില്ല, ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞല്ലോ, അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് ലാഭമുണ്ടെന്ന് പറഞ്ഞ സ്ഥാപനങ്ങളിൽ ഒമ്പത് സ്ഥാപനങ്ങൾക്കാണ് യഥാർത്ഥത്തിൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ളത്. ഓഡിറ്റ് പൂർത്തിയായിട്ടുള്ള സ്ഥാപനങ്ങളുടെ കണക്കുകളിൽ തന്നെ അങ്ങ് അസംബ്ലിയിൽ പറഞ്ഞ കണക്കും ഓഡിറ്റ് റിപ്പോർട്ടും തമ്മിൽ വ്യത്യാസമുണ്ട്. അങ്ങ് പറഞ്ഞു, കണ്ണൂർ ക്ലേയ്സ് ആന്റ് സിറാമിക്സ് 202.6 ലക്ഷം രൂപയാണ് ലാഭമുണ്ടാക്കി യെന്ന് . എന്നാൽ ഓഡിറ്റ് കഴിഞ്ഞപ്പോൾ 137 ലക്ഷം രൂപയായി കുറഞ്ഞു. അതുപോലെ അനവധി സ്ഥാപനങ്ങളെ സംബന്ധിച്ച് ഇതുപോലുള്ള കണക്കുണ്ട്. "Industries Department – A comparative study on the Profit and Loss on PSUs 2008-09". അങ്ങ് അസംബ്ലിയിൽ പറഞ്ഞ കണക്കു പ്രകാരം കെൽട്രോൺ 8.15 കോടി യുപയാണ് ലാഭം. അത് ആറായിട്ട് ചുരുങ്ങി. കേരളാ ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് അങ്ങ് അസംബ്ലിയിൽ പറഞ്ഞു, 202.6 ലക്ഷം രൂപ ലാഭം. ഓഡിറ്റ് കഴിഞ്ഞപ്പോൾ അത് 134 ലക്ഷമാത്രയി കുറഞ്ഞു. Kerala State Industrial Enterprises 556.2 ലക്ഷം ലാഭം പറഞ്ഞു. അത് 377 ലക്ഷം ആയി കുറഞ്ഞു. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് 58 ലക്ഷം രൂപ ലാഭമുണ്ടെന്ന് അങ്ങ് പറഞ്ഞു, ഒരു ലക്ഷമായി കുറഞ്ഞു. സ്റ്റീൽ ആന്റ് ഇൻഡസ്ട്രീസ് ഫോർജിംഗ്സ് ലിമിറ്റഡ് 895.34 ലക്ഷം രൂപ ലാഭമെന്ന് അസംബ്ലിയിൽ പറഞ്ഞു. 579 ആയി കുറഞ്ഞു. സ്റ്റീൽ കോംപ്ലക്സ് ഇൻഡ്യ, 57.82 എന്ന് അസംബ്ലിയിൽ പറഞ്ഞു, പക്ഷേ 109 ലക്ഷം രൂപ നഷ്ടമുണ്ടായി.

ലാഭമെന്ന് അസംബ്ലിയിൽ പറഞ്ഞതാണ്. അസംബ്ലിയിൽ ആൻസർ ഉള്ളതാണ്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 15.42 കോടി രൂപ ലാഭമെന്നുപറഞ്ഞു. പക്ഷേ 251 ലക്ഷം രൂപ ആഡിറ്റ് കഴിഞ്ഞപ്പോൾ നഷ്ടം. ഇതുപോലെ ഇല്ലാത്ത കണക്കുകൾ ഊതിവീർപ്പിച്ച്, പെരുപ്പിച്ച് കണക്ക് കാണിച്ച് അങ്ങൊരു കൺകട്ട്വിദ്യ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് നിങ്ങളുടെ ആളുകൾ ഇങ്ങനെ പുകഴ്ത്തികൊണ്ടിരിക്കുകയാണ്. ഇവരെല്ലാം പുകഴ്ത്തുന്നതുകണ്ടപ്പോൾ എനിക്കുതോന്നി അങ്ങ് ഉടലോടെ സ്വർഗ്ഗത്തിൽ പോകുമെന്ന്. കാരണം അതുപോലെയാണ് ഇവർ പുകഴ്ത്തി ക്കൊണ്ടിരുന്നത്. ഇതിനുപുറമെ അക്യുമലേറ്റഡ് ലോസ്സ്,...........ശ്രീ.ആര്യാടൻ പറഞ്ഞത് സ്വർഗ്ഗത്തിൽപ്പോകുമെന്ന്. നിങ്ങൾ രണ്ടുപേരും ഒരേ സ്ഥലത്തേ പോകുകയുള്ളൂ. അതിന് തർക്കമില്ല. സഞ്ചിതനഷ്ടം വേറെ നിൽക്കുകയാണ്. മനസ്സിലായോ? സഞ്ചിതനഷ്ടം ഒഴിവാക്കിയിട്ടാണ്. ഓരോ വർഷത്തെയും പ്രവർത്തന റിസ്സൽട്ട് വച്ചുകൊണ്ടാണ് ഞാൻ ഈ പറയുന്നത്. അതുപോലെ പല സ്ഥാപനങ്ങളെ സംബന്ധിച്ചും അങ്ങ് ഒരുപാട് പ്രഖ്യാപനങ്ങൾ നൽകി. കിൻഫ്രാ അങ്ങ് പറഞ്ഞു 7650 ഏക്കർ സ്ഥലം അക്വയർ ചെയ്യും. കഴിഞ്ഞ പ്രാവശ്യം അങ്ങ് ഈ അസംബ്ലിയിൽ പ്രഖ്യാപിച്ചതാണ് ഞാൻ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളെപ്പറ്റി പറയാം. കിനാലൂരിൽ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

നഗരപദ്ധതി, ശോഭ ഹൈടെക് സിറ്റി, മാവൂർ ഗ്വാളിയർ റയോൺസ് പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് അനുമതി നൽകാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. എവിടെയായി ഈ പദ്ധതികൾ? നിങ്ങൾ കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ചതനുസരിച്ച് പല പദ്ധതികളും ഏകജാലകത്തിന്റെ ക്ലിയർ ചെയ്യാൻ തീരുമാനിച്ചു. ആ ഏകജാലകത്തിന്റെ ആദ്യയോഗത്തിൽത്തന്നെ നമ്മുടെ മുഖ്യമന്ത്രിയുടെ വകുപ്പിലുള്ള വൈവിദ്ധ്യ ബോർഡ് ചെയർമാൻ ഡോ.വി.എച്ച്. വിജയൻ മുഖ്യമന്ത്രിക്ക് ഒരു കത്തുനൽകി. ഈ പദ്ധതികൾ പലതും ജൈവവൈവിദ്ധ്യങ്ങളെ ബാധിക്കുന്നതാണ്, അതുകൊണ്ട് ക്ലിയറൻസ് കൊടുക്കരുത് എന്ന്. ഞാൻ കഴിഞ്ഞ പ്രാവശ്യം ചൂണ്ടിക്കാണിച്ച ഒരു കാര്യം തന്നെ വീണ്ടും ആവർത്തിക്കുകയാണ്. മരടിലെ വളന്തകാടിൽ നിങ്ങൾ ശോഭാ ഹൈടെക് സിറ്റിക്ക്....അങ്ങ് കഴിഞ്ഞ പ്രാവശ്യം പറഞ്ഞിട്ടുണ്ട് ശോഭാ ഹൈടെക് സിറ്റി വരുമെന്ന്. ഒരു എം.ഒ.യു ഒപ്പിട്ടു. ഒരു സ്വകാര്യ കമ്പനി, സർക്കാരിന് ഒരു രൂപ നിക്ഷേപമില്ലാത്ത കമ്പനി അവിടെ നിങ്ങൾ എം.ഒ.യു ഒപ്പിട്ടത് എന്തിനാണ് ? നിങ്ങളെന്തിനാണ് ഒപ്പിട്ടത്? നിങ്ങൾ ആ ഒപ്പിട്ട സ്ഥലത്തെ സംബന്ധിച്ച് ഒരു കേസ്സ് വന്നു. ആ കേസ്സ് നില നിൽക്കുമ്പോഴാണ് നിങ്ങൾ ഏകജാലകത്തിൽ ക്ലിയർ ചെയ്യാൻ പോയത്. സമയം കുറവായതുകൊണ്ട് ഞാൻ വിശദമായി വായിക്കുന്നില്ല. എന്നാലും ഹൈക്കോടതിയുടെ മുമ്പിൽവന്ന റിട്ട് പെറ്റീഷന് മറുപടിയായി ജില്ലാ കളക്ടർ ഗവൺമെന്റിനുവേണ്ടി ഒരു അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. എന്താണെന്നറിയാമോ? "In conclusion, it is submitted that any constructional activities can be carried out in the said land only after examining in detail, the probable impact on echo system and wild life habitat, detailed environmental impact assessment and also subject to the provisions of Kerala Conservation of Paddy Land and Wet Land Act, 2008, Coastal Regulation Zone notification in the Environmental Protection Act, 1986 and other Allied Act and Rules." ഇവിടെ 40 ഏക്കർ സ്ഥലം പുറമ്പോക്കുണ്ട്. ശ്രീ. കെ. പി. രാജേന്ദ്രൻ അവിടെവന്നു അവിടെ ആളുകൾ നിവേദനം കൊടുത്തു. ഉടനെയെടുക്കുമെന്ന് പറഞ്ഞു. എടുത്തിട്ട് പോരുന്നില്ല ഇപ്പോൾ. രണ്ടുകൊല്ലമായി എടുക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ. നിങ്ങൾ ഈ ശോഭാ ഹൈടെക് സിറ്റിക്ക് ഒരു എഗ്രിമെന്റ് ഒപ്പിട്ടു. ഇവിടെ ജൈവവൈവിദ്ധ്യങ്ങളെ ബാധിക്കുമെന്ന് പറഞ്ഞ് വേറെ ഒരുപാട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. CRZ -നെ ബാധിക്കും. ഒരുപാട് നിയമങ്ങൾ അതിലംഘിച്ചുകൊണ്ട് നിങ്ങൾ ശോഭാ ഹൈടെക് സിറ്റിയുമായി ഒരു എം.ഒ.യു. ഒപ്പിടാൻ എന്ത് കാരണം? സർക്കാരിന്റെ ഒരു രൂപയുടെ നിക്ഷേപമില്ല. എന്നാലൊരു സ്വകാര്യ കമ്പനി നിക്ഷേപം കൊണ്ടുവരുമ്പോൾ സർക്കാർ എം.ഒ.യു ഒപ്പിടാറില്ല നിങ്ങൾ അവരുമായി ഒപ്പിട്ടു. കാരണമെന്താണ്? ഈ നിയമങ്ങളെല്ലാം സർക്കാരിന്റെ മറവിൽ മറികടക്കുന്നതിനുവേണ്ടി നിങ്ങൾ നടത്തിയ തട്ടിപ്പാണ് ഈ ശോഭാ ഹൈടെക് സിറ്റിയുമായിട്ടുള്ള എം.ഒ.യു. അത് നിഷേധിക്കാൻ പറ്റുമോ? ഇതുപോലെ നിങ്ങൾ....................

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം അങ്ങേയ്ക്ക് അനുവദിക്കപ്പെട്ട സമയത്തിനേക്കാളും കൂടുതൽ സമയമായിട്ടുണ്ട്.

ശ്രീ. കെ. ബാബു : സർ, ഒരു കാര്യം നിങ്ങൾ പെപ്സി കൊക്കക്കോള കമ്പനിയുടെ കാര്യത്തിൽ ഒരു തീരുമാനമെടുത്തു. ഒരു ട്രൈബ്യൂണലിനെ നിയമിക്കാൻ തീരുമാനിച്ചു. ഈ ഇരിക്കുന്ന മന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെ നേതൃത്വത്തിലുള്ള സബ്ജക്ട് കമ്മിറ്റി, പെപ്സിക്ക് എതിരായി ഒരു റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു? പെപ്സി കമ്പനി ഒരു ദിവസം ഏഴ് ലക്ഷം ലിറ്റർ വെള്ളം ഊറ്റുന്നുവെന്നുള്ളതാണ് ആ റിപ്പോർട്ട്. നിങ്ങൾ എന്ത് നടപടിയെടുത്തു ? നിങ്ങൾ ഒരു നടപടിയുമെടുത്തില്ല. കൊക്കക്കോളക്കെതിരായി....ഇത് രണ്ടും നിങ്ങൾ കൊണ്ടുവന്നതാണ്. നായനാർ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പ്രധാനപ്പെട്ട കാര്യമാണ്. ഇവിടെ അതുപോലെ ഐ.ടി. മേഖല. ഇവിടെ ഐ.ടി. മേഖല സംബന്ധിച്ച് ഒരുപാട് പ്രസംഗങ്ങൾ നടത്തി. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ പറഞ്ഞു 15,000 പേർക്ക് ജോലി കൊടുത്തുവെന്ന്. ഐ.ടി. മേഖലയിലെ സ്ഥിതിയെന്താണെന്നറിയാമോ? ഐ.ടി. എക്സ്പോർട്ട് കേരളം 2008-09 1803 കോടി, തമിഴ്നാട് 28,355 കോടി രൂപ, ആന്ധ്ര 31,089 കോടി, രൂപ, കർണ്ണാടക 70,375 കോടി. ഇന്ത്യയിലെ മൊത്തം എക്സ്പോർട്ട് 2,07,357 കോടി രൂപ. അപ്പോൾ കേരളത്തിന്റെ എത്രയാണ്? 1803 കോടി രൂപ. 1803 കോടി രൂപയായിട്ട് നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലാണ് സ്മാർട്ട് സിറ്റി വരാൻ തീരുമാനിച്ചത്. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? സ്മാർട്ട് സിറ്റി കൊണ്ടുവരാൻ തീരുമാനിച്ചത്. ഇവിടെയാണ് എന്ന് ഒരു ബോർഡ് ദയവായി സ്ഥാപിച്ചാൽ ഉചിതമായിയെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കാരണം സ്മാർട്ട്സിറ്റി വരാൻപോകുന്നില്ലല്ലോ. ഇപ്പോൾ അങ്ങൊരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽ..... കായംകുളം-കോട്ടയം, കായംകുളം-എറണാകുളം ലൈൻ ഇരട്ടിപ്പിക്കൽ, അതിനുപോലും ഭൂമിയെടുത്തു കൊടുക്കാൻ നിങ്ങൾക്കു സാധിച്ചിട്ടില്ല. ശബരിപാതയ്ക്ക് ഭൂമിയെടുത്തു കൊടുക്കാൻ സാധിച്ചിട്ടില്ല. കേന്ദ്രം തരുന്ന പണം.....

മി. ചെയർമാൻ : അങ്ങ് പ്രസംഗം ചുരുക്കുക.

ശ്രീ. കെ. ബാബു : സർ, ചുരുക്കാം. നിങ്ങൾ ഇതുപോലെ നടപ്പില്ലാത്ത പദ്ധതികളുടെ പ്രഖ്യാപനങ്ങൾ നടത്തി ഒരു സ്വപ്ന ജീവിയെപ്പോലെ കഴിയുകയാണ്. കാരണം......അസാദ്ധ്യകാരണങ്ങളുടെ മദ്ധ്യസ്ഥൻ. പിന്നെ ഇവിടെ കുറച്ചുകാര്യങ്ങൾ നടന്നു. ഇവിടെ ചില സുഹൃത്തുക്കൾ പറഞ്ഞു യു.പി.എ. സർക്കാരിന് മാർക്സിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷം പിൻതാങ്ങിയപ്പോഴാണ് ഇവിടെ നിക്ഷേപം വന്നത് എന്ന്. ഇപ്പോൾ നിങ്ങളില്ലല്ലോ. ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ വിക്രം സാരാഭായ് സ്പേസ് സെന്റർ 583.66 കോടി രൂപ, വലിയമല ലിക്വിഡ് പ്രൊപ്പലർ 303.54 കോടി രൂപ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് 104 കോടി രൂപ, ഇങ്ങനെ 2166.44 കോടി രൂപയുടെ നിക്ഷേപമാണ് ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുള്ളത്. ഇപ്പോൾ നിങ്ങളുടെ പിന്തുണയില്ലല്ലോ ? നിങ്ങൾ പിൻതാങ്ങിയിട്ടില്ലല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

മി. സ്പീക്കർ : ദയവായി അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. കെ. ബാബു : സർ, രണ്ടുമിനിട്ടുകൂടി. ഇവിടെ ഇതുപോലെ ശ്രീ. എളമരം കരീം കുറേ കാര്യങ്ങൾ നടത്തിയില്ലേ? അതിൽ പലതും കേന്ദ്ര രാജ്യരക്ഷാ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ സഹായം കൊണ്ടാണ് നടപ്പാക്കിയതെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത് ? ഞാൻ ദീപിക പത്രത്തിൽ ഒരു പടം കാണിച്ചുതരാം. അനുഗ്രഹസ്മരണ. (പത്രം ഉയർത്തിക്കാണിച്ചു) ഇതിൽ ഔസേപ്പ് പുണ്യാളന്റെ പടമാണ്. ഇതുപോലെ നിങ്ങൾ വാർഷികത്തിന് ചെയ്യേണ്ടതെന്തായിരുന്നുവെന്ന് അറിയാമോ? ശ്രീ. എ. കെ. ആന്റണിയുടെ പടം വച്ച് അനുഗ്രഹസ്മരണ എന്ന ഒരു പരസ്യം കൊടുക്കണമായിരുന്നു. മനസ്സിലായോ? ഇവിടെ അനുഗ്രഹസ്മരണ ....ബഹുമാനപ്പെട്ട പാലോളി..........ബഹുമാനപ്പെട്ട പാലോളി അദ്ദേഹം.....................

മി. സ്പീക്കർ: ശ്രീ. കെ. ബാബു....പ്ലീസ്...

ശ്രീ. കെ. ബാബു: ....(ബഹളം).................സർ, ഞാൻ നിർത്താൻപോകുകയാണ്. ബഹുമാനപ്പെട്ട പാലോളി മുഹമ്മദ് കുട്ടി കഴിഞ്ഞ ദിവസം പറഞ്ഞു തോക്കാൻ ഞങ്ങൾക്ക് മനസ്സില്ല എന്ന്. ഒരു കാര്യം ഞാൻ പറയാം. 90 മിനിട്ട് കളിച്ചു. ആ കളിയിൽ തോറ്റു. പിന്നെ പറയുകയാണ് എക്സ്ട്രാ ടൈമിൽ ഞങ്ങൾ ഗോളടിക്കുമെന്ന്. തിരിച്ച്. അതുപോലെയാണ് പാലോളിയുടെ വർത്തമാനം. കാരണം പാർലമെന്റിൽ തോറ്റു, നിയമസഭയിൽ തോറ്റു, പഞ്ചായത്തിൽ തോറ്റു....90 മിനിട്ടിലും കളിച്ച് തോറ്റു. പിന്നെ പറയുകയാണ് ഞങ്ങൾ....എക്സ്ട്രാ ടൈമിൽ കളിക്കുമ്പോൾ തിരിച്ചടിക്കുമെന്ന്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി...

ശ്രീ. കെ. ബാബു : സർ, ഡോ. തോമസ് ഐസക് ഒരു ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചു. ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റി ഉത്തേജക..........

മി. സ്പീക്കർ : യെസ്....യെസ്.....ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി......

ശ്രീ. കെ. ബാബു : സർ, ...(മൈക്ക് ഓഫ്)..............ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, കേരളത്തിലെ വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം ഉണ്ടാവുകയും നിക്ഷേപകർക്ക് ആത്മവിശ്വാസം ഉണ്ടാക്കാൻ അവസരമുണ്ടാവുകയും ചെയ്തു എന്നതാണ് കഴിഞ്ഞ നാലുവർഷത്തെ നേട്ടം. പൊതുമേഖലാ സ്ഥാപനങ്ങൾ പോലും മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു എന്നത്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ വരുന്നവരാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് വളരെയധികം ആത്മവിശ്വാസമുണ്ടാക്കുന്നതാണ്. ഇന്ന് അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും പൊതുവിൽ വ്യവസായ രംഗത്തുണ്ടായ പൊതുഅന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിലും ഭാവിയിൽ വലിയ വികസന സാധ്യത കേരളത്തിന് ഉണ്ടാക്കാനുതകുന്ന ഒരു അടിത്തറയുണ്ടാക്കാൻ കഴിഞ്ഞു എന്ന ആത്മവിശ്വാസമാണെനിക്കുള്ളത്. വികസനം എന്നത് ഒരു സുപ്രഭാതത്തിൽ പൊട്ടിമുളയ്ക്കുന്നതൊന്നുമല്ല. ശ്രീ. ബാബു പറഞ്ഞു ഈ അതിവേഗ റയിൽപ്പാത സ്വപ്നം കാണുന്നുവെന്ന്. സ്വപ്നം കാണാത്ത ഒരാൾക്കും ജീവിക്കാൻ കഴിയില്ല. സ്വപ്നം നിന്നാൽ അതോടുകൂടി പിന്നെ മരണമാണ്. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ഇൻഡ്യ അടക്കി ഭരിച്ചിരുന്ന കാലത്ത് നമ്മുടെ ദേശീയ നേതാക്കൻമാർ സ്വാതന്ത്ര്യം സ്വപ്നം കണ്ടു. പരിഹാസമായിരുന്നു പലർക്കും. ഗാന്ധിജി ദണ്ഡിയിലേയ്ക്ക് പോയപ്പോൾ ചിരിച്ചവരുണ്ട്. പക്ഷേ അവസാനം ജയിച്ചത് ആ സ്വപ്നം കണ്ടിരുന്ന ആളുകളാണ്. ഭാവിയെക്കുറിച്ചുള്ള സ്വപ്നമാണ് നമ്മെ പ്രവർത്തിപ്പിക്കാൻ ഉത്തേജിപ്പിക്കുന്നത്. കേരളത്തിലെ ഗതാഗത മേഖലയിൽ വിപ്ലവകരമായ ഒരു മാറ്റം ലക്ഷ്യം വച്ചുകൊണ്ടാണ് അതിവേഗ റയിൽപ്പാത എന്ന ആശയം ചർച്ച ചെയ്യുന്നത്. ആ ചർച്ച ചെയ്യുന്നതുപോലും തമാശയും പരിഹാസവുമാകുന്നത് ശരിയല്ല. എന്നാൽ ഇത്തരം പദ്ധതികൾക്ക് വേഗത കൂട്ടാൻ നമുക്കുള്ള കഴിവിന്റെകുറവുകളെപ്പറിയോ നമ്മുടെ ദൗർബല്യങ്ങളെപ്പറ്റിയോ ചൂണ്ടിക്കാണിച്ചാൽ അത് ക്രിയാത്മക വിമർശനമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാല് വർഷക്കാലത്തുണ്ടായ നിരവധി അനുഭവങ്ങൾ നമുക്ക് പറയാനുണ്ട്. അധികം വിശദാംശത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. എനിക്ക് ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, വികസന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ എ. കെ. ആന്റണി മാതൃഭൂമിയുടെ ആലപ്പുഴ എഡിഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗമാണ്. എല്ലാവരും മനസ്സിലാക്കേണ്ട കാര്യമാണ്. "കേരളത്തിന്റെ വികസന കാര്യത്തിൽ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും പുതിയ നിലപാട് സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. വോട്ട് ബാങ്ക് ലക്ഷ്യമിട്ട് രാഷ്ട്രീയക്കാരും സർക്കുലേഷൻ ലക്ഷ്യമിട്ട് മാധ്യമങ്ങളും പ്രവർത്തിക്കുന്നതാണ് കേരളത്തിന്റെ വികസന മുരടിപ്പിന് പ്രധാന കാരണം". എന്നാണ് അദ്ദേഹം പറഞ്ഞു. ഇത് മാതൃഭൂമി ഏറ്റവും പ്രധാന വാർത്തയായി കൊണ്ടുവന്നതാണ്. ഈ വിഷയത്തിൽ ആത്മപരിശോധന നടത്താൻ എല്ലാവരും സന്നദ്ധമാകണം. കിനാലൂർ വിഷയത്തിൽ ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ബഹുമാന്യനായ ഒരു അംഗം ഇവിടെ പറയുന്നത് നൂറുമീറ്റർ വീതിയുള്ള റോഡ് എന്നാണ്. ഒരു വിമർശനം നടത്തുമ്പോൾ അത് വസ്തുതാപരമായിരിക്കണമെന്ന നിർബന്ധമെങ്കിലും ഒരംഗത്തിന് വേണ്ടേ? ഈ സഭയിലെ ഉത്തരവാദിത്തപ്പെട്ട ഒരംഗം, എവിടെ നിന്നാണ് അദ്ദേഹത്തിന് ഈ നൂറുമീറ്ററിന്റെ കണക്ക് കിട്ടിയത്? ഏത് അടിസ്ഥാനത്തിലാണ്. ആ വികസനത്തെ എതിർത്ത സോളിഡാരിറ്റിയെപ്പോലെ നിരുത്തരവാദപരമായി ചിന്തിക്കുന്ന ഒരു സംഘടനയുടെ വാദം കേട്ട് ഇൻഡ്യൻ യൂണിയൻ മുസ്ലിം ലീഗിനെപ്പോലെയുള്ള ഉത്തരവാദിത്തപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയുടെ ഒരു മെമ്പർ ഇവിടെ ആവർത്തിക്കുന്നത് ശരിയാണോ? അദ്ദേഹം ഒരിക്കലെങ്കിലും ഈ റോഡ് സംബന്ധിച്ച് ഒരു സംശയം തീർക്കാൻ വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ എന്നോടോ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരോടോ അന്വേഷിച്ചിട്ടുണ്ടോ? വിമർശനത്തിനുവേണ്ടി ഒരു അവസരം കാത്ത് നിന്ന് ഇങ്ങനെ പറയുന്നതാണോ ക്രിയാത്മകമായ വിമർശനം? പോയിന്റ് ഓഫ് ഓർഡറോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : പോയിന്റ് ഓഫ് ഓർഡർ എന്ന് പറഞ്ഞത് വഴങ്ങാത്തതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്......

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ അല്ല. ....പോയിന്റ് ഓഫ് ഓർഡർ വഴങ്ങാൻ വേണ്ടി ചോദിക്കേണ്ടതല്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് അങ്ങ് ഇവിടെ സംസാരിച്ചത്. ഞാൻ പറയുന്നത് ഇത് എന്റെ മാത്രം ഒരു അഭിപ്രായമല്ല. 100 മീറ്റർ വീതിയുള്ള റോഡിനുവേണ്ടിയാണ് സർവ്വേ നടത്തിയത് എന്ന് വളരെ വ്യക്തമായി തുടക്കത്തിൽത്തന്നെ വന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം രേഖാമൂലം അക്കാര്യം കേരളീയ സമൂഹത്തോട് പറഞ്ഞതാണ്. അങ്ങ് എന്റെ പേരിൽ മാത്രമത് കെട്ടിവയ്ക്കരുത്.

ശ്രീ.എളമരം കരീം : ഈ സഭയിൽ ആദ്യമായിട്ടാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവിടത്തെ റോഡുകൾ സംബന്ധിച്ച് അഭിപ്രായം പറഞ്ഞത്. നമ്മുടെ നാഷണൽ ഹൈവേ പോലും 45 മീറ്ററിനെ സംബന്ധിച്ചാണ് തർക്കം, അത് ചുരുക്കണമെന്നാണ് അഭിപ്രായം. പിന്നെ എങ്ങനെയാണ് 100 മീറ്റർ റോഡെന്ന ആശയം വരുന്നത്? നമുക്കൊരാൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതാണോ? അതുകൊണ്ട് വികസന കാര്യങ്ങളോട് നമ്മൾ എടുക്കുന്ന ഒരു നിലപാടിന്റെ പ്രശ്നമാണിത്.

ശ്രീ. പി. സി. ജോർജ് : ശ്രീ. രണ്ടത്താണി പറയുന്നത് 100മീറ്റർ അത് തെറ്റാണ്. എത്ര മീറ്റർ വീതിയിലാണ് റോഡ് വേണ്ടത്; എത്രമീറ്റർ റോഡ് വേണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്; അവിടെ അങ്ങ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന വ്യവസായം എന്താണെന്ന് ഈ സഭയിൽ പറയാനുള്ള മര്യാദ കാണിക്കാമോ?

ശ്രീ. എളമരം കരീം : തീർച്ചയായിട്ടും ഞാൻ പറയാം. ഞാൻ അവസാനം പറയുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ വ്യവസായ വികസനത്തിന്റെ വളർച്ചാ നിരക്ക് 9 ശതമാനമാണ്. ഇത് ദേശീയ വളർച്ചാ ശരാശരിയേക്കാൾ കൂടുതലാണെന്ന് കണക്ക് വച്ച് പറയാൻ സാധിക്കും. കേരളത്തിലെ വ്യവസായ മേഖലയിൽ അതിവേഗത്തിൽ വികസിച്ചുവരുന്ന മേഖലയാണ് ചെറുകിട വ്യവസായ മേഖല. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 25,908 യൂണിറ്റുകളാണ് കേരളത്തിൽ സ്ഥാപിക്കാൻ സാധിച്ചത്. 2232 കോടി രൂപയാണ് ഇതിൽ മുതൽമുടക്കുണ്ടായത്. 164,335 പേർക്കാണ് ഈ ചെറുകിട വ്യവസായങ്ങളിൽ തൊഴിൽ നൽകാൻ സാധിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതേ കാലയളവിൽ ഉണ്ടായതി

LIBRARY ARCHIVES Kerala Legislative Assembly

നേക്കാൾ 1240 യൂണിറ്റുകളുടെ എണ്ണം കൂടുതലാണ്. കഴിഞ്ഞ നാല് വർഷം ഉണ്ടായത് 1519 കോടി രൂപയുടെ മൂലധന നിക്ഷേപമായിരുന്നു ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപത്തിന്റെ അളവിലും തൊഴിൽ സൃഷ്ടിയിലും വലിയ വർദ്ധനവുണ്ടായി. അതുപോലെ വൻകിട വ്യവസായങ്ങളുടെയും മീഡിയം വ്യവസായങ്ങളുടെയും എണ്ണത്തിലും നിക്ഷേപത്തിലും ഗണ്യമായ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 39 വൻകിട പദ്ധതികളാണ് ഈ കാലയളവിൽ കേരളത്തിൽ നടപ്പാക്കിയത്. 812 കോടി രൂപയാണ് അതിൽ മുതൽമുടക്കുണ്ടായത്. ഇനി കെ.എസ്.ഐ.ഡി.സി വിഭാവനം ചെയ്യുന്ന പുതിയ പദ്ധതികൾ വെറും സ്വപ്ന പദ്ധതികളാണെന്ന് പറഞ്ഞ് ആക്ഷേപിക്കരുത്. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക് ശ്രീ. വാഹീദിന് അറിയാം. 35 കോടി രൂപ ഈ അസംബ്ലിയിൽ പാസ്സാക്കിക്കൊടുക്കാൻ ഞങ്ങൾ ആലോചിക്കുകയാണ്. ബാക്കി ബാങ്ക് വായ്പയെടുത്തിട്ടാണ് കഴക്കൂട്ടത്ത് ഭൂമി അക്വയർ ചെയ്യുന്നത്. ലൈഫ് സയൻസ് പാർക്കിന് മന്ത്രിസഭ എ.എസ്. കൊടുത്തുകഴിഞ്ഞു. കാസർകോഡ് ജില്ലയിലെ ചീമേനിയിൽ താപവൈദ്യുതി നിലയത്തിനായി കെ.എസ്.ഇ.ബി.- കെ.എസ്.ഐ.ഡി.സി ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു. ആ കമ്പനിയാണ് അത് പ്രൊമോട്ട് ചെയ്യുന്നത്. 15000 കോടി രൂപയാണ് അതിന്റെ നിക്ഷേപം പ്രതീക്ഷിക്കുന്നത്. ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടം വരെയെത്തിയിരിക്കുകയാണ്. കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനുള്ള 300 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്കിലെടുക്കാൻ ക്യാബിനറ്റ് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തോട് അനുബന്ധിച്ച് കൂത്തുപറമ്പിൽ 300 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ കെ.എസ്.ഐ.ഡി.സിക്ക് സർക്കാർ അനുവാദം കൊടുത്തിട്ടുണ്ട്. കുറ്റ്യാടിയിൽ കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി 130 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ ഫാസ്റ്റ് ട്രാക്കിൽ ഗവൺമെന്റ് അനുമതി കൊടുത്തിട്ടുണ്ട്. അവിടെ ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുന്നു, അത് അവസാന ഘട്ടത്തിലാണ്. അതുപോലെ ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ 'ഗെയ്‌ലും' കെ.എസ്.ഐ.ഡി.സിയും സംയുക്തമായി കരാർ ഒപ്പുവച്ച് അതിന്റെ പ്രവർത്തികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. ട്രേഡ് കൺവെൻഷൻ സെന്ററുകൾ എഫ്.എ.സി.റ്റി- കെ.എസ്.ഐ.ഡി.സി ജോയിന്റ് വെഞ്ച്വർ അതിന്റെ നിർമ്മാണം നടത്താൻ എം.ഒ.യു. സൈൻ ചെയ്തു. അതിന്റെ പ്രവർത്തനം വേണ്ടത്ര വേഗതയില്ല എന്നുകണ്ടപ്പോൾ ഞങ്ങൾ കേന്ദ്ര ഫെർട്ടിലൈസേഴ്സ് സെക്രട്ടറിയെ പോയി കണ്ട് സംസാരിച്ചു അതിന് വേഗത കൂട്ടാൻ നടപടി സ്വീകരിച്ചു. ഇതുപോലെ കോഴിക്കോട് ജില്ലയിലും പൂട്ടിക്കിടന്നിരുന്ന പിയേഴ്സ് ലെസ്‌ലി കമ്പനിയുടെ സ്ഥലം ഏറ്റെടുത്ത് പെരുവണ്ണൂരിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മാണ പ്രവർത്തനം ലക്ഷ്യം വച്ചിരിക്കുകയാണ്. ഹൈസ്പീഡ് റയിൽ കോറിഡോർ കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ്. ജപ്പാൻ, ചൈന, ഫ്രാൻസ് പോലെയുള്ള രാജ്യങ്ങളിലാണ് ഇതുപോലെയുള്ള ഹൈസ്പീഡ് റയിൽ പദ്ധതികൾ ഉള്ളത്. അതേ മാതൃകയിൽ നമ്മുടെ സംസ്ഥാനത്ത് സാധ്യമാകുമോ എന്ന് പഠനം നടത്താനാണ് ഡി.എം. ആർ.സി. യെ ചുമതലപ്പെടുത്താൻ ക്യാബിനറ്റ് തീരുമാനിച്ചത്. അവർ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പഠനം ആരംഭിക്കാൻ പോകുകയാണ്. കേരളത്തെ സംബന്ധിച്ച് മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് കൊച്ചി കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ. ഡൽഹി-മുംബൈ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി 10 വർഷം മുൻപാണ് പ്രോജക്ട് തയ്യാറാക്കിയത്. കഴിഞ്ഞ വർഷമാണ് നമ്മുടെ പ്രധാനമന്ത്രിയും ജപ്പാൻ പ്രധാനമന്ത്രിയും തമ്മിലുള്ള ചർച്ചയിൽ ജപ്പാൻ ഗവൺമെന്റ് അത് ഏറ്റെടുക്കാൻ തീരുമാനിച്ചത്. അതിന്റെ സി.ഇ.ഒ. ആയി ശ്രീ. അമിതാഭ് കാന്തിനെ അപ്പോയിന്റ് ചെയ്ത് ഇപ്പോൾ ആ പദ്ധതി മുന്നോട്ടു പോകുകയാണ്. നമ്മൾ ഇപ്പോൾ ആരംഭിക്കുന്ന പദ്ധതി ഇന്നല്ലെങ്കിൽ നാളെ പ്രാവർത്തികമാക്കാനുള്ള ശ്രമം ഉണ്ടാകണമെങ്കിൽത്തന്നെ ഇതിന് പ്രോജക്ട് വേണ്ടേ? കോയമ്പത്തൂർ നഗരത്തിൽ നിന്നാണ് കൊച്ചിയിൽ ഏറ്റവും കൂടുതൽ വ്യവസായ ഉത്പന്നങ്ങൾ വരുന്നത്. കൊച്ചി അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി പൂർത്തിയായി വരുമ്പോൾ ഗതാഗതം വർദ്ധിക്കും. നമ്മുടെ റോഡുകളിൽകൂടി ഈ കണ്ടെയ്നറുകൾ എങ്ങനെ പോകും. അതുകൊണ്ട് ഒരു എക്സ്ക്ലൂസീവ് ഫ്രൈറ്റ് കോറിഡോറുണ്ടാവുക. അതിന്റെ ഇരുവശങ്ങളിലുമായി വ്യവസായ പാർക്കുകൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. കോയമ്പത്തൂർ ഭാഗത്തുതന്നെ ആവശ്യത്തിലധികം ലാൻഡ് കിട്ടും. കഞ്ചിക്കോട് മേഖലയിൽ വൻകിട വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര പ്രതിരോധ വകുപ്പിന്റെ ബി.ഇ.എം.എൽ കമ്മീഷൻ ചെയ്തു. കോച്ച് ഫാക്ടറി വരാൻ പോകുന്നു. അവിടെ ഒരുപാട് വ്യവസായ പാർക്കുകൾ വന്നു. ലാൻഡ് അക്വിസിഷന് അവിടെ ആൾപ്പാർപ്പില്ലാത്ത സ്ഥലം ഇനിയുമുണ്ട്. ഇതെല്ലാം ഏറ്റെടുത്തുകഴിഞ്ഞാൽ ഈ സാധ്യത വലിയ തോതിൽ നമുക്ക് വികസിപ്പിച്ചുകൊണ്ടുവരാൻകഴിയുമെന്ന പ്രതീക്ഷയാണുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതികളെല്ലാം ആവിഷ്കരിക്കുന്നത്. 1993-ൽ സ്ഥാപിക്കപ്പെട്ട കിൻഫ്ര 2006 വരെ 15 വ്യവസായ പാർക്കുകളാണ് വികസിപ്പിച്ചത്. ഇതിനായി 1416 ഏക്കർ ഭൂമി അവർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 2006 മുതൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോൾ ഞങ്ങൾ ഏറ്റെടുക്കാൻ നടപടി ആരംഭിച്ചിട്ടുള്ളത് 4781 ഏക്കർ ഭൂമിയാണ്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ. ചിലതെല്ലാം പ്രവർത്തനമാരംഭിച്ചു. ഇന്റഗ്രേറ്റഡ് ടെക്സ്റ്റയിൽ പാർക്ക് 160 ഏക്കർ കഞ്ചിക്കോട് ലോഞ്ച് ചെയ്തു. നാടുകാണി ടെക്സ്റ്റയിൽ സെന്റർ, 124 ഏക്കർ ലോഞ്ച് ചെയ്തു. യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കുന്നന്താനം സ്മോൾ ഇൻഡസ്ട്രീസ് പാർക്ക് 35 ഏക്കർ ലോഞ്ച് ചെയ്തു. ശ്രീ. പുതുശ്ശേരിക്കറിയാം.

അതുപോലെ കുറ്റിപ്പുറത്ത് കെ.എസ്.ഡി.സി.യുടെ 18 ഏക്കർ സ്ഥലം എറ്റെടുത്ത് അവിടെ ബേപ്പൂരിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിക്ക് തറക്കില്ലിട്ടു. പ്രവർത്തനം തുടങ്ങാൻ പോകുകയാണ്. മറൈൻ പാർക്ക്, മെഗാ ഫുഡ് പാർക്ക്, വയനാട്, കോടതിയുടെ ഒരു തടസ്സം കൊണ്ടുമാത്രം നിൽക്കുകയാണ്. ബാക്കിയെല്ലാ നടപടികളും പൂർത്തീകരിച്ചു. അതിന് 398

LIBRARY ARCHIVES Kerala Legislative Assembly

ഏക്കർ എറണാകുളത്ത് ഇ.പി.ഐ.പി. എക്സ്പാൻഷൻ, 426 ഏക്കർ. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് രാമനാട്ടുകര, 80 ഏക്കർ; കേരപാർക്ക് തൃശൂർ, കൊടകര മണ്ഡലത്തിൽ 100 ഏക്കർ. നേരത്തെ ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞ ഇരിങ്ങാലക്കുടയിൽ 40 ഏക്കറാണ് നമ്മൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. മഞ്ചേശ്വരം 500 എക്കർ, എന്റെ കയ്യിൽ മുഴുവൻ ലിസ്റ്റുമുണ്ട്. ഇതിനെല്ലാംകൂടി ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ കഴിയുമെന്നാണ് വിഭാവനം ചെയ്യുന്നത്. ഇങ്ങനെ ഒരു സ്വപ്നം കാണുന്നതിനെ പരിഹസിക്കേണ്ട കാര്യമില്ല. ഇന്നല്ലെങ്കിൽ നാളെ ഈ പദ്ധതികൾ നമ്മൾ പ്രാവർത്തികമാക്കുകയും കേരളം ഒരു വലിയ മുന്നേറ്റത്തിന് വഴിവയ്ക്കുകയും ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കുറെ വിമർശനങ്ങൾ വന്നു. അത് ഞാൻ അവസാനം പറയാം. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇനിയും ചില മാറ്റങ്ങൾ, പുരോഗതി കൈവരിക്കാനുള്ള നടപടികൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഒന്ന്, മാനേജുമെന്റിൽ തൊഴിലാളി പങ്കാളിത്തം, എല്ലാ ഡയറക്ടർ ബോർഡിലും ഒരു തൊഴിലാളി പ്രതിനിധിയെ ഉൾക്കൊള്ളിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിന് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ക്രൈറ്റീരിയയും തീരുമാനിച്ചിരിക്കുകയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽനിന്ന് ഹയർ എഡ്യുക്കേഷന് വരുന്ന, പ്രൊഫഷണൽ വിദ്യാഭ്യസത്തിന് വരുന്ന കുട്ടികൾക്ക് ഒരു ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതിനെ സഹായിക്കത്തക്കവിധത്തിൽ "ഇൻഡസ്ട്രീസ് മിനിസ്റ്റേഴ്സ് സ്കോളർഷിപ്പ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് പബ്ളിക് സെക്ടറിൽ നിന്നുള്ള ലാഭമെടുത്ത് സ്വരൂപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പൊതുമേഖലയിൽ 10 പുതിയ യൂണിറ്റുകളാണ് ഈ വർഷം കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കോമളപുരം ഹൈടെക് സ്പിന്നിംഗ് മിൽ 36 കോടി രൂപ, അത് ബിർളയുടെ കമ്പനിയായിരുന്നു. അത് അടച്ച് പൂട്ടിപോയത് ഗവൺമെന്റ് ഏറ്റെടുത്തതാണ്. ആ കമ്പനി പുനരുദ്ധരിച്ച് 36 കോടി രൂപ മുതൽ മുടക്കിയാണ് ഒരു ഹൈടെക് സ്പിന്നിംഗ് മിൽ ഉണ്ടാക്കാൻ പോകുന്നത്. 500 പേർക്ക് ഡയറക്ട് എംപ്ലോയ്മെന്റാണ് നമ്മൾ അവിടെ ഉദ്ദേശിക്കുന്നത്. ടെക്സ്റ്റൽ കോർപ്പറേഷന് കണ്ണൂരിൽ ഹൈടെക് വീവിംഗ് ഫാക്ടറിക്ക് 20 കോടി രൂപ മുതൽ മുടക്കും. ടെക്സ്റ്റയിൽ കോർപ്പറേഷൻ കാസർഗോഡ് ഓപ്പൺ എൻഡ് സ്പിന്നിംഗ് മിൽ 16 കോടി രൂപയാണ് മുതൽ മുടക്കുന്നത്. ട്രാക്കോ കേബിളിന്റെ കണ്ണൂർ യൂണിറ്റിന് 12 കോടി രൂപയാണ് മുതൽമുടക്ക്. സിഡ്കോ കോഴിക്കോട് ടൂൾ റൂം 12 കോടി രൂപ. കുറ്റിപ്പുറത്തെ കെൽട്രോൺ യൂണിറ്റിന് 12കോടി രൂപ. ഷൊർണ്ണൂരിൽ പുതിയ സ്റ്റീൽ ആന്റ് ഫോർജിംഗ് യൂണിറ്റിന് 12 കോടി രൂപ. പാലക്കാട് യുണൈറ്റഡ് ഇലക്ട്രിക്കൽസിന് മീറ്റർ ഫാക്ടറി യൂണിറ്റ് 5 കോടി കെ.എസ്.ഐ.ഇ. യുടെ നേതൃത്വത്തിൽ പുതിയ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന് കൊച്ചിയിൽ 33 കോടി രൂപ. ബാംബൂ കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

ബാംബൂ ഫ്ളോറിംഗ് ടൈൽസ് യൂണിറ്റിന് 12 കോടി രൂപ. ഇതെല്ലാം ഈ ഡിസംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇത് കൂടാതെ കെ.എം.എം. എൽ-ന്റെ നവീകരണത്തിന് 100 കോടി രൂപയാണ് മുതൽ മുടക്ക്. ഓട്ടോ കാസ്റ്റ് സ്റ്റീൽ കാസ്റ്റിംഗ് ലൈൻ 10 കോടി രൂപയാണ് ഈ വർഷം മുടക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, 32 കൊല്ലം മുമ്പ് കെ.എം.എം.എൽ ഉദ്ഘാടന ദിവസം അവിടെ പ്രസിദ്ധീകരിച്ച നോട്ടീസിന്റെ ഭാഗമാണ്. അവിടെനിന്ന് കരിമണൽ ഖനനം ചെയ്യുമ്പോൾ 30 അടി താഴ്ചയിലേയ്ക്ക് ഖനനം ചെയ്തെടുക്കണം. എങ്കിലെ കൂടുതൽ മിനറൽസുണ്ടാകൂ. കെ.എം. എം.എൽ. 2 അടി അല്ലെങ്കിൽ 3 അടി ഖനനം ചെയ്യും. ഇപ്പോൾ സംഭവി ച്ചിരിക്കുന്നത് 600 മീറ്റർ നീളത്തിൽ കടൽകയറിയിരിക്കുകയാണ്. കെ.എം.എം. എൽ. വലിയ ദ്രോഹമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മന്ത്രി നേരിട്ട് ഇട പെട്ട് 32 കൊല്ലം മുമ്പ് അവർ പറഞ്ഞ, നോട്ടീസിൽ കാണുന്നതുപോലെ 30 അടി താഴ്ചയിലേയ്ക്ക് ഖനനം ചെയ്യാൻ ഏർപ്പാടാക്കണം. 1000 കോടി രൂപയുടെ നഷ്ടമാണ് ഇതുകൊണ്ട് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. അത് അങ്ങ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. എളമരം കരീം: സർ, ഗൗരവമായിട്ട് എടുക്കാം. കാരണം ഇതിന്റെ സാങ്കേതികവശം പറഞ്ഞപ്പോൾ ഞാൻ അത് അന്വേഷിച്ചു. ആവ ശ്യമായ നടപടികൾ സ്വീകരിക്കാം. അതിൽ ഒരു തർക്കവുമില്ല. കെ.എസ്. ഡി.പി.യുടെ നവീകരണത്തിനായി 34 കോടി രൂപ നിക്ഷേപിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള സോപ്സിന്റെ പുതിയ എക്സ്പാൻഷൻ 5 കോടി തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ രണ്ടാം ഘട്ടവികസനം 5 കോടി, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ നവീകരണം 25 കോടി, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ നവീകരണം 51 കോടി, മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ കപ്പാസിറ്റി വർദ്ധിപ്പിക്കൽ 15 കോടി, കെല്ലിന്റെ നവീകരണം 30 കോടി രൂപ, ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ നവീ കരണം, കായംകുളം സ്പിന്നിംഗ് മിൽ 7 കോടി രൂപ സിൽക്ക് ഒറ്റപ്പാലം യൂണിറ്റിന്റെ നവീകരണം 3 കോടി രൂപ എഫ്.ഐ.ടി നവീകരണം 2 കോടി രൂപ. ഇത്രയും ഈ വർഷം മുതൽമുടക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ ടി.സി.സി. ഐ.എസ്.ആർ.ഒ. യുമായി ചേർന്ന സോഡിയം ക്ലോറൈഡ് നിർമ്മാണ പദ്ധതിക്ക് 22 കോടി രൂപ മുതൽ മുടക്കുന്നു, പൂർണ്ണ മായും ഇത് ഐ.എസ്.ആർ.ഒയുടെ ഫണ്ടിംഗാണ്., വേമ്പനാട് കായലിൽനിന്ന് കക്ക ലഭ്യമല്ലാത്തതുകൊണ്ട് ട്രാവൻകൂർ സിമന്റ്സിന്റെ പ്രവർത്തനം വലിയ പ്രതിസന്ധിയിലാണ്. എന്നാൽ അത് അടച്ച് പൂട്ടാൻ ഉദ്ദേശിക്കുന്നില്ല. ലൈംസ്റ്റോൺ ഇറക്കുമതി ചെയ്ത് വൈറ്റ് സിമന്റിന്റെ ഉൽപ്പാദനം നടത്താ നുള്ള പദ്ധതി ആവിഷ്ക്കരിക്കുകയാണ്. അവിടെത്തന്നെ കിൻഫ്ര ഒരു വെയർഹൗസിംഗ് സൗകര്യത്തിന് ഒരു പദ്ധതി പുതുതായിട്ട് ആരംഭിക്കണ മെന്ന് ആലോചിക്കുന്നുണ്ട്. ഈ നിലയിലുള്ള ഒരു പുനരുദ്ധാരണം

LIBRARY ARCHIVES Kerala Legislative Assembly

റ്റി.സി.എൽ. നടത്താൻ ഉദ്ദേശിക്കുന്നു. ഇന്ത്യയിൽ ആദ്യത്തെ ടൈറ്റാനിയം സ്പോഞ്ച് ഫാക്ടറി ചവറയിൽ ഐ.എസ്.ആർ.ഒയുടെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ 2010 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ പോകുകയാണ്. ഇതിൽ 140 കോടി രൂപയും ഐ.എസ്.ആർ.ഒ.യാണ് മുടക്കിയിട്ടുള്ളത്. ഇത് വിജയിച്ചാൽ പ്രതിരോധ വകുപ്പിന്റെ കീഴിൽ ഡി.എം.ആർ.എൽ വികസിപ്പിച്ചെടുത്ത ടെക്നോളജിയുടെ ഒരു പൈലറ്റ് പ്ലാന്റാണ്. വിജയിച്ചാൽ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്ന ലോകത്തിലെ 7-ാ മത്തെ രാഷ്ട്രമായി നമ്മുടെ രാജ്യം മാറും. ഏറ്റവും അഭിമാനകരമായ ഒരു പദ്ധതിയാണിത്. മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ചവറയിൽ സ്ഥാപിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നു. ഇതിനുള്ള ആലോചനാ യോഗം നടന്നു. അതിന്റെ പ്രോജക്ട് തയ്യാറാക്കാൻ കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് മുൻകൈയെടുത്ത് രൂപീകരിച്ച ഒരു കമ്പനിയാണ് ഇൻകെൽ. (ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ്). അതിന്റെ നേതൃത്വത്തിൽ അങ്കമാലിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കിൽ 585 കോടി രൂപയുടെ നിക്ഷേപ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. മലപ്പുറം ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ കെഎസ്.ഐ.ഡി.സി.യും ഇൻകെലും ചേർന്ന് ജോയിന്റ് വെൻചർ ആയി 2000 കോടി രൂപയുടെ നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നു. അവിടെ എഡ്യൂക്കേഷൻ സിറ്റി എന്ന ഒരു പ്രൊപ്പോസലാണ് തയ്യാറാക്കിയിട്ടുള്ളത്. അഡ്വാൻസ് ടെക്നോളജി പാർക്ക് രാമനാട്ടുകര, ഇൻകെൽ ഇൻഫ്രാ സംയുക്ത സംരംഭം 10,000 കോടി രൂപയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് വെള്ളയിൽ കൺവെൻഷൻ സെന്ററിനായി 120 കോടി രൂപയുടെ നിക്ഷേപമാണ് ഉദ്ദേശിക്കുന്നത്. പൊതുമേഖലയിൽ പൂട്ടിക്കിടന്നിരുന്ന ട്രാവൻകൂർ പ്ലൈവുഡ് കമ്പനിയുടെ ബാധ്യതകളെല്ലാം തീർത്ത് അതിനെ ഏറ്റെടുക്കാൻ കിൻഫ്രയെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നു നിരവധി ബാധ്യതകളുണ്ടായിരുന്നു. ആ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് എല്ലാം ഏറ്റെടുത്ത്, കിൻഫ്ര അത് ഒരു ഇൻഡസ്ട്രിയൽ പാർക്കായി ഡവലപ് ചെയ്യാൻ തീരുമാനിച്ചു. അതിന്റെ ശിലാസ്ഥാപനം ഈ ആഗസ്റ്റ് 5-ന് നടക്കാൻ പോകുകയാണ്. കെ.എസ്.ഡി.സി. കുറ്റിപ്പുറം കിൻഫ്ര ഏറ്റെടുത്തു. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിക്ക് തറക്കില്ലിട്ടു. അവിടത്തെ നിലവിലുള്ള കെട്ടിടത്തിന്റെ കാര്യത്തിൽ ഒരു പുതിയ സംരംഭകൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. അത് ഒരു ട്രാൻസ്പാരന്റ് പ്രൊസ്ജ്യുവറിലൂടെ അതിനൊരു സംരംഭകനെ കണ്ടുപിടിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, ഇൻകെലിന്റെ കാര്യം ചോദിക്കാനാണ്. 2009-2010-ലെ ബഡ്ജറ്റിൽ നിങ്ങൾ 10 പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇപ്പോഴും അങ്ങ് അതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രോജക്ട് ഇൻകെലിന്റെ പേരിൽ അനൗൺസ് ചെയ്തത് തുടങ്ങാൻ സാധിച്ചോ?

ശ്രീ. എളമരം കരീം : സർ, 5 പ്രോജക്ടുകളാണ് ഞാൻ അനൗൺസ് ചെയ്തത്. ആഗസ്റ്റ് രണ്ടാം തീയതി രാമനാട്ടുകര പ്രോജക്ട് തറക്കില്ലിടാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നു. കൺവെൻഷൻ സെന്റർ, അതിന്റെ ആർക്കിടെക്ട് പ്ലാൻ തന്നു കഴിഞ്ഞു. കോർപ്പറേഷന്റെ അനുമതി കിട്ടിക്കഴിഞ്ഞാൽ അതിന്റെ പ്രവർത്തി ആരംഭിക്കാൻ തുടങ്ങും.. ഇതെല്ലാം നമ്മൾ ആഗ്രഹിക്കുന്നതുപോലുള്ള വേഗ ത്തിൽ ചെയ്യാൻ കഴിയാത്തത് വ്യക്തിപരമായി ആരെങ്കിലും ഒരാളുടെയോ രണ്ടാളുടെയോ പ്രശ്നമല്ല. മലപ്പുറത്തെ കാര്യമെടുക്കാം. മലപ്പുറത്ത് കെ.എസ്.ഐ.ഡി.സി.യുടെ ലാന്റ് അലിഗഡ് മുസ്ളീം യൂണിവേഴ്സിറ്റിക്ക് അനുയോജ്യമാണ് അല്ല എന്നുള്ള തർക്കത്തിന്റെ പേരിൽ അലിഗഡ് യൂണിവേഴ്സിറ്റിക്ക് മറ്റൊരു ക്യാമ്പസ് കണ്ടെത്തുന്നതുവരെ ആ പ്രദേശത്ത് ഒരു പുതിയ പദ്ധതിയെക്കുറിച്ച് ആലോചിക്കുവാൻ കഴിയുമായിരുന്നില്ല. ഇതെല്ലാം യാദൃശ്ചികമായി വന്നുചേരുന്ന ചില തടസ്സങ്ങളാണ്. 30 വർഷ ങ്ങൾക്കുശേഷമാണ് പൂട്ടിക്കിടക്കുന്ന സ്വകാര്യ വ്യവസായങ്ങൾ കേരളത്തിൽ ഗവൺമെന്റ് ഏറ്റെടുക്കുന്ന നടപടിയിലേക്ക് പോയത്. കോമളപുരം ഏറ്റെടു ത്തു, ബില്ലും നമ്മൾ അംഗീകരിച്ചു. അലിൻഡ് കുണ്ടറ, ട്രാവൻകൂർ റയോൺസ്, കോഴിക്കോട്,കോമൺവെൽത്തിനായി മാനാഞ്ചിറ ലാന്റ് ഏറ്റെടു ക്കൻ ഇപ്പോൾ ക്യാബിനറ്റ് ഓർഡിനൻസ് അപ്രൂവ് ചെയ്തിട്ടുണ്ട്. ഇതിന് രാഷ്ട്രപതിയുടെ അസന്റ് കൂടി കിട്ടിയാലേ ഓർഡിനൻസ് പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. കെ. ഷാജു : പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി യതിന്റെ ഒരുപാട് കഥകൾ പറഞ്ഞു. കായംകുളത്തുള്ള ആലപ്പുഴ സഹക രണ സ്പിന്നിംഗ് മിൽ നഷ്ടത്തിലായതുകൊണ്ട് അതിന്റെ ഒരു പോർഷൻ വേറെ ഏതോ സ്ഥാപനത്തിന് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന് പറഞ്ഞത് ശരിയാണോ?

ശ്രീ. എളമരം കരീം : സർ, രാഷ്ട്രപതിയുടെ അസന്റ് കൂടി കിട്ടി യാലെ നമുക്കിത് പ്രാവർത്തികമാക്കാൻ സാധിക്കൂ. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഇക്കാര്യം പറഞ്ഞു. ഇതിന് അനുമതി കിട്ടുന്ന കാര്യത്തിൽ എല്ലാവരും ഇടപെട്ട് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥി ക്കുകയാണ്. ഇതിനാവശ്യമായ കാര്യങ്ങൾ അതിവേഗത്തിൽ ചെയ്യുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ അലിൻഡ് സ്വിച്ച് ഗിയർ ഫാക്ടറി സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചതായി അറിയുന്നു. അങ്ങനെ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ, അതിന്റെ നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

ശ്രീ. സി. പി. മുഹമ്മദ് : സർ, മലബാർ സിമന്റ്സിന്റെ 40 കോടി, രൂപയും കെ.എം.എം. എൽ. ന്റെ അറുപത് കോടി രൂപയും പീഡിത വ്യവസായങ്ങൾക്ക് കൊടുക്കുവാനുള്ള ഒരു തീരുമാനമുണ്ട്. ചവറയിൽ അതിനെതിരെ സമരം നടന്നുകൊണ്ടിരിക്കുകയാണ്. മലബാർ സിമന്റ്സിന്റെ അവിടെ സമരം തുടങ്ങിയിട്ടില്ല. എമ്പ്രാന്റെ വിളക്കത്ത് വാര്യന്റെ അത്താഴമെ ന്നുള്ള ഈ പരിപാടി ശരിയല്ല. നന്നായി പ്രവർത്തിക്കുന്ന കമ്പനിയുടെ പണമെടുത്ത് പീഡിത വ്യവസായങ്ങൾക്ക് ഗവൺമെന്റ് കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ഒരു ചോദ്യംകൂടി. അങ്ങ് ഒരുപാട് പീഡിതവ്യവസായങ്ങളെ ഉദ്ധരിച്ചുവെന്ന് പറഞ്ഞു. അങ്ങ് യൂണിയൻ പ്രസിഡന്റായിരുന്ന മാവൂർ ഗ്വാളിയർ റയോൺസിന്റെ സ്ഥലം ഇപ്പോൾ ആരുടെ കൈവശമാണ്. അവിടെ ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എളമരം കരീം : അലിൻഡ് കുണ്ടറയുടെ യൂണിറ്റായ മാന്നാർ സ്വിച്ച് ഗിയർ ഫാക്ടറി ഏറ്റെടുക്കുമ്പോൾ അതും കൂടി ഉൾപ്പെടും. രാഷ്ട്രപതിയുടെ അനുമതി കിട്ടിയാൽ മാത്രമേ അതിന്റെ ഏറ്റെടുക്കൽ പൂർത്തിയാക്കി ഓർഡിനൻസ് പ്രൊമുൾഗേറ്റ് ചെയ്യാൻ സാധിക്കുക

3.00 P.M

യുള്ളൂ. അതിനുള്ള നടപടികൾ എടുത്തുവരിയാണ്. കായംകുളത്തേത് കോ-ഓപ്പറേറ്റീവ് മില്ലാണ്. ശ്രീ. ഷാജുവിന്റെയൊക്കെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഭരണകാലത്ത് കോ-ഓപ്പറേറ്റീവ് മില്ലുകൾ നഷ്ടം വരുത്തിയതിന്റെ ഫലമായി ബാങ്ക് ജപ്തി ചെയ്യാൻ പോവുകയായിരുന്നു. ആ ജപ്തി നടപടി ഒഴിവാക്കാൻ ജില്ല കോ-ഓപ്പറേറ്റീവ് ബാങ്കുമായി വൺടൈം സെറ്റിൽമെന്റ് ഉണ്ടാക്കി, ആലപ്പുഴ ജില്ല കോ-ഓപ്പറേറ്റീവ് ബാങ്കിന് കുറച്ച് ലാന്റ് കൊടുത്തിട്ടാണ് അതിനെ രക്ഷിച്ചെടുത്തത്. അല്ലെങ്കിൽ അത് മുഴുവനും ജപ്തിചെയ്തുപോവുമായിരുന്നു. ഇതേ കാര്യംതന്നെ തൃശൂർ കോ ഓപ്പറേറ്റീവ് മില്ലിലും കണ്ണൂർ കോ-ഓപ്പറേറ്റീവ് മില്ലിലും ചെയ്തിരിക്കുകയാണ്. ഇത് പബ്ലിക് സെക്ടർ കമ്പനിയല്ല. അതിന് തീരുമാനമെടുക്കാൻ അവിടത്തെ ജനറൽ ബോഡിക്ക് അധികാരമുണ്ട്. ഗവൺമെന്റ് അതിന് സാംങ്ഷൻ കൊടുക്കുന്നുവെന്നേയുള്ളൂ. എൽ.എൻ.ജി. ടെർമിനൽ 2012-ൽ പൂർത്തിയാകുന്നതോടനുബന്ധിച്ച് കേരളത്തിൽ ഗെയിൽ (GAIL)-ന്റെ ഗ്യാസ് പൈപ്പ് പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗെയ്‌ലും കെ.എസ്.ഐ.ഡി.സിയും കൂടിയാണ് സംയുക്ത സംരംഭം ഉണ്ടാക്കുന്നത്. കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് ആദ്യത്തെ സിറ്റി ഗ്യാസിഫിക്കേഷൻ വർക്ക് ഏറ്റെടുക്കാൻ പോകുന്നത്. അതുപോലെ എറണാകുളത്ത് പുതുതായി ഏറ്റെടുക്കുന്ന മൂന്നൂറ് ഏക്കർ ഇലക്ട്രോണിക് ഹാർഡ്‌വെയർ വ്യവസായ പാർക്കിൽ 100 ഏക്കർ സ്ഥലം പ്രവാസികൾക്കു മാത്രമുള്ള വ്യവസായ സംരംഭങ്ങൾക്കായി മാറ്റിവയ്ക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. പുതുതായി ഒരു സംയുക്ത സംരംഭത്തിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. കേന്ദ്ര സ്ഥാപനമായ ഹിന്ദുസ്ഥാൻ എഞ്ചിനീയറിംഗ് കോർപ്പറേഷനും, സിൽക്കും തമ്മിലുള്ള ഒരു ജോയിന്റ് വെഞ്ച്വർ ആരംഭിക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. മിക്കവാറും അത് സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം കേന്ദ്ര ഹെവി ഇൻഡസ്ട്രീസ് മിനിസ്റ്റർ ശ്രീ. ബിലാസ് റാവു ദേശ്മുഖുമായി ഞാൻ സംസാരിച്ചു. അദ്ദേഹം വളരെ അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ ഒന്നാം ഘട്ടം പാലക്കാട് കമ്മീഷൻ ചെയ്തു. ഈ ഗവൺമെന്റിന്റെ കാലത്ത് തറക്കല്ലിട്ടു, ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടത്തിനാവശ്യമായ ലാന്റ് ഏറ്റെടുത്ത് നൽകുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ തറക്കല്ലിട്ട കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിന്റെ ആദ്യ ഫേയ്സിന്റെ കമ്മീഷനിംഗ് ആഗസ്റ്റ് 13-ന് ബഹുമാനപ്പെട്ട പ്രതിരോധ വകുപ്പുമന്ത്രി നിർവ്വഹിക്കാൻ പോവുകയാണ്. അതുപോലെ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെയും ആദ്യ ഫേയ്സ് കമ്മീഷൻ ചെയ്യാൻ തയ്യാറായി വരികയാണ്. മിക്കവാറും ഒരുമാസത്തിനുള്ളിൽ അതിന്റെ പൂർത്തീകരണമാകും. കോട്ടയത്തെ "ടെസിൽ" -നെ സംബന്ധിച്ച് ശ്രീ. വാസവൻ എം. എൽ. എ. ഇവിടെ സൂചിപ്പിച്ചു. അത് കുറേക്കാലമായി അടഞ്ഞു കിടക്കുകയാണ്. പുനരുദ്ധരിക്കുവാനുള്ള നിരവധി മാർഗ്ഗങ്ങൾ നോക്കി, പക്ഷേ ആ സ്വകാര്യ സംരംഭകൻ ഒന്നിനും വഴങ്ങുന്നില്ല. ആ സ്ഥാപനം വീണ്ടും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കുവാൻവേണ്ടി കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആ സ്ഥാപനവും അതിന്റെ ഭൂമിയും മെഷിനറിയും ഉപയോഗിച്ച് എങ്ങനെ നമുക്ക് പുനപ്രവർത്തനം നടത്താമെന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റ് ആലോചിച്ച് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ മറ്റു നടപടികൾ പിന്നീട് ആലോചിക്കും. തൃശൂരിലെ പുഴയ്ക്കൽപ്പാടത്ത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്ത് 15 കോടി രൂപ മുതൽമുടക്കി ചെറുകിട വ്യവസായങ്ങൾക്കായി ഒരു ബഹുനില വ്യവസായ കെട്ടിടം ഈ വർഷം പണിതീർക്കുന്നുണ്ട്. കിനാലൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഫുഡ്‌വെയർ പാർക്ക് ആരംഭിച്ചു. ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രീസ് പാർക്കിനുവേണ്ടി 50 ഏക്കർ സ്ഥലം ഇയർമാർക്ക് ചെയ്തിട്ടുണ്ട്. ബാക്കി സ്ഥലത്തുള്ള നിക്ഷേപങ്ങളെക്കുറിച്ച് ആലോചിച്ച് വരുന്നുണ്ട്. അവിടെ വലിയ വ്യവസായ പദ്ധതികളെ സംബന്ധിച്ചുള്ള ആലോചനകൾ നടക്കുന്ന കൂട്ടത്തിൽത്തന്നെ ചെറുകിട വ്യവസായ സംരംഭങ്ങളുടെ അപേക്ഷകളുംകൂടി പരിഗണിച്ചാണ് ഈ ഫുഡ് വെയർ മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചത്. ഏത് വ്യവസായ പാർക്കാണെങ്കിലും ഏത് നാട്ടിലേയ്ക്കാണെങ്കിലും സൗകര്യപ്രദമായ റോഡ് ആവശ്യമാണ്. ഇവിടെ പറഞ്ഞ് ഭയപ്പെടുത്തുന്നതുപോലെ 100 മീറ്ററൊന്നും ഒരു കാലത്തും ഉദ്ദേശിച്ചിട്ടില്ല. സർവ്വേ നടത്തിക്കഴിഞ്ഞതിനുശേഷം മാത്രമേ റോഡ് അലൈൻമെന്റ് നിശ്ചയിക്കാൻ പറ്റൂ. അതുപോലെ അടൂർ, കിൻഫ്ര പാർക്കിൽ ഒരു ഹെൽത്ത് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് സെൻട്രൽ യൂണിവേഴ്സിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് അതിന് അനുകൂലമായ നിലപാട് സ്വീകരിച്ചു. 23-ാം തീയതി ജോയിന്റ് ഇൻസ്പെക്ഷനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളുടെ ദയനീയാവസ്ഥ പരിഗണിച്ച് അവരുടെ വേതനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാനുള്ള നിരവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്തുവെങ്കിലും ഇനിയും അത് പര്യാപ്തമായ നിലയിലേയ്ക്ക് വരാത്തതു പരിഗണിച്ച് ഈ വർഷം ഇൻകം സപ്പോർട്ട് സ്കീം എന്നൊരു പുതിയ പദ്ധതി നടപ്പിലാക്കുകയാണ്. അതനുസരിച്ചാണ് കയർ വകുപ്പ് കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 150 രൂപ കൂലി നൽകുമെന്ന് പ്രഖ്യാപിച്ചത്. ഇതേ പദ്ധതി ഖാദി-കൈത്തറി മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അടുത്ത 27-ാം തീയതി അതുസംബന്ധിച്ച് ഒരു മീറ്റിംഗ്കൂടി തീരുമാനമെടുക്കുന്നതാണ്. പൊതുമേഖലയിൽ ഇത്രയും കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : പുഴയ്ക്കൽപ്പാടത്ത് ഒരു ബഹുനില സമുച്ചയത്തെപ്പറ്റി പറഞ്ഞു. ഇതിന്റെ തൊട്ടടുത്ത് തന്നെ Knowledge Park ഉണ്ടാക്കുന്നതിനുവേണ്ടി കിൻഫ്രായെ ഏൽപ്പിച്ച സ്ഥലം, അതിന്റെ ശിലാ സ്ഥാപനം കഴിഞ്ഞ് കൊല്ലങ്ങളായി വെറുതെ കിടക്കുകയാണ്. അതിനടുത്തായി സ്വകാര്യ വ്യക്തികൾ പല സ്ഥാപനങ്ങളും തുടങ്ങിക്കഴിഞ്ഞു. ഗവൺമെന്റ് സ്ഥലത്തിനു മാത്രം ഇങ്ങനെയൊരു വിലക്ക് കൽപ്പിച്ച് ഒരു പ്രവർത്തിയും തുടങ്ങാതെ കാലതാമസം വരുത്തുന്ന കാര്യത്തിൽ എന്തെങ്കിലും പരിഹാരം കാണാൻ തയ്യാറുണ്ടോ ?

ശ്രീ. എളമരം കരീം : കഴിയുന്നത്ര വേഗത്തിൽ അതിന് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ദേശീയതലത്തിൽ ചില അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ടെന്ന് നമ്മുടെ ചില മെമ്പർമാർ പറഞ്ഞത് ശരിയാണ്. അത് പ്രതിപക്ഷത്തുള്ള സുഹൃത്തുക്കളും സമ്മതിക്കുന്ന കാര്യമാണ്. കഴിഞ്ഞ ദിവസം ശ്രീ. ശാന്തകുമാർ എം.പി.യുടെ നേതൃത്വത്തിൽ ഒരു പാർലമെന്ററി സംഘം മലബാർ സിമെന്റ്സ് സന്ദർശിക്കുകയുണ്ടായി. അതുസംബന്ധിച്ചുള്ള വാർത്തകളും വന്നിട്ടുണ്ട്. 'കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം അത്ഭുതകരമെന്ന് പാർലമെന്റ് സമിതി' - എന്ന് മലയാള മനോരമയുടെ പാലക്കാട് എഡിഷൻ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ദേശാഭിമാനി ഞാൻ ഉദ്ധരിക്കുന്നില്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ ചന്ദ്രിക ഇതുസംബന്ധിച്ച് എഴുതിയ വാർത്ത ഞാൻ ഉദ്ധരിക്കാം. 'പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ -പാർലമെന്റ് സമിതി. പൊതുമേഖലാ സ്ഥാപനമെന്നാൽ നഷ്ടവും സ്വകാര്യമേഖല സ്ഥാപനമെന്നാൽ ലാഭവുമെന്ന ധാരണ തിരുത്താൻ മലബാർ സിമെന്റ്സിൽ നടത്തിയ സന്ദർശനം സഹായകരമായ തായി വാണിജ്യവുമായി ബന്ധപ്പെട്ട പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി അഭിപ്രായപ്പെട്ടു.'.... ആ ഒരു കമ്പനി മാത്രമല്ല, ഞാൻ പൊതുവിലുള്ള കാര്യമാണ് പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പുനരുദ്ധാരണത്തിന്റെ വിളവെടുക്കുകയാണെന്നൊക്കെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഒരു മനസമാധാനത്തിനുവേണ്ടിയാകാം ഇവിടെ പറഞ്ഞത്. എന്തെല്ലാം പുനരുദ്ധാരണമാണ് നടത്തിയതെന്ന് എന്നെ കൊണ്ട് പറയിപ്പിച്ചേ അടങ്ങൂ എന്ന് അദ്ദേഹത്തിന് വാശിയുള്ളതു പോലെ തോന്നുന്നു. ഞാൻ ചില ഉദാഹരണങ്ങൾ പറയാം. കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്, ശ്രീ. കുഞ്ഞമ്മത് മാസ്റ്ററുടെ നാട്ടിലെ കോട്ടമ്പ്ര ശ്രീ. കുഞ്ഞമ്മത് ഹാജി എന്നുപറയുന്ന ആളായിരുന്നു യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അതിന്റെ ബഹുമാന്യനായ ചെയർമാൻ. അദ്ദേഹം പേരാമ്പ്രയിൽ നിന്ന് കോഴിക്കോട് ബസ്സ്റ്റാന്റ് വരെ ബസ്സിൽ വരും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പൊതി കയ്യിലുണ്ടാവും അതിൽ ചെയർമാൻ, സ്റ്റീൽ കോംപ്ലക്സ് എന്നൊരു ബോർഡാണ്. എന്നിട്ട് അവിടെ നിന്നൊരു ടാക്സി വിളിച്ച് ആ ബോർഡ് ഫിറ്റ് ചെയ്ത് കമ്പനിയിലേയ്ക്ക് പോകും. കമ്പനിയ്ക്ക് കാറ് കൊടുക്കാനില്ല. അത്ര ദാരിദ്ര്യത്തിലായിരുന്നു കമ്പനി. ആ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ, സി.ഡബ്ല്യു.ആർ.ഡി.യിൽ നിന്ന് റിട്ടയർ ചെയ്ത രജിസ്ട്രാറും മുസ്ലീം ലീഗുകാരനുമായ ഉണ്ണീൻകുട്ടിയാണ്. ഒരു ദിവസം ഉണ്ണീൻകുട്ടി ഫയലുകളുമൊക്കെയായി മഞ്ചേരി സബ്ജയിലിനു മുമ്പിലുണ്ട്. എന്തിനാണ് ഇവിടെ നിൽക്കുന്നതെന്ന് നാട്ടുകാർ അന്വേഷിച്ചു. ചെയർമാനെ കാണാൻ വന്നതാണ് അടിയന്തരമായി ഒരു ഒപ്പുവേണം. അപ്പോൾ ചെയർമാൻ എങ്ങനെയാണ് ജയിലിലെത്തുന്നത്. വണ്ടിചെക്ക് കേസ്സിൽ മഞ്ചേരി ജയിലിൽ റിമാന്റിൽ കഴിയുകയാണ്. പുനരുദ്ധാരണം എന്നെകൊണ്ട് ഇനി അധികം പറയിക്കരുത്. ....(ബഹളം) ....കെ.എസ്.ഡി.പി. യുടെ ചെയർമാനായി കോഴിക്കോട്ട് ഏറ്റവും തിരക്കുള്ള ഒരു കാർഡിയോള ജിസ്റ്റ് ഡോക്ടർ കുഞ്ഞാലിയെ നിയോഗിച്ചു. ഡോ. കുഞ്ഞാലി കോഴിക്കോട് നല്ല തിരക്കുള്ള ആളാണ്. അദ്ദേഹത്തിന് കമ്പനി പ്രവർത്തനങ്ങളൊക്കെ നടത്താൻ വളരെ പ്രയാസമായിരുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, പോയിന്റ് ഓഫ് ഓർഡർ, ...(ബഹളം)...........ഒരു വ്യക്തിയുടെ ഇടപാട് കേസ്സിൽ, അവർ തമ്മി ലുള്ള ഇടപാട് കേസ്സിൽ കോടതിയിൽ പോയതിന് സ്റ്റീൽ കോംപ്ലക്സിന്റെ എന്തോ മോഷ്ടിച്ചു കൊണ്ടാണ് അയാൾ പോയത് എന്നുള്ള നിലയിലുള്ള ആരോപണമാണ്, അത് ശരിയല്ല. അയാൾ വ്യക്തിപരമായ ഇടപാടിന്റെ പേരി ലാണ് ജയിലിൽ പോയത്. അദ്ദേഹം സ്റ്റീൽ കോംപ്ലക്ഡിന്റെ പേരിലല്ല, ആ നിലയിലല്ല. അത് അങ്ങ് പിൻവലിക്കണം. അങ്ങ് അത് പിൻവലിക്കണം. ....(ബഹളം).............

ശ്രീ. എളമരം കരീം : ....(ബഹളം).........കേൾക്ക്.....കേൾക്ക്.....ഞാൻ പറയുന്നത് കേൾക്ക്......പറയട്ടേ. അദ്ദേഹം സ്റ്റീൽ കോംപ്ലക്സിൽ നിന്ന് മോഷ്ടിച്ചുവെന്നല്ല ഞാൻ പറഞ്ഞത്. അദ്ദേഹം കൊടുത്ത ചെക്ക് വണ്ടിച്ചെക്കായതുകൊണ്ട് കേസിൽ കുടുങ്ങി റിമാന്റ് ചെയ്യപ്പെട്ടു എന്നാണ് പറഞ്ഞത്. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്ററും സാക്ഷിയാണ്. അദ്ദേഹത്തിന്റെ നാട്ടിലാണ് ഈ കോട്ടമ്പ്ര. രണ്ടാമത്തെ കേസ് നിങ്ങൾക്ക് കുറച്ചുകൂടി വേദനിക്കും. രണ്ടാമത്തെ കേസ് പറയാൻ പോകുകയാണ്. കെ.എസ്.ഡി.പി. യുടെ ചെയർമാനായി ഡോക്ടർ കുഞ്ഞാലിയെ നിയമിച്ചു. ഡോക്ടർ കുഞ്ഞാലി ആരാണെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിക്ക് അറിയാം. ഞാൻ പറയുന്നില്ല. ഞാൻ വ്യക്തിപരമായി പോകുന്നില്ല. കോഴിക്കോട്ടെ തിരക്കുപിടിച്ച ഒരു കാർഡിയോളജിസ്റ്റാണ്. അദ്ദേഹം കെ.എസ്.ഡി.പി. കമ്പനിയിൽ ചാർജെടുക്കാൻ വന്നു. കമ്പനിയുടെ ഗേറ്റ് എവിടെയാണെ ന്നറിയാൻ ഒരാഴ്ച അന്വേഷിച്ചു നടന്നു. അവിടം മുഴുവൻ കാട് പിടിച്ച് കിടക്കുകയായിരുന്നു. വളരെ പണിപ്പെട്ട് ഗേറ്റ് കണ്ടുപിടിച്ച്, ഒരു കാർ വേണ മെന്നാവശ്യപ്പെട്ടു. അന്ന് ആ കമ്പനി പ്രവർത്തിക്കുന്നില്ല. .....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് ചെയർമാനുവേണ്ടി പ്രത്യേകമായി ഒരു അമ്പാസിഡർ കാർ പുതുതായിട്ട് കൊടുത്തു. ആ കാറുമായി അദ്ദേഹം കോഴിക്കോടുപോയി. അദ്ദേഹം ഉപയോഗിക്കുന്നത് വളരെ വിലപിടിച്ച വിദേശ നിർമ്മിത കാറാണ്. വീട്ടിൽ പച്ചക്കറി വാങ്ങാൻ ഈ അമ്പാസിഡർ കാർ ഉപയോഗിച്ചു, ഇതാണ് നിങ്ങളുടെ പുനരുദ്ധാരണം. ഇനി മൂന്നാമത്തെ കഥ പറയിക്കണ്ട......(ബഹളം) .....2006-ൽ ഈ ഗവൺമെന്റ് വരുന്നതുവരെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഒരു നയാപൈസയുടെ പുനരുദ്ധാരണം നടത്തിയിട്ടില്ല. 15 കമ്പനികൾ യു. ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്ത് ലാഭത്തിലായിരുന്നുവെന്ന് ഇവിടെ ലീഗിന്റെ ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ.....

ശ്രീ. എളമരം കരീം : യേസ്....അവസാനിപ്പിക്കാം.

മി. സ്പീക്കർ : ഒരു മന്ത്രിയും കൂടി പറയാനുണ്ട്.

ശ്രീ. എളമരം കരീം : അതിൽ ഒന്ന്, അദ്ദേഹം ഉദ്ധരിച്ച ഒരു കമ്പനിയുടെ പേര് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസാണ് എന്നാണ്. കൊല്ലത്തെ മീറ്റർ കമ്പനി, ബഹുമാനപ്പെട്ട അസീസ് ഇവിടെ പറഞ്ഞു. 2001-2002-ൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ നഷ്ടം 7 കോടി 29 ലക്ഷം. 2002-2003-ൽ 1.51 കോടി രൂപ. അടുത്ത വർഷം 3 കോടി 25 ലക്ഷം. അടുത്ത വർഷം 2 കോടി 85 ലക്ഷം. 2005-2006-ൽ 3 കോടി 12 ലക്ഷം നഷ്ടമാണ്. 2006-2007-ൽ 2 കോടി 37 ലക്ഷം ലാഭം. ആകെ ലാഭത്തിലേയ്ക്ക് വന്നത് 2006-2007-ലാണ്. അദ്ദേഹം പറഞ്ഞ മറ്റ് കണക്കുകൾ എങ്ങനെയാണെന്ന് ബോധ്യപ്പെടാൻ ഈ ഒരൊറ്റ ഉദാഹരണം മതി. ശ്രീ. കെ. ബാബു പറഞ്ഞ ഒരു കാര്യം അത് ഞാൻ അംഗീകരിക്കുകയാണ്. പ്രൊവിഷണൽ ബാലൻസ് ഷീറ്റ് തയ്യാറാക്കുന്നതും എ. ജി. ഓഡിറ്റ് ചെയ്ത് വരുന്നതും തമ്മിൽ ഫിഗറിൽ ചെറിയ വ്യത്യാസം വരും. അത് കൺസിഡറബിളായി വലിയ തുകയൊന്നുമല്ല. നാല് ലക്ഷമോ അഞ്ച് ലക്ഷമോ പത്ത് ലക്ഷമോ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ വരും. അത് ഞാൻ അംഗീകരിക്കുന്നു. ഈ കണക്കുകളെല്ലാം തയ്യാറാക്കിയിട്ടുള്ളത് പ്രൊവിഷണൽ ബാലൻസ് ഷീറ്റിലാണ്. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് ചെയ്ത് വരാൻ വർഷങ്ങളെടുക്കും. മാത്രമല്ല എ. ജി. ഓഡിറ്റ് വരുമ്പോൾ തലേവർഷത്തെ ക്യാരി ഓവർ ചെയ്തിട്ടാണ് അവർ കണക്കാക്കുന്നത്. ഞാൻ ഇവിടെ പറയുന്നതെല്ലാം പ്രവർത്തനലാഭമാണ്. അത് ഞാൻ ക്ലെയിം ചെയ്യുന്നുണ്ട്. അതിനു മുമ്പ് അക്യുമുലേറ്റഡ് ലോസ് ഉണ്ടായിരുന്നതെല്ലാം വൈപ്പ്ഔട്ട് ചെയ്തുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. അതിന് ഇനിയും വർഷങ്ങളെടുക്കും. പിന്നെ ഒരു കാര്യം ഇവിടെ പറഞ്ഞത്, ഇ. ആർ.സി. റിപ്പോർട്ടിനെ സംബന്ധിച്ചാണ്. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 25 ഗവൺമെന്റ് ഓർഡറുകൾ അന്ന് ഗവൺമെന്റ് ഇറക്കി. ഇതെല്ലാമിറക്കിയത് 2002-ൽ ആണ്. ഓരോ കമ്പനിയെ സംബന്ധിച്ചും എന്താണ് ഇ.ആർ.സി. റെക്കമന്റേഷൻ എന്നത് സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് ഓർഡർ ഇറക്കിയത്. (1)

LIBRARY ARCHIVES Kerala Legislative Assembly

അസ്ട്രാൾ വാച്ചസ്- ഇപ്പോഴും പൂട്ടിക്കിടക്കുകയാണ്- Proposal- Privatise (b) വർക്കേഴ്സിന്, VRS "(c) Sale of assets. G.O.(ms)No.100/02 ID., dated 5.10.2002." ഇതിനകത്ത് ഓരോന്നും പറയുന്നുണ്ട്. ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ഡി.പി."- Sale of assets of Vitamin -A division. Sale of assets (b) handover formulation division to Health Department (c) Sale/wind-up formulation division. ഓട്ടോകാസ്റ്റ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പനിയാണ് "Privatise and VRS". സീതാറാം ടെക്സ്റ്റയിൽസ് ഇപ്പോൾ പ്രവർത്തിക്കുന്ന കമ്പനിയാണ്. "Stop operation, sale of processing unit". ടെൽക്കിനെ സംബന്ധിച്ച്, "G.O.(ms) No.55/03 ID. dated 24.5.2003. (a) Private investment, (b) sale of shares in the range of 26% to 49 % to private investors, (c) sale of 50 acres of land and VRS." ഇപ്പോൾ പ്രവർത്തിക്കുന്ന UEI - VRS, review the operation of 18 months and decide upon disinvestment. സ്കൂട്ടേഴ്സ് കേരള- "Closure,- Sale of assets, VRS". ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന കെൽ. കെല്ലിനെ സംബന്ധിച്ച് പറഞ്ഞത്, Face out foundry division at Kundara, Privatise Mamala Unit, Olavakkod Unit to be either handed over to Employees Co-operative or Privatise. Steel Complex- Privatise and VRS. Travancore Sugars and Chemicals "ഇപ്പോഴും പ്രവർത്തിക്കുന്ന കമ്പനിയാണ്"- "VRS". FIT ഇപ്പോൾ പ്രവർത്തിക്കുന്ന കമ്പനിയാണ്- "Formation of Employees Co-operative Society and transfer it to Employees Co-operative Society. TCC- VRS". ഈ ഓർഡറുകളെല്ലാം ഞങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ തീരുമാനിച്ച കമ്പനികളുടേത് കാൻസൽ ചെയ്തതൊഴിച്ച് ബാക്കിയൊക്കെ നിലനിൽക്കുകയാണ്. യു.ഡി.എഫ്. ശ്രീ. ആര്യാടൻ, ശ്രീ. താമരാക്ഷൻ എന്നിവരടങ്ങിയ കമ്മിറ്റിയെ അപ്പോയിന്റ് ചെയ്തിരുന്നു. ശക്തമായ പ്രക്ഷോഭണങ്ങളുടെ അടിസ്ഥാനത്തിലാണ് അപ്പോയിന്റ് ചെയ്യാൻ ഇടയായത്. ഐ.എൻ.റ്റി.യു.സി. ഉൾപ്പെടെ പ്രക്ഷോഭണത്തിലായിരുന്നു. ആ പ്രക്ഷോഭണത്തിന്റെ അടിസ്ഥാനത്തിൽ റിവ്യൂ ചെയ്യാൻ തീരുമാനിച്ചു. അതിനുശേഷം ഇ.ആർ.സി.യുടെ പ്രവർത്തനം മരവിപ്പിക്കാൻ തീരുമാനിച്ചു. ആദ്യം വന്നിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള GO's ഒന്നുപോലും 2006 വരെ കാൻസൽ ചെയ്തിരുന്നില്ല. ആർക്ക് വേണമെങ്കിലും പരിശോധിക്കാം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതുമേഖലാസ്ഥാപനം വിറ്റോ ?

ശ്രീ. എളമരം കരീം : വിറ്റിട്ടില്ല, വിൽക്കാൻ എന്താണ് പ്രശ്നമെന്ന് അറിയുമോ? തിരുവണ്ണൂർ കോട്ടൺ മിൽ 2001-ൽ ഓപ്പറേഷൻ നിർത്തി. അങ്ങോട്ടുള്ള ഇലക്ട്രിക് ലൈൻ വലിച്ചുകൊണ്ടുപോയി ഡിസ്കണക്ട് ചെയ്ത് ഡിസ്മാന്റിൽ ചെയ്തു. ഞങ്ങൾ അന്ന് ട്രേഡ് യൂണിയനുകളും ഐ.എൻ.റ്റി.യു.സി.യും എല്ലാവരുംകൂടി ഇലക്ട്രിസിറ്റി ബോർഡ് ആഫീസിൽ ചെന്നു. ഇത് പഴയചെമ്പ് കമ്പിയായതുകൊണ്ട് മോഷണം

LIBRARY ARCHIVES Kerala Legislative Assembly

നടക്കാതിരിക്കാൻവേണ്ടി ഞങ്ങൾ ഭദ്രമാക്കി ആഫീസിൽ കൊണ്ടുചെന്ന് വച്ചതാണെന്ന് അവർ പറഞ്ഞു. ആ ചെമ്പ് കമ്പിയുടെ ലൈൻ പോകുന്നതിനടിയിൽ വ്യാപകമായി കെട്ടിടമുണ്ടാക്കാൻ അനുമതി കൊടുത്തു. പിന്നീട് ഒരുകാലത്തും ആ കമ്പനി തുറക്കാതിരിക്കാൻവേണ്ടി, പണ്ടത്തെ കോവിലകത്തുനിന്ന് ആ കമ്പനി ഗവൺമെന്റ് ഏറ്റെടുത്തതായിരുന്നു, അവരുടെ ബിനാമികൾ ചേർന്ന് ഭൂമി തിരിച്ചുകിട്ടാൻ കേസ് കൊടുത്തു. ആ കേസിൽ തോൽക്കാൻ പോകുകയായിരുന്നു, ആ ഭൂമി പോലും നഷ്ടപ്പെടാൻ പോകുകയായിരുന്നു. ഈ തരത്തിലാണ് പലതും പോയത്. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : എൽ.ഡി.എഫ് ഗവൺമെന്റ് ഇതിനുമുമ്പും ഈ കാലത്തും ഏതെങ്കിലും വ്യവസായം, ഇപ്പോൾ മലബാർ സോപ്സ് അതുപോലെതന്നെ കെൽട്രോൺ ഇതിലൊക്കെ വി.ആർ.എസ്. നടപ്പാക്കിയിട്ടില്ലേ? ഈ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയതുപോലെ ഞങ്ങളും നടപ്പാക്കി. എന്താണ് കുഴപ്പം? അതിന് മുമ്പ് നിങ്ങൾ നടപ്പാക്കി. പിന്നെ എന്താണ്? ഈ ഗവൺമെന്റും നായനാർ ഗവൺമെന്റുമാണ് ഇവിടെ വി.ആർ.എസ്. കൊണ്ടുവന്നത്. വി.ആർ.എസ്. ആദ്യം കൊണ്ടുവന്നത് നായനാരാണ് - കെൽട്രോണിൽ. അതിന് വിരോധമില്ല. ഞങ്ങൾ വി.ആർ.എസ്. കൊണ്ടുവന്നാൽ വിരോധം. ഇതെന്തു സമീപനമാണ്.

ശ്രീ. എളമരം കരീം : പബ്ലിക് സെക്ടറിന്റെ റീസ്ട്രക്ച്ചറിംഗിന്റെ ഭാഗമായി സ്വകാര്യവൽക്കരണമോ അടച്ചുപൂട്ടലോ എന്ന നയത്തോടനുബന്ധിച്ചുള്ള വി.ആർ.എസ്.-നെയാണ് എതിർക്കുന്നത്. റിവൈവലിന്റെ ഭാഗമായി തൊഴിലാളികളുടെ എണ്ണം കുറച്ച് ഒരു സ്ഥാപനം രക്ഷപ്പെടുത്താൻ അനിവാര്യമായി അതേ മാർഗ്ഗമുള്ളൂവെങ്കിൽ അതിനെയൊന്നും പ്രായോഗികമായി ട്രേഡ് യൂണിയൻ എതിർക്കുന്നില്ല. അത് ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശപ്രകാരം റിവൈവൽ പാക്കേജിന്റെ ഭാഗമായി ചെയ്യുന്നുണ്ട്. റിവൈവലും റീസ്ട്രക്ച്ചറിംഗും രണ്ടാണ്. നിങ്ങളുടേത് റീസ്ട്രക്ച്ചറിംഗായിരുന്നു. ഇപ്പോഴത്തേത് റിവൈവലാണ്. ഇത് രണ്ടും രണ്ടാണ്. അന്ന് 26 കമ്പനികളിലാണ് വി.ആർ.എസ്. കൊടുത്തത്. Number of employees 3,143. അവർക്കാകെ 92 കോടി 59 ലക്ഷം രൂപ നഷ്ടപരിഹാരമായി കൊടുത്തു. ഞാൻ പറയുന്നത് ഈ പണമുണ്ടായിരുന്നുവെങ്കിൽ ആ കമ്പനികൾ പലതും പുനരുദ്ധരിക്കാമായിരുന്നുവെന്നതാണ്. ബഹുമാനപ്പെട്ട ജോർജ് മേഴ്സിയർ പറഞ്ഞ കൂട്ടത്തിൽ കെ.എം.എം.എൽ.-ലെ ഒരു ഓഡിറ്റ് ഒബ്ജക്ഷനെപ്പറ്റി പറഞ്ഞു. എന്നെക്കൊണ്ട് അത് പറയിക്കേണ്ടിയിരുന്നില്ല. 2003, 2004, 2005 കാലത്ത് കാബിനറ്റ് തീരുമാനം മറികടന്നുകൊണ്ട് അവിടത്തെ എക്സ്പാൻഷനുള്ള വർക്ക് കോൺട്രാക്ട് കൊടുത്ത വകയിൽ, ധൃതിപിടിച്ച് 2005-ൽ മെഷീനറിക്ക് ഓർഡർ കൊടുത്ത് അഡ്വാൻസായി കൊടുത്ത തുകയാണ്. ഈ അധികച്ചെലവായി വന്നതെന്ന് ഇതിൽ എഴുതിവച്ചു. അധികച്ചെലവ് മാത്രം എഴുതിവച്ചാൽ മതിയോ? ആ ഭാഗം വായിച്ചില്ല. ആവശ്യമില്ലാതെ എന്തിനാണ് പറയിക്കാൻ പോയത്? "In view of enormous escalation in cost,

LIBRARY ARCHIVES Kerala Legislative Assembly

Board of Directors constituted a Sub Committee". എന്നിട്ട് അത് അബാൻഡൻ ചെയ്യാൻ തീരുമാനിക്കുന്നതാണ്." "The estimated cost of the project was Rs. 760 crore, proposed for funding from own resources". പക്ഷേ അവസാനം വന്നത് എവിടെ എന്ന് അറിയുമോ? The cost of the project on completion was projected at Rs. 1,115 crore against the originally estimated cost of Rs. 760 crore, an escalation of 47%. എന്നിട്ട്" As a result of abandonment of the project, the purchase orders for machinery/ erection valuing Rs. 431.19 crore issued (January 2005 to July 2006) became unnecessary and amount of Rs. 58.57 crore (including consultancy fee of Rs. 18.62 crore) towards Desalination plant, Oxygen plant, Dredge and Wet Contraction plant, incurred became wasteful expenditure".

ഇതെല്ലാം ഞങ്ങൾ ക്യാൻസൽ ചെയ്തു. ടൈറ്റാനിയം കഴിഞ്ഞ വർഷം 21 കോടി രൂപ ലാഭമുണ്ടാക്കി. 2005-06-ൽ 15.5 കോടി നഷ്ടത്തിലായിരുന്നു. സൾഫറിന് വില കൂടിയപ്പോൾ അടുത്ത രണ്ട് വർഷവും നഷ്ടത്തിലായി. കഴിഞ്ഞ വർഷം സൾഫറിന്റെ വിലയിൽ കുറവ് വന്നപ്പോഴാണ് അത് ലാഭത്തിലേയ്ക്ക് വന്നത്. എല്ലാ കമ്പനികളുടെയും ലാഭത്തിന്റേയും നഷ്ടത്തിന്റേയും കണക്കുകൾ എന്റെ കയ്യിലുണ്ട്, ഞാൻ അതിന്റെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട വർക്കല കഹാർ ഇവിടെ പറഞ്ഞു എക്കണോമിക് റിവ്യൂ 2009 പട്ടിക 19.16. 2005 ഡിസംബറിൽ ഞങ്ങളാണ് ഭരിച്ചത്. 2,78,390 തൊഴിലാളികൾക്ക് പബ്ലിക് സെക്ടറിൽ ജോലി ഉണ്ടായിരുന്നു. ഇപ്പോൾ 2008 ഡിസംബർ, ഓരോ കൊല്ലവും താങ്കളുടെ ഭരണത്തിൽ കുറയുന്നു, അത് 2,66,399 ആയി. എന്ന് പറഞ്ഞാൽ എൽ.ഡി. എഫ്. ഗവൺമെന്റ് 11,991 പേർക്ക് ജോലി ഇല്ലാതാക്കിയാണ്, അതിന്റെ ഫലം ഇരുന്നൂറിൽപ്പരം കോടി രൂപയാണ് ശമ്പളം, പ്രോവിഡന്റ് ഫണ്ട്, ബോണസ് എല്ലാത്തിലും കൂടി ലാഭം. അങ്ങനെയല്ലേ അങ്ങ് ഇത് ലാഭത്തിലാക്കിയത്; അതിനെന്താണ് മറുപടി?

ശ്രീ. എളമരം കരീം: ശ്രീ. വർക്കല കഹാർ പറയുന്ന കണക്ക് വസ്തുതാപരമല്ല, ആ കണക്കിൽ എവിടെയോ മിസ്റ്റേക്ക് പറ്റിയിട്ടുണ്ട്. കേരളത്തിലെ State owned Public Sector-ൽ 1,25,000-ൽ കൂടുതൽ തൊഴിലാളികൾ ഒരുകാലത്തും ഉണ്ടായിട്ടില്ല. ഇത് റൗണ്ട് ഫിഗറായിട്ടാണ് ഞാൻ പറയുന്നത്. Including Electricity Board, KSRTC, Manufacturing Unit-കൾ എല്ലാം കൂടി ചേർന്നിട്ട്. നിങ്ങളുടെ ഭരണം അവസാനിക്കുമ്പോൾ അത് 1,05,000 ആയിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു തൊഴിലാളിയേയും വി.ആർ.എസ്.-ൽ വിട്ടിട്ടില്ല, retrenchment ഉണ്ടായിട്ടില്ല........കണക്ക് ഉദ്ധരിച്ചപ്പോൾ തെറ്റിപ്പോയതായിരിക്കും. നിങ്ങളൊന്ന് മനസ്സിലാക്കിയിട്ട് പറയു......എക്കണോമിക് റിവ്യൂ

1132/13

LIBRARY ARCHIVES Kerala Legislative Assembly

നോക്കിയാൽ പറയാം. എക്കണോമിക് റിവ്യുവിൽ നിന്നുള്ള ഉദ്ധരണി കുറിച്ചു കൊണ്ട് വന്നപ്പോൾ മിസ്റ്റേക്ക് വരാമല്ലോ, എക്കണോമിക് റിവ്യു നമുക്ക് പരിശോധിക്കാം. ശ്രീ. ആര്യാടൻ മുഹമ്മദിന് അറിയില്ലേ 1,25,000-ൽ കൂടുതൽ തൊഴിലാളികൾ കേരളത്തിലെ പബ്ലിക് സെക്ടറിൽ ഒരു കാലത്തും ഉണ്ടായിട്ടില്ല. ആ കണക്ക് പരിശോധിച്ചാൽ അറിയാം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു തൊഴിലാളിയേയും പിരിച്ച് വിടുകയോ എണ്ണം കുറയ്ക്കുകയോ ചെയ്തിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: എക്കണോമിക് റിവ്യുവിൽ ഇങ്ങനെ ഒരു ഫിഗർ ഇല്ലാ ഞങ്ങൾക്ക് തെറ്റ് പറ്റിയതാണെന്ന് അങ്ങ് പറയുമോ?

ശ്രീ. എളമരം കരീം : എക്കണോമിക് റിവ്യുവിലെ കണക്ക് നിങ്ങൾ ഉദ്ധരിച്ച രീതിയിലായിരിക്കുകയില്ല, ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത് അതാണ്. നമുക്ക് നോക്കാം, ഇത് കഴിഞ്ഞിട്ട് നോക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു തൊഴിലാളിയേയും പിരിച്ച് വിടുകയോ ഏതെങ്കിലും തരത്തിൽ എണ്ണം കുറയ്ക്കുകയോ ചെയ്തിട്ടില്ല, തൊഴിലാളികളുടെ ശമ്പളത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. എല്ലാ തൊഴിലാളികൾക്കും ശമ്പള വർദ്ധനവ് കൊടുത്തിട്ടുണ്ട്. എല്ലാ എഗ്രിമെന്റുകളും പുതുക്കിയിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം നടത്താൻ കഴിയാത്തിടത്ത് ഇടക്കാല ആശ്വാസം കൊടുത്തിട്ടുണ്ട്. ഇതെല്ലാം ചെയ്തുകൊണ്ടാണ് ഈ പറയുന്ന ലാഭമുണ്ടാക്കിയത്. അതിനൊന്നും ഒരു കുറവും വരുത്തിയിട്ടില്ല. പബ്ലിക് സെക്ടറിലുള്ള ഫണ്ട് പുതിയ ഇൻവെസ്റ്റ്മെന്റിന് ഉപയോഗിക്കുന്നതിനെ കുറിച്ച് ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞു. പബ്ലിക് സെക്ടർ എന്നാൽ ഗവൺമെന്റ് ഉണ്ടാക്കിയതാണ്, ഈ നാടിന്റെ, സർക്കാരിന്റെ നിക്ഷേപമാണ്. അതിൽ നിന്ന് ഉണ്ടാകുന്ന സർപ്ലസ് ഫണ്ട് കേരളത്തിൽ പുതിയ നിക്ഷേപമായി നടത്താൻ സർക്കാരിന് പറ്റില്ല എന്ന വാദം അങ്ങയെപ്പോലെ ഉത്തരവാദപ്പെട്ട ഒരാൾ പറയരുത്. 2001-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഒഴിഞ്ഞ് പോകുമ്പോൾ കെ.എം.എം.എൽ.-ൽ 326 കോടി രൂപ സർപ്ലസ് ഫണ്ടുണ്ടായിരുന്നു. 2006-ൽ ഞാൻ അത് ടേക്ക് ഓവർ ചെയ്യുമ്പോൾ അത് 76 കോടി രൂപയേ ഉള്ളു. അത് മനസ്സിൽ കണ്ടിട്ട് ആ സർപ്ലസ് ഫണ്ട് അവിടെ വേണമെന്ന് വിചാരിച്ചാൽ അതൊരിക്കലും നടക്കാൻ പോകുന്നില്ല, കാരണം നിങ്ങൾ വരാനും പോകുന്നില്ല. പുതിയ നിക്ഷേപ പദ്ധതികൾ ആവിഷ്ക്കരിക്കുന്നത് കമ്പനികളുടെ ഷെയർ എടുക്കാനും അവർക്ക് ലോൺ കൊടുക്കാനുമാണ്. അങ്ങനെ കൊടുക്കാൻ അവർക്ക് പ്രൊവിഷനുണ്ട്, ക്യാബിനറ്റ് അപ്രൂവ് ചെയ്തതാണ്. ഇതൊന്നും നഷ്ടപ്പെട്ട ഏതെങ്കിലും sick കമ്പനികൾക്കല്ല ലാഭകരമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് തന്നെയാണ് പോകുന്നത്. പരമ്പരാഗത മേഖലയെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കയർ മേഖലയിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സർക്കാർ നൽകിയ ഫണ്ട് അതിന് മുൻപ് എല്ലാ കാലത്തും നൽകിയതിനേക്കാൾ ഏറ്റവും കൂടിയ തുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 143 കോടി രൂപയാണ് അഞ്ച് വർഷം കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കയർ മേഖലയ്ക്ക് കൊടുത്തതെങ്കിൽ ഈ നാലരവർഷം കൊണ്ട് 312 കോടി രൂപയാണ് സംസ്ഥാന സർക്കാർ കയർ മേഖലയുടെ പുനരുദ്ധാരണത്തിന് കൊടുത്തത്. കയർപിരി മേഖലയിൽ 150 രൂപ കൂലി എന്ന പദ്ധതി നടപ്പാക്കാൻ പോകുകയാണ്. കൈത്തറി മേഖലയിൽ ഇതുപോലെയാണ് ഫണ്ട് നൽകിയിട്ടുള്ളത്. കൈത്തറി, ഖാദി മേഖലയിൽ ഇപ്പോഴുള്ള ഏറ്റവും വലിയ പ്രശ്നം കേന്ദ്ര ഗവൺമെന്റ് റിബേറ്റ് നിർത്തലാക്കിയതാണ്. അതിന് പരിഹാരമുണ്ടാക്കുന്നതിന്റെ ഭാഗമായി എല്ലാവരും ചേർന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അതിന് ഒരു മാറ്റം കൊണ്ട് വരാൻ ശ്രമിക്കേണ്ടതാണ്. എം.ഒ.യു. സൈൻ ചെയ്തതിനെക്കുറിച്ച് ശ്രീ. കെ. ബാബു പറഞ്ഞു. സ്വകാര്യ കമ്പനികളുമായി എം.ഒ.യു. സൈൻ ചെയ്യാറില്ലേ? പുനലൂർ പേപ്പർ മില്ലിന്റെ പുനരുദ്ധാരണം സംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റ് ഒരു കമ്പനിയുമായി എം.ഒ.യു. സൈൻ ചെയ്തിരുന്നല്ലോ? ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണത്തിന് ദാമോദരൻ എന്ന് പറയുന്ന ഒരു entrepreneur-മായി ഒരു എം.ഒ.യു. സൈൻ ചെയ്തിരുന്നല്ലോ? ഇതൊക്കെ മറന്നിട്ട്, ആരോപണം ഉന്നയിക്കുന്നത് ശോഭാ ഹൈടെക് സിറ്റിയുമായി എം.ഒ.യു. സൈൻ ചെയ്തു എന്നുള്ളത് ശരിയാണ്. ഒരു പ്രോജക്ട്വഴി കേരളത്തിൽ വലിയ നിക്ഷേപങ്ങൾ വരുമ്പോൾ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് നൽകാമെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. ശോഭാ ഹൈടെക് സിറ്റി, മാവൂർ റയോൺസിലെ നിക്ഷേപം അതുപോലുള്ള പദ്ധതികൾക്ക് ഗവൺമെന്റ് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ പാരിസ്ഥിതിക നിയമങ്ങളും നിലവിലുള്ള നിയമങ്ങളും പാലിച്ചുകൊണ്ട് മാത്രമേ ഈ പദ്ധതി പ്രാവർത്തികമാക്കാൻ പറ്റൂഎന്ന് വ്യക്തമായിട്ടുള്ള ഉത്തരവാണ് ഗവൺമെന്റ് കൊടുത്തിട്ടുള്ളത്. നിയമ വിരുദ്ധമായി യാതൊരു കാര്യവും ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. വ്യവസായ മേഖലയിൽ കൂടുതൽ വളർച്ച കൈവരിക്കാൻ നിങ്ങൾ നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങൾക്കെല്ലാം നന്ദി രേഖപ്പെടുത്തുകയാണ്. ഒരു കാര്യം വിട്ടുപോയതാണ്. ഐ.ടി. മേഖലയെ സംബന്ധിച്ച് ഇവിടെ നേരത്തെ വന്ന വിമർശനത്തെ സംബന്ധിച്ച് ഒരു കാര്യംമാത്രമേ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളു. ഐ.ടി. മേഖലയിൽ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ആൾ ഇന്ത്യാ ആവറേജിനേക്കാൾ കൂടുതൽ വളർച്ചയാണ് നമ്മൾ നേടിക്കൊണ്ടിരിക്കുന്നത്. 1987 മുതൽ കേരളത്തിൽ ഐ.ടി. വ്യവസായം വികസിക്കാൻ തുടങ്ങിയിട്ടുണ്ട്, അതിനിടയ്ക്ക് യു.ഡി.എഫ്. ഉം ഭരിച്ചിട്ടുണ്ട് എൽ.ഡി.എഫ്.ഉം ഭരിച്ചിട്ടുണ്ട്. ഇതുവരെയുള്ള ആൾ ഇന്ത്യാ വളർച്ചയുടെ നിരക്കിലേയ്ക്ക് കേരളം എത്താത്തതിൽ ഏതെങ്കിലും ഒന്ന്-രണ്ട് പേരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ജീവനക്കാരുടെ എണ്ണം 2006-ൽ 18,500 ഉണ്ടായിരുന്നത് ഇപ്പോൾ 35,000 ആയി വർദ്ധിച്ചു....അതിൽ 240-ന്റെ കണക്ക് പറഞ്ഞു, അതെവിടെനിന്നാണെന്ന് എനിക്കറിയില്ല. തൊട്ടടുത്ത് ശ്രീ. വർക്കല കഹാറിന്റെ മുന്നിലല്ലേ ഇൻഫോസിസിന്റെ പുതിയ ക്യാമ്പസ് തുടങ്ങിയത്? അവിടെ പുതുതായിട്ട് 15,000 പേരെയാണ്

LIBRARY ARCHIVES Kerala Legislative Assembly

റിക്രൂട്ട് ചെയ്യാൻ പോകുന്നത്. ഇതൊന്നും കാണുന്നില്ലേ? ഇൻഫോ പാർക്കിനടുത്ത് ടെക്നോ സിറ്റിക്ക് പുതിയ സ്ഥലമെടുത്തു. ടെക്നോ സിറ്റിയിൽ പുതിയ സംരംഭകരെ വരുത്താനുള്ള നടപടികൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് പുറമേ കൊരട്ടിയിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിച്ചു. കോഴിക്കോട് സൈബർ പാർക്കിന് തറക്കല്ലിട്ടു. ഊരാലങ്കൽ ലേബർ കോൺഗ്രസ്സ് സൊസൈറ്റിയുടെ സൈബർ പാർക്കിന്റെ ശിലാസ്ഥാപനം നടത്തി. കേരളത്തിലെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്കും ഐ.ടി. വ്യവസായം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മൾ ബാംഗ്ലൂർ പോലെ ഹൈദ്രാബാദ് പോലെ ആയിട്ടില്ലായെന്നത് ശരിയാണ്, പക്ഷേ അവിടേയ്ക്ക് എത്താനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സ്മാർട്ട് സിറ്റി പദ്ധതിയുടെ കാര്യത്തിൽ, ടീകോമിന്റെ അനാവശ്യമായ നിബന്ധനകൾക്ക് മുൻപിൽ കീഴടങ്ങേണ്ടതില്ല എന്ന ഒരു തീരുമാനം മാത്രമേ ഗവൺമെന്റ് എടുത്തിട്ടുള്ളു. അല്ലാതെ സ്മാർട്ട് സിറ്റി പദ്ധതി വേണ്ട എന്ന നിലപാട് ഒരിക്കലും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല, ശ്രീ. ശർമ്മ തന്നെ അത് പലപ്പോഴും വ്യക്തമാക്കിയതാണ്. ഈ നിലയിൽ പുതിയ 10,000 കോടി രൂപയുടെ നിക്ഷേപത്തിനാണ് തുടക്കമിട്ടിട്ടുള്ളത്. അതിൽ സർക്കാർ തന്നെ നേരിട്ട് 2000 കോടി രൂപയുടെ നിക്ഷേപം നടത്താനാണ് ഉദ്ദേശിക്കുന്നത്. എല്ലാ മേഖലകളിലും വലിയ മാറ്റങ്ങൾ കൈവരിക്കുന്നുണ്ട്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം, ഈ വികസനത്തിന്റെ എല്ലാം ഞങ്ങളുടെ ലക്ഷ്യം നീതിപൂർവ്വകമായ ഒരു വികസനമെന്നുള്ളതാണ്. പരമ്പരാഗത മേഖല, ചെറുകിട വ്യവസായ മേഖല, ആധുനിക വ്യവസായങ്ങൾ, അതോടൊപ്പം ഐ.ടി. ഉൾപ്പെടെയുള്ള അഡ്വാൻസ് ടെക്നോളജി ഇതെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള ഒരു വളർച്ചയാണ് ഉദ്ദേശിക്കുന്നത്. ഈ വളർച്ചയിൽ പാവപ്പെട്ട ജനങ്ങൾക്ക് പട്ടിണികൂടാതെ ജീവിക്കാനുള്ള അവസരമുണ്ടാക്കുക എന്ന ലക്ഷ്യം ഈ ഗവൺമെന്റിന്റെ വികസന നയത്തിലുണ്ട്. ദൗർഭാഗ്യത്തിന് ഇന്ത്യാ ഗവൺമെന്റിന് അതില്ല എന്നകാര്യംകൂടി നിങ്ങൾ മനസ്സിലാക്കണം. ഏറ്റവും ഒടുവിലത്തെ വേൾഡ് ബാങ്ക് റിപ്പോർട്ട് യു.എൻ. ഇൻഡക്സ് പ്രകാരം ഇന്ത്യയിലെ ഒരു സ്ഥിതിയെക്കുറിച്ച് നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം, "The UN Index builds up fuller picture of poor lives; Madhya Pradesh `comparable to Congo" ആഫ്രിക്കയിലെ ഏറ്റവും പിന്നോക്ക രാജ്യമായ കോങ്കോയോടാണ് മദ്ധ്യപ്രദേശിനെ താരതമ്യപ്പെടുത്തിയത്. "There are more poor people in 8 States of India than in the 26 countries of Sub-Saharan Africa, a study reveals today" ഇത് കഴിഞ്ഞ ആഴ്ച ഗാർഡിയനെ ഉദ്ധരിച്ചുകൊണ്ട് ഹിന്ദു പത്രം റിപ്പോർട്ട് ചെയ്തതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : വെസ്റ്റ് ബംഗാളിന്റെ പൊസിഷൻ എവിടെയാണെന്ന് ഒന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം : വെസ്റ്റ് ബംഗാളിന്റെ പൊസിഷൻ പ്രത്യേകമായി ഇതിൽ പറഞ്ഞിട്ടില്ല, എന്നാൽ മദ്ധ്യപ്രദേശിന്റേത് പറഞ്ഞിട്ടുണ്ട്. 70 ദശലക്ഷം ജനസംഖ്യയുള്ള മദ്ധ്യപ്രദേശ് 62 ദശലക്ഷം ജനസംഖ്യയുള്ള കോങ്കോയോടൊപ്പമാണ് എന്ന് കൃത്യമായിട്ട് ഇതിൽ പറഞ്ഞിട്ടുണ്ട്. അതു കൊണ്ട് ഇത്തരത്തിലുള്ള വികസനം, നമ്മുടെ പ്ലാനിംഗ് ബോർഡിന്റെ വളർച്ചാ നിരക്കിന്റെ സൂചിക കണക്കാക്കിയിട്ട് ജനങ്ങളുടെ വികസനം അളക്കരുതെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. അതിൽ നിന്ന് വ്യത്യസ്തമാണ് കേരളം. ആ കേരള വികസനത്തിന് അനുസരിച്ചാണ് കേരളത്തിലെ വ്യവസായ മേഖല പോയത്. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, കേരള പിറവിക്കു ശേഷം വികസന രംഗത്ത് ഏറ്റവും പിന്തള്ളപ്പെട്ടുപോയ ഒരു മേഖലയാണ് തുറമുഖ മേഖല. എന്നാൽ ഏറ്റവും അധികം വികസന സാധ്യതയുള്ള മേഖല യുമാണ് തുറമുഖ മേഖല. 600 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തിന്റെ കടലോരം വികസിപ്പിച്ച് ഒരു തുറമുഖ സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. കേരളത്തിൽ ഇപ്പോൾ അംഗീകൃത തുറമുഖങ്ങൾ (Notified ports) 17 ആണ്. അതിൽ ആറ് തുറമുഖ, ങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന പദ്ധതിക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. വടക്കേ മലബാറിലെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി, ആലപ്പുഴ പോർട്ട്, കൊല്ലം പോർട്ട്, വിഴിഞ്ഞം പോർട്ട്. ഇങ്ങനെ ആറ് തുറമുഖങ്ങളിലായി 10,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അങ്ങനെയുള്ള വികസനമാണ്. ഞാൻ ഇതിന്റെ വിശദാംശം പറയാം. ....(തടസം).......... എനിക്ക് ഇവിടെ സമയമുണ്ടല്ലോ. നിങ്ങൾ ആവശ്യമില്ലാതെ ഇടപെടരുത്. എനിക്ക് അവകാശപ്പെട്ട സമയമുണ്ട്. ആ സമ യത്ത് ആ കാര്യം പറയാൻ അനുവദിക്കുക.......

മി. സ്പീക്കർ : ചർച്ചയിൽ ആരും പറയുന്നില്ല.

ശ്രീ. എം. വിജയകുമാർ : തുടങ്ങുന്നതിന് മുമ്പ് തടസ്സപ്പെടുത്തുന്നത് എന്തിനാണ്. ഇതൊന്നും ശ്രീ. കെ. കെ. ഷാജുവിന് യോജിച്ചതല്ല. നിങ്ങ ളാണ് കുഴപ്പമുണ്ടാക്കിയത്..........(ബഹളം).......... അതാണ് തുറമുഖങ്ങളുടെ കാര്യം.അതുമാത്രമല്ല ഓരോ തുറമുഖത്തെ സംബന്ധിച്ചും ഒരു വാക്കേ ഞാൻ പറയുന്നുള്ളു. അതിന് എന്നെ അനുവദിക്കണം. ചരക്ക് ഗതാഗതത്തിനു വേണ്ടി ആറ് തുറമുഖങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട്, കേരളത്തിലെ മാരിടൈം മേഖലയിലെ തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് രണ്ട് മാരിടൈം അക്കാഡമികൾ സ്ഥാപിച്ചുകഴിഞ്ഞു. അതുപോലെ മാരിടൈം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു മാരിടൈം ബോർഡ്. ഇങ്ങനെയുള്ള അടിസ്ഥാനപരമായിട്ടുള്ള തുറമുഖ വികസന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. 2010-11 വർഷം കേരളത്തിന്റെ ഒരു തുറമുഖ വികസന വർഷമായി മാറാൻപോകുകയാണ്. ഇവിടെ സൂചിപ്പിച്ച തുറമുഖ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ സംബന്ധിച്ച് ആറ് എണ്ണം മാത്രമാണ് ഞാൻ പറയുന്നത്. അതിൽ ഏറ്റവും പ്രധാനമാണ് ബേപ്പൂർ. ഒരു മിനിട്ട് ഒന്നു ശ്രദ്ധിച്ചാൽ അറിയാം. അദ്ദേഹം ഉന്നയിച്ചിട്ടുപോയി. ഏറ്റവും പ്രധാനപ്പെട്ട അഴീക്കൽ പോർട്ടിന്റെ വികസനത്തിനുവേണ്ടി സർക്കാർ നിയോഗിച്ച കൺസൾട്ടന്റ് ഡിലോയ്റ്റ്, അവരുടെ റിപ്പോർട്ട് അംഗീകരിച്ചു. ആഗോള ടെൻഡർ ഈ മാസം ജൂലൈ 27-ാം തീയതി ഇ-ടെൻഡർ മുഖേന ക്ഷണിക്കുകയാണ്. അപ്പോൾ റിസൾട്ട് ആയല്ലോ. അതാണ് ഒന്ന്. അഴീക്കൽ പോർട്ടിനെക്കുറിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ചർച്ചയ്ക്കിടയ്ക്ക് ഒരു കാര്യം ഉന്നയിച്ചു. ഞാൻ കേട്ടു. എനിക്ക് അപ്പോൾ മറുപടി പറയാൻ പറ്റിയില്ല. അത് ഗൗരവമായി കാണും. ഒരു പോർട്ട് ഓഫീസർ അവിടെ പറയാൻ പാടില്ലാത്ത കാര്യങ്ങൾ ഒരു പൊതുവേദിയിൽ പറഞ്ഞുവെന്നാണ് റിപ്പോർട്ട്. അങ്ങയുടെ പരാതിയുണ്ട്. അത് പരിശോധിക്കും. വിശദീകരണം ആവശ്യപ്പെടും. നടപടി എടുക്കും. അഴീക്കൽ പോർട്ടിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. 1500 കോടി രൂപയുടെ ഒരു വികസന പദ്ധതിക്ക് രൂപം നൽകും. അതിന്റെ ആഗോള ടെൻഡറാണ് വരാൻപോകുന്നത്. അതുകഴിഞ്ഞ് ബേപ്പൂർ പോർട്ട്, നമ്മുടെ വ്യവസായ വകുപ്പുമന്ത്രിക്ക് ഏറ്റവും താത്പര്യമുള്ള തുറമുഖംകൂടിയാണ്. അത് ഞാൻ പറയേണ്ട കാര്യമില്ല. അവിടെ അതിന്റെ വികസനത്തിനുവേണ്ടി ന്യൂഡൽഹി ആസ്ഥാനമായ സെസ് എന്ന സ്ഥാപനം കൺസൾട്ടന്റായി പ്രവർത്തിച്ച് പ്രോജക്ട് റിപ്പോർട്ട് നൽകി PPP (Public Private Participation)-യുമായി വികസിപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ലക്ഷദ്വീപിന്റെ പങ്കാളിത്തത്തോടുകൂടി ആദ്യഘട്ടം വികസിപ്പിക്കാൻ പോകുകയാണ്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ 20 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അതിന്റെ മറ്റ് വികസനത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. മൂന്നാമത്തെ കാര്യം, നമ്മുടെ തദ്ദേശ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലമായ പൊന്നാനി, പൊന്നാനി പോർട്ടിന്റെ പ്രത്യേകത കോയമ്പത്തൂരുമായി ഏറ്റവും അടുത്ത് കിടക്കുന്ന ഒരു പോർട്ടാണ് എന്നുള്ളതാണ്. അതിന്റെ വികസനത്തിനുവേണ്ടി 15-7-2010-ൽ പൊന്നാനി പോർട്ട് വികസിപ്പിക്കുന്നതിനുള്ള ആഗോള ടെൻഡർ ഇ-ടെൻഡറിൽക്കൂടി വിളിച്ചു കഴിഞ്ഞു. മറ്റ് കാര്യങ്ങൾ വിശദീകരിക്കുന്നില്ല. ആലപ്പുഴ പോർട്ട്........

മി. സ്പീക്കർ : ശ്രീ. എം. എം. ആരിഫ്........

ശ്രീ. എം. വിജയകുമാർ : അദ്ദേഹത്തിനും താത്പര്യമുള്ളതാണ്. കിഴക്കിന്റെ വെന്നീസുലയായ കേരളത്തിലെ ഏറ്റവും പ്രാചീനമായ ആലപ്പുഴയെ ഒരു അന്തർദേശീയ മറീനയും കാർഗോ ഹാർബറുമായി വികസിപ്പിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചു. അതിന്റെ റിപ്പോർട്ട് വരുന്ന ആഗസ്റ്റ് മാസത്തിൽ പ്രതീക്ഷിക്കുന്നു. കൊല്ലം പോർട്ട് ഇവിടെ അംഗങ്ങൾ സൂചിപ്പിച്ചതാണ്. കൊല്ലം പോർട്ട് ഈ സർക്കാരിന്റെ കാലത്ത് ഒരു തുറമുഖമായി പ്രഖ്യാപിക്കപ്പെട്ട ആദ്യത്തെ പോർട്ടാണ്. അത് ഒരു കസ്റ്റംസ് പോർട്ടായി മാറിക്കഴിഞ്ഞു. അവിടെ വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, കൊല്ലം പോർട്ടിൽ തൊഴിലാളികളെ നിശ്ചയിച്ചപ്പോൾ മത്സ്യത്തൊഴിലാളികളല്ലാത്ത പോർട്ടിന് സമീപത്ത് പോലുമല്ലാത്ത ആറ് കിലോമീറ്റർ അപ്പുറമുള്ള രണ്ടുനില കെട്ടിടമുള്ള മുതലാളിമാരെവരെ തൊഴിലാളികളായി 400 പേരെ ഫിക്സ് ചെയ്തു. അതുമാറ്റി പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ തൊഴിലാളികളായി പ്രഖ്യാപിക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വിജയകുമാർ: അവിടെ തൊഴിൽ സംബന്ധമായ കാര്യങ്ങളെല്ലാം നോക്കുന്നത് ട്രേഡ് യൂണിയൻ സംഘടനകളാണ്. സർക്കാരിന് അതിൽ ഒരു പങ്കുമില്ല. എന്നാൽ ശ്രീ. പി. സി. ജോർജ് ഉന്നയിച്ച കാര്യം ശ്രദ്ധിക്കും. അത് എന്താണെന്ന് മനസ്സിലാക്കി, ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കും.........(ബഹളം)...... വിഴിഞ്ഞം പോർട്ട്....

ശ്രീ. കെ.കെ. ഷാജു: സർ, ആലപ്പുഴ പോർട്ട്............

മി. സ്പീക്കർ: ആലപ്പുഴ പോർട്ട് പറഞ്ഞു കഴിഞ്ഞു. ശ്രീ. കെ. കെ. ഷാജു ശ്രദ്ധിക്കാതിരുന്നതുകൊണ്ടാണ്.

ശ്രീ. എം. വിജയകുമാർ: വിഴിഞ്ഞം പോർട്ടിനെ സംബന്ധിച്ച് മാത്രമാണ് ഒരു ചർച്ച ഇവിടെ നടന്നത്. അത് നിർഭാഗ്യകരമെന്ന് കരുതട്ടെ, വിഴിഞ്ഞം പോർട്ടിന്റെ വികസനത്തെക്കുറിച്ച് ഏറ്റവും കൂടുതൽ അറിയാവുന്ന ഈ സഭയിൽ അംഗമായിട്ടുള്ള എന്റെ സുഹൃത്തുമായ ശ്രീ. ജോർജ് മേഴ്സിയറാണ് അത് പറഞ്ഞത്. അദ്ദേഹം പറഞ്ഞ വാക്ക് കേട്ടപ്പോൾ അദ്ദേഹമൊരു മാവേലായിക്കാരനെപ്പോലെയാണ് ഇവിടെ സംസാരിച്ചത് എന്ന് തോന്നുകയാണ്. അവിടെ എന്തൊക്കെയോ നടക്കുന്നു എനിക്കറിയില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. വിഴിഞ്ഞം പോർട്ടിൽ ഞങ്ങൾ ഒരു പത്തുതവണ എങ്കിലും പല ചടങ്ങുകളിലും പങ്കെടുത്തു. അദ്ദേഹമാണ് അധ്യക്ഷൻ. നിലവിലുള്ള വിഴിഞ്ഞം പോർട്ടുണ്ടല്ലോ, ആ പോർട്ടിൽ ഒരു പുതിയ വാർഫ് ഉത്ഘാടനം ചെയ്തു. അവിടെയൊരു ട്രക്ക് മൗണ്ട് മൊബൈൽ ക്രെയിൻ സ്ഥാപിച്ചു. അതിനൊക്കെ ഓരോ ചടങ്ങുകൾ അവിടെ വച്ചതാണ്. വിഴിഞ്ഞം തുറമുഖത്ത് കൊച്ചിൻ കപ്പൽശാലയുടെ നേതൃത്വത്തിൽ ഏഷ്യയിലെ ഏറ്റവും പവർഫുളായ ബൊളാർഡ് പുൾ ടെസ്റ്റിംഗ് ഫെസിലിറ്റി അവിടെ സ്ഥാപിച്ചു. അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. പുതിയ ഇന്റർനാഷണൽ പോർട്ടിനെ സംബന്ധിച്ച് ഇന്ന് അതിന്റെ കാര്യത്തിൽ ആ രൂപത്തിൽ ചർച്ച വന്നില്ല. ഞാൻ പറയാം. ഇവിടെ മുമ്പ് ചർച്ച വന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്വർണ്ണത്തളികയിൽവച്ച് വിഴിഞ്ഞം തുറമുഖം ഈ സർക്കാരിനെ ഏൽപ്പിച്ചുവെന്നാണ് പറയുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നുംചെയ്തില്ലായെന്ന് ഞാൻ പറയുന്നില്ല. വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ചില പ്രവർത്തനങ്ങൾ നടത്തി ഒരു ടെൻഡർ ക്ഷണിച്ചു. എന്നാൽ ആ ടെൻഡർപോലും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചില്ല. വാസ്തവത്തിൽ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി നിങ്ങൾ തയ്യാറാക്കി എന്നുപറയുന്ന സ്വർണ്ണത്തളികയിൽവച്ച് നൽകിയ ആ പദ്ധതിയെ

LIBRARY ARCHIVES Kerala Legislative Assembly

ഗളഹസ്തം ചെയ്തത് കേന്ദ്ര ഗവൺമെന്റാണ്. അത് നിങ്ങൾ മറന്നു പോകരുത്.

ശ്രീ. ജി. കാർത്തികേയൻ : സർ, കേന്ദ്ര ഗവൺമെന്റ് മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറാക്കിയ ആ കാലത്തുവന്ന ടെൻഡറിനെ കേന്ദ്ര ഗവൺമെന്റ് ഗളഹസ്തം ചെയ്തു എന്നുപറയുന്നത് വാസ്തവത്തിൽ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ടല്ലേ? സെക്യൂരിറ്റിയുമായി ബന്ധപ്പെട്ടാണ് ആ ടെൻഡർ പോയത്. അതിനുശേഷം നാലുവർഷം കഴിഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നതിനുശേഷം വിഴിഞ്ഞം പോർട്ടിനുവേണ്ടി എന്തുചെയ്തുയെന്ന് നിങ്ങൾക്ക് പറയാമോ?

ശ്രീ. എം. വിജയകുമാർ : അങ്ങയുടെ ഗവൺമെന്റ് അഞ്ചുവർഷക്കാലം ഭരിച്ചിട്ട് എന്തുചെയ്തു? ആദ്യം അത് പറഞ്ഞാൽ ഞാൻ ഇത് രണ്ടാമത് പറയാം........(ബഹളം)........ അങ്ങയുടെ ഗവൺമെന്റ് അഞ്ചുവർഷക്കാലം രണ്ട് മുഖ്യമന്ത്രിമാർ മാറിമാറി ഭരിച്ചിട്ട് വിഴിഞ്ഞത്തിന്റെ റിസൾട്ട് എന്താണ് അങ്ങ് പറയണം.

ശ്രീ. ജി. കാർത്തികേയൻ : ടെൻഡറിലേയ്ക്ക് വരുന്ന നിലയിലേയ്ക്ക് അതിന്റെ സകല നടപടിക്രമങ്ങളും യു.ഡി.എഫ്. പൂർത്തിയാക്കി.

ശ്രീ. എം. വിജയകുമാർ : ആ പദ്ധതി എവിടെ? അതാണ് ഞാൻ പറഞ്ഞത് ....(ബഹളം)........ ഞാൻ നിങ്ങളെ അനാവശ്യമായി കുറ്റപ്പെടുത്തുന്നില്ല. പ്രതിപക്ഷ ഉപനേതാവേ ഞാൻ നിങ്ങളെ അനാവശ്യമായി കുറ്റപ്പെടുത്തുന്നില്ല. വസ്തുതകൾ നിങ്ങൾ അംഗീകരിക്കണം. വസ്തുതകൾ മാത്രം അംഗീകരിക്കണമെന്നേ പറയുന്നുള്ളൂ. അത് നഷ്ടപ്പെട്ടുപോയി. നമ്മൾ ഒരുമിച്ചാണ് ഇതിനുവേണ്ടി പ്രവർത്തിച്ചത്. സർവ്വകക്ഷിയോഗം പോയി. കേന്ദ്രത്തിൽപ്പോയി. വീണ്ടും സർവ്വകക്ഷിയോഗംകൂടി. എന്നാൽ അതിൽ നിരാശപ്പെടാതെ നാം വീണ്ടും മുന്നോട്ടുപോകുകയാണ്. ഒരു ടെൻഡർ പരാജയപ്പെട്ടാൽ നിരാശപ്പെട്ടുകൂടാ. ....(ബഹളം)........ ഒന്നല്ല രണ്ടായി. ഇപ്പോൾ മൂന്നാമത്തെയാണ്. സാധാരണ മലയാളികൾ 'ഒന്നിൽ പിഴച്ചാൽ മൂന്ന് എന്നല്ലേ പറയുക.' ആ രൂപത്തിൽ ....(ബഹളം)........ പറയട്ടെ, മൂന്നാമത്തെ....... ശ്രീ. പി. സി. ജോർജ്...... ഇപ്പോൾ സർവ്വകക്ഷിയോഗം മാത്രമല്ല ഉന്നതതലയോഗം കൂടിയിട്ട് വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാൻ........ അതിന് 100 വർഷക്കാലത്തെ ചരിത്രമുണ്ട്.

ശ്രീ. ജോർജ് മേഴ്സിയർ : സർ, ഞാൻ ഈ തുറമുഖത്തെ കുറിച്ച് പറഞ്ഞതിന് അങ്ങ് എന്നെ സൂചിപ്പിച്ചത് മാവിലായക്കാരൻ എന്നാണ്. ഞാൻ പറഞ്ഞത് അങ്ങ് ദയവായി ശ്രദ്ധിക്കാഞ്ഞിട്ടാണ്. ഞാൻ പറഞ്ഞത് എന്റെ കൈയ്യിലുള്ള മൂന്ന് പേജുള്ള ഈ പേപ്പറുകൾ അവിടത്തെ കസ്റ്റംസ് അധികാരികൾ എനിക്ക് തന്നതാണ്. അതിന്റെ ഹെഡിംഗ് "Lack of infrastructure facilities at Vizhinjam Port" ഞാൻ അതൊന്നും വായിക്കുന്നില്ല. ഞാൻ നാല് കാര്യമേ പറഞ്ഞുള്ളൂ. അങ്ങ് ശ്രദ്ധിക്കണം. ഒന്ന് കസ്റ്റംസ് ഏരിയ മതിൽ തിരിച്ച് വേർതിരിക്കണം. അതിന്

LIBRARY ARCHIVES Kerala Legislative Assembly

എൻക്ളോഷർ ഉണ്ടാകണം. സെക്യൂരിറ്റി ഉണ്ടാകണം. രണ്ട് നല്ല ഒരു ഗോഡൗൺ ഉണ്ടാകണം. എങ്കിലെ സാധനങ്ങൾ ഇറക്കിവക്കാൻ പറ്റൂ. കസ്റ്റംസ് ക്ളിയറൻസ് കൊടുക്കാൻ പറ്റൂ. പുതിയ ഓഫീസ് കെട്ടിടം, വെയിംഗ് ബ്രിഡ്ജ് തുടങ്ങിയവ സ്ഥാപിക്കണം. ഇതാണ് ഞാൻ പറഞ്ഞത്. അതിന് അങ്ങ് എന്നെ മാവിലായക്കാരൻ എന്ന് വിളിച്ച് ആക്ഷേപിക്കേണ്ട കാര്യമുണ്ടോ?

ശ്രീ. എം. വിജയകുമാർ : ശ്രീ. ജോർജ് മേഴ്സിയർ, ഞാൻ പറഞ്ഞ വാക്ക് പിൻവലിച്ചു. പക്ഷേ അങ്ങ് മനസ്സിലാക്കേണ്ടത് അങ്ങ് പറഞ്ഞത് ഒന്ന്, ഞാൻ പറഞ്ഞത് വേറൊന്ന്. വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമായാൽ മാത്രമല്ലേ അവിടെ കസ്റ്റംസിന്റെ ആവശ്യം വരുന്നുള്ളൂ. അത് വരാൻ പോകുന്നതേയുള്ളൂ. ഇല്ലില്ല, അവിടെ പോർട്ട് വന്നില്ലല്ലോ. പോർട്ട് വരാൻ പോകുന്ന കാര്യമാണ് ഞാൻ ഇവിടെ പറയാൻ പോകുന്നത്. വിഴിഞ്ഞം പോർട്ട് ദ്വിമുഖ പദ്ധതിയായിട്ടാണ് നടപ്പാക്കാൻ പോകുന്നത്. അങ്ങ് ചോദിച്ചല്ലോ അവിടെ എന്ത് നടക്കുന്നുവെന്ന്? ഒന്നാം ഘട്ടം അടിസ്ഥാന സൗകര്യങ്ങളാണ്. അടിസ്ഥാന സൗകര്യങ്ങൾ, ഗതാഗത സൗകര്യം, അനുബന്ധ വികസനം എന്നിവയുള്ള ഒന്നാം ഘട്ടത്തിന് ആയിരം കോടിരൂപയാണ് നീക്കി വച്ചിട്ടുള്ളത്. 450 കോടി രൂപ സംസ്ഥാന സർക്കാർ അതിന് നൽകിക്കഴിഞ്ഞിരിക്കുകയാണ്. 'വിസിൽ' (VISCL-Vizhinjarm International Seaport Limited) എന്ന് പറയുന്ന സർക്കാർ കമ്പനിയാണ് ആ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതൊന്നും അദ്ദേഹത്തിന് അറിയില്ലെന്നാണ് പറയുന്നത്. ഈ നിയമസഭ പാസാക്കിയതാണ്. അതേപോലെതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ .... സമയമില്ല .... സമയമില്ല, പ്ളീസ്, ക്ഷമിക്കണം. അങ്ങ് സമയം അനുവദിക്കുമെങ്കിൽ ഞാൻ വഴങ്ങാം. എനിക്ക് കുഴപ്പമില്ല.

മി. സ്പീക്കർ : ഇല്ല, സമയം ഒരുപാടായി.

ശ്രീ. എം. വിജയകുമാർ : ഇതോടുകൂടി അവസാനിപ്പിക്കാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, വിഴിഞ്ഞത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പോർട്ടിൽ ഇപ്പോൾ കസ്റ്റംസ് ഓഫീസ് ഉണ്ട്. അതിന്റെ കാര്യത്തെക്കുറിച്ചാണ് സംസാരിച്ചത്. ഇന്റർനാഷണൽ പോർട്ടിനെ കുറിച്ചല്ല പറഞ്ഞത്. അങ്ങ് എന്തിനാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത്?

ശ്രീ. എം. വിജയകുമാർ : അത് അങ്ങനെ പറയണം. വിഴിഞ്ഞം ഇന്റർനാഷണൽ പോർട്ടിനെ കുറിച്ചുള്ള ചർച്ചയിൽ അവിടെ ഒന്നും നടക്കുന്നില്ല, കസ്റ്റംസിന്റെ ക്ളിയറൻസിന്റെ കുഴപ്പമാണ്......... മനസ്സിലായി. അത് ഞാൻ അംഗീകരിച്ചല്ലോ. ഞാൻ അംഗീകരിച്ചു. 450 കോടി രൂപ സംസ്ഥാന സർക്കാർ .... കേരളത്തിലെ ഏത് വികസന പദ്ധതിക്ക് 450 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒന്ന് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? അതാണ് വിഴിഞ്ഞം പദ്ധതി എന്ന് പറയുന്നത്. രണ്ട് ഫെയ്സായിട്ട് ഇത് നടപ്പാക്കാൻ പോകുകയാണ്. അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങളുടെ ഭാഗമായി, വികസനത്തിന്റെ ഭാഗമായി അവിടെ നാലുവരി പാത നാഷണൽ ഹൈവേയിൽ നിന്ന് ചെയ്യണം. സ്ഥലം അക്വയർ ചെയ്തു. തടസ്സങ്ങൾ ഒന്നുമില്ല എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. എല്ലാവരുടെയും സഹകരണമുണ്ട്. സ്ഥലം അക്വയർ ചെയ്തിടത്ത് നാല്വരി പാതയുടെ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണ ഉത്ഘാടനം ഈ വരുന്ന ആഗസ്റ്റ് 11-ാം തീയതി വിഴിഞ്ഞത്ത് നടക്കാൻ പോകുകയാണ്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഇതുമാത്രമല്ല അവിടത്തെ റെയിൽ കണക്ടിവിറ്റി, 10 കി. മി. റെയിൽ. അത് റെയിൽവേ ബോർഡ് അംഗീകരിച്ചുകഴിഞ്ഞു. അതിന്റെ നിർമ്മാണം ആരംഭിക്കാൻ പോകുകയാണ്. വിഴിഞ്ഞത്തേയ്ക്ക് വെള്ളായണി കായലിൽ നിന്നുള്ള വാട്ടർ സപ്ളെ നാല് കോടി രൂപക്ക് ടെൻഡർ ചെയ്തു കഴിഞ്ഞു. അത് നടപ്പാക്കാൻ പോകുകയാണ്. പിന്നെ എന്താണ് അവിടെ നടക്കാത്തത്? അങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള, ... അതോടൊപ്പം ഏറ്റവും പ്രധാനം ഇതിന്റെ സെക്കൻഡ് ഫെയ്സ് എന്ന് പറയുന്നത് ഒരു ആഗോള ടെണ്ടറിൽ കൂടി .... ക്ഷമിക്കുക, അങ്ങ് അവിടെ ചോദിച്ചാൽ മതി. അതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ക്ഷമിക്കുക. നമ്മൾ സുഹൃത്തുക്കളല്ലേ, ക്ഷമിക്കുക.

മി. സ്പീക്കർ: പ്ളീസ്, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. എം. വിജയകുമാർ : അവിടെ അന്തർദേശീയ തുറമുഖമാക്കാൻ വേണ്ടി ഒരു ആഗോള ടെണ്ടർ, അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, ആഗോള ടെണ്ടർ വിളിക്കാനുള്ള നടപടികളുടെ മുന്നോടിയായി താല്പര്യ പ്രകടന പത്രിക, എന്നു പറഞ്ഞാൽ എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ഈ ജൂലൈ 5-ാം തീയതി വിളിച്ചുകഴിഞ്ഞു. നടപടിയല്ലേ അത്. ആറ് ആഴ്ച കൊണ്ട് അതിന്റെ റിസൾട്ട് കിട്ടും. അതോടൊപ്പം തന്നെ ആഗസ്റ്റ് മാസത്തിൽ ഗ്ലോബൽ ടെണ്ടറിലേയ്ക്ക് പോകുകയാണ്. അത് റിസൽട്ടല്ലേ. ഇതെല്ലാം ചുരുങ്ങിയ നാളുകൾ കൊണ്ട് സമയബന്ധിതമായി നടപ്പാക്കിയതാണ്. അതിനെ അഭിനന്ദിക്കുകയാണ് വേണ്ടത്. ഒരു സർക്കാരിന്റെ കാലത്തും ഈ രൂപത്തിൽ നടന്നിട്ടുണ്ടാകില്ല. അതാണ് ഒരു ഭാഗം. അതോടൊപ്പം തന്നെ ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇതുമാത്രമല്ല തുറമുഖ രംഗത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കോസ്റ്റൽ ഷിപ്പിംഗ്, റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതം 20% എങ്കിലും ജലമാർഗ്ഗമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ആഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളെ ഉപയോഗപ്പെടുത്തിയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ആക്ഷൻപ്ളാൻ തയ്യാറാക്കിയിരിക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി രണ്ട് മാസത്തിനുള്ളിൽ തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. തുറമുഖ വകുപ്പിന്റെ കീഴിലെ തൊഴിൽ സാദ്ധ്യതകൾ കണ്ടുകൊണ്ട്, ഈ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ കണ്ടുകൊണ്ട് രണ്ട് മാരിടൈം അക്കാഡമികൾ സർക്കാർ സ്ഥാപിച്ചുകഴിഞ്ഞു. ഒന്ന് ചവറയിലെ നീണ്ടകരയിൽ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. രണ്ടാമത്തേത് മഞ്ചേശ്വരത്ത് മീഞ്ചയിൽ പഞ്ചായത്തിലാണ്. അവിടെ ശ്രീ. സി.എച്ച് കുഞ്ഞമ്പു എം.എൽ.എ.യും പഞ്ചായത്തുംകൂടിചേർന്ന് പത്ത് ഏക്കർ സ്ഥലം ലഭ്യമാക്കി അവിടെയും അക്കാഡമി സ്ഥാപിച്ചുകഴിഞ്ഞു. തുറമുഖങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ വേണ്ടി ഒരു മാരിടൈം ബോർഡ് സ്ഥാപിക്കുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. അതിനുള്ള നിയമനിർമ്മാണ നടപടികളുമായിട്ട് സർക്കാർ മുന്നോട്ട് പോകുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇത് ഞങ്ങളുടെ കൂടെ സമയമാണ്. മന്ത്രിയുടെ സമയം കഴിഞ്ഞു. അങ്ങയുടെ സമയം 30 മിനിട്ടാണ്.

ശ്രീ. എം. വിജയകുമാർ: അത് പറയണ്ട. എനിക്ക് അവകാശപ്പെട്ട സമയം ഉണ്ട്. എന്റെ സമയം കഴിഞ്ഞിട്ടില്ല. അങ്ങേയ്ക്ക് ചോദിക്കാനുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എനിക്ക് ഒരു ചോദ്യവുമില്ല.

ശ്രീ. എം. വിജയകുമാർ : അങ്ങയുടെ ചോദ്യത്തിനുള്ള മറുപടി വന്നുകഴിഞ്ഞു. തുറമുഖ മേഖലയിൽ ഉജ്ജ്വലമായ മാറ്റങ്ങൾ ആണ്. തുറമുഖ മേഖലയിൽ മാത്രമല്ല വ്യവസായ മേഖലയിൽ പറഞ്ഞു, ഐ.ടി. മേഖലയിൽ പറഞ്ഞു, അങ്ങനെ കേരളത്തിൽ വലിയ ഒരു മാറ്റമാണ് കാണുന്നത്. ആ മാറ്റത്തിന് രണ്ട് മുഖമുണ്ട്. ഒന്ന് വികസനവും മറ്റൊന്ന് ക്ഷേമ പ്രവർത്തനങ്ങളുമാണ്. വികസനകാര്യത്തിലും ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും കേരള സർക്കാർ ഇന്ന് ഒരു സർവ്വകാല റിക്കാർഡ് സ്ഥാപിച്ചിരിക്കുകയാണ്. അതാണ് നടക്കുന്നത്. അതിനെ അട്ടിമറിക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. സ്ഥാപിത താല്പര്യക്കാരുമായി,***** കൂട്ടുകൂടിക്കൊണ്ട് അതിനെ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. അതൊന്നും നടക്കാൻ പോകുന്നില്ല. ജനങ്ങളുടെ ഇടയിൽ ഈ സർക്കാർ, വിജയിക്കും. പ്രതിപക്ഷത്തിന്റെ തന്ത്രങ്ങൾ വിജയിക്കാൻ പോകുന്നില്ല, ജനങ്ങളാണ് വിജയിക്കാൻ പോകുന്നത്.........ബഹളം.........

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിന് മുമ്പിലേയ്ക്ക് വന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ബഹുമാനപ്പെട്ടമന്ത്രി ആ വാക്ക് പിൻവലിച്ച് മാപ്പ് പറയണം.

ശ്രീ. എം. വിജയകുമാർ : ചർച്ച അവസാനിപ്പിച്ചു. ഞാൻ അപാകതയായിട്ട് ഒന്നും പറഞ്ഞിട്ടില്ല. എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു.

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പിൻവലിച്ചു. സഭാ രേഖയിൽ നിന്നും മാറ്റിയിരിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം. ആ പരാമർശം പിൻവലിച്ചു. സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നത്തെ പത്രത്തിൽ ഭീകരവാദികൾക്കെതിരെ ഒന്നിച്ച് പൊരുതാമെന്ന് നമ്മുടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഒരു ആഹ്വാനമുണ്ട്. അങ്ങനെ ഒരു ലേഖനം വന്നിട്ടുണ്ട്. ആ അവസരത്തിലാണ് ഒരു മന്ത്രി തന്നെ ഇതുപോലെ ഒരു അടിസ്ഥാനവുമില്ലാതെ, യാഥാർത്ഥ്യവുമില്ലാതെ, നിരുത്തരവാദപരമായ രീതിയിൽ ഒരു പ്രസ്താവന ചെയ്തത്. അദ്ദേഹം പിൻവലിച്ചുവെന്നാണ് പറഞ്ഞത്. അദ്ദേഹത്തിന് സഭാ നടപടികളിൽ എന്തെങ്കിലും വിശ്വാസമുണ്ടെങ്കിൽ, മാന്യതയുണ്ടെങ്കിൽ ഖേദം പ്രകടിപ്പിച്ച് പിൻവലിക്കേണ്ടതാണ്.

മി. സ്പീക്കർ : ആ പരാമർശം പിൻവലിച്ചിരിക്കുന്നു. സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം.

(ബഹുമാനപ്പെട്ട പ്രതിപക്ഷകക്ഷിഅംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോയി.)

ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ

മി. സ്പീക്കർ : സർവ്വശ്രീ കെ. സി. ജോസഫ്, കെ ശിവദാസൻ നായർ, സി. പി. മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, ജോർജ് മേഴ്സിയർ, ജി. കാർത്തികേയൻ, വി.ഡി. സതീശൻ, ബാബു പ്രസാദ്, എൻ. ശക്തൻ, കെ. ബാബു, പി.സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, തോമസ് ഉണ്ണിയാടൻ, കെ. പി. മോഹനൻ, പി. സി. ജോർജ്, കെ. കെ. ഷാജു, എ. പി. അബ്ദുള്ളക്കുട്ടി, എം. എ. വാഹിദ്, ആര്യാടൻ മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ, വർക്കല കഹാർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

കട്ട് മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(അംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആനത്തലവട്ടം ആനന്ദൻ
5. ശ്രീ. എൻ. അനിരുദ്ധൻ
6. ശ്രീ. എ. എം. ആരിഫ്
7. ശ്രീമതി ജെ. അരുന്ധതി
8. ശ്രീ. എ. എ. അസീസ്
9. ശ്രീ. ബാബു എം. പാലിശ്ശേരി
10. ശ്രീ. ബാബു പോൾ
11. ശ്രീ. എ. കെ. ബാലൻ
12. ശ്രീ. പള്ളിപ്രം ബാലൻ
13. ശ്രീമതി ഇ. എസ്. ബിജിമോൾ
14. ശ്രീ. ബിനോയ് വിശ്വം
15. ശ്രീ. എ. കെ. ചന്ദ്രൻ
16. ശ്രീ. എം. ചന്ദ്രൻ
17. ശ്രീ. വി. ചെന്താമരാക്ഷൻ
18. ശ്രീ. ബി. ഡി. ദേവസ്സി
19. ശ്രീ. സി. എം. ദിനേശ് മണി
20. ശ്രീ. സി. ദിവാകരൻ
21. ശ്രീ. കെ. കെ. ദിവാകരൻ
22. ശ്രീ. ജോർജ് എം. തോമസ്
23. ശ്രീ. എം. ഹംസ

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. എം. ജെ. ജേക്കബ്

25. ശ്രീ. കെ. ടി. ജലീൽ

26. ശ്രീ. കെ. കെ. ജയചന്ദ്രൻ

27. ശ്രീ. പി. ജയരാജൻ

28. ശ്രീ. ജോസ് തെറ്റയിൽ

29. ശ്രീ. എളമരം കരീം

30. ശ്രീ. പി. കൃഷ്ണപ്രസാദ്

31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

32. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

33. ശ്രീ. കെ. കുഞ്ഞിരാമൻ

34. ശ്രീ. കെ. വി. കുഞ്ഞിരാമൻ

35. ശ്രീ. ടി. പി. കുഞ്ഞുണ്ണി

36. ശ്രീമതി കെ. കെ. ലതിക

37. ശ്രീ. പാലോളി മുഹമ്മദ് കുട്ടി

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. മുരളി പെരുനെല്ലി

40. ശ്രീ. സി. കെ. പി. പത്മനാഭൻ

41. ശ്രീ. എ. പ്രദീപ്കുമാർ

42. ശ്രീ. എം. പ്രകാശൻ മാസ്റ്റർ

43. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ

44. ശ്രീ. എം. കെ. പുരുഷോത്തമൻ

45. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

46. ശ്രീ. ബി. രാഘവൻ

47. ശ്രീ. പി. ടി. എ. റഹീം

48. ശ്രീ. കെ. സി. രാജഗോപാലൻ

49. ശ്രീ. രാജാജി മാത്യു തോമസ്

50. ശ്രീ. എൻ. രാജൻ

LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. എസ്. രാജേന്ദ്രൻ
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. കെ. രാജു
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സി. കെ. സദാശിവൻ
58. ശ്രീ. സാജു പോൾ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. വി. ശശികുമാർ
61. ശ്രീ. ആർ. സെൽവരാജ്
62. ശ്രീ. എസ്. ശർമ്മ
63. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
64. ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്
65. ശ്രീ. വി. ശിവൻകുട്ടി
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. എസ്. സുനിൽ കുമാർ
68. ശ്രീ. വി. ജെ. തങ്കപ്പൻ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. തോമസ് ഐസക്
71. ശ്രീ. വി. എൻ. വാസവൻ
72. ശ്രീ. എം. വിജയകുമാർ
73. ശ്രീ. എ. എം. യൂസഫ്

പ്രതികൂലിക്കുന്നവർ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
4. ശ്രീ. സി. ടി. അഹമ്മദ് അലി

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എ. പി. അനിൽകുമാർ
6. ശ്രീ. കെ. ബാബു
7. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
8. ശ്രീ. പി. സി. ജോർജ്
9. ശ്രീ. ജോർജ് മേഴ്സിയർ
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. ജോസഫ് എം. പുതുശ്ശേരി
13. ശ്രീ. വർക്കല കഹാർ
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. റ്റി. യു. കുരുവിള
16. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
17. ശ്രീ. കെ. പി. മോഹനൻ
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. സി. പി. മുഹമ്മദ്
20. ശ്രീ. എം. മുരളി
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. റ്റി. എൻ. പ്രതാപൻ
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
25. ശ്രീ. എൻ. ശക്തൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. കെ. ഷാജു
28. ശ്രീ. കെ. ശിവദാസൻ നായർ
29. ശ്രീ. തോമസ് ഉണ്ണിയാടൻ
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. എ. വാഹീദ്
32. ശ്രീ. പി. സി. വിഷ്ണുനാഥ്

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ...............73

പ്രതികൂലിക്കുന്നവർ................32

നിഷ്പക്ഷത പാലിക്കുന്നവർ..........ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL തുറമുഖങ്ങൾ

മി. സ്പീക്കർ : സർവ്വശ്രീ എ. പി. അബ്ദുള്ളക്കുട്ടി, തേറമ്പിൽ രാമകൃഷ്ണൻ, എം. എ. വാഹിദ്, ആര്യാടൻ മുഹമ്മദ്, പി. സി. വിഷ്ണുനാഥ്, കെ. സി. ജോസഫ്, വി.ഡി. സതീശൻ, എം. മുരളി, കെ. ശിവദാസൻ നായർ, ജി. കാർത്തികേയൻ, ഡൊമിനിക് പ്രസന്റേഷൻ, സി. പി. മുഹമ്മദ്, കെ. ബാബു, എൻ. ശക്തൻ, ബാബു പ്രസാദ്, വർക്കല കഹാർ, തോമസ് ഉണ്ണിയാടൻ, ജോസഫ് എം പുതുശ്ശേരി, കെ. കെ. ഷാജു, പി. സി. ജോർജ്, കെ. പി. മോഹനൻ, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, എം. ഉമ്മർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

കട്ട്മോഷനുകൾ സഭ നിരാകരിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ മന്ത്രി നടത്തിയ പരാമർശത്തിന്റെ പേരിൽ അദ്ദേഹം ഖേദം പ്രകടിപ്പിച്ച് ആ പരാർശം പിൻവലിക്കാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ വോട്ടിംഗിൽ പങ്കെടുക്കുന്നില്ല.

(ബഹുമാനപ്പെട്ട പ്രതിപക്ഷകക്ഷിയംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ : തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച കൂടാതെ പാസാക്കുന്ന ധനാഭ്യർത്ഥനകൾ :

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് IV, VII, X, XVI, XXIII, XXVIII എന്നീ ധനാഭ്യർത്ഥനകളുടെ മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച പ്രസ്താവന ചട്ടം 236(3) അനുസരിച്ച് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. †

മി. സ്പീക്കർ : സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ.....................സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 22-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 3.54-ന് പിരിഞ്ഞു.)

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[21-7-2010-ലെ നിയമസഭാ നടപടികളുടെ പേജ് നമ്പർ(150)കാണുക.]

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമതു റിപ്പോർട്ടിന്മേൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന.

ധനാഭ്യർത്ഥന നമ്പർ XXXVII-വ്യവസായങ്ങൾ

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	2, 3	സംസ്ഥാനത്തിന്റെ വിഭവലഭ്യതകൂടി കണക്കിലെടുത്ത് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
2	4	കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ഉൾപ്പെടെയുള്ള കൈത്തറി സ്ഥാപനങ്ങൾക്ക് റിബേറ്റ് അനുവദിക്കുന്നതിന് 2010-11 വർഷത്തിൽ" 2851-00-103-95-33 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. "മാർക്കറ്റിംഗ് ഇൻസെന്റീവ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 2851-00-103-42 (പ്ളാൻ)" എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപയും ഹാങ്ക്യാൺ സബ്സിഡി വകയിൽ "2851-00-103-63 (പ്ളാൻ)" എന്ന ശീർഷകത്തിൽ 350 ലക്ഷം രൂപയും 2010-11 വർഷത്തെ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
3	5,6,7,8,9,10,11,12,13,14,15,16	വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല. വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്.
4	17	സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ പുതിയ പ്രോജക്റ്റുകൾക്കു തുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
5	18	ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം വിലയിരുത്തിയശേഷം അധിക വിഹിതം ആവശ്യമെങ്കിൽ അത് ധനപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.
6	19,20,21,22,23,24,25	പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.
7	26,28	ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം വിലയിരുത്തിയ ശേഷം അധിക വിഹിതം ആവശ്യമെങ്കിൽ അത് ധനപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.
8	27	ക്ഷേമ പെൻഷനുകൾക്ക് അധിക വിഹിതം ആവശ്യമെങ്കിൽ അത് ഉചിത മാർഗ്ഗത്തിലൂടെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.
9	29	ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.
10	30,31,32	വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.
11	33,35,36	ഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.
12	34	സർക്കാർ കൈക്കൊള്ളുന്ന ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.
13	37, 38	ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അധിക വിഹിതം ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
14	39.40	സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.
15	41	ഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ യാത്രാ ബത്തയ്ക്കാവശ്യമായ തുക ധനപുനർവി നിയോഗം വഴി അനുവദിക്കുന്നതാണ്.
16	42,43,44	കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക് എന്നിവ ഉൾപ്പെടെയുള്ള പ്രോജക്ടുകൾ മുൻകൈയെടുത്ത് ആരംഭി ക്കുന്നതിനും കൂടുതൽ സാധ്യതാ പഠ നങ്ങൾ നടത്തുന്നതിനുമായി ഈ വർഷത്തെ ബഡ്ജറ്റിൽ 4885-01-190-99 (01)പ്ളാൻ എന്ന ശീർഷകത്തിൽ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന ത്തിന്റെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽഅധിക തുക അനുവദി ക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.വിഭവ ലഭ്യത മെച്ചപ്പെടു ത്തുന്ന ഘട്ടത്തിൽ പരിഗണിക്കാവുന്നതാണ്.
17	45	ഏറ്റെടുത്ത പണികളുടെ പുരോഗതിയുടെ അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമെങ്കിൽ അത് അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെകൂടി അടിസ്ഥാന ത്തിൽ പരിശോധിക്കുന്നതാണ്.
18	46,52	സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം ഈ പദ്ധതികൾക്കായി അധിക തുക അനുവദിക്കുവാൻ നിർവ്വാഹമില്ല.
19	47,48,49,50,51	സർക്കാർ സ്വീകരിക്കുന്ന നയപരവും ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക തുക അനുവദി ക്കുന്ന കാര്യം സംസ്ഥാനത്തിന്റെ വിഭവ ശേഷിയുടെകൂടി അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
20	53,54,55,56,57,58	പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്യവൽക്കരണത്തിനുമായി ഈ വർഷത്തെ ബഡ്ജറ്റിൽ '4885 -60-800-96(പ്ളാൻ)' എന്ന ശീർഷകത്തിൽ 54 കോടി 80ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക മുൻഗണനാക്രമത്തിൽ കണ്ടെത്തേണ്ടതാണ്.
21.	59	സർക്കാരിന്റെ ഭരണപരവും നയപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്
22	60	സംസ്ഥാനത്തിന്റെ പരിമിതമായ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
23	61	250 കോടി രൂപ മൂലധനച്ചെലവ് വരുന്ന 60.000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 50 വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് കിൻഫ്രാ രൂപം നൽകുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യപിച്ചിരുന്നു. സർക്കാർ സ്വീകരിക്കുന്ന നയപരവും ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
24	62	വസ്ത്രനിർമ്മാണ വ്യവസായത്തിനു വേണ്ടിയുള്ള റീജിയണൽ പാർക്കുകളിലെ തൊഴിലാളികൾക്കു പരിശീലനം നൽകുന്നതിന് സബ്സിഡി വകയിൽ 5 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത തുക ഭരണപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയിൽ വകയിരുത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുന്നതാണ്.
25	63	വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
26	64	താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്നതിനും ജില്ലാ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും സർക്കാർ ഭരണപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആ തീരുമാനങ്ങൾക്കനുസൃതമായി ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്.
27	65,66	ഭരണവകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്
28	67	കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷനു നിലവിലുള്ള യൂണിറ്റുകളുടെ നവീകരണത്തിനായി '4851-00-104-99(പ്ളാൻ)' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വൈവിദ്ധ്യവൽക്കരണത്തിനും മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി കൈത്തൊഴിലുകാരുടെയും കരകൗശല-വിദഗ്ദ്ധരുടെയും കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് '2851-00-104-81-'(പ്ളാൻ) എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. വിഭവലഭ്യതയുടെ പരിമിതികൾ കണക്കിലെടുത്തുകൊണ്ട് പരിമിതമായ തോതിൽ അധിക ധനസഹായം നൽകാനാവുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. വായ്പയും പലിശയും മൂലധനമാക്കി മാറ്റണമെന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസൃതമായി ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതാണ്.
29	68,69	വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
30	70	പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി '4885-60-800-96' (പ്ളാൻ)' എന്ന ശീർഷകത്തിൽ 54 കോടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിനിയോഗം വിലയിരുത്തിയ ശേഷം അധിക തുക ആവശ്യമെങ്കിൽ ഭരണവകുപ്പിൽ നിന്നുമുള്ള ശുപാർശ കൂടി കണക്കിലെടുത്ത് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
31	71	2009-10-ലെ അവസാന ഉപധനാഭ്യർത്ഥനയിൽ 13 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് KIRF Board-ൽ നിന്നും എടുത്ത ലോണുകളുടെ പലിശ ഉൾപ്പെടെയുള്ള തിരിച്ചട വിനായി ആകെ 23 കോടി രൂപ വകയിരുത്തിയിരുന്നു. ഈ ഇനത്തിൽ ആവശ്യമായ അധിക വിഹിതം അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെകൂടി പശ്ചാത്തലത്തിൽ പരിശോധിക്കുന്നതാണ്.
32	72	പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി '4885-60-800-96(പ്ളാൻ)' എന്ന ശീർഷകത്തിൽ 54 കോടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിനിയോഗം വിലയിരുത്തിയശേഷം അധികതുക അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.
33	73	കെ.എസ്.ഐ.ഇ. ലിമിറ്റഡിനു തിരുവനന്തപുരം എയർ കാർഗോ ടെർമിനലിന്റെയും കാലിക്കറ്റ് എയർ കാർഗോ കോംപ്ളക്സിന്റെയും പുനർനിർമ്മാണത്തിനും കൊച്ചിയിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കേരള സോപ്സ് പ്രോജക്റ്റിനുമായി ആകെ 10 ലക്ഷം രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
34	74, 75, 76, 77, 78	പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനുമായി '488-60-800-96 (പ്ളാൻ)' എന്ന ശീർഷകത്തിൽ 54 കോടി 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ആവശ്യമായ തുക മുൻഗണനാക്രമത്തിൽ കണ്ടെത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
35	79, 80	കശുവണ്ടി തൊഴിലാളികളുടെ 2006 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക സർക്കാർ ഏറ്റെടുക്കുമെന്ന് 2010-11-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് 24-5-2010-ലെ സ.ഉ.(സാധാ) നമ്പർ 4266/10/ധന പ്രകാരം കെ.എസ്.സി.ഡി.സി. യിലെ കശുവണ്ടിത്തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 20 കോടി 40 ലക്ഷം രൂപ അധികമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
6	81, 82, 84	വിഭവലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.
37	83	വായ്പ ഓഹരിയായി മാറ്റുന്ന നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.
38	85	കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനു വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ വർഷത്തെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം ഇതിലേക്കുള്ള ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്.
39	86	തിരുവനന്തപുരത്തും കൊച്ചിയിലും പുതിയ രണ്ട് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനും, കൊച്ചിയിലെ ഇൻഫോപാർക്കിനും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ സൈബർ പാർക്കുകളുടെനിർമ്മാണത്തിനുമായി '4859-02-800-98-(പ്ളാൻ)' എന്ന ശീർഷകത്തിൽ 60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ നബാർഡിന്റെ RIDF സ്കീമിനു കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി '4859-02-800-97 (പ്ളാൻ)' എന്ന ശീർഷകത്തിൽ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സർക്കാർ സ്വീകരിക്കുന്ന നയപരവും

1132/13

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
		ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം വിഭവലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് പരിശോധിക്കുന്നതാണ്.
40	87	സർക്കാർ കൈക്കൊള്ളുന്ന നയപരവും ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം വിഭവലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.
41	88	ഐ.ടി. പാർക്കുകളിലേക്കുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ "4859-02-800-93 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിനു പുറമേ അധിക തുക അനുവദിക്കുന്ന കാര്യം വിഭവലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് പരിശോധിക്കുന്നതാണ്.
42	89	സർക്കാർ സ്വീകരിക്കുന്ന നയപരവും ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യത്തിനു തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.
43	90	ഏറ്റെടുത്ത പണിയുടെ പുരോഗതി വിലയിരുത്തിയ ശേഷം ആവശ്യമായ അധിക വിഹിതം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.
44	91	ഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

2010-11 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XL തുറമുഖങ്ങൾ

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	21, 26	നടപ്പു വർഷത്തെ വിഹിതം പൂർണ്ണമായും ചെലവഴിച്ചശേഷം അത്യാവശ്യമെങ്കിൽ അനുയോജ്യമായ ധനപുനർവിനിയോഗം വഴി അധിക തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.
2	22	നടപ്പുവർഷത്തെ പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായി വരുന്ന അധിക തുക അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.
3	23,24,25,29	നിലവിലുള്ള വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. വിഭവ ലഭ്യത മെച്ചപ്പെടുത്തുന്ന ഘട്ടത്തിൽ ഇത് പരിഗണിക്കാവുന്നതാണ്.
4	27	പുതിയ നിരീക്ഷണ കപ്പലുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് അധികതുത അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്.
5	28	വിഭവ ലഭ്യതയുടെ പരിമിതികൾ കാരണം പദ്ധതി വിഹിതം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. അധികതുക ആവശ്യമായി വരുന്ന സന്ദർഭത്തിൽ ധനപുനർവിനിയോഗംവഴി തുക അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.
6	30	നിലവിലുള്ള വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. വിഭവ ശേഷി മെച്ചപ്പെടുന്ന ഘട്ടത്തിൽ ഇത് പരിഗണിക്കാവുന്നതാണ്.

1132/13

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[21-7-2010-ലെ നിയമസഭാനടപടികളുടെ പേജ് നമ്പർ (718) കാണുക.]

2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന.

ധനാഭ്യർത്ഥന നമ്പർ IV തെരഞ്ഞെടുപ്പുകൾ

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	19,20,21	പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ഭരണവകുപ്പിന്റെ ശുപാർശ അനുസരിച്ച് അധിക തുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.
2	22	ഈ ശീർഷകത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിഹിതം പൂർണ്ണമായി ചെലവാക്കിയിട്ടില്ല. ഈ സാമ്പത്തിക വർഷത്തെ വിഹിതം ചെലവഴിച്ച് തീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
3	23	കേരളാ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ച ശേഷം ഭരണ വകുപ്പിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
4	24	സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 2009-10 ൽ ഉൾപ്പെടുത്തിയിരുന്ന വിഹിതം പൂർണ്ണമായും ചെലവാക്കിയിട്ടില്ല ആയതിനാൽ ഈ വർഷത്തെ വിനിയോഗം പരിശോധിച്ച ശേഷം കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
5	25	2005-ൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ഉണ്ടായ ചെലവ് 43.64 കോടി രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 60 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിനിയോഗത്തിനനുസരിച്ച് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ VII മുദ്രപത്രങ്ങളും രജിസ്ട്രേഷനും

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	1,4	നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമെന്നുകണ്ടാൽ അത് ധനപുനർക്രമീകരണത്തിലൂടെ അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.
2	2	പുതിയ വാഹനങ്ങൾ വാങ്ങുന്ന കാര്യത്തിൽ ഭരണപരമായ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഉചിതമായ മാർഗത്തിലൂടെ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
3	3	ഭരണ വകുപ്പ് സമർപ്പിക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
4	5	രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുന്നതിനുമായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ X-ട്രഷറികളും അക്കൗണ്ടുകളും

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	11	ട്രഷറി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ടിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക ഉചിതമാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്.
2	12	ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി നടപ്പു സാമ്പത്തിക വർഷം 60 കോടി രൂപ "4059-01-05-90-16(നോൺ പ്ളാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.
3	13,14	ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം, ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം, അപ്ഗ്രഡേഷൻ മുതലായവയ്ക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ 2054-095-99-19 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക തുക ആവശ്യമാണെങ്കിൽ ഉചിതമായ മാർഗ്ഗത്തിലൂടെ അനുവദിക്കുന്നതാണ്.

2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XVI-പെൻഷനും പലവകയും

1	16	വിവിധ സർക്കാർ വകുപ്പുകൾക്കു വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസ്സുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ അടിയന്തരമായി തുക കെട്ടിവയ്ക്കുന്നതിനായി '2075-00-800-54 (നോൺ പ്ളാൻ-

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
		ചാർജ്ജ്ഡ്)' എന്ന കണക്കു ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 9 കോടി രൂപയ്ക്കു പുറമേ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പു കേസുകളിൽ തുക കെട്ടിവയ്ക്കുന്നതിലേക്കായി '5054-04-800-88' എന്ന ശീർഷകത്തിൽ 72 കോടി രൂപയും പ്രത്യേക വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റ് വിഹിതങ്ങൾ ചിലവഴിച്ചു തീരുന്ന മുറയ്ക്ക് ആവശ്യമായ അധിക തുക അനുവദിക്കുന്നതാണ്.
2	17	രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിക്കുവേണ്ടി 2010-11 സാമ്പത്തിക വർഷത്തിൽ സർക്കാർ വിഹിതമായി 90.75 ലക്ഷം രൂപ '2075-00-800-98' എന്ന കണക്കു ശീർഷകത്തിനുകീഴിൽ പദ്ധതിയിതര വിഹതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാഡമിക്കുവേണ്ടി കെട്ടിടവും ഹാംഗറും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനു മുൻപ് ഇതു സംബന്ധിച്ച് ഭരണപരമായ അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സർക്കാരിന്റെ വിഭവ ശേഷിയുടെ കൂടെ അടിസ്ഥനത്തിൽ ആവശ്യമായ അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2010-11 - വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമതു റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന.

ധനാഭ്യർത്ഥന നമ്പർ XXIII
വാർത്താവിതരണവും പ്രചരണവും

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
(1)	(2)	(3)
1	61,62,66,69	സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ വിഭവ ശേഷിയും അധിക വിഭവ സമാഹരണ സാദ്ധ്യതകളുടെ പരിമിതികളും കണക്കിലെടുത്ത് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ ഈ സാമ്പത്തിക വർഷം ഇവയ്ക്കുള്ള ചെലവുകൾ പരിമിതപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഏതെങ്കിലും ഇനങ്ങളിൽ അധിക ചെലവ് തികച്ചും അനിവാര്യമാകുന്ന പക്ഷം പദ്ധതി അടങ്കലിൽ മാത്രം വരാത്ത തരത്തിൽ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.
2	63,64,65,67,68	അധിക വിഭവ സമാഹരണ സാദ്ധ്യതകളുടെ പരിമിതികൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള പദ്ധതി അടങ്കലിൽ കാര്യമായ മാറ്റം വരുത്തുവാൻ കഴിയുകയില്ല. അധിക തുക ആവശ്യമാകുന്നപക്ഷം യുക്തമായ ധനപുനർവിനിയോഗം വഴി അത് കണ്ടെത്തേണ്ടതുമാണ്.

2010-11 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XXVIII പലവക സാമ്പത്തിക സർവ്വീസുകൾ

ക്രമനമ്പർ	കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
1	9	വർഷാശനം വർദ്ധിപ്പിക്കേണ്ടിവരുന്നതുമൂലമുള്ള അധിക ബാധ്യത കണക്കാക്കി ഭരണ വകുപ്പിന്റെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇപ്പോൾ ഇതിലേക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2	10	ഭരണ വകുപ്പിൽനിന്ന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതാണ്.
3	11	ഏറ്റെടുക്കപ്പെട്ട മിച്ചഭൂമിയുടെ സംരക്ഷണത്തിനാവശ്യമായ തുക ധനപുനർവിനിയോഗത്തിലൂടെ ലഭ്യമാക്കാനുള്ള സാധ്യത പരിഗണിക്കുന്നതാണ്.
4	12	കുടിശികയുടെ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ് ശുപാർശ നൽകുകയാണെങ്കിൽ ഈ ഇനത്തിൽ അധിക വിഹിതം വകയിരുത്താവുന്നതാണ്.

2010-11 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XX VIII-പലവക സാമ്പത്തിക സർവ്വീസുകൾ

1	52	2010-11 സാമ്പത്തിക വർഷം മുതൽ സ്ഥിരം യാത്രാബത്ത ശമ്പളത്തിനുള്ള വിഹിതത്തിൽനിന്ന് മാറിനൽക്കാവുന്നതാണ് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ വിഹിതംകൂടി ശമ്പളമിനത്തിലെ മറ്റ് അലവൻസുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. '3475-00-106-98' എന്ന ശീർഷകത്തിൽ പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വകുപ്പിന്റെ ആധുനികവൽക്കരണത്തിനുമായി 60 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക പഴയവാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള പരിപാടികൾക്കായി വിനിയോഗിക്കപ്പെടാനാണ് വകയിരുത്തിയിട്ടുള്ളത്. അതിനാൽ വാഹനങ്ങൾ വാങ്ങുന്നതിനായി പ്രത്യേക വിഹിതം അനുവദിക്കേണ്ട സാഹചര്യമില്ല.
2	53	നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം വിലയിരുത്തിയശേഷം അധിക തുക അനുവദിക്കുന്ന കാര്യം വിഭവ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	54	മരാമത്ത് പണികളുടെ പുരോഗതിക്കനുസൃതമായി ആവശ്യമായി വരുന്ന അധിക വിഹിതം അനുവദിക്കുന്നതാണ്.

2010-11 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന നമ്പർ XXVIII പലവക സാമ്പത്തിക സർവ്വീസുകൾ

കമ്മിറ്റി ശുപാർശ ഖണ്ഡിക നമ്പർ	പ്രസ്താവന
19	സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന് പരാമർശിത ചെലവുകൾ നേരിടുന്നതിലേയ്ക്കായി '3454-02-122-96 സർവ്വേയും പഠനവും' എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 20 ലക്ഷം രൂപ പദ്ധതിയിനത്തിലും 60,000-രൂപ പദ്ധതിയേതരയിനത്തിലും വകയിരുത്തിയിട്ടുണ്ട്.

(

LIBRARY ARCHIVES Kerala Legislative Assembly